**ധനകാര്യം**

## 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2016-17

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| VIII | എക്സൈസ് | 87,32,82,000 | .... | 65,49,62,000 | .... | 109,16,04,000 | .... | 109,16,04,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 288,26,37,000 | 47,99,34,000 | 216,19,80,000 | 35,99,50,000 | 360,33,03,000 | 59,99,16,000 | 420,32,19,000 |
| XXX | ഭക്ഷ്യം | 316,52,19,000 | 23,82,12,000 | 413,64,15,000 | 17,86,59,000 | 924,40,26,000 | 29,77,66,000 | 954,17,92,000 |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം

236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ നൽകിയിരുന്ന അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരായി)

**ചർച്ച**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളെ നിരാകരിക്കുന്നതിനും ആക്ഷേപിക്കുന്നതിനും വേണ്ടിയുള്ള പരിശ്രമം യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ കഴിഞ്ഞ ഏതാനും മാസങ്ങളിലെ നല്ല പ്രവർത്തനങ്ങളിലൂടെ ജനമനസ്സുകളിൽ ഈ സർക്കാരിനും മുന്നണിക്കും ഏറെ സ്ഥാനം ലഭിച്ചിരിക്കുന്ന ജനവിധിയാണ് ഉപതെരഞ്ഞെടുപ്പുകളിൽ ഉണ്ടായിട്ടുള്ളത്. കേരളത്തിൽ 14 മണ്ഡലങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ, 10 സീറ്റിലും വിജയിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി തകർപ്പൻ വിജയം കൈവരിച്ചിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ ഒരു ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ മൂന്ന് മണ്ഡലങ്ങളിൽ നടന്ന

ഉപതെരഞ്ഞെടുപ്പിൽ കഴിഞ്ഞ തവണ യു.ഡി.എഫ്. വിജയിച്ച സീറ്റുകൾ പിടിച്ചെടുത്ത് എൽ.ഡി.എഫ്. മിന്നുന്ന പ്രകടനമാണ് കൈവരിച്ചിട്ടുള്ളത്. അത് സർക്കാർ വിവിധ മേഖലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകുന്ന അംഗീകാരത്തിന്റെ തെളിവാണ്. പരമ്പരാഗത വ്യവസായ മേഖലകളിൽ ചിലത് വലിയ തകർച്ച നേരിടുകയാണ്. അതിൽ പ്രധാനപ്പെട്ടതാണ് ബീഡി മേഖല. നമ്മുടെ നാട്ടിൽ സാമൂഹ്യ മേഖലയിലും രാഷ്ട്രീയ പ്രവർത്തനത്തിലും വലിയ പങ്ക് വഹിച്ചിട്ടുള്ളവരാണ് ബീഡിത്തൊഴിലാളികൾ. കമ്മ്യൂണിസ്റ്റുകാരെ കളിയാക്കാനായിപ്പറയുന്ന 'ബീഡിയുണ്ടോ സഖാവെ ഒരു തീപ്പെട്ടിയെടുക്കാൻ' എന്ന സിനിമാ ഡയലോഗ് നമുക്കോർമ്മവരും. ഇന്നെടുക്കാൻ ബീഡിയുമില്ല, ബീഡിക്കമ്പനിയുമില്ല; എല്ലാം അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. പുകവലി നല്ലതാണെന്ന അഭിപ്രായമില്ല. പരമ്പരാഗത വ്യവസായ മേഖലയെന്ന നിലയിൽ ആ മേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളുടെ ജീവിതം കാണേണ്ടതുണ്ട്. ബീഡി വ്യവസായത്തെ തകർക്കുന്ന നിലയിൽ കഴിഞ്ഞ ഗവൺമെന്റ് ഏർപ്പെടുത്തിയ 14.5 ശതമാനം നികുതി പിൻവലിക്കുമെന്ന് എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതാണ്. അത് പ്രാവർത്തികമാക്കാനുള്ള

ഇച്ഛാശക്തി ഈ ഗവൺമെന്റ് കാണിക്കണമെന്നാണ് എനിക്ക് ആദ്യമായി തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ദിനേശ് ബീഡിയിൽ ആറായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കേരളത്തിലെ മറ്റ് മേഖലകളിലും ബീഡിത്തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 14.5 ശതമാനം നികുതി ഈടാക്കുന്നതും തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതുമായ സംസ്ഥാനമാണ് കേരളം. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതൊന്നുമില്ല. കർണ്ണാടകയിൽനിന്നും മാംഗ്ലൂരിൽനിന്നും തമിഴ്നാട്ടിലെ തിരുനെൽവേലിയിൽനിന്നുമെല്ലാം ബീഡി നമ്മുടെ സംസ്ഥാനത്ത് വരികയാണ്. ഇവിടെ ബീഡി വിൽപ്പന നടത്തുകയും തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ ഇതൊന്നുമില്ലാത്ത സാഹചര്യം ഈ മേഖലയെ നന്നായി ബാധിച്ചിട്ടുണ്ട്. പുകവലി കുറഞ്ഞതുകൊണ്ട് സംസ്ഥാനത്തെ പ്രശ്നങ്ങൾ മുഴുവനായും ഇല്ലാതായെന്ന് പറയാൻ കഴിയില്ല. കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നമ്മുടെ സംസ്ഥാനത്ത് വലിയ തോതിലുണ്ടായിട്ടുണ്ട്. തൃശ്ശൂർ കയ്പമംഗലം തീരദേശത്ത് സ്കൂൾ വിദ്യാർത്ഥി മയക്കുമരുന്ന് കഴിച്ചുമരിച്ച സംഭവം വലിയ അപായസൂചനയാണ് നൽകുന്നത്. സ്കൂൾ, കോളേജ് പരിസരങ്ങളിൽ

മയക്കുമരുന്ന് വിൽപ്പന നടത്തുന്ന ഗൂഢസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പല മാധ്യമങ്ങളും ഇതുമായി ബന്ധപ്പെട്ട പരമ്പരകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്റെ ആപത്തുകൾ തുറന്നുകാണിക്കുന്ന നിരവധി മുഖപ്രസംഗങ്ങളും അക്കൂട്ടത്തിലുണ്ടായി. പഴയ തരത്തിലുള്ള കഞ്ചാവും ഹാഷിഷും മാത്രമല്ല, Lysergic acid diethylamide (LSD), നൈട്രോസോൺ ഗുളികകൾ, Cano Gran Ampule-കൾ, Marihuana, ഹെറോയിൻ, കൊക്കെയിൻ തുടങ്ങിയ മയക്കുമരുന്നുകളും വരുന്നുണ്ട്. ഇത് യുവാക്കളെ മാത്രമല്ല, ചെറിയ കുട്ടികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും അവരെ അഡിക്റ്റാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുകയാണ്. പല ഹോസ്പിറ്റലുകളിലും മാനസികനില തെറ്റിയ നിലയിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാറുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കർശന നടപടികളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഞ്ചാവും മയക്കുമരുന്നും പിടിച്ചെടുത്താൽ വളരെ പെട്ടെന്ന് ജാമ്യം ലഭിക്കുന്ന തരത്തിലുള്ള പഴുതുകൾ അടച്ച് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയെക്കുറിച്ച് പറയുമ്പോൾ, ഭക്ഷ്യമേഖലയിൽ നാം നേരിടുന്ന പ്രശ്നങ്ങൾ ഇന്ന് രാവിലെ ചർച്ച ചെയ്തതുകൊണ്ട് കൂടുതൽ

കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേരളം സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നേടിയെടുത്തത് വലിയ പോരാട്ടങ്ങളിലൂടെയാണ്. സഖാവ് എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങളുടെയെല്ലാം പിന്തുണയോടുകൂടി നടന്ന വലിയ സമരത്തിന്റെ ഫലമായിട്ടാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിൽ കരാറുണ്ടാക്കിയത്. അന്നത്തെ കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി സി. സുബ്രഹ്മണ്യം ആയിരുന്നുവെന്നാണ് എന്റെ ഓർമ്മ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച്, കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ, കേരളത്തിലെ കുരുമുളക്, ഏലം, നാളികേരം ഉൾപ്പെടെയുള്ള നാണ്യവിളകളുടെ കൃഷിയെ പ്രോത്സാഹിപ്പിക്കണമെന്നും കേരളത്തിനാവശ്യമായ അരി കേന്ദ്രം നൽകാമെന്നുമായിരുന്നു. ഇപ്പോൾ ഈ ഗവൺമെന്റിനെതിരെ പ്രചാരണം നടത്തുന്ന കോൺഗ്രസ്സുകാർ മറുപടി പറയേണ്ട കര്യമാണിത്. കരാർ അനുസരിച്ച് കേരളത്തിനുള്ള റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയത് കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റായിരുന്നു. കോൺഗ്രസ് ഗവൺമെന്റ് തന്നെയായിരുന്നു എ.പി.എൽ./ബി.പി.എൽ. വേർതിരിവും കൊണ്ടുവന്നത്. ആ വേർതിരിവ് റേഷനിംഗ് സംവിധാനത്തെ തകർക്കാൻ വേണ്ടിയാണെന്ന്

ഞങ്ങൾ അന്ന് പറഞ്ഞിരിരുന്നു. ഇപ്പോൾ പുതിയ ഭക്ഷ്യനയം കൊണ്ടുവന്നത് കേന്ദ്ര കോൺഗ്രസ് ഗവൺമെന്റാണ്. ആ നയം ഈ നാട്ടിലെ റേഷനിംഗ് സംവിധാനത്തെ തകർക്കുന്നതായിരുന്നുവെന്ന് നമുക്കിപ്പോൾ ബോധ്യമായി. ബി.ജെ.പി. ഗവൺമെന്റ് ശക്തമായി ഈ നയം നടപ്പിലാക്കാൻ ശ്രമിക്കുന്നത് കേരളത്തിന്റെ എല്ലാ മേഖലയിലുമുള്ള മുന്നേറ്റത്തെ തകർക്കുന്നതാണ്. ഇന്ന് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ, അദ്ദേഹം നേരത്തെ ഇവിടെയുണ്ടായിരുന്നു, ഇപ്പോൾ കാണുന്നില്ല, മംഗളം പത്രത്തിന് നൽകിയ ഒരഭിമുഖത്തിൽ റേഷൻ സമ്പ്രദായത്തെതന്നെ എതിർക്കുകയാണ്. അദ്ദേഹം പറയുന്നു, 'യുദ്ധകാലത്തെ പട്ടിണി മാറ്റാനായി നടപ്പിലാക്കിയ റേഷൻ സമ്പ്രദായം നിർത്തലാക്കേണ്ട കാലം കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഈ സമ്പ്രദായമില്ല. റേഷൻ നിർത്തലാക്കി പകരം സാധാരണ കർഷകർക്ക് സബ്സിഡി നൽകുകയാണ് വേണ്ടത്'. ഇതുതന്നെയാണ് കേന്ദ്രം നടപ്പിലാക്കുന്നത്. റേഷനിംഗ് സംവിധാനത്തെ തകർക്കുന്ന ഈ നിലപാടാണ് കേന്ദ്രം ഇപ്പോൾ അടിച്ചേൽപ്പിക്കുന്നത്. ഇതിന്റെ ഫലമായി നമ്മൾ അനുഭവിക്കുന്ന ഗുരുതരമായ പ്രതിസന്ധിയെ മറികടക്കുക എന്നത് വലിയ വെല്ലുവിളി തന്നെയാണ്. സംസ്ഥാനം അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്ന് എനിക്കുറപ്പുണ്ട്.

പ്രവാസിക്ഷേമവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ - വിദേശത്ത് ജോലിക്കുപോയി തിരിച്ചുവരുന്ന ആളുകൾക്ക് ഒരു ക്ഷേമപദ്ധതി ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ല. അത് മാതൃകാപരമായി ആരംഭിച്ചത് ഇടതുപക്ഷ ഗവൺമെന്റുകളുടെ നേതൃത്വത്തിലാണ്. സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ആദ്യമായി ഇങ്ങനെയൊരു വകുപ്പുതന്നെ ഉണ്ടാക്കുന്നത്. പിന്നീട് സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് പ്രവാസികൾക്കൊരു ക്ഷേമപദ്ധതി കൊണ്ടുവരുന്നത്. ആ നിയമത്തിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്. ഇപ്പോൾ പ്രവാസി പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പ്രവാസികൾക്ക് ഗുണകരമായ വിധത്തിൽ കാലോചിതമായി പരിഷ്കരിക്കണമെന്ന ആവശ്യം ഈ ഗവൺമെന്റ് പരിഗണിക്കുമന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇതിലെ പെൻഷൻ സംഖ്യ മിനിമം 500 രൂപയും അതിനുമുകളിലുമാണ്. മറ്റെല്ലാ ക്ഷേമപെൻഷനുകളും 1000 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇത് വളരെ അപര്യാപ്തമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. അതുകൊണ്ട് പ്രവാസിക്ഷേമനിധി നിയമം നിയമസഭയിൽ കൊണ്ടുവന്ന് ആ നിയമം പരിഷ്കരിക്കണം. പ്രവാസികൾക്ക് നൽകുന്ന മറ്റാനുകൂല്യങ്ങൾ ഫലപ്രദമായി നൽകുന്നതിന് നടപടിയുണ്ടാകണം.

മറ്റൊരു കാര്യം, ഈ ക്ഷേമനിധിക്ക് ഉടമാ വിഹിതം ലഭിക്കാത്തതുകൊണ്ടുതന്നെ ക്ഷേമനിധിയിലെ ഫണ്ട് വളരെ കുറവാണ്. കേന്ദ്ര ഗവൺമെന്റ് പ്രവാസി ക്ഷേമത്തിനുവേണ്ടി ഒരു രൂപപോലും നൽകുന്നില്ല. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസി പണം വരുന്ന രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് ഇൻഡ്യയാണ്. ഇൻഡ്യാ ഗവൺമെന്റാകട്ടെ പ്രവാസികളിൽ തിരിച്ചുവരുന്ന ആളുകൾക്ക് പ്രത്യേകിച്ച് ഒരു പദ്ധതിയും നൽകുന്നില്ല. നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഈ പ്രവാസി ക്ഷേമനിധി പദ്ധതി കേന്ദ്രത്തിനുമുമ്പാകെ സമർപ്പിച്ചുകൊണ്ട് കേന്ദ്ര സഹായം തേടിയെടുക്കാനുള്ള ഒരു പദ്ധതി ഉണ്ടാക്കണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, പ്രവാസികളുടെ മരണാനന്തര സഹായം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പ്രവാസി ആനുകൂല്യങ്ങൾ എന്നുപറയുന്നത് വളരെ അപര്യാപ്തമായ സംഖ്യയാണ്. മരണാനന്തരം ഒരു ലക്ഷം രൂപ കൊടുക്കുന്നുവെന്ന് പറയുന്നതുതന്നെ വളരെ കുറഞ്ഞ സംഖ്യയാണ്. അതുപോലെതന്നെ പ്രധാനമാണ് ഇപ്പോൾ പ്രവാസികൾ തിരിച്ചുവന്നാൽ 10 വർഷം കഴിഞ്ഞെങ്കിൽ മാത്രമെ അവരെന്തെങ്കിലും ആനുകൂല്യത്തിന് അപേക്ഷിച്ചാൽ കിട്ടുകയുള്ളൂ. 10 വർഷം കഴിഞ്ഞില്ലെങ്കിൽ പ്രവാസി സ്റ്റാറ്റസ് കിട്ടുകയില്ല. അത്

വലിയൊരു അനീതിയാണ്. ഈ നിയമത്തിലുള്ള ഒരു പ്രശ്നമാണ്. അത് ഈ ഗവൺമെന്റ് തിരുത്തണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം, ക്ഷേമനിധിയിൽ അംഗങ്ങളാകാനുള്ള പ്രായപരിധിയും വർദ്ധിപ്പിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 'സാന്ത്വനം' പോലുള്ള പുനരധിവാസ പദ്ധതികളിൽ നൽകുന്ന സംഖ്യ വളരെ കുറവാണ്. അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. തീർച്ചയായും ഒരു നല്ല സിഗ്നൽ ഗവൺമെന്റ് നൽകിയിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ നേരത്തെ ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ സംഖ്യ നൽകിയിട്ടുണ്ട്. പക്ഷെ അത് വിപുലീകരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന എല്ലാ നല്ല കാര്യങ്ങൾക്കും പിന്തുണ അറിയിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത് സംസ്ഥാനം വലിയ വിലക്കയറ്റത്തെ അഭിമുഖീകരിക്കുകയാണ്. വലിയ ആശങ്കാകരമായ ഒരു സാഹചര്യമാണ് ഇപ്പോൾ ഉടലെടുത്തിരിക്കുന്നത്. 18.10.2016 അതായത് കഴിഞ്ഞ ആഴ്ച ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തുവിട്ട ചില കണക്കുകൾ ഇവിടെ ലഭ്യമാണ്. അവശ്യ

സാധനങ്ങളുടെ വിലയെക്കുറിച്ചുള്ള സൂചികയാണ് ഇവിടെ പുറത്തുവിട്ടിരിക്കുന്നത്. അതനുസരിച്ച് സാധാരണ ജനങ്ങൾ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന മട്ട അരിയുടെ വിലയിൽ, കഴിഞ്ഞ വർഷം ഇതേസമയം അതായത് 2015 ഒക്ടോബർ മാസവും 2016 ഒക്ടോബർ മാസവുമായി താരതമ്യം ചെയ്യുമ്പോൾ 5.5 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതുപോലെതന്നെ പാലക്കാടൻ ജയ അരിയുടെ വിലയിൽ 7 ശതമാനത്തോളം വർദ്ധനവും പഞ്ചസാരയുടെ വിലയിൽ 32 ശതമാനം വർദ്ധനവുമാണ് ഈ വർഷം രേഖപ്പെടുത്തിയിരിക്കുന്നത്. അതുപോലെ നിരവധി സാധനങ്ങൾ, മുളകിന്റെ വിലയിൽ 8 ശതമാനത്തോളം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉരുളക്കിഴങ്ങിന്റെ വിലയിൽ 16.89 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു. അച്ചിങ്ങ പയർ, അങ്ങനെ നിരവധി നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഈ വർഷം കഴിഞ്ഞ വർഷത്തേതിൽനിന്നും ഉണ്ടായ വർദ്ധനവാണ് ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കഴിഞ്ഞ ആഴ്ച പുറത്തുവിട്ട രേഖകൾ സൂചിപ്പിക്കുന്നത്. വലിയ വിലക്കയറ്റത്തെയാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. ഇവിടെ വിലകയറ്റത്തെ പിടിച്ചുനിർത്താൻ, അല്ലെങ്കിൽ അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ നമ്മുടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ

ഫലപ്രദമാക്കേണ്ടതുണ്ട്. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി റേഷൻ കടകൾ ആധുനികവൽക്കരിക്കുകയും കൂടുതലായി പ്രൊഫഷണലൈസ് ചെയ്യേണ്ടതും ആവശ്യമാണ്. ഇന്ന് 13 അവശ്യ സാധനങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നതും ഇവയാണ് ഇന്ന് സംസ്ഥാനത്ത് വില നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകമായിരിക്കുന്നതും. ഈ 13 സാധനങ്ങളും നല്ലൊരു ശതമാനംതന്നെ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്നവയാണ്. ഇവ ക്രോപ് സീസണിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നുവാങ്ങി ഇവിടെ വലിയ തോതിൽ സംഭരിച്ച്, വില കൂടുന്ന അവസരത്തിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അങ്ങനെ വികസിപ്പിച്ചെടുത്താൽ മാത്രമെ വില പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. ബിർള, റിലയൻസ് പോലുള്ള വൻകിട കമ്പനികൾ സപ്ലൈസ് ആന്റ് മാനേജ്മെന്റ് പ്രിൻസിപ്പിൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. അവരെന്താണ് ചെയ്യുന്നത്, കൃഷിക്കാർക്ക് അഡ്വാൻസായി പൈസ കൊടുത്തുകൊണ്ട് സാധനങ്ങൾ കുറഞ്ഞ വിലയിൽ ഏറ്റെടുത്തുകൊണ്ട് മാർക്കറ്റിലേയ്ക്ക് കൊണ്ടുവരികയാണ്. നമ്മുടെ സപ്ലൈകോ അല്ലെങ്കിൽ പൊതുവിതരണ സമ്പ്രദായത്തിന്റെ കീഴിൽ പതിനാലായിരത്തിൽപ്പരം റേഷൻ കടകളും 1800-ൽപ്പരം സൂപ്പർ സ്റ്റോറുകളും മാവേലി സ്റ്റോറുകളുമൊക്കെയുള്ള

വലിയൊരു സപ്ലൈ ചെയിൻ നെറ്റ്‌വർക്ക് നിലവിലുണ്ട്. അത് ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് ഈ സാധനങ്ങൾ ക്രോപ് സീസണിൽ സംഭരിച്ചുകൊണ്ട് കൃത്യമായി വിതരണം ചെയ്യാൻ സാധിച്ചാൽ അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ സാധിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അതുപോലെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് പറഞ്ഞാൽ, പ്ലാന്റേഷൻ മേഖലയിൽ വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന അങ്കമാലി നിയോജക മണ്ഡലത്തിൽ പ്ലാന്റേഷൻ മേഖലയുടെ വലിയൊരു പ്രദേശത്ത് നൂറുകണക്കിന് തൊഴിലാളികൾ അവിടെ ജോലിയെടുക്കുന്നുമുണ്ട്. ഈ പ്രതിസന്ധിയുടെ ഭാഗമായി തൊഴിലാളികളാണ് അതിന്റെ പാപഭാരം ഏറ്റെടുക്കേണ്ടിവരുന്നത്. ദീർഘകാല കരാറുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ തൊഴിലാളികൾക്ക് ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകളെ സംബന്ധിച്ച് യൂണിയനുകളുടെ ആക്ഷേപംപോലും പരിഗണിക്കപ്പെട്ടിട്ടില്ല. റബ്ബർ മേഖലയിൽ മരങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് തൊഴിലാളികളുടെ ജോലി ഭാരം വർദ്ധിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലാന്റേഷൻ സെക്ടറിൽ തൊഴിലാളികൾക്ക് വീടുനിർമ്മിക്കുന്നതിനായി 20 കോടി രൂപ അനുവദിക്കുകയുണ്ടായി. സ്ഥലം

ലഭ്യമാകാത്തതിനാൽ അത് നടപ്പിലായിട്ടില്ല. പ്ലാന്റേഷൻ മേഖലയിൽ സ്ഥലം ലഭ്യമല്ലെങ്കിൽ അതിനപുറത്ത് സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചുനൽകാനുള്ള പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകേണ്ടതുണ്ട്. അതുപോലെതന്നെ ബാംബു കോർപ്പറേഷന്റെ കീഴിൽ, ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾ വളരെ മോശമായതും ദുഷ്കരവുമായ സാഹചര്യങ്ങളിലാണ് സ്ത്രീകളുൾപ്പടെയുള്ള ആളുകൾ ജോലിയെടുക്കുന്നത്. അവരുടെ 18 മാസത്തെ ഡി.എ. കുടിശ്ശികയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അവസാന മാസങ്ങളിൽ 5 കോടി രൂപ അനുവദിച്ചുവെങ്കിലും തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. പക്ഷെ ഈ സർക്കാർ അധികാരത്തിലേറി അഞ്ചുമാസം പൂർത്തിയായി എങ്കിലും ഇതുവരെ അത് വിതരണം ചെയ്യുന്നതിനുള്ള യാതൊരു നടപടിയും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. എത്രയും വേഗം ഈ തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക വിതരണം ചെയ്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവുമധികം ആശങ്ക ജനിപ്പിക്കുന്നത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനവുമായി

ബന്ധപ്പെട്ടുകൊണ്ടാണ്. ഈ സർക്കാരിന്റെ മദ്യനയം എന്താണെന്ന് വ്യക്തമാക്കണം. ഇതുവരെ അവർ വ്യക്തമാക്കിയിട്ടില്ല. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്നും അതുപോലെതന്നെ മദ്യത്തിനെതിരെ ബോധവൽക്കരണം ഫലപ്രദമായി നടത്തുമെന്നുമാണ് തെരഞ്ഞെടുപ്പിന്റെ സമയത്ത് ഇവർ പറഞ്ഞിരുന്നത്. ഇതും രണ്ടും നടന്നിട്ടില്ല. അതുപോലെതന്നെ യു.ഡി.എഫ്.-ന്റെ മദ്യനയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുകയും അതിനെക്കുറിച്ച് തുടർ നടപടികളുണ്ടാകുമെന്നുമാണ് പറഞ്ഞത്. ഇവരെന്ത് പഠനമാണ് നടത്തിയിരിക്കുന്നത്?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ)

മദ്യംമൂലമുണ്ടാകുന്ന രോഗങ്ങളുടെ എണ്ണത്തെക്കുറിച്ചും കുറ്റകൃത്യങ്ങളുടെ എണ്ണത്തെക്കുറിച്ചുമുള്ള പഠനം നടന്നിട്ടുണ്ടോ? അതുമൂലമുണ്ടാകുന്ന വിവാഹ മോചനം, റോഡപകടങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ശാസ്ത്രീയ പഠനമോ വിശകലനമോ നടത്താതെ വ്യക്തമായ മദ്യനയമില്ലാതെയാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇന്ന് കേരളത്തിൽ വ്യാജമദ്യം ഒഴുകിക്കൊണ്ടിരിക്കുകയാണ്. പുതിയ എക്സൈസ് കമ്മീഷണർ ചാർജെടുത്തപ്പോൾ അദ്ദേഹം ചില സ്ഥലങ്ങളിൽ റെയ്ഡ് നടത്തുകയുണ്ടായി.

നമ്മൾ വളരെ ആശാവഹമായിട്ടാണ് അതിനെ നോക്കികണ്ടത്. പക്ഷെ ഇപ്പോൾ അത്തരത്തിലുള്ള റെയ്ഡുകളെക്കുറിച്ചൊന്നും കേൾക്കുന്നില്ല. എറണാകുളത്തുൾപ്പെടെ ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന മേഖലകളിൽനിന്ന് ക്വിന്റലുകണക്കിന് മയക്കുമരുന്നുവസ്തുക്കളാണ് തുടക്കത്തിൽ പിടിച്ചെടുത്തിരുന്നത്. പക്ഷെ പിന്നീട് അതിനെക്കുറിച്ച് യാതൊരു വിവരവും ലഭിക്കുന്നില്ല. പിടിച്ചെടുത്ത മയക്കുമരുന്നിന്റെ അളവ് നോക്കുമ്പോൾ അത്, that was just a tip of an iceberg എന്ന് മനസ്സിലാക്കാൻ സാധിക്കും. കേരളത്തെ 'God's own Country' എന്നുപറയുമ്പോൾ അതൊരു 'Narcotic's own Country' ആയി മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ഭാഗത്തുനിന്ന് ഫലപ്രദമായ ഇടപെടലുകളുണ്ടാകുന്നില്ല. ഇവിടെ വ്യാജ മദ്യത്തിന്റെ കുത്തൊഴുക്ക് നിയന്ത്രിക്കുവാൻ ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളം ഭയാനകമായ ഒരു മദ്യദുരന്തം മുന്നിൽ കാണുകയാണ്. അത് കാണാതെയാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 5 വർഷത്തെ യു.ഡി.എഫ്. ഭരണകാലത്ത് ഒരു മദ്യദുരന്തംപോലും കേരളത്തിൽ ഉണ്ടായിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനുമുമ്പുള്ള എൽ.ഡി.എഫ്. ഭരണകാലത്തൊക്കെ കേരളത്തിൽ എത്ര മദ്യദുരന്തങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ട്

സർക്കാർ ബാറുകൾ തുറക്കുമോ ഇല്ലയോ എന്ന കാര്യം വ്യക്തമാക്കണം. ഇതുവരെ വ്യക്തമാക്കിയിട്ടില്ല. 10 ശതമാനം ബിവറേജസിന്റെ ഔട്ട്ലെറ്റുകൾ പൂട്ടുന്ന നടപടിയുമായിട്ടാണ് യു.ഡി.എഫ്. സർക്കാർ മുന്നോട്ടുപോയത്. ഈ സർക്കാർ അതിനെ അട്ടിമറിച്ചു. എന്താണ് ഈ സർക്കാരിന്റെ മദ്യനയം. സർക്കാർ ബാറുകൾ പൂട്ടാൻ തയ്യാറാകുമോ? കേരളത്തിലേയ്ക്കുള്ള മദ്യത്തിന്റെയും വ്യാജ മദ്യത്തിന്റെയും കുത്തൊഴുക്ക് തടയുന്നതിന് സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന യാഥാർത്ഥ്യമാണ് നമ്മൾ നോക്കിക്കാണുന്നത്. ഈ സർക്കാരിന്റെ മദ്യനയം എന്താണെന്ന് വ്യക്തമാക്കണമെന്ന് പറഞ്ഞുകൊണ്ട് മദ്യത്തിന്റെ കുത്തൊഴുക്ക് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെയെല്ലാം ശക്തമായി പിന്തുണയ്ക്കുകയാണ്. എനിക്ക് മുമ്പ് ഇവിടെ ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ സംസാരിച്ചപ്പോൾ സൂചിപ്പിച്ച ഒരു മേഖല തൊഴിൽ മേഖലയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി, അങ്ങേയ്ക്കറിയാം കേരളത്തിൽ ഇപ്പോൾ തൊഴിൽ മേഖല സർവ്വ ശാന്തമാണ്. അതേസമയം ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലാളി പ്രസ്ഥാനം അതീവ ഗുരുതരമായ വെല്ലുവിളികൾ നേരിടുകയാണ്. ഒന്ന്, സ്ഥിരം

തൊഴിലവസരങ്ങൾ ഇല്ലാതാകുന്നു. രണ്ട്, സ്ഥിരം തൊഴിലവസരങ്ങളിൽ താല്ക്കാലിക തൊഴിലാളികളെക്കൊണ്ടുവന്ന് ഗണ്യമായ തോതിൽ ആ രംഗത്തെ ചൂഷണം ചെയ്യുകയാണ്, കൊള്ളയടിക്കുകയാണ്. അതിനനുരോധമായ കേന്ദ്ര തൊഴിൽ നിയമവും പരിഷ്കാരങ്ങളുമാണ് വരുന്നത്. യഥാർത്ഥത്തിൽ ബി.ജെ.പി. ഡൽഹിയിൽ നടത്തുന്ന ഭരണം ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ ശവമഞ്ചമൊരുക്കുകയാണ്. അതിനെതിരായിട്ടാണ് കേരളത്തിലും ഐ.എൻ.ടി.യു.സി.-യിലും ബി.എം.എസ്.-ലുമടക്കം ഇന്ത്യയിൽ ഒരു പുതിയ ട്രേഡ് യൂണിയൻ, ഐക്യവേദി ഉയർന്നുവന്നിട്ടുള്ളത്. ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന്റെ മുമ്പിൽ കേരളത്തിലെ തൊഴിൽ നയങ്ങളും തൊഴിൽ നിയമങ്ങളും അതിന് ബദലായി ഉയർന്നുവരേണ്ടതാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി കേരള സർക്കാർ ക്ഷേമ പദ്ധതി സമൂലമായി പരിഷ്കരിച്ച് ആകർഷകമാക്കും എന്ന് പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. ആ നടപടികൾ അടിയന്തരമായി നടപ്പാക്കണം. കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരും എന്നും പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ചുള്ള നടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. ഇതര

സംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ നിരക്കിൽ വൃത്തിയും വെടിപ്പുമുള്ള പാർപ്പിടം വേണം. ഇതുതന്നെയാണ് അവരുടെ  പ്രശ്നങ്ങൾ. ആ കാര്യങ്ങളിൽ ഒരു പുതിയ സമീപനം സ്വീകരിക്കേണ്ടി വരും. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങൾക്ക് നടപടിയെടുക്കാൻ അങ്ങ് വ്യക്തിപരമായി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം പരമ്പരാഗത വ്യവസായ മേഖല മണ്ണടിയുകയാണ്. കേരളത്തിൽ ഇനിയും അവശേഷിക്കുന്ന ഏതാനും ചില വ്യവസായങ്ങളുണ്ട്. പാരിസ്ഥിതിക പ്രശ്നമില്ല, വൈദ്യുതി പ്രശ്നമില്ല, വലിയ സാമ്പത്തിക മൂലധന നിക്ഷേപം വേണ്ട. അങ്ങനെയുള്ള കേരളത്തിന്റെ തനതായ തകരുന്ന പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കാൻവേണ്ടി സമഗ്രമായ, ബൃഹത്തായ ഒരു പദ്ധതി കൊണ്ടുവരണം.  അഞ്ഞൂറ് കോടി രൂപയോ ആയിരം കോടി രൂപയോ മാറ്റിവച്ചുകൊണ്ട് കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കാനുള്ള നടപടിയെടുക്കണം. ഇവിടെ മദ്യനയത്തെക്കുറിച്ചൊക്കെ സംസാരിക്കുന്നത് കേട്ടു. കഴിഞ്ഞ 5 വർഷമായി കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ ഗതിയെന്താണ്? 260 കോടി രൂപ കുടിശ്ശികയാണ്. ഇപ്പോൾ അവർക്ക് ഗ്രാറ്റ്വിറ്റി ഇല്ല, പ്രസാവാനുകൂല്യമില്ല, വിവാഹ സഹായമില്ല, റിട്ടയർമെന്റ് ബെനിഫിറ്റില്ല, മരണാനന്തര സഹായമില്ല.

എന്നിവയടക്കം 260 കോടി രൂപ പട്ടിണി പാവങ്ങളായ ഈ കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയിൽ കുടിശ്ശികയുണ്ട്. അതുപോലെതന്നെ മാച്ചിംഗ് ഗ്രാന്റ് 34 കോടി രൂപ കുടിശ്ശകയുണ്ട്. ഇത് പരിശോധിക്കണം. തൊഴിലാളികളുടെ ക്ഷേമ ബോർഡുകൾ പ്രവർത്തന രഹിതമാകുന്നത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. തൊഴിലാളി വർഗ്ഗത്തിന് മുൻകയ്യുള്ള കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് തൊഴിലാളികളുടെ പ്രശ്നങ്ങൾ അവഗണിക്കുന്നുവെന്ന് വരാൻ പാടില്ല. അത് പ്രത്യേകമായി പരിഗണിക്കണം. ഞാൻ പണ്ട് കൈകാര്യം ചെയ്തിരുന്ന വകുപ്പിനെക്കുറിച്ചാണ് ഇന്ന് രാവിലെ ധാരാളം ചോദ്യോത്തരങ്ങൾ വന്നത്. ഇത് കേന്ദ്രത്തിന്റെ ഒരു നയമാണ്. കേന്ദ്രത്തിൽ കോൺഗ്രസ് പോയി ബി.ജെ.പി. വന്നു. രാവണൻ വാണാലും രാമൻ വാണാലും കേരളത്തിൽ റേഷൻ കിട്ടില്ല. ഇതാണ് അവസ്ഥ. ഇതൊരു ബില്ലിന്റെയോ നിയമത്തിന്റെയോ മാത്രമല്ല നയത്തിന്റെ പ്രശ്നമാണ്. കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടെന്താണ്? അവർ ഇപ്പോൾ രണ്ട് കമ്മീഷനെ വച്ചിട്ടുണ്ട്. ആ കമ്മീഷനിൽ ഒന്ന്, അമേരിക്കയിലെ കുത്തക കമ്പനിയായ മെർക്കിൻസാണ്. അവരോട് പറഞ്ഞിരിക്കുന്നത് എഫ്.സി.ഐ. കാര്യക്ഷമമാക്കാൻ പഠന റിപ്പോർട്ട് കൊടുക്കണമെന്നാണ്. എഫ്.സി.ഐ. ഇന്നുള്ളതിൽനിന്നും മൂന്നിലൊന്നാക്കാൻ

തീരുമാനിച്ചു. അതിന്റെ സ്റ്റാഫിനെ കുറയ്ക്കുന്നുണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ അടിത്തറ തകരുന്നതോടുകൂടി ഭക്ഷ്യധാന്യ സംഭരണവും വിതരണവും തകരുകയാണ്. ദീർഘവീക്ഷണത്തോടെയാണ് കേന്ദ്രഗവൺമെന്റ് അത് ചെയ്യുന്നത്. നമുക്ക് 16.01 ലക്ഷം മെട്രിക് ടൺ കിട്ടിക്കൊണ്ടിരുന്നത് മെല്ലെമെല്ലെ 14.25 ലക്ഷം മെട്രിക് ടൺ ആക്കി. കേന്ദ്ര ക്വാട്ട വെട്ടിക്കുറയ്ക്കുകയാണ്. അതിന്റെ ഫലമായി ഷോർട്ടേജുണ്ടാകും. ഭക്ഷ്യധാന്യങ്ങളുടെ ഷോർട്ടേജുണ്ടായാൽ മൊത്തക്കച്ചവടക്കാർക്ക്, ഭക്ഷ്യധാന്യത്തിന്റെ ഹോൾ സെയിൽ കമ്പനികൾക്ക് കേരളം ഫലഭൂയിഷ്ഠമായ സംസ്ഥാനമാണ്. കാരണം, കേരളത്തിലെ ആളുകൾ അരി ആഹാരം കഴിക്കുന്നതിൽ നിർബന്ധമുള്ളവരാണ്. അതുകാരണം അരിയുടെ വില ക്രമാതീതമായി വർദ്ധിക്കുകയാണ്. ആ വർദ്ധനവിന് പ്രധാനപ്പെട്ട കാരണം കേന്ദ്രം സ്വീകരിച്ചിട്ടുള്ള ഈ നയമാണ്. കേന്ദ്രത്തിന്റെ ഈ ബില്ലിന്റെ കാര്യത്തിൽ അപ്പുറത്തുള്ള നമ്മുടെ സുഹൃത്തുക്കളെല്ലാം രോഷാകുലരാണ്. ഈ ബേബിയുടെ അച്ഛൻ ആരാണ്; ഇത് ആരുടെ ബേബിയാണ്? കോൺഗ്രസിന്റെ കാലത്ത് നിങ്ങൾ കൊട്ടിഘോഷിച്ചുകൊണ്ടുവന്നതാണ് ഈ ഫുഡ് സെക്യൂരിറ്റി ബിൽ. 2011-ൽ ആ കരട് ബിൽ പബ്ലിഷ് ചെയ്തപ്പോൾതന്നെ കേരളത്തിൽ ഭക്ഷ്യമന്ത്രിമാരുടെ അഖിലേന്ത്യാ കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിവിടെ നടപ്പിലാക്കാൻ സാധ്യമല്ല,

കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നടപ്പിലാക്കാൻ പ്രയാസമാണ് എന്ന് പറയണമായിരുന്നു. പല കേന്ദ്രാവിഷ്കൃത പദ്ധതികളും ഹരിയാനയേയും പഞ്ചാബിനേയും യു.പി.-യെയും കണ്ടിട്ടാണ് ഉണ്ടാക്കുന്നത്. അതിന്റെ ഫലമായി നിരന്തരമായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേരളത്തിന് കിട്ടേണ്ട ഒരാനുകൂല്യവും കിട്ടുന്നില്ല. വ്യവസായ രംഗത്തും, റെയിൽവേ രംഗത്തും, കാർഷിക മേഖലയിലും കിട്ടുന്നില്ല. അവരുടെ നോംസ് കേരളത്തിൽ നടപ്പിലാക്കാൻ പ്രയാസമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നേരത്തെ 90:10 എന്നത് 60:40 ആയി ചുരുക്കിയതറിയാമോ?

ശ്രീ. സി. ദിവാകരൻ: സർ, അതാണ് ഞാൻ പറഞ്ഞത്. കേരളത്തിനോട് ശത്രുത പ്രഖ്യാപിച്ചിരിക്കുകയാണ് ഡൽഹിയിലെ ഗവൺമെന്റ്. അത് ഏത് ഗവൺമെന്റായാലും ശരി കേരളീയരുടെ അനുഭവം അതാണ്. കഴിഞ്ഞ 50 കൊല്ലക്കാലത്തെ കേരളത്തിന്റെ അനുഭവം പരിശോധിച്ചാൽ കേന്ദ്രത്തിൽനിന്ന് അർഹമായ ആളോഹരി വരുമാനം കിട്ടില്ല എന്നകാര്യം ഉറച്ച തീരുമാനമാണ്. അവരുടെ കയ്യിൽ വടികൊണ്ട് കൊടുത്തതാണ് നമ്മുടെ പ്രിയപ്പെട്ട തോമസ് മാഷ്. അദ്ദേഹത്തിനോട് അന്നേ ഞാൻ പറഞ്ഞു, ഇത് ഇവിടെ നടപ്പിലാക്കാൻ പ്രയാസമാണ്, സൂക്ഷിക്കണമെന്ന്. ഇപ്പോൾ എന്തായി? ഹരിയാനയിലും

പഞ്ചാബിലും യു.പി.-യിലും ആന്ധ്രയിലും നടപ്പിലാക്കുന്ന അതേ മാനദണ്ഡങ്ങൾവച്ച് ഫുഡ് സെക്യൂരിറ്റി ആക്ട് 48 മണിക്കൂറിനകം നടപ്പിലാക്കിയില്ലെങ്കിൽ നിങ്ങൾക്കുള്ള ക്വാട്ട തരില്ലെന്നുപറയാൻ എന്ത് ഭരണമാണ്. ബി.ജെ.പി.-യുടെ സ്വരമാണത്. നിങ്ങൾ ഞങ്ങളെയല്ല എതിർക്കേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. സി. ജോസഫും അടക്കം നിങ്ങളെല്ലാം തീരുമാനിക്കേണ്ടത് കേന്ദ്രം കേരളത്തോട് കാണിക്കുന്ന, പട്ടിണി പാവങ്ങളോട് കാണിക്കുന്ന, പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന ധിക്കാരപരമായ സ്വേച്ഛാധിപത്യത്തിന്റെ നിലപാടിനെയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആ നിലപാടിനോട് പ്രതിഷേധം രേഖപ്പെടുത്തുകയും കേരളത്തിന്റെ താല്പര്യങ്ങൾ അംഗീകരിച്ചേ മതിയാകൂ എന്ന് പറയുന്ന അങ്ങയോടൊപ്പം നിൽക്കാൻ ഞങ്ങളും തയ്യാറാണ്. നിങ്ങളൊന്ന് മുമ്പിൽ നടക്കണമെന്നാണ് ഞങ്ങൾ പറഞ്ഞുവരുന്നത്. നിങ്ങൾ മുമ്പിൽ നടന്നാൽ മതി, ഞങ്ങളും കൂടെ കൂടാം.

ശ്രീ. സി. ദിവാകരൻ: നമുക്ക് മുമ്പിലോ പിമ്പിലോയൊക്കെ നടക്കാം. ആ സമയമെല്ലാം നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ നിങ്ങളുടെ കൈയിൽ നിൽക്കാൻ പോകുന്നില്ല. നിങ്ങൾക്ക് ഇനി ഒരു തിരിച്ചുവരവില്ലെന്ന് മനസ്സിലാക്കുക. നിങ്ങൾ തിരിച്ചുവരണമെങ്കിൽ കേരളത്തിലെ കർഷകരുടെ, പാവപ്പെട്ടവരുടെ,

തൊഴിലില്ലാത്തവരുടെ, വിലക്കയറ്റത്തിന്റെ കാര്യങ്ങളിൽ നിങ്ങൾ കേന്ദ്രത്തോട്......, നിങ്ങളുടെ ശൗര്യം കാണിക്കേണ്ടത് ഇവിടെയല്ല, നിങ്ങളുടെ ആളുകൾ ഡൽഹിയിലുണ്ടല്ലോ, അവിടെ കാണിക്കണം. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിസഭ, ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ ആറു മാസം കാലാവധി ചോദിച്ചിട്ട് തരില്ല എന്ന് പറയുമ്പോൾ നിങ്ങൾ ചോദിക്കണ്ടേ? നിങ്ങൾക്ക് ചോദിക്കാൻ കുറച്ചുകൂടി ശക്തിയുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ ഞങ്ങൾ വരികയേ ഇല്ല എന്ന് ഞങ്ങളെ ശപിക്കുകയാണോ; പിന്നെ പകരം ആരെ വരുത്താനാണ് അങ്ങ് ശ്രമിക്കുന്നത്. ഇപ്പോൾ ഇരിക്കുന്നവർ തുടരാൻ വേണ്ടിയാണോ? അവിടെയാണ് നമ്മുടെ വിയോജിപ്പ്.

ശ്രീ. സി. ദിവാകരൻ: ഇത് ഗുരുതരമായ പ്രശ്നമാണ്, അങ്ങോട്ടുമിങ്ങോട്ടും വെറുതെ വാഗ്വാദം നടത്തിയിട്ട് കാര്യമില്ല. കേരളത്തിന് അരി കിട്ടില്ല. ഇത് ദീർഘവീക്ഷണത്തോടെ കണ്ടാണ് പൊതുവിതരണത്തെക്കുറിച്ച് ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിന്റെ ബി.പി.എൽ. പരിധിയിൽ ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും പുറത്താക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്. എ.എ.വൈ.- ബി.പി.എൽ.

കുടുംബങ്ങൾക്ക് സൗജന്യമായി അരി വിതരണം ചെയ്യും. വിവിധ അസംഘടിത മേഖലയിലെ തൊഴിലാളികളെയും മറ്റു വിഭാഗങ്ങളിലെ തൊഴിലാളികളെയും തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെയും ബി.പി.എൽ. ആയി പരിഗണിച്ച് അവർക്കുകൂടി സൗജന്യ റേഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് കേരള ഗവൺമെന്റ് രൂപം നൽകും. ഇക്കാര്യത്തിൽ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഉത്കണ്ഠയൊന്നും വേണ്ട. എന്തുവില കൊടുത്തും കേരളത്തിലെ മഹാഭൂരിപക്ഷം ആളുകൾക്കും റേഷൻസംവിധാനം നടപ്പിലാക്കാൻ ഈ എൽ.ഡി.എഫ്. ബാദ്ധ്യസ്ഥമാണ്. അക്കാര്യത്തിൽ നിങ്ങൾ കുറവുകളും കുറ്റങ്ങളും......, ബി.ജെ.പി. നടപ്പിലാക്കുന്ന ഈ ബിൽ എന്തിനുവേണ്ടി; ആർക്കുവേണ്ടിയാണ്. കേരളത്തിനുവേണ്ട, ജനങ്ങൾക്കുവേണ്ട, പ്രതിപക്ഷത്തിനുവേണ്ട, ഞങ്ങൾക്കുവേണ്ട. അപ്പോൾ അതൊന്ന് ശ്രീ. നരേന്ദ്ര മോദിയോട് ചോദിക്കണ്ടേ? ആർക്കും വേണ്ടാത്ത ഈ നിയമം കേരളത്തിൽ അടിച്ചേല്പിക്കലാണോ? ഫെഡറൽ സമ്പ്രദായത്തിൽ ഇങ്ങനെയാണോ ഒരു കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുക്കേണ്ടത്. ഈ നിയമസഭയിലെ എല്ലാ ദേശീയ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ നയം തിരുത്തണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെടണം. കേരളത്തിനർഹമായ പഞ്ചസാര, മണ്ണെണ്ണ, അരി, ഗോതമ്പ്......., ഇത്

ഭരണഘടനാ ലംഘനമാണ്. ഭക്ഷ്യധാന്യവിതരണത്തെ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയിൽ തന്നെ പറഞ്ഞിട്ടുണ്ട്. ആ ഭരണഘടനയെപ്പോലും കാറ്റിൽപ്പറത്തുന്നു; ഇന്ത്യയിലെ ഭരണഘടന വെല്ലുവിളിക്കപ്പെടുന്നു; ഇന്ത്യയിലെ മതേതരത്വത്തെ വെല്ലുവിളിക്കപ്പെടുന്നു; ഇന്ത്യയിലെ ജനാധിപത്യം വെല്ലുവിളിക്കപ്പെടുന്നു; ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളെ വേട്ടയാടുന്നു. സ്വന്തം ഭാര്യയുടെ ശവശരീരം തോളിലേറ്റി 16 കി.മീ. നടക്കുന്ന ഇന്ത്യാ മെയ്ക്കിംഗാണോ ഇവിടെ നടക്കുന്നത്; അതിനെതിരായിട്ടുവേണം നിങ്ങൾ പറയാൻ. ഇത് വെറും കുറെ അരി കൊടുക്കുന്നതിന്റെയും വാങ്ങുന്നതിന്റെയും കാര്യമല്ല. ഇവിടെ പട്ടാളത്തെക്കൊണ്ട് പാകിസ്ഥാൻ പ്രശ്നം പരിഹരിച്ചുകളയാമെന്നുള്ളത്, നല്ല കാര്യം, ഞങ്ങളെല്ലാം പിന്തുണ കൊടുക്കുന്നു. പക്ഷേ ആ പട്ടാളക്കാരുടെ കുടുംബങ്ങൾ നമ്മുടെ നാട്ടിൽ റേഷനുവേണ്ടി നിൽക്കുകയാണ്, മണ്ണെണ്ണയും പഞ്ചസാരയും കിട്ടുന്നില്ല. അവിടെ അതിർത്തിയിൽ യുദ്ധം ചെയ്യുന്ന പട്ടാളക്കാരുടെ കുടുംബത്തിനെയെങ്കിലും ഓർത്ത്..., ഈ രാജ്യത്തിന്റെ സുരക്ഷാ എന്നുപറയുന്നത് ആ രാജ്യത്തിലെ സാധാരണ ജനങ്ങളാണ്. ആ ജനങ്ങൾ ഇവിടെ വേട്ടയാടപ്പെടുകയാണ്, ചവിട്ടി മെതിക്കപ്പെടുകയാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കേരളത്തിലുണ്ടായിരുന്ന എല്ലാ റേഷൻ ആനുകൂല്യങ്ങളും ഒന്നൊന്നായി

മണ്ണടിയാൻ പോകുകയാണ്. അതാണ് ഈ സഭയിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. തീർച്ചയായും ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകുമെന്നുള്ള വിശ്വാസത്തിൽ ഞാൻ എല്ലാ ധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുകയാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നാളെ ഈ സർക്കാർ അഞ്ചുമാസം പൂർത്തിയാക്കുക യാണ്. അഞ്ചുവർഷത്തേയ്ക്ക് തെരഞ്ഞെടുത്ത സർക്കാരിനെ വിലയിരുത്താൻ മതിയായ സമയമല്ല അഞ്ചുമാസം എന്നത് ശരിയാണ്. എന്നാൽ ഈ കാലയളവിൽ ജനകീയ പ്രശ്നങ്ങളോടുള്ള സർക്കാരിന്റെ സമീപനം, നയപരിപാടികൾ, സംസ്ഥാനത്തിന്റെ ക്രമസമാധാനം, ഭരണരംഗം എന്നിവയെല്ലാം വിലയിരുത്തുമ്പോൾ അടുത്ത നാലരവർഷക്കാലം എങ്ങോട്ടാണ് ഈ സർക്കാർ സംസ്ഥാനത്തെ കൊണ്ടുപോകുന്നതെന്ന് ആർക്കും എളുപ്പത്തിൽ മനസ്സിലാകും. ആ നിലയ്ക്ക് നോക്കുമ്പോൾ ഈ സർക്കാരിന്റെ പ്രവർത്തനം നിരാശാജനകമാണ്, നിഷ്ക്രിയമാണ്, സർവ്വോപരി ജനവിരുദ്ധമാണെന്ന് കാണാൻ കഴിയും. മദ്യനയത്തോടുള്ള ഈ സർക്കാരിന്റെ സമീപനം തന്നെയെടുക്കാം. മുൻ

യു.ഡി.എഫ്. സർക്കാർ കുറ്റമറ്റ രീതിയിൽ കൊണ്ടുവന്ന മദ്യനയം മാറ്റിയെഴുതാനുള്ള ഈ സർക്കാർ നടപടിയ്ക്ക് കേരള ജനത മാപ്പുനൽകില്ല. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് സമയത്ത് മദ്യമുതലാളിമാർക്ക് ഇടതുമുന്നണി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ഈ നടപടി. അതല്ലേ 10 ശതമാനം ഔട്ട്‌ലെറ്റുകൾ പൂട്ടേണ്ടതില്ലെന്ന സർക്കാരിന്റെ പുതിയ തീരുമാനം. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് തങ്ങളുടെ നിലപാട് എന്ന് ആവർത്തിക്കുന്ന ഇടതുപക്ഷം സ്വന്തം മദ്യനയം രൂപപ്പെടുത്തുന്നതിനുമുമ്പ് നിലവിലെ നയം തിരുത്തിയെഴുതാൻ തീരുമാനിച്ചത് ആർക്കുവേണ്ടി യാണെന്ന് വ്യക്തമാക്കണം. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന മദ്യനയ പ്രകാരം ഈ ഒക്ടോബർ 2-ന് 10 ശതമാനം വിദേശമദ്യ ഷോപ്പുകൾ അടച്ചുപൂട്ടേണ്ടതാണ്. എന്നാൽ ഈ വിധം മദ്യഷോപ്പുകൾ, ഔട്ട്‌ലെറ്റ് പൂട്ടേണ്ടതില്ലെന്ന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു. മദ്യനയം ഘട്ടംഘട്ടമായി അട്ടിമറിക്കുന്നതിനുള്ള ഇടതുസർക്കാരിന്റെ ഗൂഢനീക്കമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 2014 ഒക്ടോബർ 2-നും 2015 ഒക്ടോബർ 2-നുമായി ബിവറേജസ് കോർപ്പറേഷന്റെ 68 ഉം കൺസ്യൂമർ ഫെഡിന്റെ 10 ഉം ഔട്ട്‌ലെറ്റുകൾ യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയിരുന്നു. കൂടാതെ, നിലവാരമില്ലെന്നു ചൂണ്ടിക്കാട്ടിയ 732 ബാറുകൾ

ഒറ്റയടിയ്ക്ക് അടച്ചുപൂട്ടുവാൻ ആർജ്ജവം കാണിച്ച സർക്കാരായിരുന്ന യു.ഡി.എഫ്. സർക്കാർ. സമ്പൂർണ്ണ മദ്യവർജ്ജനത്തിനുവേണ്ടി ശക്തമായ ബോധവത്കരണം നടത്തുമെന്ന് പ്രഖ്യാപിച്ച ഇടതുസർക്കാരിന്റെ പ്രഥമ ബഡ്ജറ്റിൽ ഒരു പൈസപോലും ബോധവത്കരണപ്രവർത്തനത്തിന് മാറ്റിവച്ചിട്ടില്ല. ഇതുതന്നെ ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ഇരട്ടത്താപ്പാണ് വ്യക്തമാക്കുന്നത്. മാത്രമല്ല, ടൂറിസം രംഗത്തെ തളർച്ചയ്ക്കും മദ്യനയം കാരണമായിട്ടുണ്ടെന്നാണ് എന്റെ തന്നെ ഒരു നിയമസഭാ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി പറഞ്ഞത്. ടൂറിസം രംഗത്തെ വളർച്ചാനിരക്കിലുള്ള കുറവിന്റെ കാര്യങ്ങൾ പല തവണ ഈ സഭ ചർച്ച ചെയ്തതാണ്. ബന്ദും ഹർത്താലും ട്രാഫിക് ജാമുകളും വൃത്തിഹീനമായ കടൽത്തീരങ്ങളുമൊക്കെ അതിന്റെ പല കാരണങ്ങളിൽപ്പെട്ടതാണ്. അല്ലാതെ മദ്യലഭ്യതയുടെ കുറവല്ല അതിന്റെ കാരണം. ഒരുവർഷം ശരാശരി 10,000 കോടി രൂപയുടെ വിറ്റുവരവാണ് ബിവറേജസ് കോർപ്പറേഷനുണ്ടായിരുന്നത്. ഇതിൽ നിന്നും ശരാശരി 7,500 കോടിയിൽപ്പരം രൂപ വില്പന നികുതിയായി സർക്കാരിന് ലഭിക്കും. പൊന്മുട്ടയിടുന്ന ഈ താറാവിനെ കൊന്നുകളയാൻ സർക്കാർ ഒരുക്കമല്ല. അതുകൊണ്ടാണ് ജനക്ഷേമമല്ല, ജനവിരുദ്ധതയാണ് നിങ്ങളുടെ മുഖമുദ്രയെന്ന്

ഞാൻ ആമുഖമായി പറഞ്ഞത്. പാവപ്പെട്ട ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുന്ന സർക്കാർ, മനുഷ്യനെ പിശാചാക്കി മാറ്റുന്ന മദ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ ഭക്ഷ്യമേഖല ആകെ തകർന്നിരിക്കുകയാണ്. കേന്ദ്ര സർക്കാർ 2013 സെപ്റ്റംബറിൽ പാസ്സാക്കിയ ഭക്ഷ്യഭദ്രതാനിയമം ഇന്ത്യയിൽ നടപ്പാക്കാത്ത രണ്ടു സംസ്ഥാനങ്ങളിലൊന്നാണ് നമ്മുടെ കേരളം, മറ്റൊന്ന് തമിഴ്നാട്. പ്രതിപക്ഷത്തിരിക്കെ ഈ നിയമം പാസ്സാക്കാത്തതിന്റെ പേരിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെതിരെ നിരന്തരം പ്രക്ഷോഭം നടത്തിയ ഇടതുപക്ഷം അധികാരത്തിലെത്തിയശേഷം നിയമം നടപ്പാക്കുന്നതിനുപകരം സമയം നീട്ടിക്കിട്ടുന്നതിനുവേണ്ടി നിരന്തരം കേന്ദ്രത്തിനുമുന്നിൽ പോയി അപേക്ഷ സമർപ്പിക്കുവാനാണ് സമയം കണ്ടത്. ഇപ്പോൾ നവംബർ ഒന്ന് മുതൽ നിയമം പാസ്സാക്കണമെന്ന് സർക്കാർ സമ്മതിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും കേരളത്തിനുള്ള ഭക്ഷ്യധാന്യം കേന്ദ്രം വെട്ടിക്കുറയ്ക്കുകയും സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു. കിലോഗ്രാമിന് 8 രൂപ 90 പൈസ കൊടുത്ത് അരി വാങ്ങിയിരുന്ന എ.പി.എൽ. കാർഡുടമകളായ 60 ലക്ഷം

കുടുംബങ്ങൾക്ക് റേഷൻ നിരക്കിൽ ഇനി അരി ലഭിക്കില്ല. ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ എ.പി.എൽ. കുടുംബങ്ങൾക്ക് അരി കിലോഗ്രാമിന് 22 രൂപ 64 പൈസ നൽകേണ്ടി വരും. ഗോതമ്പിന്റെ വിലയും ഗണ്യമായി ഉയരും. ഭക്ഷ്യവകുപ്പിന്റെ നിരുത്തരവാദപരമായ നിലപാടുകൊണ്ട് ഓണക്കാലത്ത് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അരിവിതരണം മുടങ്ങി. വിദ്യാഭ്യാസ വകുപ്പും ഭക്ഷ്യവകുപ്പും പരസ്പരം പഴിചാരുകയാണിപ്പോൾ. അതിന്റെ ഉത്തരവാദിത്വം സപ്ലൈകോ എം.ഡി.യുടെ തലയിൽ കെട്ടിവച്ച് വകുപ്പ് കയ്യൊഴിയുന്നതായ വാർത്ത മീഡിയകളിൽ നിറഞ്ഞുനിൽക്കുകയാണ്. വിലക്കയറ്റം തടയുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടു. സിവിൽസപ്ലൈസ് കോർപ്പറേഷൻ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൂത്തരങ്ങായി. ഔട്ട്ലെറ്റുകളിൽ വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് ഗുണനിലവാരം ഇല്ലാത്തതായും ഉൽപ്പന്നങ്ങളുടെ സാമ്പിൾ കണ്ട് ഓർഡർ ചെയ്യുന്നതിനുപകരം അവയുടെ ഫോട്ടോ കണ്ടാണ് കോർപ്പറേഷൻ ഉത്പന്നങ്ങൾക്ക് ഓർഡർ നൽകുന്നതെന്ന ലജ്ജാകരമായ വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. അതുകൊണ്ട് റേഷൻ സംവിധാനത്തെ പുന:സ്ഥാപിച്ച് പൂട്ടിയ നന്മ സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിച്ച് പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം.

പ്രവാസിക്ഷേമം - പ്രവാസികളുടെ കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് അത്ര ആശാസ്യമല്ലായെന്നുള്ളത് ഏറെ ഖേദകരമാണ്. രാജ്യത്തിന്റെ അതിർത്തി പട്ടാളക്കാർ കാത്തുസൂക്ഷിക്കുന്നതുപോലെ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത കാത്തുസൂക്ഷിക്കുന്നവരാണ് പ്രവാസികൾ. 35 ലക്ഷത്തോളം വരുന്ന മലയാളികൾ ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. വർഷാവർഷം അവർ നാട്ടിലേയ്ക്ക് അയയ്ക്കുന്നത് ഭീമമായ തുകയാണ്. 2014-ൽ 71,142 കോടി രൂപയായിരുന്നുവെങ്കിൽ 2015-ൽ 99,382 കോടി രൂപയായി അത് വർദ്ധിച്ചു. എന്നിട്ടും അവരുടെ കാര്യത്തിൽ സർക്കാരിന് വേണ്ടത്ര ജാഗ്രതയില്ല. അവരുടെ എണ്ണത്തിന്റെ കാര്യത്തിൽ പോലും വ്യക്തമായ കണക്കില്ല. അതിനൊരു ഉദാഹരണമാണ്, പ്രവാസി കമ്മീഷൻ, പ്രവാസി ഭാരതീയർ ബില്ലിന് കഴിഞ്ഞവർഷം ജനുവരിയിലാണ് നിയമസഭ അംഗീകാരം നൽകിയത്. കമ്മീഷൻ രൂപീകരിച്ച് ചെയർപേഴ്സണും അംഗങ്ങളും ചുമതലയേൽക്കുകയും ചെയ്തു. ഇതിനുശേഷം തുടർ നടപടികളൊന്നും ഉണ്ടായില്ല. വിപുലമായ അധികാരമുള്ള കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചാൽ പ്രവാസികളുടെ സ്വത്തുക്കളുടെ സംരക്ഷണം, നിക്ഷേപങ്ങളുടെ ഭദ്രത എന്നിവയടക്കം ഒട്ടേറെ കാര്യങ്ങളിൽ കമ്മീഷന് ഇടപെടാനാകും. ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ സർക്കാർ അടിയന്തരമായി ഒരുക്കികൊടുക്കണമെന്ന്

അപേക്ഷിക്കുന്നു.

വിമാനക്കമ്പനികൾ- കാലകാലങ്ങളായി വിമാന കമ്പനികളെക്കുറിച്ചുള്ള പരാതിയാണ്. സർക്കാർ ഒരുതരത്തിലുള്ള പരിഗണനയും അതിന് നൽകുന്നില്ല. 7000- 8000 രൂപ കൊടുത്ത് ദുബായിലോ ഒമാനിലോ യാത്ര ചെയ്യാൻ കഴിയുന്ന സെക്ടറിൽ ഇക്കഴിഞ്ഞ ഓണം-ബക്രീദ് നാളുകളിൽ 50,000, 60,000, 70,000 രൂപ വരെ വാങ്ങിക്കുന്നു. ഇത്രയും വലിയ പകൽ കൊള്ള, തീവെട്ടി കൊള്ള നടത്തിയിട്ടും അതിനെതിരെ പ്രവാസികൾക്കുവേണ്ടി ശബ്ദിക്കാൻ ഗവൺമെന്റിന് സാധ്യമാകാത്ത സാഹചര്യം നാട്ടിൽ നിലവിലുണ്ട്. അതുമാത്രമല്ല, ക്ഷേമനിധിയുമായി ബന്ധപ്പെട്ട്, മലയാളികളായ 35 ലക്ഷം പ്രവാസികൾ വിദേശ രാജ്യങ്ങളിലുണ്ട്. എന്നിട്ട് ആ ക്ഷേമനിധിയിൽ 1,37,000 ആളുകളാണ് ചേർന്നിട്ടുള്ളത്. പ്രവാസികളെ അവഹേളിക്കുന്ന രൂപത്തിൽ അവരെ പൂർണ്ണമായും പുച്ഛിച്ചുതള്ളുന്ന രൂപത്തിലുള്ള ക്ഷേമനിധിയാണ്. കാരണം, മാസം 100 രൂപ വച്ച്  60 വയസ്സ് വരെ അടച്ചാൽ അറുപത് വയസ്സിനുശേഷം 500 രൂപ പെൻഷൻ കിട്ടും. എല്ലാ ക്ഷേമ പെൻഷനുകളും ആയിരം രൂപയാക്കി മാറ്റിയ ഗവൺമെന്റ് 500 രൂപ വച്ച് പെൻഷൻ കൊടുക്കുമെന്ന് പറയുന്നത് പ്രവാസികളെ മാനംകെടുത്താനും നാണംകെടുത്താനുമാണ്. അതുകൊണ്ട് 5000 രൂപയായെങ്കിലും പ്രവാസി പെൻഷൻ വർദ്ധിപ്പിക്കണമെന്നാണ് ഈ

അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഒരുപാട് കാര്യങ്ങൾ പ്രവാസികളുമായി ബന്ധപ്പെട്ട് സംസാരിക്കാനുണ്ട്, പക്ഷെ അതിന് ഇവിടെ സമയമില്ല. വളരെ ഗുരുതരമായ പ്രതിസന്ധിയാണ് വടകര താലൂക്കിലുള്ളത്. രാഷ്ട്രീയമായി സി.പി.ഐ(എം)-ഉം പോലീസും ഒത്തുചേർന്നുകൊണ്ട് സ്ഫോടനാത്മകമായ അന്തരീക്ഷം അവിടെ സൃഷ്ടിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പ്രവാസി കോൺഗ്രസ്സിന്റെ നേതാവായ പ്രമോദ് കോട്ടപ്പള്ളി, ഒരു ദിവസം രാത്രി വരുമ്പോൾ വണ്ടി തടഞ്ഞുനിർത്തി സി.പി.ഐ(എം)കാർ അടിച്ചുപരിക്കേൽപ്പിച്ചതിന്റെ ഫലമായി മാരകമായി പരിക്കുപറ്റി. 10-15 ദിവസത്തോളം കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ കിടന്നു. ഇപ്പോൾ അയാൾ ഏതാണ്ട് ഒരു മാസത്തിലേറെയായി വീട്ടിൽ പൂർണ്ണമായി വിശ്രമിക്കുകയാണ്. അദ്ദേഹത്തിന് പുറത്തിറങ്ങാനോ എഴുന്നേറ്റ് ദിനചര്യകൾ ചെയ്യാനോ പോലും പറ്റാത്ത സാഹചര്യമാണുള്ളത്. പക്ഷേ, പോലീസ് ഇന്നുവരെ കേസ്സെടുത്തിട്ടില്ല. അതിന്റെ പിറ്റേ ദിവസം അവിടത്തെ യൂത്ത് ലീഗിന്റെ സെക്രട്ടറിയും പഞ്ചായത്ത് മെമ്പറുമായ സാലിയെന്ന് പറയുന്ന ചെറുപ്പക്കാരന്റെ തലയടിച്ച് പൊട്ടിച്ചു, ഒൻപത് സ്റ്റിച്ചുണ്ട്. പോലീസ് ഇതുവരെയും പ്രതികളെ പിടിച്ചില്ല, കേസ്സെടുക്കാൻപോലും തയ്യാറാകുന്നില്ല. പിറ്റേ ദിവസം വീണ്ടും രണ്ട് യൂത്ത് കോൺഗ്രസ്സുകാരെ ബൈക്കിൽ

തടഞ്ഞുനിർത്തി ജി.ഐ. പൈപ്പുകൊണ്ട് അടിച്ച് കാലും കയ്യും പൊട്ടിച്ചിരിക്കുകയാണ്. ഇതുകൂടാതെ നാദാപുരത്തും ഒരുപാട് പ്രശ്നങ്ങളുണ്ട്. പോലീസ് നിഷ്ക്രിയമായി നോക്കി നിൽക്കുന്നു, പോലീസ് ഇക്കാര്യത്തിലൊന്നും ചെയ്യുന്നില്ല. നാദാപുരത്ത്, പേര് ചോദിച്ച് ലീഗുകാർ അടിച്ചുവെന്നാണ് ഇവിടെ പറയുന്നത്. പേര് ചേദിച്ച് ലീഗുകാർ മാത്രമല്ല അപ്പുറത്തുനിന്ന് സി.പി.ഐ.(എം)-കാരും അടിക്കുന്നു. അവിടെ ഗുരുതരമായ പ്രശ്നമുണ്ട്. അവിടെ വിഭാഗീയമായ പ്രവർത്തനങ്ങൾ നടക്കുന്നു. അതവിടെ രാഷ്ട്രീയമല്ലാത്ത സാഹചര്യമുണ്ടാകുന്നു. അവിടെ മുഹമ്മദ് നിഹാൽ തങ്ങൾ, നാദാപുരം ഗ്രാമപഞ്ചായത്ത് മെമ്പറുടെ മകനാണ്. അദ്ദേഹം ബൈക്കിൽ പോകുമ്പോൾ തടഞ്ഞുനിർത്തി വലിയ സ്ക്രൂഡ്രൈവറിന് മുകളിൽ ഗ്രീസ് പുരട്ടി വയറ്റിൽ കുത്തിയിറക്കിയതിന്റെ ഫലമായി സീരിയസായി കോഴിക്കോട് ആശുപത്രിയിൽ രണ്ടാഴ്ച കിടന്നു. അവിടെ അദ്ദേഹത്തിന് മാരകമായി പരിക്കേൽപ്പിച്ചിട്ടും ഒരു പ്രതിയെ പോലും ഈ നിമിഷം വരെ പിടിച്ചിട്ടില്ല. അതുപോലെ തന്നെ ചിയ്യൂരുള്ള സമീർ കളരിക്കണ്ടിയിലിനെ കുത്തുകയും പതിനാല് വെട്ടുവെട്ടുകയും ചെയ്തു. ഒരു പ്രതികളെ പോലും പോലീസ് പിടിച്ചിട്ടില്ല. സർ. സി.പി.യുടെ പോലീസിന്റെ സമീപനവും അവസ്ഥാവിശേഷവുമാണ് നിലനിൽക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തോട് വളരെ

ക്രൂരമായ നിലപാട് സ്വീകരിക്കുന്നു. അതുകൊണ്ട് പോലീസിനെതിരെ അതിശക്തമായ നിലപാടുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2016-17 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ എക്സൈസും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, ഭക്ഷ്യവും ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ആത്മാർത്ഥ സുഹൃത്തുക്കളായ രണ്ട് കുട്ടികൾ പരസ്പരം കണ്ടുമുട്ടി. അതിലൊരാൾക്ക് രണ്ട് ആപ്പിൾ കിട്ടി. അതിലൊന്ന് കിട്ടിയവൻ തന്നെ കടിച്ചപ്പോൾ മറ്റേ ആപ്പിൾ തനിക്ക് കിട്ടുമെന്ന് മറ്റവൻ കരുതി. അവൻ വീണ്ടും രണ്ടാമത്തെ ആപ്പിൾ കടിക്കുകയാണ് ചെയ്തത്. അപ്പോൾ രണ്ടാമത്തവൻ വിചാരിച്ചു തനിക്കത് തരാൻ പോകുന്നില്ലായെന്ന്. പക്ഷെ, അവിടെ രണ്ട് ആപ്പിളും കടിച്ചവൻ, രണ്ടാമത്തെ സുഹൃത്തിന് ഒരു ആപ്പിൾ കൊടുത്തിട്ട് പറഞ്ഞു ഇതാണ് ഏറ്റവും മധുരമുള്ള ആപ്പിൾ, അത് നിനക്ക് ഇരിക്കട്ടേയെന്ന് പറഞ്ഞു. അതാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യുന്നത്. പാവപ്പെട്ട ജനങ്ങൾക്ക് നന്മ ചെയ്യുന്ന, ക്ഷേമം നടപ്പിലാക്കുന്ന പ്രവർത്തനം അതാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട്

ഈ ധനാഢ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇവിടെ നമുക്കറിയാം കഴിഞ്ഞ തവണത്തെ ഓണം.... കാണം വിറ്റും ഓണം ഉണ്ണണമെന്നാണ് ചൊല്ല്. ഈ വർഷം കാണം വിൽക്കാതെ എല്ലാവർക്കും ഓണം ഉണ്ണാൻ ആവശ്യമായ നടപടിയുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ, ന്യായവിലയ്ക്ക് പലവ്യഞ്ജനങ്ങൾ അതിന്റെ ഭാഗമായി പൊതുമാർക്കറ്റിലും ഹോർട്ടികോർപ്പ്, കൃഷിവകുപ്പ്, അതുപോലുള്ള സംവിധാനങ്ങളുടെ ഭാഗമായി കുറഞ്ഞ വിലയ്ക്ക് പച്ചക്കറി, ജൈവപച്ചക്കറി, വിഷരഹിത പച്ചക്കറി, അങ്ങനെ എന്തുകൊണ്ടും ഓണം. പക്ഷെ, മാർക്കറ്റിൽ ഇതെല്ലാമുണ്ട്. പക്ഷെ, ജനങ്ങൾക്ക് അത് വാങ്ങാനുള്ള കഴിവില്ല, അവന് ക്രയശേഷിയില്ല. കഴിഞ്ഞ അഞ്ചുവർഷമായി കേരളത്തിൽ മഹാഭൂരിപക്ഷം വരുന്ന ജനതയുടെ ക്രയശേഷി തകർത്തെറിഞ്ഞുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത ഗവൺമെന്റ് മുന്നോട്ട് പോയിരുന്നത്. മാർക്കറ്റിൽ ഈ പറയുന്ന പലവ്യഞ്ജനങ്ങളുണ്ട്, പച്ചക്കറികളുണ്ട് പക്ഷെ വാങ്ങാൻ പണമില്ല. അവന്റെ മടിശ്ശീല കാലിയായിരുന്നു. പക്ഷെ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആ മടിശ്ശീല വീർപ്പിച്ചുകൊടുക്കുന്ന പ്രവർത്തനമാണ് ചെയ്തത്. മാസങ്ങളായി മുടങ്ങി കിടന്നിരുന്ന സമസ്ത ക്ഷേമ പെൻഷനുകളും ഒറ്റയടിക്ക് ആയിരം രൂപയായി വർദ്ധിക്കുകയും ആ പണം അവന്റെ മടിശ്ശീലയിലേയ്ക്ക് എത്തിച്ച്

കൊടുത്ത്, അവന്റെ കാണം വിൽക്കാതെ തന്നെ ഓണം സമൃദ്ധമായി ഉണ്ണാൻ ആവശ്യമായ സൗകര്യം ഒരുക്കിക്കൊടുത്ത ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അതിന്റെ ഭാഗമായി എല്ലാ നിലയിലും ഈ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പതിനായിരവും ഇരുപതിനായിരവും മുപ്പതിനായിരവും രൂപ എന്ന നിലയിലാണ് ഓരോ വീടുകളിലേയ്ക്കും പണം വന്നുകൊണ്ടിരുന്നത്. ആ പണം കൊണ്ട് പലവ്യഞ്ജനങ്ങളും പച്ചക്കറികളുമെല്ലാം വാങ്ങിയിട്ടും മടിശ്ശീലയിൽ പണം ബാക്കികിടക്കുന്ന ഒരു ഓണമായിരുന്നു സമീപ കാലഘട്ടത്തിലൊന്നും ഇല്ലാത്തവിധം ഇത്തവണത്തെ ഓണം.

നമുക്കറിയാം വിലക്കയറ്റക്കെടുതിയിൽ നിന്ന് കേരള ജനതയെ രക്ഷിക്കാനുള്ള ക്രിയാത്മകമായ നടപടികളാണ് ഇടതുപക്ഷ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിനെ അട്ടിമറിക്കുന്ന നിലപാടാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ എടുത്തത്. അതുപോലെ, ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അനങ്ങാപ്പാറ നയം സ്വീകരിച്ചതിന്റെ ഫലമായി ആയിരിക്കണക്കിന്, പതിനായിരക്കണക്കിന് വരുന്ന എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ ആ നിയമത്തിന്റെ പരിധിയിൽ നിന്ന് പുറത്തുപോകുന്ന വളരെ ലജ്ജാകരമായ അവസ്ഥയാണ് നമുക്ക് ഇവിടെ കാണാൻ

കഴിഞ്ഞത്. കേരളത്തിലെ ഔപചാരിക റേഷൻ സമ്പ്രദായം കേന്ദ്ര ഗവൺമെന്റിന്റെ ഔദാര്യം കൊണ്ട് ഉണ്ടായതല്ല, അത് നമ്മൾ പിടിച്ചുവാങ്ങിയതാണ്. 1965-ൽ പാവങ്ങളുടെ പടത്തലവനായ സഖാവ് എ.കെ.ജി.യുടെ നേതൃത്വത്തിൽ പാർലമെന്റിനകത്തും പുറത്തും നടന്ന ഐതിഹാസികമായ സമരങ്ങളുണ്ട്. അതിന്റെ ഭാഗമായാണ് കേന്ദ്ര ഖജനാവിലേയ്ക്ക് കോടിക്കണക്കിന് വിദേശനാണ്യം നേടിക്കൊടുക്കുന്ന നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന കേരളത്തിലെ മക്കൾ പട്ടിണികിടന്ന് മരിക്കരുത് എന്നതിന്റെ അടിസ്ഥാനത്തിൽ ഈ സംവിധാനം കേരളത്തിൽ നടപ്പിലാക്കിയത്. അതാണിപ്പോൾ ബി.ജെ.പി. സർക്കാർ അട്ടിമറിക്കുന്നത്. ആ അട്ടിമറിക്കുന്ന നടപടിയാണ് ഇപ്പോൾ ഇവിടെ നടക്കുന്നതെന്ന് കാണാൻ കഴിയുന്നുണ്ട്. ഇങ്ങനെയുള്ള സംവിധാനത്തിന്റെ കീഴിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ ആവശ്യമായ വളരെ പാടുപെട്ട പരിശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ സംവിധാനങ്ങളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിലക്കയറ്റം പരിഹരിക്കാനാവശ്യമായ അവസ്ഥയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. റോമിലെ കലിഗുള എന്ന ചക്രവർത്തിയുടെ, അദ്ദേഹത്തിന്റെ പേര് നീണ്ടതായതുകൊണ്ട് ഞാൻ

പറയുന്നില്ല, ഭരണംപോലെയായിരുന്നു യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണകാലഘട്ടം. ക്ഷേമത്തിനുപകരം ആഡംബര ജീവിതമാണ് ആ ചക്രവർത്തി നയിച്ചിരുന്നത്. അന്നും സരിതമാരുണ്ടായിരുന്നോ എന്ന് എനിക്ക് പറയാൻ കഴിയില്ല. അത്തരം സർപ്പ സുന്ദരികൾ അന്നും ഉണ്ടാകാനുള്ള സാദ്ധ്യതകളൊക്കെയുണ്ടെന്നാണ് ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയുന്നത്. അവിടത്തെ പ്രജകളുടെ ജീവിതം ദുരിതപൂർണ്ണമായപ്പോൾ ചക്രവർത്തിയെ കണ്ട് നിവേദനം സമർപ്പിക്കാൻ പോയി. ഈ പ്രജകളുടെ നിവേദനം കേൾക്കാൻ വേണ്ടി അദ്ദേഹം തന്റെ കുതിരകളെയാണ് അവിടെ ഏർപ്പാട് ചെയ്തത്. കുതിരയ്ക്ക് കൊടുക്കുന്ന നിവേദനത്തിന്റെ ഗതിയെന്താണെന്ന് പറയേണ്ട ആവശ്യമില്ല. യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷവും കലിഗുളയുടെ കുതിരയുടെ അവസ്ഥയിലായിരുന്നു ഭരണം. ഇവിടെ കുതിരയ്ക്കുപകരം മുഖ്യമന്ത്രിയുടെ പാദസേവ ചെയ്യുന്നവർ ആരോ അവർക്ക് ക്ഷേമം. അതാണ് കഴിഞ്ഞ അഞ്ച് വർഷം കേരളത്തിലുണ്ടായിരുന്ന ജനസമ്പർക്കം. പാവപ്പെട്ട സാധാരണ മനുഷ്യരെയും കയ്യില്ലാത്തവരെയും കാലില്ലാത്തവരെയും കണ്ണ് കാണാത്തവരെയും ശരീരം തളർന്നവരെയുമെല്ലാം തൃശ്ശൂരിലെ തേക്കിൻകാട് മൈതാനിയിൽ കാലത്തുമുതൽ

വൈകുന്നേരം വരെ പെരുവെയിലത്ത് സ്റ്റക്ചറുകളിൽ കൊണ്ടുനിർത്തി. അവർക്കൊരു ആനുകൂല്യവും കിട്ടുന്നില്ല. അന്ന് കൊടുത്ത രസീതുകളുമായി ഇപ്പോൾ ഞങ്ങൾക്ക് പരാതി ലഭിക്കുകയാണ്. അന്ന് ആനുകൂല്യ പ്രഖ്യാപനങ്ങളല്ലാതെ പാവപ്പെട്ട ആളുകൾക്ക് ഒന്നും ചെയ്യാതെ അവരെ ജില്ലാ കേന്ദ്രങ്ങളിൽ പെരുവെയിലത്തിട്ട് വറുക്കുന്ന ഒരു നടപടിയാണ് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ചെയ്തത്. നേരത്തെ പറഞ്ഞതുപോലെ കലിഗുളയുടെ കുതിരയ്ക്കുപകരം തന്റെ പാദം തൊട്ട് വന്ദിക്കുന്നവർ ആരോ അവർക്കൊക്കെ ഗുണം കിട്ടിയിട്ടുള്ളത് നമ്മൾ കണ്ടതാണ്. ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത ഭൂരിപക്ഷം ആളുകൾക്കും അത് കിട്ടുന്ന സ്ഥിതിവിശേഷമില്ല. എന്നാൽ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ സർക്കാർ പാവങ്ങളെ ബുദ്ധിമുട്ടിലാക്കാതെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിലും മറ്റ് മേഖലകളിലുമുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതം ഭദ്രമാക്കാനാവശ്യമായ നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

കഴിഞ്ഞ ഭരണ കാലഘട്ടത്തിലെ അഴിമതിയെക്കുറിച്ച് നമുക്കറിയാം. കഴിഞ്ഞ ഭരണ കാലഘട്ടത്തിലെ മുഖ്യമന്ത്രിയെ സഭയിൽ കാണുമ്പോൾ

എപ്പോഴും വളരെ ക്ഷീണിതനാണ്. ചെമ്മീനിലെ പരീത്കുട്ടിയെപ്പോലെ മുടി പോലും കോതി വയ്ക്കാൻ കഴിയാത്ത തരത്തിൽ വിഷമകരമായ അവസ്ഥയിലായിരുന്നു അന്ന് അദ്ദേഹത്തെ കണ്ടിരുന്നത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയാണെങ്കിൽ ഉറക്കച്ചടവൊന്നുമില്ലാതെ വളരെ ഉന്മേഷവാനായിട്ടാണ് കണ്ടിരുന്നത്. പിന്നീടാണ് ഇതിന്റെ കാരണമെന്താണെന്ന് മനസ്സിലായത്. ഇത് പത്രങ്ങളിലൊക്കെ വന്ന കാര്യമാണ്. ആ ഭരണത്തിൽ യു.ഡി.എഫ്. കട്ടുംവെട്ടാണ് നടത്തിയിരുന്നത്. ആ ഭരണത്തോടുകൂടി സമ്പാദിക്കുന്ന അഴിമതിയുടെ പെരുമഴ. വികസനവും കരുതലുമെന്നുള്ളത് തന്റെയും തന്റെ പിന്തുടർച്ചക്കാരായ കുടുംബക്കാരുടെയും ജീവിതം ഭദ്രമാക്കാനാവശ്യമായ കരുതലാക്കി മാറ്റിക്കൊണ്ട് കോടികൾ സമ്പാദിച്ചുവയ്ക്കുന്ന അവസ്ഥയാണുണ്ടായത്. അങ്ങനെ പണം കിട്ടുമ്പോൾ നോട്ട് എണ്ണാൻ യന്ത്രം വേണ്ടിവരും. പക്ഷേ മുഖ്യമന്ത്രിയുടെ വീട്ടിൽ അതില്ലാത്തതുകൊണ്ട് പാതിരാവ് വരെയും നേരം വെളുക്കുന്നതുവരെയും എണ്ണി തിട്ടപ്പെടുത്തുകയായിരുന്നു. ശ്രീ. കെ. എം. മാണിയുടെ വീട്ടിൽ യന്ത്രം വച്ച് എണ്ണുന്നതായതുകൊണ്ട് അദ്ദേഹത്തിന് യാതൊരു ഉറക്കച്ചടവും ഉണ്ടായിട്ടില്ല. മുഖ്യമന്ത്രിയെ അത്തരമൊരു ക്ഷീണാവസ്ഥയിലാണ് അന്ന് കണ്ടിരുന്നതെന്ന്

കാണാൻ കഴിയും. ഇത്തരമൊരു ആരോപണം വന്നപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി മാനനഷ്ട കേസ് കൊടുക്കുന്ന ഒരു സ്ഥിതിവിശേഷം കണ്ടു. പത്ത് കോടി രൂപയ്ക്കാണ് മാനനഷ്ട കേസ് കൊടുത്തത്. പിന്നീടത് പത്ത് കോടിക്ക് പകരം 20 ലക്ഷമായി ചുരുങ്ങുന്ന കാഴ്ചയാണ് കണ്ടത്. നിന്നും ഇരുന്നും നിരവധി ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണിയുടെ മാനത്തിന്റെ വില, ഇങ്ങനെ വില ഇല്ലാതാക്കേണ്ട ആവശ്യമുണ്ടോയെന്ന് എനിക്ക് സംശയമുണ്ടാകുകയാണ്.

ആ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിന്റെ അവസ്ഥ എന്തായിരുന്നു. വളരെ അപകടമായിരുന്നു. ഞങ്ങളുടെ നാട്ടിൽ ഒരു പള്ളിപ്പെരുന്നാളുണ്ട്. ആ പെരുന്നാളിന് പഴയ കാലഘട്ടത്തിൽ കാരണവർ ബാന്റ് വായനക്കാരോട് ചോദിച്ച ഒരു ചോദ്യമുണ്ട്. ബാന്റ് വായനക്കാരുടെ കയ്യിലെ ക്ലാരിനെറ്റിന്റെ ഓട്ട അടയ്ക്കുകയും തുറക്കുകയും ചെയ്യും. അപ്പോഴാണ് ചോദിച്ചത് പിന്നെ എന്തിനാണ് ഇത് തുളച്ചത് എന്ന്. അതുപോലെയാണ് ഇവിടെയും സംഭവിച്ചത്. എന്തിനാണ് ബാർ പൂട്ടിയത്, ബാർ തുറക്കാൻ. പാർലമെന്റ് തെരഞ്ഞെടുപ്പിന് മുന്നോടിയായി ബാർ പൂട്ടിയത് ബാർ തുറക്കാനാണ്. ബാർ തുറപ്പുമായി ബന്ധപ്പെട്ട സ്ഥിതിവിശേഷങ്ങളും കോലാഹലങ്ങളുമാണ് ഇപ്പോൾ

കണ്ടത്. ഇപ്പോൾ വിജിലൻസ് അന്വേഷണമാണ്. പോലീസ് മൂന്നര മണിക്കൂർ ചോദ്യം ചെയ്തു. ചോദ്യങ്ങൾക്കുമുമ്പിൽ ഉത്തരം മുട്ടി നിൽക്കുന്ന അന്നത്തെ മന്ത്രി കെ. ബാബുവിനെയാണ് നമ്മൾ കാണുന്നതെന്നാണ് പത്രമാദ്ധ്യമങ്ങൾ പറയുന്നത്. തെളിവുകൾ കണ്ടപ്പോൾ തൊണ്ട വരളുകയാണ്. എട്ട് തവണ വെള്ളം കുടിച്ചു എന്നുള്ള കാര്യമാണ് അവിടെ സൂചിപ്പിക്കുന്നത്. എക്സൈസ് വകുപ്പും അഴിമതിയുടെ കൂത്തരങ്ങായി മാറുന്ന സ്ഥിതിവിശേഷമാണ് ആ കാലഘട്ടത്തിലുണ്ടായത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുകയാണ്. എക്സൈസ് വകുപ്പിന്റെ മികവുറ്റ പ്രവർത്തനങ്ങൾക്ക് പൊതു സമൂഹത്തിൽനിന്ന് നല്ല മാന്യത കിട്ടുന്നുണ്ട്. ദൃശ്യ-ശ്രാവ്യ-പത്ര മാദ്ധ്യമങ്ങളിൽ നാളിതുവരെ ലഭിക്കാത്ത അംഗീകാരവും പ്രശംസയുമാണ് എക്സൈസ് വകുപ്പിനെ സംബന്ധിച്ച് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തി. വ്യാജ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അങ്ങനെ സമസ്ത മേഖലകളിലും ഗുണകരമായ

നിലപാടെടുത്തുകൊണ്ട് എക്സൈസ് വകുപ്പ് മുന്നോട്ട് പോകുന്ന ഒരു സ്ഥിതി വിശേഷമാണ് കാണാൻ കഴിയുന്നത്.

തൊഴിലുമായി ബന്ധപ്പെട്ട മേഖലകളിൽ ലേബർ കമ്മീഷന്റെ ഓട്ടോമേഷൻ സിസ്റ്റം വഴി തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ, ലൈസൻസ്, ലൈസൻസ് പുതുക്കൽ തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കാനാവശ്യമായ നടപടിയാണ് ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവര ശേഖരണം നടത്തുന്നതിനും രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി ഇൻഷ്വറൻസ് പദ്ധതി (ആവാസ്) നടപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. അങ്ങനെ തൊഴിൽ മേഖലയിലും വളരെ കാര്യക്ഷമമായ ഇടപെടൽ നടത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്ന് കാണാൻ കഴിയും. ശരണ്യ പദ്ധതി, നിയുക്തി-2017 തുടങ്ങിയ പരിപാടികളും നടപ്പിലാക്കുന്നുണ്ട്.

കിഫ്ബിയുടെ സഹായത്തോടെ 50 കോടി രൂപ ചെലവിൽ

സംസ്ഥാനത്തെ പത്ത് ഐ.ടി.ഐ. കളെ ലോകോത്തര നിലവാരത്തിൽ ഉയർത്താനാവശ്യമായ നടപടികളാണ് ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. ഇത് തൊഴിൽ മേഖലയും ഐ.ടി.ഐ. മേഖലയുമായും ബന്ധപ്പെട്ടുകൊണ്ട് വളരെ ശ്രദ്ധ അർഹിക്കുന്ന ഒരു പ്രവർത്തനമാണെന്ന് കാണാൻ കഴിയും. പൊതുവെ നോക്കുമ്പോൾ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാർ സമസ്ത മേഖലകളിലും ജനക്ഷേമം ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അതിന്റെ പ്രതികരണം നന്നായി കാണുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിലാണ് കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത്. ആ തെരഞ്ഞെടുപ്പിൽ 14 വാർഡുകളിൽ എൽ.ഡി.എഫ്. 10 സീറ്റ് നേടി മുന്നേറ്റം കാഴ്ചവച്ചു. നാല് വാർഡുകൾ എൽ.ഡി.എഫ്. പിടിച്ചെടുക്കുന്ന ആവേശകരമായ കാഴ്ചയും നമുക്കിവിടെ കാണാൻ കഴിയുന്നതാണ്. കേരളത്തിലെ സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ടും പ്രമാണിമാരുടെയും മാഫിയകളുടെയും ഉറക്കം കെടുത്തിക്കൊണ്ടും എൽ.ഡി.എഫ്. ജൈത്രയാത്ര തുടരുന്ന ആവേശകരമായ കാഴ്ചയാണ് കാണാൻ

കഴിയുന്നത്. അതുകൊണ്ട് യു.ഡി.എഫ്. അങ്കലാപ്പിലാണ്. യു.ഡി.എഫ്.-ൽ നിന്നും ശ്രീ. കെ. എം. മാണി ഇപ്പോൾ പുറത്തുപോയല്ലോ. ഉപ്പ് വച്ച കലം പോലെയാണ് ഇപ്പോൾ കോൺഗ്രസ്സിന്റെ അവസ്ഥ. ആ നിലയിൽ പ്രതിപക്ഷത്തിന്റെ അങ്കലാപ്പ് തുടർന്നുകൊണ്ടിരിക്കുന്ന ഒരു പുതുസ്ഥിതിവിശേഷമാണ് കേരളത്തിൽ കാണാൻ കഴിയുന്നത്.

എല്ലാ മേഖലകളിലും ജനങ്ങൾക്ക് ഗുണകരമായ വിധത്തിലുള്ള നടപടികളെടുത്തുകൊണ്ടും ജനങ്ങളുടെ പിന്തുണയും പിൻബലവും നേടിക്കൊണ്ടും അവരുടെ മനസ്സുകളെ കീഴടക്കിക്കൊണ്ടും ഉദിച്ചുയരുന്ന സൂര്യതേജസ്സുപോലെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റിന്റെ ജൈത്രയാത്ര തുടരുമ്പോൾ ആ ഉദിച്ചുയരുന്ന സൂര്യ തേജസിനെ ഒരു പഴമുറം കൊണ്ട് ആരെങ്കിലും തടുക്കാമെന്ന് വിചാരിച്ചാൽ അതിനെ തടുക്കാൻ കഴിയുന്നതല്ല. അതിനെയടക്കം തട്ടിമാറ്റിക്കൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി വലിയ മുന്നേറ്റമുണ്ടാക്കിക്കൊണ്ട് മുന്നോട്ട് പോകുമെന്നുള്ളത് നമുക്ക് കാണാൻ കഴിയുന്നതാണ്. ഭക്ഷ്യ സുരക്ഷാ നിയമവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളാണ്. സമയം കഴിയാറായതുകൊണ്ട് മറ്റ്

വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയ സ്ഥിതിവിശേഷമാണ്.

ചോദ്യോത്തര വേളയിൽ ചർച്ച ചെയ്തപ്പോൾ ജയിൽ, ആശുപത്രി തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇവിടെ സ്കൂൾ കുട്ടികളുടെ ഉച്ചക്കഞ്ഞി അടക്കം മുടങ്ങുമോ എന്നുള്ള ആശങ്ക നിലനിൽക്കുകയാണ്. അതിനെ സംബന്ധിച്ച് കൃത്യമായി പറയേണ്ടതുണ്ട്. സ്കൂൾ കുട്ടികളുടെ ഉച്ചക്കഞ്ഞിയിലടക്കം പാറ്റ വീഴുന്ന ഒരു നടപടിയാണ് ബി.ജെ.പി. സർക്കാർ എടുക്കുന്നത്. മുൻകാല യു.ഡി.എഫ്. ഗവൺമെന്റ് അതിന് സഹായകരമായ നിലപാട് എടുത്തതുകൊണ്ടാണ് ഇത്തരമൊരു കാര്യത്തിലേയ്ക്ക് കാര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ കണ്ടുപോകേണ്ടതുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ എക്സൈസും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും ഭക്ഷ്യവും എന്ന ധനാഭ്യർത്ഥനകളെ എന്റെ ആത്മാർത്ഥമായ മനസ്സോടുകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയങ്ങളിന്മേലുള്ള ധനാഭ്യർത്ഥനയാണ് ഇവിടെ നടക്കുന്നത്. ഈ ധനാഭ്യർത്ഥന നടക്കുന്ന സന്ദർഭത്തിൽ ശ്രീ. മുരളി പെരുനെല്ലിയുടെ പ്രസംഗം കേട്ടപ്പോൾ എന്താണ് ഇന്നുണ്ടായിരിക്കുന്ന ആശങ്ക എന്നുള്ളതിനെക്കുറിച്ച് അത്ഭുതപ്പെടുകയായിരുന്നു. ഈ ഗവൺമെന്റ് വന്നിട്ട് ആറ് മാസം ആകുന്നതേയുള്ളൂ. അഴിമതിയെക്കുറിച്ചും സ്വജന പക്ഷപാതത്തെക്കുറിച്ചും ഇത്രകണ്ട് പറയുമ്പോൾ ആറ് മാസമായ ഒരു ഗവൺമെന്റിന്റെ സ്ഥിതിയെക്കുറിച്ചുകൂടി വിലയിരുത്തേണ്ടതാണ്. ശ്രീ. കെ. എം. മാണി എന്നാവർത്തിച്ച് പറഞ്ഞ് രാഷ്ട്രീയ പ്രേരിതമായ ചില നിലപാടുകൾ സ്വീകരിക്കുന്നതിനുവേണ്ടി സമയം ചെലവഴിക്കുന്നത് ശരിയല്ല. ഇവിടെ ചില കേസുകളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടന്നു. വിജിലൻസ് നടത്തിയ അന്വേഷണവും അതിന്മേലുള്ള നടപടികളെക്കുറിച്ചുമൊക്കെ അന്വേഷിച്ചിട്ട് നാളിതുവരെ ഒരു തെളിവും കണ്ടെത്താനായില്ല. വീണ്ടും അന്വേഷണം നടക്കുകയാണ്. അതിനെയൊക്കെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അത്തരത്തിലുള്ള അന്വേഷണങ്ങൾ നടത്തുകയോ കണ്ടെത്തുകയോ ചെയ്യാനുള്ള ധാർമ്മിക ചുമതലയുള്ള ഒരു ഗവൺമെന്റ് ആ നടപടികൾ പൂർത്തിയാക്കട്ടെ. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇക്കാര്യം

സൂചിപ്പിച്ചുവെന്ന് മാത്രം. മുഖ്യമന്ത്രി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതിനുശേഷം നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളിൽ പലതും ആവേശം ജനിപ്പിക്കുന്നതായിരുന്നു. എന്നാൽ കാര്യത്തോടടുക്കുമ്പോൾ അതിൽ പലതും പ്രഖ്യാപനങ്ങളായി മാത്രം നിലകൊള്ളുന്നുവെന്നു കാണുന്നതിൽ ഏറെ സങ്കടമുണ്ട്. മുഖ്യമന്ത്രിയുടെ വകുപ്പാണ് നോർക്ക. ഇന്ന് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥന നമ്പർ XXIV-ൽ പ്രവാസിക്ഷേമമുണ്ട്. ഗവൺമെന്റിന്റെ പ്രവാസികളോടുള്ള സമീപനം എന്താണ്? വിദേശരാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്തേയ്ക്ക് മടങ്ങിയെത്തുന്നവർക്കുവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയതാണ് Norka Department Project for Returned Emigrants എന്ന പദ്ധതി. പ്രവാസികളുടെ പുനരധിവാസത്തെക്കുറിച്ചും ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും ധനമന്ത്രി വാചാലനാകുന്നതുകൊണ്ട് ചോദിക്കുകയാണ്, യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഈ പദ്ധതിയെ ശക്തിപ്പെടുത്തുന്നതിനുതകുന്ന എന്ത് സാമ്പത്തിക പിന്തുണയാണ് ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബാങ്കുകൾക്ക് back end subsidy മുൻകൂറായി അടച്ചില്ലെന്നാണ് ധനമന്ത്രി ഇവിടെ പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് മുൻകൂറായി അടയ്ക്കാൻ

കഴിഞ്ഞോയെന്ന് വ്യക്തമാക്കേണ്ടതല്ലേ? ഗൾഫിൽ നിന്ന് തിരികെ വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 12 കോടി രൂപയാണ് മുൻബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പുതുക്കിയ ബഡ്ജറ്റിൽ അത് 24 കോടി രൂപയായി ഉയർത്തുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പറഞ്ഞപ്പോൾ സന്തോഷത്തോടുകൂടിയാണ് സ്വീകരിച്ചത്. എന്നാൽ നക്ഷത്രചിഹ്നമിടാത്ത 1302-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നല്കിയ മറുപടിയിൽ ധനമന്ത്രി പ്രഖ്യാപിച്ച 24 കോടി രൂപയിൽ 12 കോടി രൂപ കാണാനില്ല. നടപ്പു സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 12 കോടി രൂപതന്നെയാണ് വകയിരുത്തിയിട്ടുള്ളതെന്ന് കാണാൻ സാധിക്കുന്നു. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വരുന്ന കാര്യങ്ങളെക്കുറിച്ചുള്ള ഉത്തരവാദിത്വം ഗവൺമെന്റിന് വേണ്ടേ? 12 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിനുള്ള നിർദ്ദേശം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചതായാണ് മുഖ്യമന്ത്രിയുടെ മറുപടിയിൽ പറയുന്നത്. ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകേണ്ടതായിട്ടില്ലേ? പ്രവാസികളുടെ ക്ഷേമകാര്യത്തിൽ ഗവൺമെന്റിന് ഗൗരവതരമായ സമീപനമുണ്ടാകണം. പ്രധാന ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള കേരളീയരുടെ കണക്ക് Department of Economic & Social Affairs-ഉം Centre for Development Studies-ഉം പുറത്തുവിടുകയുണ്ടായി. അവരുടെ കണക്കുപ്രകാരം

ഏറ്റവും കൂടുതൽ കേരളീയർ ജോലി ചെയ്യുന്നത് UAE-യിലാണെന്ന് പറയുന്നു. ഈ കണക്കുകളൊന്നും ഇവിടെ ഉന്നയിക്കാൻ സമയം കണ്ടെത്തുന്നില്ല. കേരളത്തിന്റെ പൊതുഖജനാവിനെ താങ്ങിനിർത്താൻ വിദേശമലയാളികൾ വഹിച്ച പങ്കിനെ വിസ്മരിക്കരുത്. നമ്മൾ വിഭാവനം ചെയ്യുന്ന പദ്ധതികൾ ഗൾഫ് പ്രതിസന്ധികളെ മറികടക്കാൻ സാധിക്കുന്ന തരത്തിലായിരിക്കണം. ധനമന്ത്രി ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് പുനരധിവാസം ആവശ്യമില്ലാത്തവർക്ക് ഇത്തവണ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ പാർക്കുകളുടെയും മറ്റു നിക്ഷേപ സൗകര്യങ്ങളുടെയും സാദ്ധ്യത പ്രയോജനപ്പെടുത്താമെന്നും വരും വർഷങ്ങളിൽ ഈ നയം ബലപ്പെടുത്തുമെന്നുമാണ്. അത് പ്രത്യാശയോടുകൂടി നടപ്പിലാക്കാൻ സാധിക്കട്ടെ എന്നാണ് ഇവിടെ സൂചിപ്പിക്കുവാനുള്ളത്.

എക്സൈസ്- കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന മദ്യനയത്തിന് വിരുദ്ധമായ നിലപാടല്ലേ ഈ ഗവൺമെന്റ് സ്വീകരിച്ചത്? നിലവിലുള്ള മദ്യനയത്തിൽനിന്ന് പിന്നോക്കം പോകുന്നത് ജനങ്ങൾ ആശങ്കയോടെയാണ് കാണുന്നത്. മദ്യവർജ്ജന ബോധവൽക്കരണത്തിന് ഊന്നൽ കൊടുക്കുമെന്ന് പറഞ്ഞ ഈ സർക്കാർ വന്നതിനുശേഷം അതിനുവേണ്ടി എന്തു ചെയ്യാൻ കഴിഞ്ഞു? ബോധവൽക്കരണം വെറും പ്രഹസനമായി മാറരുത്. ഇന്ന് കാണുന്ന സ്ഥിതിയെന്താണ്? കഴിഞ്ഞ

ഗവൺമെന്റ് മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് ബോധവൽക്കരണവുമായി മുന്നോട്ടുവന്നു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കേണ്ടത് ഒരാവശ്യമാണ്. അതിനുവേണ്ടിയുള്ള ഒരു നടപടിയും സ്വീകരിച്ചുവരുന്നതായി കാണുന്നില്ല. ഇന്ന് ഔട്ട്ലെറ്റുകൾ വീണ്ടും തുറക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ ഒരു സമീപനമുണ്ടാകണം. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങളിലുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിച്ചില്ലെങ്കിൽ വലിയ പ്രക്ഷോഭങ്ങളെ നേരിടേണ്ടതായി വരും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് സഭയിലെ ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു, ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുമെന്ന്. ഏറ്റവും നല്ല കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു; മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇന്ന് ലഹരി മരുന്നുകൾക്ക് അടിമകളാകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടിവരികയാണ്. ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുമെന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. അത് നല്ല നിലയിൽ നടത്താൻ സാധിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. മോൻസ് ജോസഫ്: സർ, മയക്കുമരുന്നിന്റെ ഉപയോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായ ആശങ്കാജനകമായിട്ടുള്ള ഒരു സാഹചര്യം ഇപ്പോൾ

ഉയർന്നുവന്നിരിക്കുകയാണ്. ഇതിൽ ഏറ്റവും വലിയ നിർഭാഗ്യമെന്നു പറയുന്നത് മയക്കുമരുന്ന് വില്ക്കുന്നവരെ പിടിച്ചാൽ വളരെ പെട്ടെന്നുതന്നെ അവർ രക്ഷപ്പെടുകയാണ്. ഇക്കാര്യത്തിൽ വളരെ ദുർബലമായ ഒരു നിയമം സംസ്ഥാനത്ത് നിലനിൽക്കുന്നു. മയക്കുമരുന്ന് വിൽക്കുന്നവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ കഴിയുന്നവിധത്തിലുള്ള നിയമഭേദഗതിക്ക് ഗവൺമെന്റ് തയ്യാറാകേണ്ടതല്ലേ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ ആവശ്യമായ ഒരു കാര്യമാണിത്. ഇന്ന് സംസ്ഥാനത്ത് പുതുതലമുറയെ വഴിതെറ്റിക്കുന്ന മാഫിയയുടെ പ്രവർത്തനം മയക്കുമരുന്നിന്റെ കാര്യത്തിൽ വർദ്ധിച്ചുവരുന്നു. അതുകൊണ്ട് എക്സൈസ് വകുപ്പിനെ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ന് ആ വകുപ്പിന്റെ നില എന്താണ്? 60 വർഷം മുമ്പുള്ള സ്റ്റാഫ് പാറ്റേണുമായിട്ട് തുടരുകയാണ്. പരിമിതികളുള്ളിൽ നിന്നുകൊണ്ട് കഴിയുന്നത്ര മുന്നോട്ടുപോകാൻ ശ്രമിക്കുന്നുവെന്ന് കാണുമ്പോഴും ഇത് മാറ്റേണ്ട സാഹചര്യങ്ങൾ കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്താകെയുള്ള എക്സൈസ് ജീവനക്കാരുടെ എണ്ണം 4800 മാത്രമാണെന്നു കാണുമ്പോൾ ഏറെ വിഷമമുണ്ട്. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ റേഞ്ച് ഓഫീസുകൾ പുതിയതായി തുടങ്ങേണ്ടതായിട്ടുണ്ട്. രാജാക്കാടും ഉടുമ്പന്നൂരും റേഞ്ച് ഓഫീസുകൾ

ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ട്. പക്ഷേ നമുക്കത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആ നിലയിൽ എക്സൈസ് വകുപ്പിനെ നവീകരിക്കാനുള്ള നടപടികൾ അടിസ്ഥാനപരമായി സ്വീകരിക്കുകയും ആയുധധാരികളായ മാഫിയകളോട് പോരാടാൻ പര്യാപ്തമായ ആയുധങ്ങൾ സേനയ്ക്ക് നൽകാൻ സാഹചര്യമൊരുക്കുകയും കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി നല്ല വാഹനങ്ങൾ കൊടുക്കുകയും ചെയ്തുകൊണ്ട് അതിനെ നവീകരിക്കേണ്ടതായിട്ടുണ്ട്.

എ.പി.എൽ/ബി.പി.എൽ. ലിസ്റ്റിന്റെ അപാകത പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഒക്ടോബർ 31 വരെയാണ് ആപ്ലിക്കേഷൻ സ്വീകരിക്കുന്നത്. അതിനുശേഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി 15 ദിവസത്തിനകം ആ പോരായമ്കൾ പരിഹരിച്ചു നൽകണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ആ പരിമിതമായ ദിവസത്തിനുള്ളിൽ പരിഹരിച്ചുകൊടുക്കാനുള്ള സാദ്ധ്യത വളരെ വിരളമായതുകൊണ്ട് ഈ പരാതികൾ പരിഗണിച്ച് ലിസ്റ്റ് ഫൈനലൈസ് ചെയ്യുമ്പോൾ അർഹതപ്പെട്ടവരെ പൂർണ്ണമായും ലിസ്റ്റിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്താൻ സാധിക്കണം. ദേശീയഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ച് പറഞ്ഞു, ഞാൻ അതിലേക്ക് പോകുന്നില്ല. ആരുടെ കാലഘട്ടത്തിലുണ്ടായി എന്നുള്ളതല്ല പ്രശ്നം.

അതുമായി ബന്ധപ്പെട്ടിട്ടുള്ള അപാകതകളെക്കുറിച്ച് എല്ലാ കക്ഷികൾക്കും ഉത്തരവാദിത്വവും ബാധ്യതയുമുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി നിവേദകസംഘം കേന്ദ്രത്തിൽ പോയി അപാകതകളെക്കുറിച്ച് സൂചിപ്പിക്കണം, കേരളത്തിന്റെ ബുദ്ധിമുട്ടുകൾ ബോധ്യപ്പെടുത്തി ആ വിഷയത്തിൽ നല്ല ഇടപെടലുകൾ നടത്താൻ സാധിക്കണം.

ഇന്ന് റേഷൻ കടകളുടെ സ്ഥിതി എന്താണ്? മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചിരിക്കുന്നു. റേഷൻ കടകൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്ന് All Kerala Ration Dealers' Association-ന്റെ ഒരു സമരം നടക്കുകയാണ്. ഭക്ഷ്യസുരക്ഷാനിയമം വരുമ്പോൾ നിലവിലുള്ള പൊതുവിതരണ ശൃംഖലയിലുള്ള ജോലിക്കാർക്കും അവിടെയുള്ള മറ്റു ജീവനക്കാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചിട്ടുണ്ട്.

<u>മി. ചെയർമാൻ</u> .....പ്ലീസ്.... കൺക്ലൂഡ് .....പ്ലീസ്.... കൺക്ലൂഡ്

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, എ.പി.എൽ. വിഭാഗത്തിന് കിട്ടുന്ന അരി വെട്ടിക്കുറച്ചിരിക്കുന്നു. അതോടൊപ്പംതന്നെ ബി.പി.എൽ. വിഭാഗത്തിന് സൗജന്യമായി കിട്ടിക്കൊണ്ടിരുന്ന അരിയുടെ അളവിൽ വ്യത്യാസം വന്നിരിക്കുന്നു. ഈ കാര്യങ്ങളൊക്കെ പരിഹരിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ

നിത്യോപയോഗ സാധനങ്ങളെക്കുറിച്ച് മുൻമന്ത്രി ശ്രീ. സി. ദിവാകരൻ സംസാരിച്ചപ്പോൾ ഞാൻ ശ്രദ്ധിച്ചു, വീണ്ടും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അത് നിയന്ത്രിക്കാനും അരി വിലയിൽ വന്നിരിക്കുന്ന ഗണ്യമായ വർദ്ധനവ് പരിഹരിക്കാനും സാധിക്കത്തക്കവിധത്തിൽ ഗവൺമെന്റ് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുകയാണ് വേണ്ടത്. കേരളത്തിലെ പൊതുതാല്പര്യമനുസരിച്ച് പ്രസ്തുത വകുപ്പുകളിന്മേൽ അനുയോജ്യമായ തീരുമാനം കൈക്കൊള്ളാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: സർ, തൊഴിൽ-ഭക്ഷ്യ-സിവിൽ സപ്ലൈസ്-എക്സൈസ്-പ്രവാസികാര്യ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ സഹർഷം പിന്താങ്ങുന്നു. അദ്ധ്വാനത്തിന്റെ ഉടമകളായ തൊഴിലാളികളുടെ തൊഴിലിനെ സംരക്ഷിക്കുകയെന്ന വർഗ്ഗപരമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് ഇടതുപക്ഷ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് തൊഴിലാളികളുടെ ക്ഷേമവും താല്പര്യവും സംരക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ നാലുമാസക്കാലമായി കേരളത്തിൽ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ തൊഴിൽനയത്തിന്റെ ഫലമായി സമാധാനവും ശാന്തിയും തൊഴിലാളി മേഖലയിൽ വന്നുചേർന്നത്.

ഇതിൽ നിന്ന് വ്യത്യസ്തമായ ഒരു നയമാണ് കേന്ദ്രഗവൺമെന്റിനുള്ളത്. അത് ഇവിടെ പറയുകയുണ്ടായി. തൊഴിലാളികളുടെ താല്പര്യങ്ങൾക്കെതിരായി ബഹുരാഷ്ട്ര കുത്തകകളുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നിലവിൽ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സകല നിയമങ്ങളെയും കാറ്റിൽപ്പറത്തി ആ നിയമങ്ങളെ ഭേദഗതി ചെയ്തുകൊണ്ട് ബഹുരാഷ്ട്ര കുത്തകകൾക്ക് അടിയറവച്ച നയമാണ് കേന്ദ്ര ഗവൺമെന്റിന്റേത്. വ്യവസായവൽകൃത നിയമവും ട്രേഡ് യൂണിയൻ നിയമവും ഫാക്ടറീസ് ആക്ടുമെല്ലാം ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുവരികയാണ്. രാജ്യസഭയിൽ ഭൂരിപക്ഷം ഇല്ലാത്തതുകൊണ്ടാണ് ആ നിയമം നടപ്പാക്കാതെ വരുന്നത്. അതിൽനിന്നും വ്യത്യസ്തമായി തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ രംഗത്ത് സമാധാനം കൈവരിക്കുന്നതിനും വേണ്ടി ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ നാലരമാസക്കാലമായി നടത്തിക്കൊണ്ടിരിക്കുന്നത്. അതിനൊരു പ്രത്യക്ഷ ഉദാഹരണമാണ് ഇക്കഴിഞ്ഞ ഓണക്കാലത്ത് ബോണസിനുവേണ്ടി സമരങ്ങളും പ്രക്ഷോഭങ്ങളും കുലിതർക്കങ്ങളും ഉണ്ടായില്ല എന്നുള്ളത്. മറിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്തായിരുന്നു സ്ഥിതി? ബോണസിനും കൂലി വർദ്ധനവിനുംവേണ്ടി ഒരുപാട് സമരങ്ങൾ

നടന്നപ്പോൾ അതെല്ലാം ചർച്ചകളിലൂടെ പരിഹരിച്ച് തൊഴിലാളികൾക്കാവശ്യമായ വേതനവും ബോണസും നൽകുന്നതിനുള്ള ശ്ലാഘനീയമായ പ്രവർത്തനമല്ലേ ഈ ഗവൺമെന്റ് നടത്തിയത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, 600 രൂപ 1000 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. വർദ്ധിപ്പിച്ച ആയിരം രൂപ വീടുകളിൽ എത്തിച്ചുകൊടുത്ത് ജനങ്ങൾക്ക് ആശ്വാസവും സമാധാനവും പകരുന്ന ഒരു ഓണം പ്രദാനം ചെയ്യുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുപോലെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ആവാസ് സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ജില്ലാ കേന്ദ്രങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ, ശരണ്യ പദ്ധതി പ്രകാരം 10 കോടി രൂപ വിതരണം ചെയ്തത്, ജോബ് ക്ലബ്ബുകൾക്ക് 45 ലക്ഷം രൂപയും ചെറുകിട സംരംഭങ്ങൾക്കായി 44 ലക്ഷം രൂപയുമടക്കം ഒരുപാട് പ്രവർത്തനങ്ങൾ ഈ നാലര മാസംകൊണ്ട് കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഐ.ടി.ഐ.കളുടെ സമഗ്ര വികസനത്തിനുവേണ്ടി 10 കോടി രൂപ അനുവദിച്ച് ചെങ്ങന്നൂർ അടക്കമുള്ള ഐ.ടി.ഐ.കളെ അന്താരാഷ്ട്ര

തൊഴിൽ പഠന കേന്ദ്രമാക്കി മാറ്റുന്നതിൽ ഈ ഗവൺമെന്റിനെ ചെങ്ങന്നൂർകാർക്കുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. തൊഴിൽ വകുപ്പിന്റെ നിലവിലുള്ള വെബ് പോർട്ടൽ ഡിജിറ്റൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആയി പരിവർത്തനം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കില, കെയ്സ് (KASE-Kerala Academy for Skills Excellence) എന്നിവയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി കവറേജ് 100 ശതമാനമാക്കി മാറ്റേണ്ടതുണ്ട്. ആ നടപടികൂടി എടുക്കുമ്പോൾ തൊഴിലാളി മേഖലയിൽ കുറച്ചുകൂടി സുരക്ഷിതമായ നിലയിൽ മുന്നോട്ട് പോകാൻ കഴിയും. കഴിഞ്ഞകാലത്തെ ഗവൺമെന്റിന്റെ എക്സൈസ് നയം കേരളത്തിനാകെ അനുയോജ്യമായിരുന്നുവെന്ന തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ പ്രതിപക്ഷാംഗങ്ങൾ പരിശ്രമിച്ചുകൊണ്ടിരുന്നു. യഥാർത്ഥത്തിൽ എന്താണ് പറഞ്ഞത്? കേരളത്തിൽ ഇതുസംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നു. എ. പി. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പ്രതിപക്ഷാംഗങ്ങൾ വായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മദ്യനിരോധനമല്ല മദ്യ

വർജ്ജനമാണ് കേരളത്തിനാവശ്യമെന്നാണ് കേരളത്തിലെ പ്രമുഖ ഗാന്ധിയനായ അദ്ദേഹം പറഞ്ഞത്. പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെയും കേരളത്തിന്റെ പരമ്പരാഗത പാനീയമായ കള്ളിനെയും സംരക്ഷിച്ചുകൊണ്ട് കേരളത്തിലെ മദ്യമേഖലയിൽ സ്വീകരിക്കേണ്ട വിശദമായ നയങ്ങളെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞു. പ്രമുഖ ഗാന്ധിയനായ അദ്ദേഹം കള്ളു കുടിക്കുന്നവനാണ്, മദ്യത്തെ പ്രോൽസാഹിപ്പിക്കുന്നവനാണെന്ന് പ്രതിപക്ഷത്തിന് പറയാൻ കഴിയുമോ? മദ്യ നയത്തെ സംബന്ധിച്ച് ഒരു മാർഗ്ഗ നിർദ്ദേശം അദ്ദേഹം കേരളത്തിന് നൽകുകയുണ്ടായി. വീര്യം കൂടിയ മദ്യത്തിൽ നിന്നും വീര്യം കുറഞ്ഞ മദ്യത്തിലേയ്ക്ക് ആളുകളെ പ്രോൽസാഹിപ്പിക്കുന്ന ഒരു നയമാണ് സ്വീകരിക്കേണ്ടതെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് എന്താണ്? കുഞ്ചൻ നമ്പ്യാർ പറഞ്ഞതുപോലെ 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം' അതല്ലേ കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനം. കേരളത്തിലെ മദ്യോപഭോഗം കുറയ്ക്കാനാണോ കഴിഞ്ഞ അഞ്ചുവർഷക്കാലം കൊണ്ട് കഴിഞ്ഞത്? മദ്യത്തിനേക്കാൾ മാരകമായ മയക്കുമരുന്നിന്റെ ഉപയോഗമാണ് വർദ്ധിച്ചത്. വൈറ്റ്നർ, നെയിൽ പോളിഷ്, ആന്റി

ബയോട്ടിക്കുകൾ, സിറപ്പുകൾ തുടങ്ങി ജീവന് ഭീഷണിയാകുന്ന നിരവധി ഉൽപ്പന്നങ്ങൾ മദ്യത്തിനു പകരമായി ഉപയോഗിക്കുന്ന പ്രവണത ഇന്ന് കേരളത്തിൽ വർദ്ധിച്ചു വരികയാണ്. ഇതെല്ലാം വികലമായ മദ്യനയത്തിന്റെ ഫലമായിട്ടാണുണ്ടായത്. അതുകൊണ്ടാണ് കേരളത്തിൽ മദ്യനിരോധനമല്ല മദ്യ വർജ്ജനമാണ് പ്രോൽസാഹിപ്പിക്കേണ്ടത് എന്നുപറയുന്നത്. പ്രസിദ്ധനായ ചങ്ങമ്പുഴ എഴുതിയ ഒരു കവിത ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്.

"വെള്ളം ചേർക്കാതെടുത്തോ-
രമൃതിനു സമമാം  നല്ലിളം കള്ള്
ചില്ലിൻ വെള്ള ഗ്ലാസിൽ പകർന്നിട്ടതി
മൃദുതരമാം മത്സ്യമാംസാദി കൂട്ടി
ചെല്ലം തോതിൽ ചെലുത്തി
ചിരികളിതമാശകളൊത്തു മേളിപ്പതെക്കാൾ
സ്വർലോകത്തില്ലതില്ലപരി ഒരു സുഖം
പോക വേദന്തമേ നീ"

എന്ന് അദ്ദേഹം പറയുകയുണ്ടായി. വീര്യം കൂടിയ മദ്യത്തിന് അടിമപ്പെട്ടാണ് ജോൺ കീറ്റ്സ്, ചങ്ങമ്പുഴ എന്നീ കവികളടക്കം ദുരന്തത്തിന് ഇടയായതെന്നത്

ഓർമ്മിപ്പിക്കാതിരിക്കാൻ പറ്റുകയില്ല. മദ്യ നിരോധനം കൊണ്ട് കേരളത്തിൽ ഇത് സാധിക്കുമെന്ന് പറയുന്നത്, വികലമായ മദ്യ നിരോധനത്തിന്റെ ഫലമായി കേരളത്തിലുണ്ടാകുന്ന ദുരന്തത്തെ കണ്ടുകൊണ്ട് ജനകീയ രീതിയിൽ ജനങ്ങൾക്ക് ഉപകാരപ്രദമായതും ശാസ്ത്രീയമായതുമായ മദ്യനയം സ്വീകരിക്കുമെന്നാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പറഞ്ഞത്. യു.ഡി.എഫ് ഗവൺമെന്റിന്റെ നയം പരിശോധിച്ച് ജനങ്ങൾക്ക് ദോഷമില്ലാത്ത ഒരു നയം പഠിച്ചുവരികയാണെന്ന് പറയുമ്പോൾ എന്തുകൊണ്ട് പ്രഖ്യാപിക്കുന്നില്ല; എന്തുകൊണ്ട് ഔട്ട്ലെറ്റുകൾ നിർത്തലാക്കി; ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതുകൊണ്ട് മദ്യ ഉപഭോഗം കുറഞ്ഞോ? കുറഞ്ഞിട്ടില്ലായെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് മദ്യവർജ്ജനമാണ് ഈ ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നത്. സ്കൂളുകളിൽ മദ്യവർജ്ജനം പാഠ്യ വിഷയത്തിന്റെ ഭാഗമാക്കണം. അതിന് സ്ത്രീകൾ, കുട്ടികൾ, രക്ഷിതാക്കൾ, യുവതീയുവാക്കൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലുള്ള ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് പ്രത്യേകം സംവിധാനം

രൂപീകരിക്കണം. കുട്ടികളിലുണ്ടാകുന്ന സ്വഭാവ വ്യതിയാനം, ഹാജർ കുറവ്, അലസത ഇവയെല്ലാം ശാസ്ത്രീയമായി വിലയിരുത്തണം. സ്കൂളുകളും എക്സൈസ് വകുപ്പും തമ്മിലുള്ള ബന്ധം ശക്തമാക്കണം. എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കണം. ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകണം. അങ്ങനെ ജനകീയമായ ഉപകാരപ്രദമായൊരു മദ്യനയം കൊണ്ടുവന്നെങ്കിൽ മാത്രമേ മദ്യത്തിന്റെ വർദ്ധിച്ച ഉപഭോഗം കേരളത്തിൽ കുറയ്ക്കാൻ സാധിക്കുകയുള്ളൂ.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമായി ബന്ധപ്പെട്ട് വിശദമായി ചർച്ച നടത്തുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യനയം എന്തായാലും കേരളത്തിൽ 1964 മുതൽ സുരക്ഷിതമായി നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ബി.പി.എൽ./എ.പി.എൽ-ലെ അശാസ്ത്രീയത മാറ്റി സംസ്ഥാന ഗവൺമെന്റിന് എത്ര സാമ്പത്തിക ബുദ്ധിമുട്ട് വന്നാലും കേരളത്തിലെ ജനങ്ങൾക്ക് റേഷൻ നിലനിർത്തുന്നതിനുള്ള ധീരമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകണം. കേന്ദ്രഗവൺമെന്റിന്റെ നയം നമുക്കറിയാം. കേന്ദ്രത്തിലെ ബി.ജെ.പി.

ഗവൺമെന്റിന് പ്രത്യേകമായ നയമുണ്ട്. തൊഴിലാളിക്ഷേമ താൽപ്പര്യത്തിലെ അവരുടെ നയം ബഹുരാഷ്ട്ര കുത്തകകൾക്ക് അനുകൂലമാണ്. സബ്സിഡി നൽകുക, പാവപ്പെട്ടവരെ സഹായിക്കുക ഇതൊന്നും പാടില്ലായെന്ന ബഹുരാഷ്ട്ര കുത്തകകളുടെ നയമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്നത്. അങ്ങനെ വരുമ്പോൾ പാവപ്പെട്ടവർക്ക് സബ്സിഡി നൽകുക, സംസ്ഥാന ഖജനാവിൽ നിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുള്ള നയങ്ങൾ സ്വീകരിക്കുക ഇതൊന്നും ബഹുരാഷ്ട്ര കുത്തകകൾ അംഗീകരിക്കുന്ന കാര്യങ്ങളല്ല. അതുകൊണ്ട് അത്തരം സമീപനങ്ങളെ പരാജയപ്പെടുത്തണമെങ്കിൽ കേരളത്തിലെ ഗവൺമെന്റ് എന്ത് സാമ്പത്തിക ബുദ്ധിമുട്ട് സഹിച്ചാലും റേഷൻ സംവിധാനം നിലനിർത്തുന്നതിനുള്ള ധീരമായ നടപടികളാണ് സ്വീകരിക്കേണ്ടത്.

പ്രവാസി ക്ഷേമത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. 1,41,000 കോടി രൂപ കേരളത്തിലേയ്ക്ക് വിദേശ മലയാളികൾ അയയ്ക്കുമ്പോൾ അവരുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികളൊന്നും തന്നെ ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പ്രവാസി ക്ഷേമത്തിനാവശ്യമായ പദ്ധതികൾ ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്

നടപ്പാക്കുമെന്ന് തന്നെയാണ് ജനങ്ങൾ വിശ്വസിക്കുന്നത്. പ്രവാസികളുടെ പുനരധിവാസം, ഓഹരി നിക്ഷേപം, കേരള വികസന നിധി, ഇൻകെൽ മാതൃകയിൽ വ്യവസായ സംരംഭങ്ങൾ, പ്രവാസി സഹകരണ സംഘങ്ങൾ പ്രോൽസാഹിപ്പിക്കൽ, വിദേശ രാജ്യങ്ങളിൽ കേരള പ്രവാസികാര്യ ചേംബറുകൾ, ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കൽ, നിർജ്ജീവമായ പലിശ രഹിത സ്ഥാപനത്തിന്റെ പുനരുദ്ധാരണം, വിദേശ രാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവർക്ക് നിയമ സഹായം, നോർക്കയുമായി നേരിട്ട് സംവദിക്കുന്നതിന് ഓൺലൈൻ സംവിധാനം ഇവയെല്ലാം ആസൂത്രണം ചെയ്യാനും ചിലതിനെല്ലാം തുടക്കം കുറിക്കുവാനും ഈ ചെറിയ കാലയളവിനുള്ളിൽ കഴിഞ്ഞുവെന്നത് അഭിമാനകരമായ കാര്യമാണ്. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും വൃത്തിഹീനമായ രാഷ്ട്രീയ പൊറാട്ട് നാടകങ്ങളുടെയും ദുരന്തകാലം അവസാനിച്ചിരിക്കുന്നു. പ്രതീക്ഷയുടെയും നന്മയുടെയും സമൃദ്ധിയുടെയും നല്ല കാലം വരവായി. ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് കേരള വികസന ചരിത്രത്തിൽ പുതിയ അദ്ധ്യായം എഴുതി ചേർക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ബന്ധപ്പെട്ട

വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. അതുകൊണ്ട് ഇത്തരമൊരു സമീപനവുമായി വരുമ്പോൾ പ്രതിപക്ഷം കാണിക്കുന്ന സമീപനം എന്താണ്? ഈ ഗവൺമെന്റിന്റെ നയങ്ങളെ സംബന്ധിച്ചോ അത് നടപ്പാക്കുന്ന ശരിയായ സമീപനങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും ഉന്നയിക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് കഴിയുന്നില്ല. പുതിയതായി വന്ന ആൾ എന്നുള്ള നിലയിൽ ഞാൻ നിയമസഭയിലെ പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങൾ  ശ്രദ്ധിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയങ്ങളെ സംബന്ധിച്ച്, പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ട് യാതൊന്നും ഉന്നയിക്കാൻ ഈ കാലയളവിൽ കഴിഞ്ഞില്ലായെന്നത് ഞാൻ ഇവിടെ ശ്രദ്ധിക്കുകയുണ്ടായി. കേവലം നാലുമാസമായൊരു ഗവൺമെന്റ് എത്ര ജനോപകാരപ്രദമായ നടപടികളാണ് സ്വീകരിച്ചത്. ആ ഗവൺമെന്റിന് പിന്തുണ നൽകുകയും സഹിഷ്ണുതയോടെ കേട്ടുകൊണ്ട് ഈ ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങളെ സഹായിച്ചാൽ കേരളത്തിൽ നമുക്ക് മാറ്റം ഉണ്ടാക്കാം. അതിന് പ്രതിപക്ഷത്തിന്റെ സഹകരണമാണ് വേണ്ടത്. അത് നൽകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി അനുകൂലിക്കുന്നു. എല്ലാ വകുപ്പിലേയ്ക്കും പോകാൻ സമയമില്ലാത്തതുകൊണ്ട് എന്റെ ജീവിതവുമായി ബന്ധപ്പെട്ട, ബഹുമാനപ്പെട്ട തിലോത്തമന്റെ വകുപ്പിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി, പോലീസുകാരൻ ശവത്തിന് കാവലിരിക്കുന്നതുപോലെ, കുട്ടനാട്ടിൽ നെല്ല് കായലിറമ്പിൽ കൂട്ടിയിട്ടിട്ട് കാവലിരുന്നിരുന്നു. നെല്ല് എടുത്തുകൊണ്ടുപോയാൽ പല പ്രാവശ്യം ഞാൻ സബ്മിഷൻ അവതരിപ്പിച്ചുകഴിഞ്ഞാലേ അതിന്റെ വില കിട്ടിയിരുന്നുള്ളൂ. ബഹുമാനപ്പെട്ട തിലോത്തമനോട് എനിക്ക് പറയാനുള്ളത്, അങ്ങയുടെ കാലത്ത് അത് സംഭവിക്കില്ലായെന്ന് എനിക്ക് വിശ്വാസമുണ്ട്, കുട്ടനാട്ടിലെ കർഷകർ അവരുടെ കുഞ്ഞുങ്ങളുടേയും ഭാര്യമാരുടേയും സ്വർണ്ണാഭരണങ്ങൾ വിവിധ ബാങ്കുകളിൽ പണയം വച്ചിട്ടാണ് കൃഷിയിറക്കുന്നത്. അതുകൊണ്ട് നെല്ല് എടുത്തുകൊണ്ടുപോയാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ തുക ലഭ്യമാക്കുന്ന സംവിധാനം ഈ ഗവൺമെന്റിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

നമുക്ക് രണ്ട് വരുമാനമാർഗ്ഗങ്ങളാണുള്ളത്. ഒന്ന്, വിദേശമലയാളികൾ

അയയ്ക്കുന്ന പണം, രണ്ട്, ടൂറിസത്തിൽ നിന്നുള്ള വരുമാനം. ഇതിൽ രണ്ടിലുമാണ് കേരളത്തിന്റെ പ്രതീക്ഷ. വിദേശമലയാളികൾ ഇപ്പോൾ കോടിക്കണക്കിന് രൂപ അയയ്ക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. ഇന്നത്തെ ഗൾഫ് രാജ്യങ്ങളിലെ അവസ്ഥ നിങ്ങൾക്കെല്ലാവർക്കുമറിയാം. സൗദി അറേബ്യയിലും യമനിലും സിറിയയിലുമൊക്കെ നടക്കുന്ന പ്രശ്നങ്ങൾ, അതിന്റെയൊക്കെ after effect വരുംകാലങ്ങളിലുണ്ടാകുമെന്ന് വിചാരിച്ചുവേണം മുന്നോട്ട് പോകാൻ.

ടൂറിസം താഴോട്ടുപോകുന്നുവെന്ന് ടൂറിസം വകുപ്പുമന്ത്രി കണക്കുപറഞ്ഞപ്പോൾ, അതിനെ വെല്ലുവിളിച്ചുകൊണ്ട് വേറെ കണക്കുകളുണ്ടാക്കി ടെലിവിഷനിലിരുന്നു പറയുന്നതുകേൾക്കുമ്പോൾ ഹൃദയം വേദനിച്ചിട്ടുണ്ട്. കാരണം ഞാൻ നൂറുകണക്കിന് ഹോട്ടലുകളുള്ള ഒരു ക്ലാസിഫൈഡ് ഹോട്ടൽ ഓണേഴ്സ് അസോസിയേഷന്റെ രക്ഷാധികാരിയാണ്. കൃത്യമായ കണക്കുകൾ ഞങ്ങളുടെ കൈവശമുണ്ട്. കഴിഞ്ഞ ഗവൺമെന്റ് മദ്യനയം കൊണ്ടുവന്നതിനുശേഷം എട്ടുമാസമായി ഞാൻ വിദേശത്തുനിന്നും പണം കൊണ്ടുവന്നാണ് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നത്. എനിക്ക് അതിനുള്ള സാമ്പത്തികാവസ്ഥയുണ്ട്. പക്ഷേ അതില്ലാത്തവരെന്തുചെയ്യും. ഇവിടെ മദ്യമില്ലെന്നും അതുകൊണ്ട് വിദേശത്തുനിന്നും വടക്കേ ഇന്ത്യയിൽ നിന്നും ആരും വരുന്നില്ലായെന്നുമൊക്കെ പറയുന്നു. അതൊക്കെ

വെറുതേയാണ്. ഇവിടെ മദ്യം ഇഷ്ടംപോലെയുണ്ട്. ഈ ദേശം മുഴുവൻ ഉണ്ട്. നിങ്ങൾ കാറിൽ പോകുമ്പോൾ ഇരുന്നൂറും മുന്നൂറും ആളുകൾ ക്യൂവിൽ നിൽക്കുന്നത് കാണാമല്ലോ. അവർ വാങ്ങിക്കൊണ്ടുപോകുന്ന സാധനമെന്താണ്; അത് മദ്യമല്ലേ. കഴിഞ്ഞ സർക്കാർ കാണിച്ച ഒരു വിവരക്കേടാണ്. മാനംമര്യാദയായി ഹോട്ടലുകളിൽ കോൺഫറൻസിനൊക്കെ വരുന്നവരും വിദേശികളും ഏഴ് മണിക്കോ എട്ട് മണിക്കോ ഡിന്നർ കഴിക്കാൻ വരുന്ന സമയത്താണ് കൂടുതലായി മദ്യം ആവശ്യപ്പെടുന്നത്. ആ സംവിധാനം നിർത്തിയെന്നല്ലാതെ ഇവിടെ മദ്യമില്ലായെന്ന് ആരുപറഞ്ഞു. വാങ്ങി മുറിയിൽക്കൊണ്ടുപോയി കുടിക്കുന്നില്ലേ? ഹോട്ടൽ മുറികളിലിരുന്ന് കുടിക്കാമെന്ന് തന്നെയാണ് നിയമം. ഹോട്ടലിൽ മുറിയെടുത്തുകഴിഞ്ഞാൽ ഹോട്ടലുടമകൾക്ക് പരിശോധിക്കാൻ സാധിക്കില്ല. സായിപ്പിന്റെയും മദാമ്മയുടേയും മറ്റുരാജ്യക്കാരുടേയും വടക്കേ ഇന്ത്യക്കാരുടേയും പെട്ടികളൊന്നും പരിശോധിക്കാൻ ഞങ്ങൾക്കാകില്ല. അവർ മുറിയിലിരുന്ന് കുടിക്കുന്നുണ്ട്, അതിന് നിയമമുണ്ട്, അതിനെ ആർക്കും നിരോധിക്കാനും സാധിക്കുകയില്ല. മുറിയിലിരുന്ന് കുടിച്ചിട്ട് വന്ന് ഭക്ഷണം കഴിക്കേണ്ട അവസ്ഥയാണ്. ഹോട്ടലുകളിൽ കോൺഫറൻസ് നടക്കുമ്പോൾ ബന്ധപ്പെട്ട ആളുകൾ ഞങ്ങളോട് ചോദിക്കും, ഡിന്നറിന് മദ്യം സെർവ് ചെയ്യാമോ എന്ന്. അത്

സാധിക്കില്ലെന്ന് പറയുമ്പോൾ അതെന്താ എന്നാണ് അവരുടെ ചോദ്യം. ആട്ടോറിക്ഷാക്കാരനെ വിട്ട് ഞങ്ങൾ വാങ്ങിച്ചുതരാം. അവിടിരുന്ന് കുടിച്ചിട്ട് സാറും ഭാര്യയും കൂടെ ഭക്ഷണം കഴിക്കാൻ ഇങ്ങോട്ട് വരണമെന്ന് പറയേണ്ട ഗതികേടിലേയ്ക്ക് ആയിരക്കണക്കിന് ഹോട്ടലുകാരെ തള്ളിവിട്ടതല്ലാതെ എന്തുവിപ്ലവമാണ് യു.ഡി.എഫ്- കാർ ഇവിടെ നടത്തിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ മദ്യം ഇഷ്ടംപോലെ കിട്ടുമെന്ന് എല്ലാവർക്കുമറിയാം, അത് കണ്ണുകൊണ്ട് കാണാമല്ലോ? എനിക്ക് ബഹുമാനപ്പെട്ട രാമകൃഷ്ണനോട് പറയാനുള്ളത്, ഞാൻ പിടിച്ച മുയലിന് രണ്ട് കൊമ്പ്. ഇവരെ അറിയാൻവയ്യാത്തതുകൊണ്ടല്ല. ഉറങ്ങുന്നവനെ ഉണർത്താം, എന്നാൽ ഉറക്കം നടക്കുന്നവനെ ഉണർത്താൻ പറ്റുമോ? ഞാൻ 41 വർഷമായി ഫ്ലൈറ്റിൽ യാത്ര ചെയ്യുന്നു. ഇന്നലെ ഗോവയിൽ സെക്യൂരിറ്റി ചെക്കപ്പിന് ഒരു മണിക്കൂർ ക്യൂ നിൽക്കേണ്ടിവന്നു. അവിടെ എന്തൊരു ജനമാണ്. എത്രമാത്രം ചാർട്ടേഡ് ഫ്ലൈറ്റുകൾ, അവർ കള്ളുകുടിക്കാനൊന്നുമല്ല അവിടെ വരുന്നത്. അതുപോലെ ടൂറിസം കുതിച്ചുചാട്ടം നടത്തേണ്ട ഒരു സ്ഥലമാണ് കേരളം. അതിനെയാണ് തടയിട്ട് പുറകോട്ടടിക്കുന്നത്. ഇപ്പോൾ ടൂറിസ്റ്റുകൾ കൂടുതലെന്നാണ് ഇവർ പറയുന്നത്. ടൂറിസ്റ്റുകളുടെ വർദ്ധനവ് 12 ശതമാനമുണ്ടായിരുന്നത് 6 ശതമാനത്തിലേയ്ക്ക് കുറഞ്ഞു.

ദീപാവലിക്ക് കുറച്ചുപേർ വന്നിട്ട് തിരിച്ചുപോകും, അതിന്റെ പേര് ടൂറിസം വളർച്ചയെന്നല്ല. ദീപാവലിക്ക് എന്റെ റിസോർട്ടും ഫുൾ ബുക്ക്ഡ്ഡാണ്. നൂറ് മുറിയുള്ളിടത്ത് പത്ത് മുറിയിൽ മാത്രം ആളുള്ള അവസ്ഥയുമുണ്ടായിട്ടുണ്ട്. കോൺഫറൻസുകൾ കിട്ടിയാൽ മാത്രമേ ഹോട്ടലുകാർ രക്ഷപ്പെടുകയുള്ളൂ. ഞാൻ അനുഭവസ്ഥനാണ്. ഇവിടെ കള്ളില്ലായെന്ന് ആരുപറഞ്ഞു, ഇവിടെയുള്ളതുപോലെ കള്ള് വേറെയൊരിടത്തുമില്ല. ഇഷ്ടംപോലെയല്ലേ ഉള്ളത്. ഇരുനൂറ് പേർ ക്യൂ നിൽക്കുന്നത് എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ശ്രീ റ്റി.പി. രാമകൃഷ്ണൻ ഒരു കണക്ക് പറയുന്നതുകേട്ടു ഇവിടെ മൂന്ന് കോടി ജനങ്ങൾക്ക് മുന്നൂറ്-നാനൂറ് ഔട്ട്‌ലെറ്റേയുള്ളൂവെന്ന്. ആറ് കോടി ജനസംഖ്യയുള്ള തമിഴ്നാട്ടിൽ ആറായിരം ഔട്ട്‌ലെറ്റുകളുണ്ട്. ജനസംഖ്യാനുപാതികമായി ധാരാളം ഔട്ട്‌ലെറ്റുകളുള്ളതു കൊണ്ട് അവിടെ വലിയ ക്യൂവില്ല. അതുകൊണ്ട് ഞാൻ പറയുന്നത് ഇതുസംബന്ധിച്ച് കുറച്ചുകൂടി ബുദ്ധിപൂർവ്വം ആലോചിക്കണമെന്നാണ്. സായിപ്പും മദാമ്മയും ക്യൂ നിന്ന് മദ്യം വാങ്ങുമോ? ആട്ടോറിക്ഷാക്കാരന് 500 രൂപ കൂടുതൽ കൊടുക്കാത്താൽ അവൻ വാങ്ങി മുറിയിൽ കൊണ്ടുകൊടുക്കും. എന്തിനാണ് ഇത്രയും കഷ്ടപ്പെടുന്നത്? ഒന്നുകിൽ മദ്യം പൂർണ്ണമായി നിർത്തണം, അതിന് ആർക്കെങ്കിലും ധൈര്യമുണ്ടോ? മാനംമര്യാദയായി അത് കഴിക്കുന്നവർ, ഡോക്ടർമാരുടെ കോൺഫറൻസ്,

ബാങ്കുകാരുടെ കോൺഫറൻസ് ഇവയൊക്കെ ഹോട്ടലുകാർക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട റ്റി.പി. രാമകൃഷ്ണൻ ഇവർ പറയുന്നതുകേട്ട് ഭയപ്പെടരുത്. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കണ്ണ് തുറന്നു നോക്കു. അടച്ച ബാറുകൾ തുറക്കുമോയെന്ന് പിണറായി പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ പണ്ട് രാഹുൽ ഗാന്ധിയെക്കൊണ്ട് പ്രസംഗിപ്പിച്ചില്ലേ. കർണ്ണാടകത്തിൽ ബാറുകളെല്ലാം അടഞ്ഞുകിടക്കുകയാണോ; ഞാൻ മിനിഞ്ഞാന്ന് ബാംഗ്ലൂരിലായിരുന്നു. അവിടെയെല്ലാ ബാറുകളും അടഞ്ഞുകിടക്കുകയല്ലല്ലോ; രാഹുൽ ഗാന്ധി ഭരിക്കുന്ന സംസ്ഥാനത്തിൽ നിന്നല്ലേ ഏറ്റവും കൂടുതൽ മദ്യം ഉല്പാദിപ്പിച്ച് ഇങ്ങോട്ട് അയയ്ക്കുന്നത്. അവിടുത്തെ ബാറുകളെന്താണ് നിങ്ങൾ അടയ്ക്കാത്തത്; ഇതിനെക്കുറിച്ച് അവിടെ ആലോചിക്കാത്തതെന്താണ്? ഇവരൊന്നും പറയുന്നതുകേട്ട് ഭയക്കാതെ അങ്ങ് തീർച്ചയായും നടപടികളെടുക്കണം. ഇവിടെ ടൂറിസത്തിന് ഒരു കുതിച്ചുചാട്ടത്തിന്റെ കാലമാണിപ്പോൾ. ഇവിടുത്തെ വഴിയിൽ കിടക്കുന്ന ചപ്പും ചവറും വാരിക്കളഞ്ഞ്, റോഡുകൾ വൃത്തിയാക്കി, ഇക്കാര്യങ്ങളൊക്കെ നേരയാക്കിയാൽ ടൂറിസം വർദ്ധിക്കും. ഞാൻ കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു, റഷ്യൻ പ്രസിഡന്റും ചൈനീസ് പ്രധാനമന്ത്രിയും ഇന്ത്യൻ പ്രധാനമന്ത്രിയും തലക്കനമുള്ള കുറേ വലിയ

നേതാക്കന്മാരും പങ്കെടുത്ത സബ്മീറ്റ് നടന്നത് ഗോവയിൽ വച്ചായിരുന്നു. അവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് പലർക്കും കേരളത്തിൽ വരാൻ ആഗ്രഹമുണ്ട്. ഗോവയിൽ നിന്നും ഇവിടെ വരാൻ ഞാൻ അനുഭവിച്ച കഷ്ടപ്പാട് എനിക്കറിയാം. ഗോവയിൽ നിന്നും ഒരു എ.റ്റി.ആർ ഫ്ലൈറ്റിൽ കയറി, ബാംഗ്ലൂരിലിറങ്ങി, അവിടെ രണ്ടരമണിക്കൂർ കാത്തിരുന്ന് വീണ്ടും ഫ്ലൈറ്റിൽ കയറി ഇന്നലെ രാത്രിയാണ് ഇവിടെയെത്തിയത്. അതുകൊണ്ട് ആവശ്യമായ നടപടികൾ ടൂറിസം വികസനത്തിനുവേണ്ടി കൈക്കൊള്ളണമെന്ന് ടൂറിസം വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി അനുകൂലിക്കുന്നു.

ശ്രീ. എം. എം. മണി: സർ, തൊഴിൽ, തൊഴിലാളിക്ഷേമം, എക്സൈസ്, പ്രവാസിക്ഷേമം, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. വിവിധ വകുപ്പുകളിൽ അടിയന്തരമായി സംസ്ഥാന ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കേണ്ട ചില കാര്യങ്ങൾ ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതിലൊന്ന് പ്രവാസിക്ഷേമമാണ്, നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് വിദേശമലയാളികൾ സമ്പാദിച്ച് ഇങ്ങോട്ടയയ്ക്കുന്ന പണമെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. വലിയ സംഭാവനയാണ് വിദേശ

മലയാളികൾ നൽകുന്നത്. എന്നാൽ ഇന്ത്യൻ എയർലൈൻസ് പോലുള്ള വിമാനക്കമ്പനികൾ അവരെ കൊള്ളയടിക്കുകയാണെന്ന് പറഞ്ഞാൽ അത് നൂറ് ശതമാനവും സത്യസന്ധമായ കാര്യമാണ്. അതുപോലെ വിദേശരാജ്യങ്ങളിലെല്ലാം തൊഴിൽ സാദ്ധ്യതകൾ ഇല്ലാതായി ധാരാളം പ്രവാസി മലയാളികളെ തിരിച്ചയയ്ക്കുന്ന സ്ഥിതി നിലവിലുണ്ട്. രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് വലിയ സംഭാവന ചെയ്യുന്ന പ്രവാസി മലയാളികളുടെ രക്ഷയ്ക്ക്, അതും തൊഴിൽ നഷ്ടപ്പെട്ട് വരുന്നവർക്ക് പ്രത്യേക സംരക്ഷണം നൽകുന്നതിന് ഇന്നുള്ള നിയമം പോര. അക്കാര്യത്തിൽ ഫലപ്രദമായ നയവും തീരുമാനവും വേണം. തികച്ചും ഉദാരമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം. നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ മാറ്റം കൊണ്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ നിർദ്ദേശിക്കുകയാണ്. നമ്മുടെ സമ്പദ്ഘടനയെ സഹായിക്കുന്ന ഈ പാവപ്പെട്ട ആളുകളെ, പ്രത്യേകിച്ചും തൊഴിൽ നഷ്ടപ്പെട്ട് വരുന്നവരെ നിലനിർത്താനുള്ള ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനുണ്ട്. ഈ ബാദ്ധ്യത നിറവേറ്റാൻ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഈ ഗവൺമെന്റ് വന്നുകഴിഞ്ഞ് തൊഴിൽ രംഗത്ത് തൊഴിൽ വകുപ്പുമന്ത്രി

കുറച്ച് മാറ്റങ്ങൾ കൊണ്ടുവന്നുവെന്ന കാര്യം ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് തൊഴിൽ രംഗം നാശമാക്കിയിരുന്നുവെന്ന കാര്യം നമുക്ക് മറക്കാൻ കഴിയുന്നതല്ല. ഇവിടെ കയർ തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, കൈത്തറി അങ്ങനെ പരമ്പരാഗതമായ വിവിധ രംഗങ്ങളിലെ തൊഴിലാളികൾ ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നുവെന്ന് നമുക്ക് കാണാവുന്നതാണ്. കയർത്തൊഴിലാളികൾക്കും കശുവണ്ടിത്തൊഴിലാളികൾക്കും സഹായകരമായ ചില നിലപാടുകൾ ഗവൺമെന്റ് സ്വീകരിച്ചു. ഒരു മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ചില നടപടികൾ സ്വീകരിച്ചുവെന്നതുകൊണ്ട് മാത്രം തൃപ്തികരമാകുകയില്ല. കേരളത്തിലെ തൊഴിൽരംഗത്ത് പുതിയ ചലനമുണ്ടാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ പറയുന്ന കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിക്കൊണ്ട് ദശലക്ഷക്കണക്കിന് വരുന്ന കേരളത്തിലെ തൊഴിലാളികളെ, തൊഴിലാളിവർഗ്ഗത്തെ സംരക്ഷിക്കാൻ, പരമ്പരാഗത വ്യവസായത്തെ സഹായിക്കാൻ ഏറ്റവും ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന്

ഞാൻ ഈയവസരത്തിൽ നിർദ്ദേശിക്കുകയാണ്. കുറച്ച് നടപടികൾ സ്വീകരിച്ചു. അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ അതുകൊണ്ടൊന്നുമായില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ തൊഴിൽരംഗം നാശമാക്കി എന്നുപറഞ്ഞാൽ അത് യു.ഡി.എഫ്.-ലെ എന്റെ മാന്യസുഹൃത്തുക്കൾ പോലും നിഷേധിക്കുമെന്ന് തോന്നുന്നില്ല. മൂന്നര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം രംഗവും ഇതുപോലെ തന്നെയാണ്. ഇടുക്കി ജില്ലയിലെ മഹാഭൂരിപക്ഷം ജനങ്ങളും തോട്ടം തൊഴിലാളികളാണ്. തോട്ടം രംഗം ഏറ്റവും വലിയ പ്രതിസന്ധിയിലാണ്. ഒന്ന്, വ്യവസായം തന്നെ പ്രതിസന്ധിയിലാണ്. രണ്ട്, ദീർഘമായി 17 ദിവസം സമരം നടത്തിയിട്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു കരാറുണ്ടാക്കിയത്. ആ കരാർ ഉണ്ടാക്കിയതിന് പുറമെ യഥാർത്ഥത്തിൽ ശമ്പളവർദ്ധനവൊന്നും ഉണ്ടായില്ല. കഴിഞ്ഞ ഗവൺമെന്റ്, പ്രത്യേകിച്ച് തൊഴിൽ വകുപ്പുമന്ത്രിയുമെല്ലാം ഇടപെട്ട് സ്വീകരിച്ച നടപടികൾ... അമിതാദ്ധ്വാനം തൊഴിലാളികളുടെമേൽ കെട്ടിവയ്ക്കുകയാണ് ചെയ്തത്. അത് ആകെക്കൂടി അമിതാദ്ധ്വാനം/ജോലിഭാരം വർദ്ധിപ്പിച്ചതും വർദ്ധിപ്പിച്ച ശമ്പളവും നോക്കിയാൽ ഒരു നിലയിലും യാതൊരുവിധ

വർദ്ധനവും ഉണ്ടായിട്ടില്ല. തൊഴിലാളികൾ അമിതാദ്ധ്വാനം ചെയ്യേണ്ടിവന്നു എന്നുള്ളതാണ് സ്ഥിതി. ആ രംഗത്ത് പുതിയ കരാർ ഉണ്ടാക്കിയപ്പോൾ അന്ന് 9 മാസത്തെ മുൻകാലപ്രാബല്യം ലഭിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് നോട്ടിഫിക്കേഷൻ നടത്തി അത് ഇല്ലായ്മ ചെയ്ത് ഓരോ തൊഴിലാളിക്കും പതിനായിരക്കണക്കിന് രൂപയുടെ നഷ്ടമാണ് വരുത്തിയത്. കഴിഞ്ഞ ഗവൺമെന്റ് നോട്ടിഫിക്കേഷൻ ചെയ്ത് പാവപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ലഭിക്കേണ്ട പതിനായിരക്കണക്കിന് രൂപ ഇല്ലായ്മ ചെയ്തുകൊണ്ട് ഏറ്റവും വലിയ ദ്രോഹത്തിലേക്കാണ് നയിച്ചത് എന്നകാര്യം ഞാൻ ഈയവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ തന്നെ ഇവിടെ മുപ്പതോളം വരുന്ന ക്ഷേമ ബോർഡുകളുണ്ട്. ആ ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കഴിഞ്ഞ നാളുകളിൽ ആ ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് കാര്യമായ മാറ്റം തൊഴിൽ രംഗത്ത്, കേരളത്തിലെ തൊഴിലാളികൾക്ക് ആത്മവിശ്വാസമുണ്ടാകത്തക്ക നിലയിൽ തോട്ടം തൊഴിലാളികൾക്ക് ഭക്ഷ്യ ഭദ്രതാ പദ്ധതി എൽ.ഡി.എഫ്.-ന്റെ മിനിമം

പരിപാടിയിൽ പറയുന്ന ഭക്ഷ്യ ഭദ്രതാ പദ്ധതി നടപ്പിലാക്കിക്കൊണ്ട് കാര്യമായ ഒരു ചലനം ആ രംഗത്ത് ഉണ്ടാക്കണമെന്ന് ഞാൻ ഈയവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ തന്നെ നഷ്ടപ്പെട്ടുപോയ തൊഴിലാളികളുടെ മുൻകാലപ്രാബല്യം, കഴിഞ്ഞ കരാറിന്റെ 9 മാസത്തെ ആനുകൂല്യം, ശമ്പളക്കുടിശ്ശിക നൽകുന്നതിനെത്തുടർന്ന് നിയമപരമായ നടപടികൾ സ്വീകരിക്കണമെന്നും അതിനാവശ്യമായ നടപടികൾക്കായി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് തോട്ടം തൊഴിലാളികളുടെ സംഘടന നിവേദനം നൽകിയിട്ടുണ്ട് എന്നകാര്യവും ഞാൻ ഈയവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ആ നിലയിൽ ഈ രംഗത്ത് ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതുണ്ട് എന്ന് ഞാൻ ഈയവസരത്തിൽ നിർദ്ദേശിക്കുകയാണ്.

ഭക്ഷ്യസുരക്ഷയെക്കുറിച്ച് ഇന്നുരാവിലെ മുതൽ സഭയിൽ വലിയ തോതിലുള്ള ചർച്ചയാണ് നടന്നത്. ചെറിയ തോതിൽ അല്ല. നമ്മൾ അങ്ങേയറ്റം ഉത്കണ്ഠയിലാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാതെ തത്വത്തിൽ അംഗീകരിച്ചുവെന്ന് ചില നിർദ്ദേശങ്ങൾ വച്ച്

കേരളത്തിന്റെ ഭാവിക്ക് ഏറ്റവും വലിയ ദോഷകരമായ ഒരു നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് ആ രംഗത്ത് സ്വീകരിച്ചത് എന്ന് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നതാണ്. ഇപ്പോൾ വലിയ പ്രതിസന്ധിയിലാണ്. ഒരു വലിയ വിഭാഗത്തിന് സ്റ്റാറ്റ്യൂട്ടറി റേഷൻ, പരമ്പരാഗതമായി നമ്മൾ പോരാടി പൊരുതി നേടിയ നേട്ടം ഇല്ലായ്മ ചെയ്യുന്ന നടപടിയാണ് ഇപ്പോൾ ചെയ്തുവച്ചിരിക്കുന്നത്. അതിന്റെ ദുരന്തം അനുഭവിക്കാൻ പോകുന്നു. ലക്ഷക്കണക്കിനാളുകൾക്ക് റേഷൻ നിഷേധിക്കുന്ന അവസ്ഥയിലേക്കാണ് ഇപ്പോൾ കാര്യങ്ങൾ എത്തുന്നത് എന്ന് നമുക്ക് കാണാവുന്നതാണ്. വൈകിയെങ്കിലും യു.ഡി.എഫ്.-ന്റെ മാന്യ സുഹൃത്തുക്കൾ ഒന്നിച്ചു നിൽക്കണം എന്ന് പറയുന്നത് കേട്ടു. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തി ഏതെങ്കിലും നിലയിൽ നമുക്ക് അനുകൂലമായ നടപടി സ്വീകരിക്കാൻ പറ്റുമോയെന്ന പരിശ്രമം നടത്തണം. അതിനുവേണ്ടി യോജിച്ച, സംഘടിതമായ, വളരെ ശക്തമായ നീക്കം നടത്തണമെന്ന് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ആ നീക്കത്തിനൊപ്പം ആയിരക്കണക്കിന് വരുന്ന പാവപ്പെട്ട കേരളീയർക്ക് നഷ്ടപ്പെടുന്ന റേഷൻ കൊടുക്കുന്നതിനുള്ള ബാദ്ധ്യത എന്തുവന്നാലും സംസ്ഥാന

ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് ഒരു സ്കീമിനെക്കുറിച്ച് ആലോചിക്കണമെന്ന് ഈയവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. അല്ലാതെ ഒരു നീതികരണവുമില്ല. സ്റ്റാറ്റ്യൂട്ടറി റേഷൻ നമ്മൾ പോരാടിയാണ് നേടിയെടുത്തതെങ്കിലും യു.പി.എ. ഗവൺമെന്റാണ് അതിന്റെ കടയ്ക്കൽ കത്തി വച്ചത്. ഓരോ ഘട്ടത്തിലും നമുക്ക് അർഹമായത് തരാതെ എങ്ങനെ കേരളീയരെ ദ്രോഹിക്കാം എന്ന നിലപാടാണ് കോൺഗ്രസ് ഗവൺമെന്റ് സ്വീകരിച്ചതെങ്കിൽ ഇപ്പോൾ ശ്രീ. നരേന്ദ്രമോദിയുടെ ഗവൺമെന്റ്, ബി.ജെ.പി. ഗവൺമെന്റ് അങ്ങേയറ്റത്തെ അപമാനകരമായ നിലപാടാണ് ഈ പ്രശ്നത്തിൽ സ്വീകരിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് കേരളീയർ ഒറ്റക്കെട്ടായി നിന്ന് കേന്ദ്രഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തണം. എന്നിട്ടും നമുക്ക് പ്രയോജനപ്പെടുന്നില്ലെങ്കിൽ ബാദ്ധ്യത സംസ്ഥാന ഗവൺമെന്റ്....... ഇവിടത്തെ ജനങ്ങളുടെമേൽ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുണ്ട് എന്നകാര്യം ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എത്ര ലക്ഷം ആളുകൾക്ക് റേഷൻ നഷ്ടപ്പെടുമോ അവർക്ക് റേഷൻ

കൊടുക്കുന്നതിനുള്ള ബാദ്ധ്യത  സംസ്ഥാന ഗവൺമെന്റ്, എത്രയോ ക്ഷേമകാര്യങ്ങൾ ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്  അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈയവസരത്തിൽ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നത്.

ഇവിടെ മദ്യത്തെ സംബന്ധിച്ച് സംസാരിക്കുന്നത് കേട്ടു.  മദ്യം കൊണ്ട് ഇവിടെ ആറാട്ടായി എന്ന് യു.ഡി.എഫ്.-ന്റെ  സുഹൃത്തുക്കൾ പറഞ്ഞു. മദ്യം കൊണ്ട് ആറാട്ടാക്കിയത്  യു.ഡി.എഫ്. ഗവൺമെന്റിന്റെ നയവൈകല്യങ്ങൾ കൊണ്ടാണ്. ഇപ്പോൾ എന്താണ്; ചെറുപ്പക്കാർ, കോളേജിലും സ്കൂളിലും പഠിക്കുന്ന കുട്ടികൾ അടക്കം മദ്യപാനത്തിലേക്കും ബ്രൗൺ ഷുഗർ, കഞ്ചാവ് പോലുള്ള മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന  നിലയിലേക്കും പോയിരിക്കുന്നു. കേരളത്തെ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും കേളീരംഗമാക്കി മാറ്റിയതിന്റെ പാപഭാരം ചുമക്കേണ്ടത്  യഥാർത്ഥത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റല്ല. യു.ഡി.എഫ്.-ഉം അതിന്റെ രാഷ്ട്രീയ നേതൃത്വവുമാണ് എന്നാണ് എനിക്ക് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്.  ആ നിലയിൽ വലിയ ഗൗരവമായ പ്രശ്നമാണ്.  ഇവിടെ

മദ്യം നിരോധിക്കണം. ബസ്സിലോ മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ ഓരോ മദ്യഷാപ്പിന്റെയും മുമ്പിൽ മുന്നൂറും നാന്നൂറും അഞ്ഞൂറും പേരാണ് നിൽക്കുന്നത്. മൂന്ന് നിലയിൽ വളഞ്ഞ് നിൽക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ഇങ്ങനെയുള്ള ഒരു ജനതയുടെ മുമ്പിൽ മദ്യം നിരോധിച്ച് തൽക്കാലം ചിലയാളുകളെ പ്രീണിപ്പിച്ച് വോട്ട് തട്ടാം എന്ന് ചിന്തിക്കുന്നുവെങ്കിൽ ഇതിൽപ്പരം വേറെ വിഡ്ഢിത്തമില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് പരിശോധിക്കണം. ഇക്കാലമത്രയും ബാർ നിരോധിച്ചതിന്റെ അനുഭവം എന്ത് എന്ന് പരിശോധിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയും ഈ ഗവൺമെന്റും ഒരു കമ്മീഷനെ വയ്ക്കണം. ആ കമ്മീഷൻ വച്ച് എന്താണ് സ്ഥിതി; മദ്യത്തിന്റെ ഉപയോഗം കുറഞ്ഞോ, കൂടിയോ, ബാർ നിർത്തലാക്കിയതിന്റെ ഗുണം എന്തെങ്കിലും കേരള സമൂഹത്തിനുണ്ടോ എന്ന് പരിശോധിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്, അതിന്മേൽ ഉചിതമായ തീരുമാനമാണ് എടുക്കേണ്ടത് എന്നുമാണ് എനിക്ക് പറയാനുള്ളത്. ഇവിടെ യു.ഡി.എഫ്.-ലെ ചില സുഹൃത്തുക്കൾ നിയമസമാധാനനിലയെപ്പറ്റി വാതോരാതെ പ്രസംഗിക്കുന്നത്

കേട്ടു. ഇവിടെ എത്രയോ ഭദ്രമായ നിയമസമാധാനനിലയാണുള്ളത്. അധികാരത്തിൽ വന്നിട്ട് 4-5 മാസത്തിനിടയ്ക്ക് മഹാത്ഭുതം നടന്നില്ലെന്ന് പറഞ്ഞ് ബഹുമാന്യരായ പ്രതിപക്ഷ മെമ്പർമാർ വിമർശിക്കുന്നത് തികച്ചും അപ്രായോഗികവും അടിസ്ഥാനമില്ലാത്തതുമായ ഒരു നിലപാടാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കേരള സമൂഹത്തിൽ കാര്യമായ മാറ്റം എല്ലാ രംഗത്തും വന്നിരിക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയുന്നതാണ്. അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തെപ്പറ്റി ബഹുമാന്യരായ പ്രതിപക്ഷ മെമ്പർമാർ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. പ്രിയമുള്ളവരെ, ഇവിടെ നമ്മുടെ അനുഭവം എന്താണ്, കഴിഞ്ഞ 5 വർഷക്കാലം നിത്യോപയോഗ സാധനങ്ങളുടെ വിലയെന്തായിരുന്നു. പൊതുവിതരണ സമ്പ്രദായം താറുമാറാക്കിക്കൊണ്ട് ഊഹക്കച്ചവടക്കാർക്ക് കൂട്ടുനിന്നവരാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. രമേശ് ചെന്നിത്തലയുടെയും ഗവൺമെന്റെന്ന് പറഞ്ഞാൽ ആർക്കും നിഷേധിക്കാൻ കഴിയില്ല. നാലഞ്ച് മാസംകൊണ്ട് ഒരു പുതിയ ചലനം ഉണ്ടാക്കി. ഒരു കിലോഗ്രാം പഞ്ചസാരയ്ക്ക് പരസ്യ കമ്പോളത്തിൽ 42 രൂപ വിലയുള്ളത് 20 രൂപയ്ക്ക് പൊതുവിതരണത്തിൽക്കൂടി കൊടുത്തു. പരസ്യകമ്പോളത്തിൽ 36 രൂപ വിലയുള്ള ഒരു കിലോഗ്രാം അരി

25 രൂപയ്ക്ക് മാവേലി സ്റ്റോറിൽ കൊടുത്തു. അങ്ങനെയുള്ള ഗവൺമെന്റിനെ നോക്കി നാല് മാസം മാത്രം കഴിഞ്ഞപ്പോൾ വിലക്കയറ്റത്തെപ്പറ്റി പുരപ്പുറത്ത് കയറി നിന്ന് പ്രസംഗിക്കുന്നത് ഇതിൽപ്പരം നാണക്കേടും അപമാനവും വേറെന്താണുള്ളതെന്ന് ചോദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ആടിനെ പട്ടിയാക്കുന്ന സ്വഭാവമാണ് പ്രതിപക്ഷത്തിന്റെ ഈ സൈസ് നാണംകെട്ട വിമർശനമെന്നാണ് എനിക്ക് ശക്തിയായി ആക്ഷേപിക്കാനുള്ളതെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അഞ്ച് മാസം തികയാൻപോകുന്ന ഈ ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം, ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങളെ നിങ്ങൾ ഒന്നു ക്ഷമിച്ച് കാത്തിരിക്കു ഞങ്ങൾക്ക് ഒരു അവസരം താ, അഞ്ച് വർഷംകൊണ്ട് എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന് പറഞ്ഞത് ശരിയാക്കാതെ പോകുന്ന പ്രശ്നമില്ലെന്ന കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനിടയ്ക്ക് കയറി ശകുനം മുടക്കുന്ന പണി ചെയ്യാതിരുന്നാൽ നല്ലതാണ്. പ്രോത്സാഹിപ്പിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: യെസ്.......... പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. എം. എം. മണി:</u> എന്റെ ഫോൺ ചോർത്തുന്നുവെന്ന് ഇവിടെ ഏതോ ഒരു ഐ.ജി. പറഞ്ഞു. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിന്റെ പേരിൽ പറയുന്നത് കേട്ടപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയത്. മുൻമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു, ഗംഭീരമായിട്ടായിരുന്നില്ലേ നിങ്ങൾ പോലീസിനെ കൈകാര്യം ചെയ്തത്. അതുകൊണ്ട് അതൊന്നുംപറഞ്ഞ് ഈ ഗവൺമെന്റിനെ പറഞ്ഞിരുത്താൻ നോക്കണ്ട. ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പൂർണ്ണമായും നടപ്പിലാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾ പിടയ്ക്കാതെ ഒന്ന് കാത്തിരിക്കു, ഞങ്ങൾക്ക് ഒരവസരം താ എന്നാണ് എനിക്ക് ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങളോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീനാരായണ ഗുരുവിന്റെ സൂക്തങ്ങൾ ഉരുവിടുകയുണ്ടായി.

അദ്ദേഹം അന്ന് ഉരുവിട്ടത് ശ്രീനാരായണ ഗുരുവിന്റെ 'അന്നവസ്ത്രാദി മുട്ടാതെ തന്നുരക്ഷിച്ച ഞങ്ങളെ' എന്ന പ്രാർത്ഥനയായിരുന്നു. ഈ നാല് മാസം കഴിഞ്ഞപ്പോൾ എന്തായി കാര്യങ്ങൾ; ആരാണ് ശകുനം മുടക്കുന്നത്. ഒരു ചെറിയ കാര്യം മാത്രം ഞാൻ പറയാം. ഈ കഴിഞ്ഞ ശനിയാഴ്ച എറണാകുളം ജില്ലയുടെ ജില്ലാ വികസന സമിതിയിൽ പി.കെ.വി.-യുടെ നാടായ പുല്ലുവഴിയിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി ശിശുഭവനിലെ സിസ്റ്റർ ജിഷാമ്മ ഒരു അപേക്ഷ നൽകി. 130-ഓളം അന്തേവാസികളുള്ള ആ സ്ഥാപനത്തിന് ഈ ഗവൺമെന്റ് വന്നതിനുശേഷം അരി ലഭിക്കുന്നില്ലാ യെന്നുള്ളതാണ് പരാതി. ഈ ഗവൺമെന്റ് വന്നതോടുകൂടി എല്ലാ രംഗത്തും ശകുനം മുടക്കികളാണെന്ന് ജനം പറയുന്നുവെന്ന് ആ സിസ്റ്റർ പറയുകയുണ്ടായി. ഡി.എസ്.ഒ. പറഞ്ഞ കാര്യം എന്താണെന്ന് അറിയാമോ; റേഷൻ കാർഡ് ഉടമയ്ക്കുവരെ അരി നൽകാൻ കഴിയുന്നില്ല, ഒരു മണി അരി പോലും ലഭ്യമല്ല എന്നാണ് ഡി.എസ്.ഒ. പറഞ്ഞത്. കേന്ദ്ര സർക്കാരിന്റെ മാനസപുത്രനായ ശ്രീ. പിണറായി വിജയൻ കേന്ദ്രത്തിൽ പോയി വരുന്നതല്ലാതെ ഒരു നേട്ടവും ഉണ്ടാകുന്നില്ലായെന്നുള്ളതും ശ്രീ. നരേന്ദ്ര മോദിയെ സ്തുതിക്കുക മാത്രമെ ചെയ്യുന്നുള്ളൂവെന്നതും നമുക്ക് മനസ്സിലാക്കാൻ കഴിയുകയാണ്. വെൽഫെയർ

സ്കീമിൽ അരി വരുന്നില്ലെന്ന് പറയുന്നത് അദ്ദേഹം അറിയുന്നില്ലേ; അഡ്ഹോക്ക് അരി കിട്ടിയില്ലായെന്ന് പറയുന്നത് അറിയുന്നില്ലേ; ഇവിടുത്തെ പാവപ്പെട്ടവന്റെയും ആരോരുമില്ലാത്തവന്റേയും അവസ്ഥ ഇതാണെങ്കിൽ എന്താകും ഭാവിയിലെ അവസ്ഥ. എന്ത് പ്രസംഗമായിരുന്നു ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് - മലപ്പുറം കത്തി, അമ്പും വില്ലും, എ.കെ. 47, ഉലയ്ക്കേടെ മൂട്, ഒടുവിൽ പവനായി ശവമായി എന്ന പറയുന്ന അവസ്ഥയായില്ലേ ഈ നാല് മാസം കൊണ്ട് കേരളത്തിന്റെ അവസ്ഥ. ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റിന് എന്തു പറ്റി. വിദ്യാഭ്യാസ മേഖലയെ മാനേജ്മെന്റിന് അടിയറവ് വച്ചു. പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറ സർവ്വത്രമത്രേ. മൂവാറ്റുപുഴയിൽ പാവപ്പെട്ട തയ്യൽ തൊഴിലാളിയെ കള്ളനെന്ന് ആക്ഷേപിച്ച് അദ്ദേഹത്തിന്റെ ജനനേന്ദ്രിയങ്ങളിലും രഹസ്യ സ്ഥലങ്ങളിലും മുളകുപൊടി തേച്ച് കാൽ തല്ലിയൊടിച്ചത് നിങ്ങൾ അറിഞ്ഞില്ലേ; വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിച്ച് ലാത്തിച്ചാർജ്ജ് ചെയ്തത് അറിഞ്ഞില്ലേ; രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം വർദ്ധിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ വികസനവും കരുതലുമായിരുന്നു നയമെങ്കിൽ പാടത്ത് ജോലിയും വരമ്പത്ത് കൂലിയും എന്നായി ഈ ഗവൺമെന്റ് നയമെന്നത് പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. പ്രിയപ്പെട്ടവരെ, സർക്കാരിന്റെ അരിയെത്തിയിരിക്കുയാണ്. സർക്കാരിന്റെ അരിയെത്തിയെന്നു പറഞ്ഞാൽ അതിന് വേറെ അർത്ഥംകൂടിയുണ്ടെന്ന് നിങ്ങൾക്കറിയാം. യു.ഡി.എഫ്. മുൻ മന്ത്രി ശ്രീ. അനൂപ് ജേക്കബ് ഇവിടെ ഇരിപ്പുണ്ട്. തിലോത്തമൻ എന്നത് എനിക്ക് ഇഷ്ടമുള്ള നല്ല പേരാണ്. തീ + ലോ + ഉത്തമൻ, തീ കുറവുള്ള ഉത്തമൻ എന്ന് വേണമെങ്കിൽ പറയാമെങ്കിലും അരി വേകണമെങ്കിൽ തീ അൽപം കൂടുതൽ വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എ.പി.എൽ. വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി കൊടുത്തു. പുതിയ റേഷൻ കാർഡ് കൊടുത്തു. ബി.പി.എൽ. വിഭാഗത്തിന് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി, രണ്ട് രൂപ നിരക്കിൽ 8 കിലോഗ്രാം ഗോതമ്പ്, പഞ്ചായത്തുകളിൽ വിജിലൻസ് കമ്മിറ്റി, പുതിയ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് തുടങ്ങി നിരവധി അനവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞെങ്കിൽ ഇടതുപക്ഷ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്നൊന്നും ഞാൻ പറയുന്നില്ല. നന്മ സ്റ്റോറുകൾ അടച്ചുപൂട്ടിയതാണ് ഈ ഗവൺമെന്റ് ചെയ്ത കാര്യം. ഈ സ്റ്റോറുകൾ നഷ്ടത്തിലാണെങ്കിൽ എങ്ങനെ നഷ്ടത്തിലായെന്ന് അറിയണ്ടേ; ലാഭമുണ്ടാക്കുവാൻ വഴിയുണ്ടോയെന്ന് ചർച്ച ചെയ്യപ്പെടണ്ടേ;

ഇതൊന്നുമില്ലാതെ നന്മ സ്റ്റോറുകൾ അടച്ചുപൂട്ടി ഇടതുപക്ഷത്തിന്റെ നയമായ തിന്മ സ്റ്റോറുകൾ തുറന്നുപ്രവർത്തിക്കുന്ന കാഴ്ചയാണ് കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. നമുക്ക് മദ്യ വിൽപ്പനയുടെ വർദ്ധനവ് കുറച്ചു കൊണ്ടുവരണം. ഇവിടെ ചില ഇടതുപക്ഷ സഖാക്കന്മാർ മദ്യത്തിനുവേണ്ടി മുറവിളി കൂട്ടുന്നത് കാണുമ്പോൾ രസം തോന്നിപ്പോകുകയാണ്. ബിവറേജസ് കോർപ്പറേഷനുകളിൽ മദ്യത്തിന്റെ വിൽപ്പന 12 ശതമാനം വർദ്ധിച്ചുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് 300 ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകളിലാണ് ആളുകളെ നിയമിച്ചത്. എന്തിനുവേണ്ടിയാണത്. ഇവിടെ ബഹുമാനപ്പെട്ട ആർ. രാജേഷ് ചോദ്യം ചോദിച്ചപ്പോൾ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടി, 2013-14-ൽ 240.67 ലക്ഷം കെയ്സായും 2014-ൽ 220 ലക്ഷം കെയ്സായും 2015-16-ൽ 201 ലക്ഷം കെയ്സായും മദ്യ വിൽപ്പന കുറഞ്ഞുവെന്നാണ്. പക്ഷെ വിൽപ്പനയുടെ മൂല്യം കൂടിയെന്ന് പറഞ്ഞാൽ മദ്യത്തിന്റെ അളവ് കൂടുകയല്ല, മദ്യത്തിന് വില വർദ്ധിച്ചപ്പോൾ വിൽപ്പന കൂടിയെന്നുള്ളതുകൊണ്ട് എന്തിനാണ് ഔട്ട്ലെറ്റുകളിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നത്. ഇവിടെ മദ്യം മനുഷ്യനെ മയക്കുന്ന കമ്മ്യൂണിസമാണ്. അത് കൊല ചെയ്യും, ഗൂഡാലോചന നടത്തും, പാടത്ത് പണി ചെയ്താൽ വരമ്പത്ത്

കൂലി കൊടുക്കും, അത് പാർട്ടി ഗ്രാമം തീർക്കും, പാർട്ടി ഓഫീസിൽ ബോംബ് നിർമ്മിക്കും, ഫോൺ ചോർത്തും. മദ്യം പിശാചാണ്. ഈ മഹാവിപത്ത് നമുക്ക് തടയണം. അതിനുവേണ്ടി നമുക്ക് പ്രവർത്തിക്കണം. ശ്രീനാരായണ ഗുരു പറഞ്ഞ ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് പറഞ്ഞില്ല. മദ്യം ഉത്പാദിപ്പിക്കരുത്, വിൽക്കരുത് എന്നാണ് ഗുരു പറഞ്ഞത്. പ്രശസ്ത അമേരിക്കൻ റൈറ്റർ Francis Schott Fitzgerald പറഞ്ഞത് എന്താണ്, First you take a drink. Then the drink takes a drink. Then the drinks take you എന്നാണ് അദ്ദേഹം പറഞ്ഞത്. സമ്പൂർണ്ണ മദ്യ നിരോധനത്തിലേയ്ക്ക് നമുക്ക് പോകണം. നമുക്ക് മദ്യമില്ലാത്ത നമ്മുടെ സംസ്ഥാനത്തെ സ്വപ്നം കാണുവാൻ കഴിയണം. മദ്യം കുടിക്കുമ്പോൾ മദ്യത്തിന്റെ കുപ്പിയിൽ മദ്യപാനം ആരോഗ്യത്തിന് ഹാനികരമെന്ന് എഴുതിവച്ചിട്ടുണ്ട്. സിഗരറ്റ് ഉത്പ്പന്നങ്ങളുടെ പുറത്ത് 'Cigarette smoking is injurious to health' എന്ന് എഴുതിവച്ചിട്ടുണ്ട്. ഇത് കൊള്ളില്ലെങ്കിൽ, ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ എന്തുകൊണ്ട് നിരോധിച്ചുകൂടാ. ഏദൻതോട്ടത്തിന്റെ നടുക്ക് നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം കഴിക്കരുതെന്ന് ദൈവം പറഞ്ഞുവെന്ന് നമുക്കറിയാം. എന്തുകൊണ്ട് ദൈവം അങ്ങനെ പറഞ്ഞുവെന്ന് ചോദിച്ചാൽ, മനുഷ്യനെ പാപികളാക്കാൻവേണ്ടി

ദൈവം ഒരുക്കിയ ഒരു തന്ത്രമാണോ അതെന്ന് എനിക്ക് സംശയമുണ്ട്. ആ തന്ത്രംതന്നെയല്ലെ ഇവിടെയും ഒരുക്കുന്നത്. മദ്യം കൊള്ളില്ല, വിഷമാണെങ്കിൽ വിൽക്കേണ്ട ആവശ്യമുണ്ടോ; സിഗരറ്റ് വലിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെങ്കിൽ അത് വിൽക്കേണ്ട കാര്യമുണ്ടോ; ആ രീതിയിൽ ഒരു ഉയർന്ന ചിന്ത നമുക്ക് ഉണ്ടാകണമെന്ന് സൂചിപ്പിക്കട്ടെ.

മി. സ്പീക്കർ: യെസ്....... പ്ലീസ്....... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജിയുടെ അഭിപ്രായത്തിൽ ലോകത്തിൽ ഏറ്റവും വലിയ സാമൂഹ്യ തിന്മയെന്നത് മദ്യമാണ്. അത് ഇല്ലാതായെങ്കിൽ നന്നായിരുന്നു. ഞാൻ നിർത്തുകയാണ്. ഞാൻ മദ്യത്തെക്കുറിച്ച് പറയുന്നതുകൊണ്ട് അൽപംകൂടി സമയം എനിക്ക് നൽകണം. അതുകൊണ്ടുതന്നെ യു.ഡി.എഫ്.-ന്റെ നയം എന്നുപറയുന്നത് സമ്പൂർണ്ണ മദ്യനിരോധനമായിരുന്നുവെങ്കിൽ അത് അട്ടിമറിക്കാനുള്ള ശ്രമവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോയാൽ അതിനെതിരെ ശക്തമായ നടപടികൾ ഉണ്ടാകുമെന്നുള്ളതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ പിൻവലിച്ച് മുന്നോട്ടുപോകണമെന്നുള്ളതാണ് ഞങ്ങളുടെ അഭ്യർത്ഥന. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ

എതിർക്കുന്നു. നന്ദി. നമസ്കാരം. ജയ് ഹിന്ദ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

ഭക്ഷ്യരംഗത്ത് നമ്മുടെ സംസ്ഥാനം എന്നുമൊരു മാതൃക സൃഷ്ടിച്ചിട്ടുണ്ട്. കേരള മോഡൽ പഠിക്കുന്നതിനും നമ്മുടെ റേഷൻ സമ്പ്രദായം ഏതു തരത്തിലാണ് നടപ്പിലാക്കുന്നത് എന്നതുസംബന്ധിച്ച് പഠിക്കുന്നതിനുമായിട്ടാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് എത്തിച്ചേരുന്ന എല്ലാ എം.എൽ.എ.മാരുടെ ഗ്രൂപ്പുകളും എപ്പോഴും താൽപര്യം കാണിക്കുന്നത്. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃക സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. ഭക്ഷ്യ രംഗത്തെ സംബന്ധിച്ചിടത്തോളം രാജ്യത്തിനുതന്നെ മാതൃക സൃഷ്ടിച്ചിരുന്ന നമ്മുടെ സംവിധാനത്തെ ആകെ താറുമാറാക്കിക്കൊണ്ടാണ് ഭക്ഷ്യ സുരക്ഷാ നിയമം 2013-ൽ നമ്മുടെ രാജ്യത്ത് വന്നതെങ്കിൽപ്പോലും ഇനി നമുക്കതിൽനിന്ന് മാറി നിൽക്കാൻ കഴിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിൽ ഏറ്റവും വൈകിയ രണ്ട് സംസ്ഥാനങ്ങൾ കേരളവും തമിഴ്നാടുമാണ്. അതിന്റേതായ വലിയ

നഷ്ടങ്ങൾ നമുക്കുണ്ടാവുകയും ചെയ്തു. നമ്മുടെ ഭക്ഷ്യ വകുപ്പിൽ വകയിരുത്തുന്ന തുകയുടെ ബഹുഭൂരിപക്ഷവും കേന്ദ്ര ഫണ്ടിൽനിന്ന് വകയിരുത്തപ്പെടുന്നതാണെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കാതെ മുന്നോട്ടു പോകാൻ തീരുമാനിച്ചാൽ ആ രംഗത്ത് കേരളം പോലുള്ളൊരു കൊച്ചു സംസ്ഥാനത്തിന് ഒരിക്കലും പിടിച്ചു നിൽക്കാൻ സാധിക്കില്ല. ഭക്ഷ്യ കാര്യങ്ങളിൽ പൂർണ്ണമായും മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചു കഴിയുന്നു എന്നതുകൊണ്ടുതന്നെ ഭക്ഷ്യ നിയമം നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്. ഇവിടെ ചർച്ച ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു പരിധി വരെ നമുക്ക് വലിയ ഡാമേജുകൾ ഉണ്ടാകും. എന്നാൽ ഈ ഡാമേജുകൾ കുറച്ചുകൊണ്ട് എത്രമാത്രം ആളുകളെ ഇതിന്റെ പരിധിക്കുള്ളിൽനിന്ന് പുറത്താക്കാതെ സംരക്ഷിച്ച് നിർത്താൻ സാധിക്കും എന്നതു സംബന്ധിച്ച് ആലോചിക്കേണ്ടതുണ്ട്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ യഥാർത്ഥത്തിൽ എ.പി.എൽ., ബി.പി.എൽ. എന്നിങ്ങനെയുള്ള ഡിവിഷനൊന്നും ഉണ്ടായിരുന്നില്ലെന്ന് മനസ്സിലാകും. പ്രായത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ യൂണിറ്റിന് ഇത്ര എന്ന നിലയിലാണ് ആളുകൾക്ക് റേഷൻ കൊടുത്തിരുന്നത്. ഓരോ ഘട്ടത്തിലും അതിന് വിവിധ പരിണാമങ്ങൾ സംഭവിച്ച് എ.പി.എൽ., ബി.പി.എൽ., എ.എ.വൈ., അന്നപൂർണ്ണ എന്നിങ്ങനെ വ്യത്യസ്ഥ

പേരുകളിൽ ആളുകളെ തരംതിരിക്കുന്നൊരു ഘട്ടത്തിലേയ്ക്ക് പോയി. റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാജ്യത്തെ കമ്പോളത്തിൽ വില നിയന്ത്രിക്കുക, ആളുകൾക്ക് ഭക്ഷണം ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങളാണ് യഥാർത്ഥത്തിൽ ഗവൺമെന്റുകൾ ടാർജറ്റ് ചെയതിരുന്നത്. ഇന്ന് നമുക്ക് അത്തരം കാര്യങ്ങളിൽ എത്രത്തോളം ഉറപ്പ് പറയാൻ കഴിയും; കാരണം 62 ലക്ഷം വരുന്ന ജനങ്ങൾ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ അതിന്റെ പിന്നിൽ പോകുന്നൊരു സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ ഏറ്റവും കുറച്ച് ആളുകൾ ഇതിന്റെ പരിധിയിൽനിന്ന് പുറത്തുപോകുന്ന സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. കേരളത്തിന്റെ പ്രശ്നങ്ങൾ പരമാവധി കേന്ദ്രത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ വലിയ ശ്രമം നടക്കുന്നുണ്ട്. ഈ ഉത്സവകാലത്ത് ഏറ്റവും മാതൃകാപരമായി ഭക്ഷ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളുടേയും അഭിനന്ദനം ഒരുപോലെ പിടിച്ചു പറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. ബി.എസ്.ഒ.മാരെയും ടി.എസ്.ഒ.മാരെയും നിയമിക്കുന്നതിലോ ട്രാൻസ്ഫർ ചെയ്യുന്നതിലോ ഒരുവിധ വിവാദങ്ങളും ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടില്ല. അനവധി റെയ്ഡുകൾ നടന്നു,

പൂഴ്ത്തിവെപ്പുകാർക്ക് കയ്യാമം വയ്ക്കുന്ന സാഹചര്യങ്ങളും ഉണ്ടായി. ഗവൺമെന്റിനെതിരെയും മന്ത്രിക്കെതിരെയും വലിയ ആരോപണങ്ങളുമായി വന്ന ആളുകൾ അവരുടെ ആയുധങ്ങൾ മടക്കി വീട്ടുകളിലേയ്ക്ക് മടങ്ങിപ്പോകുന്ന സാഹചര്യവും നമ്മൾ കണ്ടതാണ്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായി നേതൃത്വം കൊടുക്കുവാൻ ബഹുമാന്യനായ മന്ത്രിക്ക് കഴിയുന്നുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ നമ്മൾ കാണിക്കേണ്ട ജാഗ്രത തീർച്ചയായിട്ടും അങ്ങ് കാണിക്കും. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം വാങ്ങിയെടുക്കുന്ന കാര്യത്തിൽ, പ്രത്യേകിച്ച് മണ്ണെണ്ണയിൽ വന്നിട്ടുള്ള വെട്ടിക്കുറവ്... ഇലക്ട്രിഫൈഡും നോൺ ഇലക്ട്രിഫൈഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ് ഈ വിഷയങ്ങൾ ഉണ്ടായിട്ടുള്ളത് എന്നുള്ളതുകൊണ്ടുതന്നെ വളരെ ഗൗരവതരമായി അത്തരം വിഷയങ്ങളെ കാണുന്നതിനുള്ള ജാഗ്രതകൂടി ഉണ്ടാകണം. ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ ലഭിക്കില്ല. കാരണം കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുള്ള വലിയ ശ്രമങ്ങൾ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ... ഇപ്പോൾതന്നെ രണ്ടുമൂന്നു ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

നോൺ ഇലക്ട്രിഫൈഡ് ആയിട്ടുള്ള ആളുകൾക്ക് മാത്രമാണ് മണ്ണെണ്ണ. ഇലക്ട്രിഫൈഡ് ആയിട്ടുള്ള ആളുകൾക്ക് വളരെ ചെറിയ അളവിൽ മാത്രമാണ് മണ്ണെണ്ണ കിട്ടുന്നത്. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ വിഹിതം പൂർണ്ണമായും നഷ്ടപ്പെട്ടു പോകുന്നൊരു സാഹചര്യമുണ്ടാകും. അതടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് ഗൗരവതരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയിൽ ഉണ്ടാകണമെന്നുമാത്രമാണ് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുന്നത്. മറ്റു വിഷയങ്ങളൊക്കെ ഇന്ന് രാവിലെ ഇവിടെ ചർച്ച ചെയ്തു എന്നുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് വരുന്നില്ല.

തോട്ടം വിഷയങ്ങളുമായി ബന്ധപ്പെട്ട്, നമ്മുടെ സംസ്ഥാനത്ത് 3 ലക്ഷത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലയാണ് തോട്ടം മേഖല. എന്നാൽ ബഡ്ജറ്റ് എടുത്തു നോക്കിയാൽ, ഏത് ബഡ്ജറ്റാണെങ്കിലും ആ ബഡ്ജറ്റിലൊക്കെയും ഏറ്റവും കുറവ് പണം വകയിരുത്തപ്പെടുന്നത് തോട്ടം മേഖലയുമായി ബന്ധപ്പെട്ടാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖലയെ സംരക്ഷിക്കുന്ന കാര്യത്തിൽ പലപ്പോഴും മാറിമാറി വരുന്ന ഗവൺമെന്റുകൾ ജാഗ്രത കാണിക്കാറില്ല. എന്നാൽ തികച്ചും വ്യത്യസ്തമായി ഇപ്രാവശ്യം ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രിയുടെ ഒരു വലിയ ഇടപെടൽ

അക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിലും തുറന്നു പ്രവർത്തിക്കുന്ന തോട്ടങ്ങളിൽ അനുഭവപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിലുമൊക്കെ വലിയ ഇടപെടൽ നടന്നു. പ്ലാന്റേഷൻ മേഖലയിൽ ഒരു പാക്കേജ് വേണം എന്ന ആവശ്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഉയർത്തിക്കൊണ്ടു വന്നതിന്റെ അടിസ്ഥാനത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനും തോട്ടം മേഖലയിലെ ക്രൈസിസ് അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അദ്ദേഹത്തിന്റെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ അഡീഷൻസിന്റെ ഭാഗമായി ഒരു തോട്ടം പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ആ പാക്കേജിന്റെ രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുമായി നമുക്ക് മുന്നോട്ടു പോകാൻ സാധിക്കണം. ഇല്ലെങ്കിൽ ഈ മൂന്ന് ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലാകും. ഇവിടെത്തന്നെ ചില അംഗങ്ങൾ ഈ ചർച്ചയുടെ തുടക്കത്തിൽ തെറ്റിദ്ധാരണാജനകമായിട്ടുള്ള ചില പ്രസ്താവനകൾ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് എഗ്രിമെന്റുകൾ ഉണ്ടായത്. ആ എഗ്രിമെന്റുകൾ ഉണ്ടാക്കുന്നതിനുള്ള സാഹചര്യം, തെരഞ്ഞെടുപ്പിന്റെ ഡിക്ലറേഷൻ, റിസൾട്ട് വരുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻപ്

നോട്ടിഫിക്കേഷൻ ഇറക്കിയ സാഹചര്യമടക്കം ഗൗരവതരമായ ഒട്ടനവധി അനോമലീസ് ഗവൺമെന്റിന്റെ മുമ്പിൽ നിൽക്കുകയാണ്. ആ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണാൻ ചില ട്രേഡ് യൂണിയനുകൾ കോടതിയെ തന്നെ സമീപിച്ചിട്ടുള്ള സാഹചര്യമുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് അങ്ങയുടെ വലിയൊരു ഇടപെടൽ ഉണ്ടാകണം. കോട്ടമല, ബോണാമി, പീരുമേട് ടീ കമ്പനിയടക്കം നാലോളം തോട്ടങ്ങൾ പീരുമേട് നിയോജക മണ്ഡലത്തിൽമാത്രം പൂട്ടിക്കിടപ്പുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 27 തോട്ടങ്ങൾ പൂട്ടിക്കിടന്നതിൽ പീരുമേട് ടീ കമ്പനി ഒഴികെ ബാക്കി മുഴുവൻ തോട്ടങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ സഖാവ് വി.എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റിനോടുള്ള അഭ്യർത്ഥന, ഈ പാക്കേജ് കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനും അതോടൊപ്പം തോട്ടങ്ങളുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിന് ഗവൺമെന്റിന്റെ ഒരു വലിയ ഇടപെടലും സഹായവും ഉണ്ടാകണം.

ഭവന പദ്ധതിയെ സംബന്ധിച്ച് ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചു. ഭവന പദ്ധതിയടക്കമുള്ള വിഷയങ്ങളിൽ തീർച്ചയായും അങ്ങയുടെ ഒരു മികച്ച ശ്രദ്ധയുണ്ടാകണം. തോട്ടം പാക്കേജ് എന്നു പറയുന്നത് ഒരു സ്വപ്നത്തിനപ്പുറം

യാഥാർത്ഥ്യമാകുമ്പോൾ തോട്ടം മേഖലയിൽ ഒരു പുതിയ മുഖച്ഛായ സൃഷ്ടിക്കാൻ കഴിയും എന്നുതന്നെയാണ് വിശ്വസിക്കുന്നത്. തോട്ടം മേഖല അടക്കമുള്ള തൊഴിൽ മേഖലയെ ഗൗരവതരമായി കാണണം. ഗൗരവതരമായ ഇടപെടലും പരിഗണനയും ഉണ്ടാകണം. തോട്ടം പാക്കേജ് ഒരു സ്വപ്നത്തിനപ്പുറം യാഥാർത്ഥ്യമാക്കുന്നതിന് അങ്ങയുടെ വലിയ സംഭാവന ഉണ്ടാകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, ആദ്യമായി ഈ ധനാഭ്യർത്ഥനകളെ ഹൃദയ വിശാലതയോടുകൂടി പിന്താങ്ങുകയാണ്. ഇവിടെ വന്ന ചില പരാമർശങ്ങളിൽ ഒന്ന് നമ്മുടെ മുഖ്യമന്ത്രി പിണറായി വിജയൻ പോലീസ് സ്റ്റേഷനുകളിലൂടെ മൂന്നാം മുറ നടത്തുന്നു എന്നുള്ളതാണ്. പെട്ടന്ന് ഓർമ്മ വന്നത് ഇതേ അസംബ്ലിയിൽ വച്ച്, കെട്ടിടം മാറ്റം ഉണ്ടാകാം, അടിയന്തിരാവസ്ഥക്കാലത്ത് പിണറായി വിജയനെ പോലീസുകാർ കൊണ്ടുപോയി വേണ്ടുന്ന രൂപത്തിൽ സദ്യ ഒരുക്കിക്കൊടുത്ത് നശിപ്പിച്ച്, അതിനുശേഷം നമ്മുടെ മുഖ്യമന്ത്രി, ഇപ്പോഴത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഇവിടെ വന്ന് അസംബ്ലിയിൽ ഈ പ്രശ്നം അവതരിപ്പിച്ചു. അന്ന് ഭരണപക്ഷത്തുണ്ടായിരുന്ന യു.ഡി.എഫ്. കാർ അടക്കം സഖാവ് പിണറായി

വിജയന്റെ വിശദമായ വിവരണം കേട്ട് കരഞ്ഞവരാണ്. പക്ഷേ അന്നും ചില പത്രങ്ങൾ എഴുതി "സഖാവ് പി. കൃഷ്ണപിള്ളയെ കടിച്ച പാമ്പ് ഏത്, അതിന്റെ താഴെ പിണറായി വിജയനെ തല്ലിയ പോലീസ് ഏത്?" രണ്ടിന്റേയും അർത്ഥ തലങ്ങളിലേയ്ക്കും അർത്ഥ ഭേദങ്ങളിലേയ്ക്കും അർത്ഥ രുചിയിലേയ്ക്കും കയറി പ്പോകാനുള്ള ഹൃദയ വിശാലത ശ്രോതാക്കൾ പ്രകടിപ്പിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് ആ ഭാഗം നിർത്തുകയാണ്. ഓണക്കാലത്ത് കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണം, ഈ വർഷത്തെ ഓണക്കാലത്ത്, നമ്മൾ ജനപ്രതിനിധികൾ എന്ന നിലയിൽ എല്ലാ സ്ഥലത്തും പോകും, എല്ലാ കടകളിലും പോകും, കാരണം മലയാളത്തിൽ വളരെ പ്രസിദ്ധമായ ഒരു നാടകം ആരംഭിക്കുന്നത് ആ ഒരു ദിവസത്തെ കാര്യമൊക്കെ കഴിഞ്ഞു വന്നതിനു ശേഷം ഭർത്താവും ഭാര്യയും ചെറിയ, അല്ലെങ്കിൽ സംക്ഷിപ്തമായ വിവരണങ്ങൾ നടന്നതിനു ശേഷം പറയും, ഇനി നമുക്ക് ഭക്ഷണം കഴിക്കാം, ഭക്ഷണം കഴിക്കുന്നതിന് വേണ്ടി ഒന്നുകിൽ കൈയ്യിൽ അല്ലെങ്കിൽ ചോറിൽ പിടിക്കുമ്പോഴാണ് വേണുവേട്ടാ എനിക്ക് വിശക്കുന്നു, ആ പിടിത്തം അവിടെ നിന്നു. ഉദ്ദേശിച്ചു വരുന്നത്, മറ്റുള്ളവർക്ക് വിശക്കുമ്പോൾ, മറ്റുള്ളവർക്ക് ദാഹിക്കുമ്പോൾ,

മറ്റുള്ളവർ പ്രശ്ന സങ്കീർണ്ണതകളിൽ പെട്ട് ഉഴറുമ്പോൾ, മറ്റുള്ളവർ ലൗകീകജീവിതത്തിന്റെ പാരാവാരങ്ങളിൽ കിടന്ന് ഉഴറുമ്പോൾ, നിദ്രാവിഹീനങ്ങളായ, ഉറക്കമില്ലാത്ത രാത്രികൾ ചെലവഴിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മൾ അസംബ്ലിയിൽ ഇരിക്കുന്ന അംഗങ്ങൾ. അതുകൊണ്ട് ഞാൻ സൂചിപ്പിച്ച് വരുന്നത് ഓണക്കാലം, ഇതൊക്കെ കണ്ടപ്പോൾ വലിയ സന്തോഷമായി. എല്ലാപേരുടെ കൈയ്യിലും കാശാണ്. എല്ലാപേരുടേയും വീട്ടിൽ പെൻഷൻ കൊണ്ടുകൊടുത്തു, എല്ലാപേരും മടിക്കുത്ത് അഴിക്കുന്നു, സാധനങ്ങൾ മേടിക്കുന്നു. എന്താ രസം. നമ്മുടെ വിശപ്പ് താനെ അവസാനിക്കുന്നു, നമ്മുടെ ദാഹം തീരുന്നു, നമ്മൾക്ക് നല്ല ഉറക്കം കിട്ടുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ പലപ്പോഴും വിശദീകരിക്കപ്പെടാതെ പോകുന്ന അർത്ഥതലങ്ങളിലേയ്ക്ക്, സ്വർഗീയങ്ങളായ മണ്ഡലങ്ങളിലേയ്ക്ക് ഉദ്ഗീനം കയറാനുള്ള മനുഷ്യന്റെ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് പൊതുജന സേവനം നമ്മളൊക്കെ നടത്തുന്നത്. ഞാൻ അത് ഇങ്ങനെ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ ഏദൻ തോട്ടത്തെപ്പറ്റി പറഞ്ഞല്ലോ, ഏദൻ തോട്ടം പരാമർശിച്ചയാൾ സ്ഥലം വിട്ടുപോയി,

ഏദൻതോട്ടത്തിലെ ആ കനി തിന്നരുത്, അത് തിന്നാൽ എന്താണ്? അങ്ങനെയല്ലേ മനുഷ്യൻ ചിന്തിക്കുക, അതിലുണ്ട് ചില മാർക്സിസവും ലെനിനിസവുമൊക്കെ. അത് പാടില്ല, അത് ചെയ്യരുത്, എന്താ അത് ചെയ്താൽ? അതാണല്ലോ മാർക്സിസവും ലെനിനിസവും, അതാണല്ലോ പുരോഗമനം, അതാണല്ലോ മുന്നോട്ടുള്ള പഥം, അതാണല്ലോ നമ്മുടെ മാർഗ്ഗം, അതാണല്ലോ വഴി. പക്ഷേ അവിടെനിന്ന് അന്ന് ചവിട്ടി, ഏദൻ തോട്ടത്തിൽ നിന്ന് രണ്ടുപേർ ആദവും ഹവ്വയും താഴെവന്നു, നേരത്തെ പറഞ്ഞ രൂപത്തിലല്ല. എം. ഗോവിന്ദൻ എന്നു പറയുന്ന വളരെ പ്രസിദ്ധനായ മലയാളത്തിലെ ആദ്യകാല നിരൂപകൻ, കവി പറഞ്ഞു, അങ്ങനെ മനുഷ്യൻ ഭൂമിയിൽ വന്നു. മണ്ണിൽ വിത്തുപാകി, ഹവ്വയുടെ ഗർഭപാത്രത്തിലും വിത്തു പാകി, സ്വാതന്ത്ര്യം, ഡെവലപ്മെന്റ്, വികാസം. ആ വ്യാഖ്യാനത്തിനാണ് നമ്മൾ സാധാരണ രൂപത്തിൽ,.... ഞാൻ നമ്മുടെ വിഷയത്തിലേയ്ക്ക് വരുമ്പോൾ, എക്സൈസ്, എക്സൈസ് ഇപ്പോൾ എല്ലാപേരും സൂചിപ്പിച്ചതുപോലെ കുട്ടികളൊക്കെ കഞ്ചാവ്, ചരസ്സ്, ഭാംഗ്, പാൻമസാല, പാൻപരാഗ് തുടങ്ങിയ കാര്യങ്ങളിലാണ് നല്ലൊരു ശതമാനം. അത് സ്കൂൾ

തലങ്ങളിലൊക്കെ ഈ കാര്യങ്ങൾ ഉണ്ട്. ആരും അതിനുനേരെ കണ്ണടച്ചിട്ട് ഒരു കാര്യവുമില്ലെന്ന് അർത്ഥം, അന്വേഷിച്ചാൽ കണ്ടറിയും. നമ്മളൊക്കെ അഥവാ കണ്ണടച്ചാലും കേരളത്തിലെ പ്രൊഫഷണൽ ആന്റ് അമച്വർ തിയേറ്ററും മറ്റുമൊക്കെ ഈ വിഷയം സജീവമായിട്ട് എടുത്തിട്ടുണ്ട്. മിക്കവാറും നാടകങ്ങളിലൊക്കെ വിഷയം ഇതു തന്നെയായിരുന്നു. കുട്ടികൾ ഇതിന് വിധേയരാകുന്നത്, അമ്മയും അച്ഛനും തിരിച്ചറിയാതിരിക്കുന്നത്. കേരളത്തിലെ ജനാധിപത്യ ബോധത്തിന്റെ പതുക്കെപതുക്കെയുള്ള നാശം, ഇതൊക്കെത്തന്നെ വാസ്തവത്തിൽ നാടകങ്ങളിലൊക്കെ വരുന്നുണ്ട്. അപ്പോൾ എക്സൈസ് എൻഫോഴ്സ്മെന്റ് അവരുടെ പ്രവർത്തനങ്ങൾ അതുകുറേക്കൂടി നിശിതമായിട്ടുള്ളതാക്കണം, മൂർച്ചയേറിയിട്ടുള്ളതാക്കണം. യഥാർത്ഥത്തിൽ സംഭവിക്കുന്ന സ്ഥലത്ത് എത്തിക്കൊണ്ട്, പ്രതികളെ പിടിച്ച് പോലീസിൽ ഹാജരാക്കുന്നതിനേക്കാൾ ഭേദം നല്ല ബോധവൽക്കരണമാണ്. ആ പ്രക്രിയയ്ക്ക് ഈ പിണറായി സർക്കാർ വളരെ വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നുള്ള സത്യം കൂടി ഇവിടെ സ്മരിക്കുകയാണ്. തൊഴിലും അതുമായി ബന്ധപ്പെട്ടുള്ള തൊഴിൽ മേഖലയും ഇവിടെ സൂചിപ്പിച്ചതാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികൾ, അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇ.എസ്.ഐ. ഇല്ല, പ്രോവിഡന്റ് ഫണ്ടില്ല, ഗ്രാറ്റുവിറ്റി ഇല്ല, നിശ്ചിതമായ ദിവസങ്ങളിൽ തൊഴിൽ കിട്ടുന്നില്ല. തൊഴിൽ അവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുന്നില്ല. ആ രൂപത്തിൽ ഒരു അരക്ഷിതമായ അവസ്ഥയിൽ തേങ്ങിക്കൊണ്ടിരിക്കുന്ന അസംഘടിത മേഖലയിലെ, പ്രത്യേകിച്ചും സ്ത്രീകളെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ നമ്മൾ കൂടുതൽ ഊന്നൽ കൊടുക്കേണ്ടതുണ്ട്. അതുവരുമ്പോൾ തന്നെയാണ് പ്രധാനമായും നമ്മുടെ തൊഴിൽ, തൊഴിലെന്നു പറയുമ്പോൾ തൊഴിലില്ലാതെ തെണ്ടി നടക്കുന്ന പരസഹസ്രം ചെറുപ്പക്കാർ തെരുവാധാരമായിട്ട് തുടരുന്ന ഒരു നാടാണ് കേരളം. കണ്ണടച്ചിട്ട് കാര്യമില്ലല്ലോ, അതുകൊണ്ടാണ് ഒരു പക്ഷേ ഇത് ഒരു സിംഹം ഉറങ്ങുന്ന കാട്, മലയാളത്തിലെ വളരെ പ്രശസ്തനും, പ്രഗത്ഭനുമായ നാടകകൃത്ത് എസ്.എൽ. പുരം സദാനന്ദൻ എഴുതിയതാണ്, സിംഹം ഉറങ്ങുന്ന കാട്. സഹോദരന്മാർ തമ്മിൽ പരസ്പരം ചർച്ച ചെയ്യുകയാണ്. അച്ഛൻ നാളെ റിട്ടയർ ചെയ്യും, വീണ്ടും പറയുകയാണ് അച്ഛൻ നാളെ റിട്ടയർ ചെയ്യും, അതിനെന്താണ് ? നിങ്ങൾക്കെന്താണ് നമുക്കറിയാമല്ലോ, അച്ഛൻ

നാളെ റിട്ടയർ ചെയ്യുമെന്ന്. അതിൽ ചേട്ടൻ പറയുകയാണ് നാളെയല്ലേ റിട്ടയർ ചെയ്യുകയുള്ളൂ, നമുക്ക് അച്ഛനെ തട്ടാം. അച്ഛനെ തട്ടിയാൽ, ഡൈയിംങ്ങ് ഹാർനസ്സിൽ ഒരു ജോലി ആർക്കെങ്കിലും ഒരാൾക്ക് കിട്ടും. അവിടത്തോളം നമ്മുടെ തൊഴിലില്ലായ്മ എത്തിയിരിക്കുന്നു എന്നുള്ളത് സൂചിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ്. ഇവിടെ പരാമർശിക്കപ്പെട്ട വിശപ്പ്, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സ് ഇവിടെയുണ്ടല്ലോ, നമ്മൾ തുടങ്ങിയതാണല്ലോ, കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ ആകാശത്തോളം ഉയർത്തിപ്പിടിക്കുവാനുള്ള വെമ്പലിന്റെ ഭാഗമായിട്ട് കോഴിക്കോട് യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലും സിൻഡിക്കേറ്റും അതിലൊക്കെ ഞാനും ഒരു ഭാഗഭാക്കാണ്. നമ്മൾ നാടകം തുടങ്ങിയല്ലോ 1970 കളുടെ ആരംഭത്തിൽ, ബാച്ചിലർ ഓഫ് തിയറ്റർ ആർട്ട്സ് കൊടുക്കാൻ തീരുമാനിച്ചല്ലോ, അതിന്റെ ഫസ്റ്റ് റാങ്കുകാരൻ പയ്യനാണ്. ആ കുട്ടിയുടെ പേര് ഞാൻ പറയുന്നില്ല. ഇനി ആർക്കെങ്കിലും പൊള്ളേണ്ട, വേദനിക്കേണ്ട എന്നുള്ള നിലയ്ക്ക്. പാഞ്ഞാലിലെ പയ്യനാണ്, കുട്ടിയാ, അയാൾ വിശന്ന്, വിശന്ന്, വിശന്ന്, ജോലിയുമില്ല, തൊഴിലുമില്ല, ഒന്നുമില്ല, അവസാനം ഒരു ഹോട്ടലിൽ കയറി ഭക്ഷണം

കഴിച്ചതാണ്. കാശ്ശുകൊടുക്കാൻ ഇല്ലാതായപ്പോൾ പതുക്കെ സ്ഥലം വിടാൻ നിന്നപ്പോൾ ഹോട്ടലുകാർ പിടികൂടി, അടിതുടങ്ങി, അപ്പോൾ ഇയാൾക്ക് നാടകത്തെ സംബന്ധിച്ചിടത്തോളം നാടകാഭിനയം, ഇയാളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്ന ഒരു കാര്യമായതുകൊണ്ട്, അത്യാവശ്യം പൊട്ടൻ വേഷം കെട്ടി, വ....ഭ...ദ... എന്നൊക്കെ പറഞ്ഞ്. പോലീസുകാർ പിടിച്ച് ഭ്രാന്ത് എന്നുപറഞ്ഞ്, അവസാനം ചെന്നത് പടിഞ്ഞാറേക്കോട്ടയിലാണ്. ഭ്രാന്താശ്ശുപത്രിയിൽ, ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സ് ഫസ്റ്റ് റാങ്ക്, പക്ഷേ അയാൾ ഒരു ദിവസം ജാലിയൻവാലാബാഗിനെപ്പോലും നാണിപ്പിക്കുന്ന രൂപത്തിൽ അവിടെയുണ്ടായിരുന്ന വലിയ മതിൽ ചാടിക്കടന്ന് ഓടി, ചെന്നു വീണത് അയാൾ പഠിച്ചിരുന്ന സരസ്വതീ ക്ഷേത്രത്തിന്റെ നടയിൽ. ബാച്ചിലർ ഓഫ് തിയേറ്റർ ആർട്ട്സിൽ റാങ്ക് കിട്ടിയ സ്ഥലത്ത്, എല്ലാപേരും കൂടി വന്ന് ആരാണ്, ഇന്നയാളല്ലേ, അപ്പോൾ അവിടെ റിഹേഴ്സലിന് വച്ചിരുന്ന ഡ്രസ്സൊക്കെ കൊടുത്തപ്പോൾ, നല്ല വെള്ള വസ്ത്രമൊക്കെ ധരിച്ച് വീട്ടിൽ ചെന്ന് അച്ഛനോടും അമ്മയോടും പറഞ്ഞു, ഭക്ഷണം കൊണ്ടുവരാനാണല്ലോ പോയത്, കഴിഞ്ഞില്ല

ക്ഷമിക്കണം. അതിനുശേഷം അവർ കൊടുത്ത നല്ല കറുത്ത പുള്ളികളില്ലാത്ത ധവളാഭമായ വെളുത്ത വസ്ത്രംധരിച്ച് ഒറ്റപ്പാലത്തിനും ഷൊർണ്ണൂരിനുമിടയ്ക്ക് വളരെ വേഗത്തിൽ പാഞ്ഞുവരുന്ന തീവണ്ടിയുടെ മുമ്പിൽ കൈകൂപ്പി നിന്നുകൊണ്ട് ബി.റ്റി.എ. ഫസ്റ്റ് റാങ്ക കാരൻ ഇഹലോകവാസം വെടിഞ്ഞ, ത്യജിച്ച, നശിപ്പിച്ച ഒരു ലോകം. ഞാൻ സൂചിപ്പിച്ചു വരുന്നത് നമ്മൾ തൊഴിലും അതിന്റെ ഭാഗമായിട്ടുള്ള തൊഴിൽ രംഗം, വിശാലമായ മേഖലയാണ്. അവിടേയ്ക്ക് തിരിയുമ്പോൾ വാസ്തവത്തിൽ വളരെ മൈക്രോസ്കോപ്പിക്ക് ആയിട്ടുള്ള പ്രായോഗികതലത്തിലുള്ള അടിസ്ഥാന വർഗ്ഗങ്ങളുടെ മാനസിക വ്യാപാരങ്ങളിലേക്ക് തിരിഞ്ഞു നോക്കാനുള്ള ഒരു പ്രവണത, ഒരു ആത്മധൈര്യം, ഒരു ഹൃദയവിശാലത ഒക്കെ പ്രകടിപ്പിക്കുമ്പോൾ ആണ് നമ്മളെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നത് എന്ന് വിനയപൂർവ്വമായ എന്റെ അഭ്യർത്ഥന സമർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2012, 2014, 2015 ഈ മൂന്ന് വർഷങ്ങളിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധനാഭ്യർത്ഥനകൾ ചർച്ചയില്ലാതെ പാസ്സാക്കിയതാണ്. അതുകൊണ്ട് ആ

കാലഘട്ടത്തിൽ ഫലപ്രദമായ പ്രതിപക്ഷ ഇടപെടൽ ഇല്ലാതെ പോയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഇപ്പോൾ ഏതായാലും ഒരു ചർച്ച നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആ സ്പിരിറ്റിലെടുത്ത് തെറ്റുകൾ തിരുത്തി നന്നായി മുന്നോട്ടു കൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ഇവിടെ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ രൂപീകരിച്ചു. 1988 മുതലാണ് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഏതാണ്ട് 28 വർഷത്തോളമായി അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഈ ഇരുപത്തിയെട്ട് വർഷത്തെ പ്രവർത്തനം പരിശോധിച്ചാൽ അങ്ങയുടെ വകുപ്പിൽപ്പെട്ട ഒന്നായതുകൊണ്ട് അതൊന്ന് ശ്രദ്ധിക്കാൻ വേണ്ടി പറയുകയാണ്. അതിന്റെ ആക്ടിൽ കൃത്യമായി പറയപ്പെടുന്നത് ഒരു കോടതിയുടെ നടപടിക്രമമല്ല അതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണക്കാരനായ ഉപഭോക്താവിന് നേരിട്ട് പോയി ഒരു വെള്ളക്കടലാസിൽ പരാതി എഴുതിക്കൊടുത്താൽ അതിന് മൂന്ന് മാസത്തിനുള്ളിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് കരുതിയാണ് അവരെ സമീപിക്കുന്നത്. ഇപ്പോൾ അതിന്റെ പ്രവർത്തനമൊന്ന് പരിശോധിച്ചാൽ, ഞൻ ഒരു ഗവൺമെന്റിനെയും

കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. കഴിഞ്ഞ ഇരുപത്തിയെട്ട് വർഷം പിന്നിട്ടപ്പോൾ അതിനുണ്ടായ ജീർണ്ണത, അതും ഒരു സാധാരണ കോടതിയുടെ പ്രവർത്തനം പോലെ ആയിട്ടുണ്ട്. നാലും അഞ്ചും വർഷങ്ങളായിട്ടും കേസ്സുകൾ തീർപ്പാകാതെ ഒരു സിവിൽ കോടതിയുടെ തലത്തിലേയ്ക്ക് അതിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. അവർക്ക് ഒരു ഉപഭോക്താവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിയാതെ പോകുന്നുണ്ട്. അങ്ങ് പരിശോധിക്കപ്പെടേണ്ട മറ്റൊരു വിഷയം ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മൂന്ന് അംഗങ്ങളിൽ പ്രസിഡന്റും രണ്ട് അംഗങ്ങളും തമ്മിലുള്ള ശീതസമരമാണ്. ഈ ശീതസമരം കാരണം പല കേസ്സുകളുടേയും വിധി പുറപ്പെടുവിക്കാൻ വലിയ കാലതാമസം നേരിടുകയാണ്. ഫലത്തിൽ അതുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യമെന്താണോ അത് നടക്കാതെ വളരെയധികം താമസം വരുന്നുണ്ട്. യഥാർത്ഥത്തിൽ മാറി മാറി വന്ന ഗവൺമെന്റുകൾ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലെ അംഗങ്ങൾക്ക് മോശമല്ലാത്ത വേതനവും അത്യാവശ്യം വേണ്ട സൗകര്യങ്ങളും ജീവനക്കാരെയുമൊക്കെ നിയമിച്ചിട്ടുണ്ടെങ്കിലും ഉപഭോക്താവിന് അഞ്ഞൂറ് രൂപയുടെയോ ആയിരം രൂപയുടെയോ സാധനങ്ങൾ വാങ്ങി അതിലൊരു

തർക്കവുമായി ചെന്നാൽ വലിയൊരു കാലവിളംബം നേരിടുന്നുവെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെ തന്നെ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് വളരെയേറെ സൂക്ഷ്മതയും ജാഗ്രതയും പുലർത്തേണ്ട സമയമാണ്. വളരെ ചുരുങ്ങിയ സമയമേയുള്ളൂ കാരണം ബി.പി.എൽ-പട്ടികയിൽ അനർഹരായ ഒരുപാട് പേർ കടന്നുകൂടിയിട്ടുണ്ടാകും. അത് പരിശോധിച്ച് കൃത്യസമയത്ത് അതിലുണ്ടായിട്ടുള്ള പരമാവധി ആക്ഷേപങ്ങൾ കുറച്ചുകൊണ്ട് അർഹതപ്പെട്ട ഒരാളും അതിൽനിന്നും പുറത്തുപോകാത്ത വിധത്തിൽ പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എം. മണി പറഞ്ഞ കാര്യം അങ്ങയെ ബോധ്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞ ഒരു പരിമിതിയിൽ ഒതുക്കാതെ ചെരുപ്പിനൊത്ത് കാൽ മുറിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റ് പത്തോ പതിനഞ്ചോ ലക്ഷം അല്ലെങ്കിൽ മുപ്പത്തിയഞ്ച് ലക്ഷം പേർക്കേ ഈ ആനുകൂല്യം നൽകൂ എന്ന് പറഞ്ഞാൽ അതിനപ്പുറവും അർഹതപ്പെട്ട ആളുകൾ ഉണ്ടെങ്കിൽ ആ അർഹത മാനദണ്ഡമാക്കി അവർക്കും ഇതുപോലെയുള്ള സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അൽപം സാമ്പത്തിക ബാധ്യത ഏറ്റെടുത്തിട്ടാണെങ്കിലും അർഹതപ്പെട്ട

ആളുകൾ ആ ലിസ്റ്റിൽ നിന്നും പുറത്ത് പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലതന്നെ മദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ. പല ആളുകളും സംസാരിച്ചപ്പോൾ മദ്യനിരോധനമാണ് ഇവിടെ പല കുഴപ്പങ്ങളുമുണ്ടാക്കിയതെന്ന രീതിയിലാണ് എത്തിച്ചേർന്നത്. മദ്യനിരോധനം കാരണമാണ് ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞത് എന്നും പറയുകയുണ്ടായി. ഈ കാര്യങ്ങളിലെല്ലാം ഒരു നിഷ്പക്ഷമായ വിലയിരുത്തൽ ആവശ്യമാണ്. ഇപ്പോൾ കേരളം മാത്രമല്ല ബീഹാർ അടക്കമുള്ള പല വലിയ സംസ്ഥാനങ്ങളും സമ്പൂർണ്ണമായ മദ്യനിരോധനത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതും നാം പരിശോധിക്കണം. മദ്യ നിരോധനമെന്ന് പറയുമ്പോൾ അങ്ങ് ഒറ്റയടിക്ക് തള്ളിപ്പറയരുത്. അതിന്റെ നേട്ടവും കോട്ടവും നാം വിലയിരുത്തണം. ഇപ്പോൾ നമുക്കറിയാം "വെളിച്ചം ദു:ഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" എന്ന് പറയാറുള്ളതുപോലെ മദ്യനിരോധനം ദു:ഖമുള്ള കാര്യം തന്നെയാണ്. കാരണം അതിലെ ഗ്രീവൻസുള്ള ആളുകൾ വളരെ ശക്തരാണ്. ഏത് ഗവൺമെന്റിനെയും മറിച്ചിടാനായി മദ്യലോബി വളരെ

ശക്തരാണ്. അപ്പോൾ അതിൽ ഗ്രീവൻസുള്ള ആളുകൾ അതിനെ നിരോധിക്കാനോ നിയന്ത്രണങ്ങൾ വരുത്താനോ ഗവൺമെന്റിനെതിരായി, അങ്ങേയ്ക്കെതിരായി ആക്ഷേപം ഉയർത്തിയെന്നോ വരും. പക്ഷേ ആക്ഷേപങ്ങളെല്ലാം താൽക്കാലികം മാത്രമാണ്. അപ്പോൾ അങ്ങനെയുള്ള ആരോപണങ്ങളിൽ പേടിച്ചുകൊണ്ട് മദ്യം സാർവ്വത്രികമാക്കാനുള്ള നടപടിയിൽനിന്നും ഗവൺമെന്റ് പിന്തിരിയണമെന്നാണ് പറയാനുള്ളത്. ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞതിന് കാരണം മറ്റൊരു വശമെടുത്ത് ആലോചിച്ചുകൂടെ? കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടായെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി തന്നെ ഒരിക്കൽ പറയുകയുണ്ടായി. മദ്യനിരോധനം ടൂറിസം മേഖലയെ കുറേ ബാധിച്ചിട്ടുണ്ട്. അതിനേക്കാൾ ടൂറിസം മേഖലയെ ഒരുപാട് ബാധിച്ച ഒരു പ്രശ്നമാണ് തെരുവ് നായകളുടെ ആക്രമണം. ഈ തെരുവ് നായകളുടെ ആക്രമണം ഇംഗ്ലീഷ് മാധ്യമങ്ങളുൾപ്പെടെയുള്ള ദേശീയ മാധ്യമങ്ങളിൽ വലിയ പ്രാധാന്യമുള്ള വാർത്തകളായിട്ടാണ് റിപ്പോർട്ട് ചെയ്യുന്നത്. മാത്രമല്ല ബഹുമാനപ്പെട്ട സുപ്രീം കോടതിവരെ ചോദിക്കുകയുണ്ടായി എന്താണ് കേരളത്തിൽ മാത്രം ഇത്ര വലിയ തെരുവ് നായ പ്രശ്നം ഉണ്ടാകാൻ കാരണമെന്ന്.

കോടതിപോലും അങ്ങനെ പറയുമ്പോൾ അതും നമ്മൾ പരിശോധിക്കേണ്ട വിഷയമല്ലേ ? കേരളത്തിൽ പാവപ്പെട്ട ഒന്നുരണ്ട് സ്ത്രീകളെ നായകൾ കടിച്ച് കൊന്ന സ്ഥാനത്ത് ഏതെങ്കിലും രാജ്യത്തുനിന്നും വന്ന വിദേശ ടൂറിസ്റ്റിനെയാണ് തെരുവ് നായ കടിച്ച് കൊന്നതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? കോവളം പോലുള്ള ടൂറിസം മേഖലകളിൽ നേരിടുന്ന ഗുരുതരമായ വിഷയമാണ് നായകളുടെ പ്രശ്നം. അപ്പോൾ അങ്ങനെയുള്ള വിഷയങ്ങൾകൂടി നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. ഞാൻ കഴിഞ്ഞ തവണ ഈ വിഷയം സൂചിപ്പിച്ചപ്പോൾ പറഞ്ഞത് സ്വന്തം റിസ്കിൽ വേണമെങ്കിൽ പട്ടികളെ കൊല്ലാമെന്നാണ്. എനിക്ക് റിസ്കെടുക്കാൻ കഴിയുമോ? അത് ഉത്തരവാദിത്തപ്പെട്ട ഗവൺമെന്റുകളാണ് നിയന്ത്രിക്കേണ്ടത്. ടൂറിസമായാലും സമൂഹത്തിൽ മറ്റ് ഏത് മേഖലയായാലും സുരക്ഷിതമായ ജീവിതം ഉറപ്പാക്കാനുള്ള ബാധ്യത നമുക്കില്ലേ? അതുപോലെതന്നെ പ്രവാസികളെ സംബന്ധിച്ച വിഷയം. മാറിമാറി അധികാരത്തിൽവന്ന ഏത് ഗവൺമെന്റുകളായാലും നമുക്ക് അവരോട് വേണ്ടത്ര നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ധനാഭ്യർത്ഥകളിന്മേലുള്ള പ്രസംഗങ്ങളും അതിനുള്ള മറുപടിയും കഴിഞ്ഞാൽ മേൽനടപടികളുമായി മുന്നോട്ട് പോകുന്നില്ല. യഥാർത്ഥത്തിൽ വേണ്ടത്ര സപ്പോർട്ട്

ചെയ്യാൻ നമുക്ക് കഴിയുന്നില്ല. പക്ഷേ അതുകൊണ്ട് അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ എന്താണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുകയുണ്ടായി, ഗൾഫിലും മറ്റ് വിദേശ നാടുകളിലും പണിയെടുക്കുന്ന മലയാളികളുടെ എണ്ണമെടുക്കുന്നതിന് കുടുംബശ്രീയെ ഏൽപ്പിച്ച് കണക്കെടുക്കുമെന്ന്. അത് എത്രമാത്രം പ്രായോഗികമാണ്. കുടുംബശ്രീക്ക് ഒരു പണി കൊടുക്കാമെന്നല്ലാതെ അത് യാഥാർത്ഥ്യമായി തീരില്ല. കുടുംബശ്രീക്ക് അതിന്റെ കണക്കെടുക്കാൻ കഴിയുമോ? അത്തരത്തിൽ ഒരു കണക്കെടുക്കണമെങ്കിൽ അവിടെയുള്ള ഇന്ത്യൻ എംബസിയെ സമീപിച്ച്, കെ.എം.സി.സി, പ്രവാസി കോൺഗ്രസ് പോലുള്ള ശക്തമായ പ്രവാസി സംഘടനകളും ഭാരവാഹികളും ഇവിടെയുള്ളതുപോലെ അവിടെയുമുണ്ട്. ഒ.ഐ.സി.സി. പോലുള്ള സംഘടനകളെ ഉത്തമ വിശ്വാസത്തിലെടുത്ത് അവരെക്കൂടി കണക്കിലെടുത്തുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. കഴിഞ്ഞ തവണ സൗദി അറേബ്യയിൽ 'നിതാഖത്ത്'-മായി ബന്ധപ്പെട്ട് വിദേശികളെ കയറ്റി അയയ്ക്കുമെന്ന് പറഞ്ഞ് വലിയ

പ്രശ്നങ്ങളാണുണ്ടായത്. പ്രവാസികളായ മലയാളികളെല്ലാം വഴിയാധാരമാകാൻ പോകുന്നുവെന്ന് പറഞ്ഞ് വലിയ പ്രശ്നങ്ങളാണുണ്ടായത്. ഇത് കേട്ടപ്പോൾ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട "ഞാൻ ഇതാ പുറപ്പെടാൻ പോകുകയാണെന്ന്" പറഞ്ഞു. അത് കേട്ടപ്പോൾ കേരളത്തിലെ ആളുകൾ മാത്രമല്ല വിദേശത്തുള്ള ആളുകളും വളരെ പ്രതീക്ഷയോടുകൂടിയാണ് കാത്തിരുന്നത്. അദ്ദേഹം അവിടെ എത്തുമെന്നാണ് വിചാരിച്ചത്. മാത്രമല്ല സഹായമില്ലെങ്കിലും കേരളത്തിൽനിന്നും ഒരു മന്ത്രി ഞങ്ങളുടെ കാര്യങ്ങൾ ചോദിക്കാനും പറയാനും വരുന്നുണ്ടെന്ന് കേട്ടപ്പോൾ പ്രത്യേകിച്ച് മലയാളികളെ സംബന്ധിച്ച് ഒരാശ്വാസമായിരുന്നു. പക്ഷേ അദ്ദേഹം അവിടേയ്ക്ക് പോകുമെന്ന് പറഞ്ഞിട്ട് അവസാനമെന്താണുണ്ടായത്? ഓരോ ചാനലുകളും ലൈവായി അദ്ദേഹത്തോട് ഇപ്പോൾ എവിടെയാണ് എന്നന്വേഷിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത് ഞാനിപ്പോൾ എന്റെ ഓഫീസിലാണ് എന്നാണ് മറുപടി നൽകിയത്; അങ്ങ് എവിടേയ്ക്ക് പോകുന്നുവെന്ന് ചോദിച്ചപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ പോകുന്നുവെന്നും പറഞ്ഞു

മുഖ്യമന്ത്രിയെ കാണാൻ പോയി.  ഇപ്പോൾ അങ്ങ് എന്ത് ചെയ്യാൻ പോകുന്നു എന്ന് ചോദിച്ചപ്പോൾ പറഞ്ഞത് എനിക്ക് പാസ്പോർട്ട് കിട്ടിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. അദ്ദേഹത്തിന് പാസ്പോർട്ട് വാങ്ങിക്കൊടുക്കുകയെന്നത് സാധാരണക്കാരായ പ്രവാസികളുടെ കടമയാണോ? ഡിപ്ലോമാറ്റിക് പാസ്പോർട്ടാണെങ്കിലും സാധാരണ പാസ്പോർട്ടാണെങ്കിലും അദ്ദേഹം അതിനുവേണ്ടി ഒരു റിസ്ക്കെടുക്കണ്ടേ? അതുപോലും ചെയ്തില്ലെന്ന് മാത്രമല്ല ഇപ്പോൾ എവിടേയ്ക്ക് പോകുന്നുവെന്ന് ചോദിച്ചപ്പോൾ അദ്ദേഹം നേരെ പുറപ്പെട്ടത് വളാഞ്ചേരിയിലേയ്ക്കായിരുന്നു.  വിമാനത്താവളത്തിൽ സ്വീകരിക്കാൻ കാത്തിരുന്ന പ്രവാസി മലയാളികൾക്ക് അദ്ദേഹം വളാഞ്ചേരിയിൽ എത്തിയെന്ന വാർത്തയായിരുന്നു കിട്ടിയത്. ഇതൊരു നാണക്കേടല്ലേ? ഒരു പാസ്പോർട്ട് കിട്ടിയില്ലെങ്കിൽ അത് വാങ്ങാനുള്ള മിടുക്ക്  കാണിക്കണമായിരുന്നു.  അപ്പോൾ പ്രവാസികളുടെ കാര്യത്തിൽ നമുക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെങ്കിലും ഈ നാടകീയതയെങ്കിലും ഒഴിവാക്കേണ്ടതായിരുന്നു. ആകെ സംഭ്രമജനകമായി മന്ത്രി അവിടെ പുറപ്പെടുന്നു, ഇവിടെ പുറപ്പെടുന്നു എന്ന് പറഞ്ഞ വലിയ സീനുണ്ടാക്കിയിട്ട്

വല്ല കാര്യവുമുണ്ടോ? അതുപോലെ തന്നെ കുറച്ച് മുമ്പ് എന്റെ സുഹൃത്ത് ശ്രീ. മുരളി പെരുനെല്ലി പറഞ്ഞു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-ന് വലിയ വിജയമാണുണ്ടായതെന്ന്. നിങ്ങൾ വിജയകാലഘട്ടത്തിലാണ് അതിൽ സംശയമില്ല. അത് സ്വാഭാവികമായ വിജയമാണ്. രണ്ടോ മൂന്നോ സീറ്റ് നിലനിർത്തിയെന്ന് പറയുന്നുണ്ട്. ശ്രീ. വി. കെ. സി. മമ്മത് കോയ അവിടെ ഇരിപ്പുണ്ട്. അദ്ദേഹം ഈ അസംബ്ലിയിലേയ്ക്ക് വന്നപ്പോൾ കോഴിക്കോട് നഗരസഭാ മേയറായിരുന്നു. അദ്ദേഹം കഴിഞ്ഞതവണ നല്ലൊരു ശതമാനം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. പക്ഷേ ഈയിടെ പുറത്തുവന്ന റിസൽട്ടിൽ 422 വോട്ടിന് ശ്രീ. വി. കെ. സി. മമ്മത് കോയയുടെ സിറ്റിംഗ് സീറ്റ് നഷ്ടപ്പെട്ടുവെന്നതാണ്. Your days are being counted എന്ന് പറയുന്ന രീതിയിൽ ഒരു തിരിച്ച് നോട്ടത്തിന് സമയമായിരിക്കുന്നു. ശ്രീ. വി. കെ. സി. മമ്മത് കോയയുടെ തകരാറ് കൊണ്ട് സംഭവിച്ചതല്ല. മാന്യനായ ഒരു മെമ്പറാണ് അദ്ദേഹം. പക്ഷേ അങ്ങനെയുള്ള ഒരു മാന്യനായ മെമ്പർക്ക് അക്കോമഡേഷൻ കൊടുക്കാത്തതുകൊണ്ടാണോ അതോ അവിടെ പ്രവൃത്തിക്കേണ്ട

അദ്ദേഹത്തെ സ്ഥലം മാറ്റി കൊണ്ടുവന്നതിനാണോ എന്തായാലും അവിടെയുള്ള ജനം വളരെ ക്ഷോഭത്തിലാണെന്നതിന്റെ തെളിവാണ്. ഞങ്ങൾ കഴിഞ്ഞ തവണ തോറ്റയിടത്ത് 422 വോട്ടിന് ജയിച്ചു എന്നുപറയുന്നത് ഒരു ചെറിയ കാര്യമാണോ? അതുകൊണ്ട് ഇങ്ങനെയുള്ള തെറ്റുകൾ തിരുത്തുവാൻ നിങ്ങൾ നോക്കണം.

മി. സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവാസി സമൂഹം ബുദ്ധിമുട്ടുകളനുഭവിച്ചപ്പോൾ പാസ്പോർട്ടൊന്നും ഇല്ലാതെ എത്ര മനോഹരമായാണ് അന്നത്തെ പ്രവാസികാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. സി. ജോസഫ് അതെല്ലാം പരിഹരിച്ചത്? ലിബിയയിലും മറ്റ് വിദേശ രാജ്യങ്ങളിലുമൊക്കെ നടന്ന കാര്യങ്ങൾ മോണിറ്റർ ചെയ്ത് എംബസിയുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രവാസികാര്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജുമായി ബന്ധപ്പെട്ട് പരിഹരിച്ചു. ഞങ്ങൾക്കുള്ള അധികാരത്തിൽ ചെറിയ പരിമിതിയുണ്ടെന്ന് മനസ്സിലാക്കി അതനുസരിച്ച് മാത്രമേ അന്നത്തെ പ്രവാസികാര്യമന്ത്രി പ്രതികരിച്ചുള്ളൂ. പ്രശ്നത്തിലിടപെട്ടു എന്നുമാത്രമല്ല തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുനരധിവസിപ്പിച്ചു, മടങ്ങിവരാനുള്ള ടിക്കറ്റ്, വിമാനത്താവളത്തിൽ നിന്നും

പുറപ്പെടാനുള്ള സൗകര്യങ്ങൾ എന്നുവേണ്ട ഓരോ മിനിട്ടിലും മോണിറ്റർ ചെയ്ത ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ ഇരിക്കുന്നുവെന്ന കാര്യം നിങ്ങൾ ഓർക്കുക. അതുകൊണ്ട് പ്രവാസികൾക്ക് വേണ്ടത് രോദനമല്ല അവർക്ക് വേണ്ടത് അവരെ സഹായിക്കുന്ന നടപടികളും നിയമനിർമ്മാണങ്ങളുമാണ്. ഇവിടെപ്പറഞ്ഞ മറ്റൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വിമാനക്കൂലിയെപ്പറ്റി പറഞ്ഞു. അമേരിക്കയിലേക്കും ബ്രിട്ടനിലേക്കും പോകാൻ സീസൺ വരുമ്പോൾ നിരക്ക് കൂട്ടുന്നില്ല. പാവപ്പെട്ട മലയാളികൾ പണിയെടുക്കുന്ന ഗൾഫ് മേഖലയിലേയ്ക്കുള്ള യാത്രാനിരക്ക് ഓണമായാലും ക്രിസ്തുമസ്സായാലും പെരുനാളായാലും ഇരട്ടിയായി വർദ്ധിപ്പിക്കുകയണ് ചെയ്യുന്നത്. എന്തായാലും മലയാളികൾ നാട്ടിൽവരുമെന്നറിയാം. ആ കൊള്ളയടിക്കെതിരായി അതിശക്തമായി പോരാട്ടം നടത്തിയ മന്ത്രിമാരൊക്കെ ഇവിടെയുള്ളതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി നിങ്ങൾ ചർച്ച ചെയ്യണം. മാത്രമല്ല മുമ്പ് കേന്ദ്ര ഗവൺമെന്റിനെതിരെ വലിയ സമരങ്ങളാണ് നിങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ സമരങ്ങളൊന്നും കാണുന്നില്ലല്ലോ? ഭക്ഷ്യ കമ്മി

വന്നാലും മറ്റ് പ്രശ്നങ്ങളുണ്ടായാലും കേന്ദ്ര ഗവൺമെന്റിനെതിരെ എൽ.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും യാതൊരു സമരപരിപാടികളും കാണുന്നില്ല. എത്രകാലമാണ് കേന്ദ്രത്തിനെതിരായുള്ള സമരങ്ങൾക്ക് നിങ്ങൾ മൊറട്ടോറിയം പ്രഖ്യാപിച്ചതെന്നുകൂടി പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് വളരെ സജീവമായ ചർച്ച ഇന്ന് നിയമസഭയിൽ ഉണ്ടായി. വിവിധ ചോദ്യങ്ങൾ മുമ്പോട്ടുവച്ചു. ഇതിൽ കേന്ദ്രം വളരെ നിർഭാഗ്യകരമായ സമീപനമാണ് എടുത്തിരിക്കുന്നത്. നമുക്ക് ന്യായമായ നിലയിൽ ലഭ്യമാക്കേണ്ട ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. അവർ അതിന് ന്യായം പറയുന്നത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നത് വൈകുന്നുവെന്നുള്ളതുകൊണ്ടാണ് നമുക്ക് ഭക്ഷ്യധാന്യങ്ങൾ കുറയ്ക്കുന്നത് എന്നാണ്. അതിൽ എ.പി.എൽ.കാർക്ക് എം.എസ്.പി. റേറ്റിലേ നൽകുകയുള്ളൂ അഡീഷണൽ അലോട്ട്മെന്റ് നൽകുകയില്ല തുടങ്ങിയ വാദഗതികളും സമ്മർദ്ദങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുകയാണ്. എൻ.എഫ്.എസ്.എ. നടപ്പിലാക്കിയിട്ടുള്ള എല്ലാ സംസ്ഥാനങ്ങളും

നമ്മൾ പരിശോധിച്ച് കഴിഞ്ഞാൽ അവിടെ ഈ അഡീഷണൽ അലോട്ട്മെന്റും അതോടൊപ്പം എ.പി.എൽ. അലോട്ട്മെന്റും അവർ നൽകുന്നത് എം.എസ്.പി. റേറ്റിലാണ്. എ.പി.എൽ. റേറ്റിൽ ഒരിടത്തും നൽകുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ നമുക്ക് ലഭ്യമാകുന്ന ഭക്ഷ്യധാന്യമെത്ര? 14.25 ലക്ഷം ടൺ. ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത് "ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ഭക്ഷ്യധാന്യത്തിൽ കുറവുണ്ടാകും." 2015-16 കാലയളവിൽ നമുക്ക് ലഭിച്ചത് ഏകദേശം 16 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളാണ്. ഇപ്പോൾ ഈ നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ അത് 14.25 ലക്ഷം ടണ്ണായി കുറയാൻ പോകുന്നു. ഈ നിയമം നടപ്പിലാക്കാത്തതുകൊണ്ടാണ് നമുക്ക് റേഷൻ സംവിധാനത്തിൽ ചില പ്രശ്നങ്ങൾ കടന്നുവരുന്നു എന്ന് പറയുമ്പോൾ നിയമം നടപ്പിലാക്കി കഴിയുമ്പോഴുണ്ടാകുന്ന കുറവ് അതെങ്ങനെ പരിഹരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്? അതുകൊണ്ടാണ് ഞാൻ ചോദ്യോത്തരവേളയിൽ പറഞ്ഞത്, നമ്മുടെ ക്ലെയിം 16.5 ലക്ഷം ടണ്ണാണ്. 16.5 ലക്ഷമെന്ന ക്ലെയിമിൽ യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായി നിന്നിട്ടുണ്ട്. ആ ക്ലെയിം തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ

കഴിയണം. ഇന്ന് രാവിലെ നിയമസഭയിൽ നൽകിയ മറുപടിയിൽ അദ്ദേഹം പറഞ്ഞത് നിയമം സമയത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ക്ലെയിം നമുക്ക് ചോദിക്കാമായിരുന്നു. ഇനി നമ്മൾ എങ്ങനെ ചോദിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറയുമ്പോൾ നമ്മുടെ ശക്തമായ ക്ലെയിമിന് ഒരു അടി വീഴുന്ന നിലയിലേക്ക് അത് മാറിയിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അത് പിൻവലിക്കേണ്ടതാണെങ്കിൽ അത് പിൻവലിക്കണം. ഗവൺമെന്റ് എന്നത് ഒരു തുടർച്ചയാണ്. പാർട്ടികൾ മാറിമാറി വരും. നമ്മുടെ ക്ലെയിമെന്നത് ശക്തമായി നിൽക്കുന്നു. മന്ത്രി തന്നെ പറയുന്നത് നിയമം സമയത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ക്ലെയിമിൽ നമുക്ക് ഉറച്ച് നിൽക്കാമായിരുന്നു എന്നാണ്. ആ ക്ലെയിമിൽ നിന്ന് പിന്നോട്ട് പോകുന്ന സാഹചര്യം ദയവായി ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവരുത് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തും യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത സമീപനമെന്തായിരുന്നു. ഞാൻ അത് നേരത്തെ വ്യക്തമാക്കിയിരുന്നു. നിയമം ഒരു താല്ക്കാലിക ബേസിസിൽ നടപ്പിലാക്കി പോകാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റുമായി നടത്തിയ വിവിധ ചർച്ചകളിലും കത്തിടപാടുകളിലുമൊക്കെ ഞങ്ങൾ മുമ്പോട്ടുവച്ചിരുന്ന ഒരു വിഷയവും അത്

തന്നെയായിരുന്നു. ഇത് നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗത്തെ കണ്ടെത്തി ഇതിന്റെ പരാതി പരിഹാര സംവിധാനങ്ങൾ ലഭ്യമാക്കി സ്റ്റേറ്റ് റൂൾസും നടപ്പിലാക്കി എല്ലാ രീതിയിലും നിയമത്തിന്റെ പഴുതുകൾ അടച്ച് പൂർണ്ണമായ ഒരു നിയമം....ഇന്ത്യയിൽ പരിശോധിച്ചു കഴിഞ്ഞാൽ മിക്ക സംസ്ഥാനങ്ങളും നടപ്പിലാക്കിയിട്ടുള്ളത് ഒന്നുകിൽ ഭാഗികമായിട്ടാണ് അല്ലെങ്കിൽ നിലവിലുള്ള അവരുടെ ബി.പി.എൽ. ലിസ്റ്റ് പ്രയോറിട്ടിയാക്കി അവർ നിയമം നടപ്പിലാക്കി. അങ്ങനെ നിയമം നടപ്പിലാക്കാമായിരുന്നുവെങ്കിൽ 2014-ൽ തന്നെ ഈ നിയമം നടപ്പിലാക്കാൻ നമുക്ക് കഴിയും. പക്ഷെ ബഹുമാനപ്പെട്ട എല്ലാ നിയമസഭാ സാമാജികർക്കും അറിവുള്ളതുപോലെ നമ്മുടെ ബി.പി.എൽ. ലിസ്റ്റിൽ അപാകതകളുണ്ട്. ആ ലിസ്റ്റ് മുൻഗണനാ പട്ടികയാക്കി വയ്ക്കുമ്പോൾ ഇത്രയും നാൾ തുടർന്ന് വന്ന ഒരു തെറ്റ് വീണ്ടും ആവർത്തിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് അത് വേണ്ട എന്നുള്ളതും അതിൽ ഭേദഗതി കൊണ്ടുവന്ന് നടപ്പാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിച്ചത്. അതിനനുസൃതമായിട്ടായിരുന്നു കഴിഞ്ഞ ഗവൺമെന്റ് അതിന്റെ നടപടികളുമായി മുമ്പോട്ട് പോയതും. സ്വാഭാവികമായും അതിന് സമയമെടുക്കും. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് ഒന്നും ചെയ്തില്ലായെന്ന നിലയിലുള്ള പരാമർശം തികച്ചും ദൗർഭാഗ്യകരമാണ്. നിയമം നടപ്പാക്കുന്നതുമായി

ബന്ധപ്പെട്ട് എന്തൊക്കെ ചെയ്തു എന്ന് ഞാൻ ചോദിച്ചതിന് ഈ ഗവൺമെന്റ് നൽകിയ മറുപടികളുണ്ട്. ഞങ്ങൾ ചെയ്ത കാര്യങ്ങൾ അത് ഞാൻ ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. സജീവമായിത്തന്നെ ഈ നിയമം നടപ്പിലാക്കാനുള്ള നടപടികൾ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് സ്വീകരിച്ചിരുന്നു. അത് കൃത്യതയോടെ കൊണ്ടുവരണം. പരാതി പരിഹാര സംവിധാനങ്ങൾ കൊണ്ടുവരണം. രാവിലെ ചോദിച്ച ചോദ്യം അതായിരുന്നു. ഗ്രിവൻസ് റിഡ്രസ്സൽ മെക്കാനിസത്തിൽ 17 തസ്തികകൾ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് രൂപീകരിച്ചു. കൂടുതൽ തസ്തികകൾ കൊണ്ടുവരാൻ പുതിയ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിക്കുകയുണ്ടായി. നമുക്ക് ലഭ്യമായിരിക്കുന്ന ഭക്ഷ്യധാന്യം നിലനിർത്തി മുന്നോട്ട് പോകുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം ഈ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ വിഭാഗക്കാർക്ക് സൗജന്യമായി അരി കൊടുക്കണം. അതിനെക്കുറിച്ചും ചോദ്യോത്തരവേളയിൽ മന്ത്രി പറഞ്ഞത് അത് പരിശോധിക്കുമെന്നാണ്. അത് സംബന്ധിച്ച് പരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കരുതുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി അരി നൽകിയ ഒരു ഗവൺമെന്റാണ്. ആ പദ്ധതി

തുടരണം. മുൻഗണനാ വിഭാഗമായി വരുമ്പോൾ അവർക്ക് സൗജന്യമായി അരി നൽകാനുള്ള സാഹചര്യം ഇവിടെയുണ്ടാകണം.

നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ വൈകുന്നത്? ഇപ്പോൾ നെല്ലിന്റെ താങ്ങുവില 14.70 രൂപയായി കേന്ദ്ര സർക്കാർ നിജപ്പെടുത്തി. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചപ്പോൾ പല ആവർത്തി ഞങ്ങളോട് ഈ ചോദ്യം ചോദിക്കുമായിരുന്നു എന്തുകൊണ്ടാണ് വില വർദ്ധിപ്പിക്കാത്തത് എന്ന്. കേന്ദ്ര സർക്കാർ എപ്പോൾ വർദ്ധിപ്പിച്ചാലും അപ്പോൾ ഞങ്ങളും അതിനനുസരിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ 3 വർഷം ഞങ്ങൾ ഒന്നും ചെയ്തില്ല എന്നുള്ള പരാമർശങ്ങൾ വീണ്ടും വരുമ്പോൾ ഒരുകാര്യം ഞാൻ പറയട്ടെ, ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഒരു മണി അരിപോലും കേരളത്തിൽ കുറവുണ്ടായിട്ടില്ല. ഇപ്പോൾ മണ്ണെണ്ണ കുറഞ്ഞു. ഭക്ഷ്യഭദ്രതാ നിയമവുമായി എന്തെങ്കിലും ബന്ധമുണ്ടോ മണ്ണെണ്ണയ്ക്ക്? ഒരു ബന്ധവുമില്ല. മണ്ണെണ്ണ ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാൻ വൈകുന്നുവെന്നുള്ളതുകൊണ്ടാണ് ഇവിടത്തെ റേഷൻ

സംവിധാനത്തിൽ പ്രശ്നങ്ങൾ വരുന്നത് എന്ന് പറയുമ്പോൾ എന്തുകൊണ്ട് മണ്ണെണ്ണ കുറഞ്ഞു? എന്തുകൊണ്ടാണ് ഈ ഗവൺമെന്റിന് സ്കൂൾ കുട്ടികൾക്ക് 5 കിലോ അരി സൗജന്യമായി ഇക്കഴിഞ്ഞ ഓണക്കാലത്ത് കൊടുക്കാൻ കഴിയാതിരുന്നത്? അതൊക്കെ ഭക്ഷ്യഭദ്രതാ നിയമം വൈകുന്നുവെന്നുള്ളതുകൊണ്ടാണോ? എവിടെയൊക്കെയോ പാളിച്ചകൾ സംഭവിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ അതിനെ വൈകാരികമായി ഗവൺമെന്റ് എടുക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്......അങ്ങയുടെ സമയം കഴിഞ്ഞു....

<u>ശ്രീ. അനൂപ് ജേക്കബ്</u>: നിർത്തുകയാണ്.......നമുക്ക് 34000 കിലോ ലിറ്റർ മണ്ണെണ്ണ എൻ.ഡി.എ. ഗവൺമെന്റ് നിർത്തലാക്കി. ഞങ്ങൾ കേന്ദ്രത്തിൽ പോയി ശക്തമായ സമ്മർദ്ദം ചെലുത്തി ആ മണ്ണെണ്ണ വീണ്ടും പുന:സ്ഥാപിച്ചെടുക്കുവാൻ ഗവൺമെന്റിന് കഴിഞ്ഞു. ഞങ്ങളുടെ കാലത്ത് അരി വിഹിതത്തിലോ മണ്ണെണ്ണ വിഹിതത്തിലോ ഒരു കുറവും വരാൻ അനുവദിച്ചിരുന്നില്ല. ആവശ്യമായ സമയങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തി ഞങ്ങൾ മുമ്പോട്ട് പോയിരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഗവൺമെന്റിന് മുമ്പോട്ട് പോകാൻ കഴിയണം.

ഇപ്പോൾ റേഷൻ കാർഡുകളുടെ പരാതി സ്വീകരിക്കുന്ന സമയമാണ്. എന്തായാലും പഴയ ബി.പി.എൽ. കാർഡ് മുൻഗണനാ കാർഡാക്കി അടുത്ത മാസം 1-ാം തീയതി മുതൽ നിയമം കൊണ്ടുവരുന്നുവെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ പിന്നീട് റേഷൻ കാർഡുകളിന്മേലുള്ള പരാതികൾക്കുള്ള സമയം ദീർഘിപ്പിച്ചുകൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഈ മാസം 30-ാം തീയതി വരെയേ സമയമുള്ളൂ. അതിന് ആവശ്യമായ സമയം കൊടുക്കണം. നിയമം നിങ്ങൾ പഴയ കാർഡ് വച്ച് നടപ്പിലാക്കുന്നു അതിനാൽ ഇപ്പോഴുള്ള റേഷൻ കാർഡുകൾക്ക് വരുന്ന പരാതികൾ കേൾക്കാനും അത് പരിഹരിക്കാനുമായി ആവശ്യമായ സമയം കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേന്ദ്രത്തിൽ നിന്ന് ഇത് നേടിയെടുക്കുവാൻ ഗവൺമെന്റ് എടുക്കുന്ന ഏത് തീരുമാനങ്ങൾക്കും ശക്തമായ പിന്തുണ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുണ്ടാകും. ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. ഭരണ-പ്രതിപക്ഷ ആരോപണ പ്രത്യാരോപണമല്ല വേണ്ടത്. കേന്ദ്രത്തിന്റെ ഈ സമീപനം തെറ്റാണെന്നും കൂട്ടായ പ്രവർത്തനത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ നേടാനും നിലനിർത്താനും നമുക്ക് സാധിക്കണം. ഗവൺമെന്റ് ഇത്തരത്തിലുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ

ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, എക്സൈസ്, തൊഴിൽ, തൊഴിലാളിക്ഷേമം, പ്രവാസിക്ഷേമം, ഭക്ഷ്യം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. എം. ഉമ്മർ സാഹിബും, ശ്രീ. എൽദോസ് കുന്നപ്പിള്ളിയുമൊന്നും സ്ഥലത്തില്ല. ശ്രീ. എം. ഉമ്മർ സാഹിബാണെങ്കിൽ പതിനാലിൽ പത്ത് സീറ്റിൽ എൽ.ഡി.എഫ്. ജയിച്ചതിനെ കാണാതെ കോഴിക്കോട് ഒരു സീറ്റിൽ പരാജയപ്പെട്ടതാണ് വലിയ കാര്യമായി അവതരിപ്പിച്ചത്. യോദ്ധാ എന്ന സിനിമയിൽ എല്ലാ പരാജയങ്ങളും ഏറ്റ് വാങ്ങുമ്പോഴും ജഗതി ശ്രീകുമാർ പറയുന്നതുപോലെ "അടുത്ത പാട്ടുമത്സരത്തിന് കാണാം" എന്നുള്ള അദ്ദേഹത്തിന്റെ പരാമർശം പോലെയാണ് ശ്രീ. ഉമ്മർ സാഹിബിന്റെ വാക്കുകൾ കേട്ടപ്പോൾ എനിക്ക് തോന്നിയത്. എക്സൈസ് വകുപ്പിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ മദ്യ നയത്തെ പുകഴ്ത്തിയാണ് എന്റെ സുഹൃത്ത് ശ്രീ. റോജി എം. ജോണും ശ്രീ. എൽദോസ് കുന്നപ്പിള്ളിയുമൊക്കെ വല്ലാതെ പ്രസംഗിച്ചത്. അതിൽ അവർ വല്ലാതെ ഊറ്റം കൊള്ളുന്നതും കണ്ടു. ആ നയത്തിന്റെ ആകെ തുകയൊന്ന് നോക്കിയാൽ ഇപ്പോൾ കാണാൻ കഴിയും. ഖജനാവിലേക്ക് എത്തേണ്ട കോടിക്കണക്കിന് രൂപ സ്വന്തം സമ്പാദ്യത്തിലേക്ക്

മാറ്റാനാകുമെന്ന് തെളിയിച്ച ഒരു മുൻ എക്സൈസ് വകുപ്പുമന്ത്രി, അതിന്റെ പേരിൽ കണ്ടമാനം വെള്ളം കുടിക്കുന്ന അവസ്ഥയാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ആ മുൻ എക്സൈസ് വകുപ്പുമന്ത്രിക്ക് സ്വാതന്ത്ര്യസമര സേനാനിക്ക് നൽകുന്ന പരിരക്ഷയൊക്കെയാണ് കോൺഗ്രസ്സുകാർ നൽകിക്കൊണ്ടിരിക്കുന്നത്. ഓരോ തവണ വിജിലൻസ് ചോദ്യം ചെയ്യുമ്പോഴും പരിവാരങ്ങളുമായി മൊഴിനൽകാൻ വരുമ്പോൾ രാഷ്ട്രസേവനത്തിനായി അദ്ദേഹം ചെയ്ത സേവനത്തെക്കുറിച്ചാണ് അവർ ഊറ്റം കൊള്ളുന്നത്. ഈ പ്രശ്നത്തിൽ ആദ്യം മുതലേ മൗനം പാലിക്കുകയായിരുന്ന കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ. അദ്ദേഹത്തെക്കൊണ്ട് പേരിനെങ്കിലും ഒരു പ്രതിരോധ പ്രസ്താവന കൊടുപ്പിക്കാൻ കഴിഞ്ഞത് കൂട്ടപ്പീഡിപ്പിക്കലിന് വിധേയമാക്കിയതിന് ശേഷമാണെന്നുള്ളത് വ്യക്തമാണ്. ഇപ്പോൾ നമ്മൾ ബാബുവിനെ പിന്തുണച്ചില്ലെങ്കിൽ പിന്നെ മുൻമന്ത്രിമാരെ വച്ച് കെ.പി.സി.സി. യോഗം കൂടണമെങ്കിൽ സെൻട്രൽ ജയിലിൽ പോയി കൂടണമെന്ന ഭീഷണി മുഴക്കിയായിരിക്കണം അദ്ദേഹത്തക്കൊണ്ട് ഇത് പറയിപ്പിച്ചതെന്നാണ് എന്റെ വിശ്വാസം. ഉള്ളത് പറയണമല്ലോ, ശ്രീ. ബാബുവിനെ തുടക്കം മുതൽ പിന്തുണയ്ക്കാൻ ശ്രീ. ഉമ്മൻ ചാണ്ടി കാണിച്ചിരുന്ന ആത്മാർത്ഥത, അത് പറയാതിരിക്കാൻ പറ്റില്ല.

മുഖത്ത് മാത്രമല്ല ശരീരം മുഴുവൻ കണ്ണും കാതുമുള്ള ശ്രീ. ഉമ്മൻ ചാണ്ടി ശ്രീ. ബാബുവിന്റെ ഒരിടപാടും അറിഞ്ഞില്ല എന്നുപറഞ്ഞാൽ ഈ ലോകത്ത് ആരെങ്കിലും വിശ്വസിക്കുമോ? അതുകൊണ്ട് എല്ലാമറിയുന്ന ശ്രീ. ഉമ്മൻ ചാണ്ടി ശ്രീ. ബാബു പത്തുകോടി രൂപ വാങ്ങി എന്ന ആരോപണത്തെച്ചൊല്ലി നൽകിയ രാജിക്കത്ത് പോക്കറ്റിലിട്ട് ശ്രീ. ബാബുവിനെ രക്ഷിക്കാൻ നടത്തിയ നാടകങ്ങൾ രാഷ്ട്രീയ കേരളം കണ്ട് ലജ്ജിച്ച് തലതാഴ്ത്തിയതാണ്. ശ്രീ. ബാബുവിനെ രക്ഷിക്കാൻ നിങ്ങളാരും വന്നില്ലെങ്കിലും ഇവിടെ അദ്ദേഹത്തെ രക്ഷിക്കാൻ വാദിച്ചില്ലെങ്കിലും ശ്രീ. ഉമ്മർ സാഹിബ് കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വാദിക്കുന്നത് കേട്ടു....(ബഹളം)..എക്സൈസ് വകുപ്പിന്റെ ചർച്ചയാണ്...കഴിഞ്ഞ നയത്തെക്കുറിച്ച് പറയുമ്പോൾ.....അന്നത്തെ മന്ത്രി..(ബഹളം)..ശ്രീ. ബാബു എന്ന് പറയുന്നില്ല....കഴിഞ്ഞ എക്സൈസ് മന്ത്രിയെന്ന് പറഞ്ഞേക്കാം....പേര് പറയുന്നില്ല......എത്രയോ പേര് പറഞ്ഞു.. പേര് പറയാൻ.........ഇത് സാധാരണ പറയുന്നതല്ലേ?

<u>മി. സ്പീക്കർ</u>: എന്താണ്..............യെസ്......പ്ലീസ്.......പ്ലീസ്...അങ്ങ് സംസാരിക്കൂ....

<u>ശ്രീ. എ. എം. ആരിഫ്</u>: കഴിഞ്ഞ ദിവസം ഇതേ ചർച്ചയിൽ

ശ്രീ. ഉമ്മർ സാഹിബ് ശ്രീ. ബാബുവിന് വേണ്ടി വാദിച്ചല്ലോ.......ഇവരാരും വാദിച്ചില്ലെങ്കിലും അദ്ദേഹം വാദിച്ചു.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.....അങ്ങ് സംസാരിക്കൂ...

ശ്രീ. എ. എം. ആരിഫ്: അദ്ദേഹം വാദിച്ചു. ഒരാളുപോലും അദ്ദഹത്തിന് വേണ്ടി വാദിച്ചില്ലെങ്കിലും ശ്രീ. ഉമ്മർ സാഹിബ് വാദിച്ചു. അദ്ദേഹം ചോദിച്ചതെന്താണ്? ശ്രീ. ബാബുവിന്റെ ഭാര്യയുടെ ലോക്കർ ഒഴിപ്പിക്കലൊക്കെ അന്വേഷിക്കാൻ പോകേണ്ട വല്ല കാര്യവുമുണ്ടോ? വീട്ടിലെ മറ്റ് അംഗങ്ങളുടെ പിന്നാലെ പോലീസ് പോകുന്നത് ശരിയാണോ എന്നൊക്കെ ചോദിച്ചാണ് അദ്ദേഹം ശ്രീ. ബാബുവിന് വേണ്ടി വാദിച്ചത്. അദ്ദേഹം ഒരു വക്കീൽകൂടിയാണ്. നിയമമറിയാവുന്ന ആളാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷെ ഇങ്ങനെ വാദിക്കുമെന്ന് ഞാൻ വിചാരിച്ചില്ല. രണ്ട് വർഷം കൂടുമ്പോൾ നമ്മളൊക്കെ ഗവർണ്ണർക്ക് സ്റ്റേറ്റ്മെന്റ് കൊടുക്കുന്നുണ്ട്. നമ്മുടെ മാത്രമാണോ? ഭാര്യ ഉൾപ്പടെയുള്ള കുടുംബാംഗങ്ങളുടെ കൂടി ചേർത്ത് കൊടുക്കണം. അങ്ങനെ കൊടുക്കണമെന്ന വ്യവസ്ഥ അറിയാമെന്നിരിക്കെ അവിടെ ലോക്കർ ഒഴിപ്പിക്കാൻ പോയ ദൃശ്യങ്ങളെല്ലാം മാധ്യമങ്ങളിൽ കാണിക്കുമ്പോൾ അതെല്ലാം അന്വേഷിക്കുന്നത് ശരിയാണോ എന്നുള്ള മട്ടിലേയ്ക്ക് അദ്ദേഹം പരാമർശിച്ചത് ഒട്ടും ശരിയായില്ല. അദ്ദേഹമെന്തിനാണ് ഇങ്ങനെ

വ്യാകുലചിത്തനാകുന്നത്?

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ...

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ....ഒരു അന്വേഷണം നടക്കുന്ന കേസ്സിനെക്കുറിച്ച് ഈ സഭയിൽ  പരാമർശിക്കുന്നത് ശരിയാണോ? വിജിലൻസ് കോടതിയിൽ പരാതി കൊടുത്ത് അന്വേഷണം നടക്കുന്ന ഒരു കേസ്സിന്റെ മെറിറ്റിനെപ്പറ്റി പറയുന്നത് ശരിയാണോ?

<u>മി. സ്പീക്കർ</u>: അങ്ങ് ഏതു ചട്ടപ്രകാരമാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ചട്ടം എന്തുമാകട്ടെ. 307 ചട്ടപ്രകാരമാണ് ഉന്നയിക്കുന്നത്. ഇവിടെ വിജിലൻസ് കോടതിയുടെ നിർദ്ദേശ പ്രകാരം അന്വേഷിക്കുന്ന കേസ്സിന്റെ മെറിറ്റിനെക്കുറിച്ചുള്ള പരാമർശം രേഖയിൽ നിന്നും നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: രേഖ പരിശോധിച്ച് നീക്കം ചെയ്യാം.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഇവിടെ യു.ഡി.എഫ്. മെമ്പർമാർ പ്രസംഗിച്ചപ്പോൾ പ്രകീർത്തിച്ച മദ്യനയം യഥാർത്ഥത്തിൽ എന്താണ്? ടൂ സ്റ്റാർ ലൈസൻസ് പുതുക്കേണ്ട സമയത്ത് പുതുക്കാതെ വില പേശി നീട്ടികൊണ്ടുപോയി. ഇങ്ങനെ നീട്ടിക്കൊണ്ടുപോയ സമയത്ത് ടൂ സ്റ്റാറിനുമാത്രമല്ല ത്രീ സ്റ്റാറിന്റെയും

ലൈസൻസ് പുതുക്കാൻ പാടില്ല എന്നു പറഞ്ഞ് കെ.പി.സി.സി. പ്രസിഡന്റ് രംഗത്തുവന്നു. അപ്പോൾ പാർട്ടി പാർട്ടിയുടെ നയം പറയും, ഞങ്ങൾക്ക് സർക്കാരിന്റേതായ വഴികളും നയങ്ങളുമുണ്ട്; അതുമായി മുന്നോട്ടു പോകേണ്ടിവരുമെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് നിങ്ങളാരും മറന്നു പോകരുത്. അതായത് ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് വേറെ നയമുണ്ട്, അതുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് അദ്ദേഹം ആദ്യം പ്രസ്താവിച്ചത്. പിന്നീട് അദ്ദേഹം അതിൽ നിന്നും പിൻമാറിയത് എന്തുകൊണ്ടാണ്? ഇത് ടൂ സ്റ്റാറിന്റെയും ത്രി സ്റ്റാറിന്റെയും പ്രശ്നമല്ല. ഇത് സി.എം. കസ്സേരയിലേക്കുള്ള പുതിയ സ്റ്റാർ അതായത് ആറാം സ്റ്റാറിലേക്കുള്ള ലക്ഷ്യമാണെന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടി മനസ്സിലാക്കിയപ്പോൾ അദ്ദേഹമാണ് എന്നാൽ പിന്നെ ഫോർ സ്റ്റാറും കൂടി അടയ്ക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അന്നത്തെ കെ.പി.സി.സി. പ്രസിഡന്റിനെ സീറോ സ്റ്റാറാക്കാൻ വേണ്ടി നടത്തിയ നയത്തിൽ നിന്നും രൂപപ്പെട്ടതാണ് അന്നത്തെ മദ്യനയം. ഞാൻ വെറുതെ പറയുന്നതല്ല. ഇതിനെക്കുറിച്ച് നിങ്ങൾ നടത്തിയ പ്രസ്താവന ഇവിടെയുണ്ട്. സ്റ്റാർ പദവിക്കുവേണ്ടി രണ്ടു നേതാക്കന്മാർ തമ്മിലുള്ള തർക്കത്തിൽ നിന്ന് രൂപപ്പെട്ടതാണ് നിങ്ങളുടെ നയം. മറ്റൊരു അർത്ഥത്തിൽ

 രൂപപ്പെട്ടതല്ല ഈ മദ്യനയം. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സ്റ്റാർ വാർ നടന്നതിന്റെ ഭാഗമായി ഉണ്ടായതാണ് മദ്യനയം. കേരള കൗമുദിയിൽ ഓഗസ്റ്റ് 17-ന് വന്ന വാർത്ത ഇങ്ങനെയാണ്, 'കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തെ തള്ളിയുള്ള പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ പരാമർശത്തോടെ മദ്യനയം വീണ്ടും ചർച്ചയും വിവാദവുമായി. മദ്യനയത്തിൽ പ്രതിപക്ഷത്തിന്റെ വ്യത്യസ്ത അഭിപ്രായം ചൂണ്ടിക്കാട്ടി മദ്യനയം തിരുത്തേണ്ട ആവശ്യത്തിന് ഭരണപക്ഷവും അടിവരയിട്ടു'. യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയം തെരഞ്ഞെടുപ്പിൽ പൂർണ്ണമായും ഗുണം ചെയ്തില്ലെന്നായിരുന്നു ഒരു വാരികയ്ക്ക് നൽകിയ അഭിമുഖത്തിൽ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. അദ്ദേഹം ഓഗസ്റ്റ് 21 -ലെ കലാ കൗമുദി വാരികയ്ക്ക് നൽകിയ അഭിമുഖം എന്റെ കൈവശമുണ്ട്. അതിൽ, എന്തുകൊണ്ട് ജനം മദ്യനയത്തിന് അനുകൂലമായി വോട്ട് ചെയ്തില്ല എന്ന ചോദ്യത്തിന്, മദ്യനയം വേണ്ടവിധം ഏറ്റില്ല എന്നത് യാഥാർത്ഥ്യമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. അങ്ങനെയെങ്കിൽ മദ്യനയത്തിൽ തിരുത്തലോ പുനരാലോചനയോ കോൺഗ്രസ് നടത്തേണ്ടതല്ലേ എന്ന ചോദ്യത്തിന്, അതൊക്കെ പാർട്ടി ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്, ഞാൻ ഒറ്റയ്ക്ക് പറയേണ്ട കാര്യമല്ല എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

പറഞ്ഞത്. അപ്പോൾ, മദ്യനയം പാർട്ടി തിരുത്തണമെന്ന് സ്വയം തോന്നുന്നില്ലേ എന്നതിന് മദ്യനയത്തിന്റെ പ്രയോജനം പൂർണ്ണമായും ലഭിച്ചില്ല എന്നുള്ളത് യാഥാർത്ഥ്യമാണ് എന്നാണദ്ദേഹം പറഞ്ഞത്. ഇതിനെക്കുറിച്ച് ശ്രീ. കെ. സുധാകരനും ശ്രീ. എം. എം. ഹസ്സനുമൊക്കെ പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. മദ്യനയത്തെ സംബന്ധിച്ച് ഇവരുടെ നയം എങ്ങനെ രൂപപ്പെട്ടതാണെന്നും അതിനെ സംബന്ധിച്ചുള്ള ഇവരുടെ അഭിപ്രായം എന്താണെന്നും ഇതിനുശേഷം ഇവരുടെ നേതാക്കന്മാർ ഓരോരുത്തരായി പറഞ്ഞതിൽ നിന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ ദിവസം ശ്രീ. ടി. കെ. മുരളിയുടെ ചോദ്യത്തിന് ഉത്തരമായി മദ്യത്തിന്റെ ഉപഭോഗം കുറച്ചു എന്നു പറയുമ്പോൾ മദ്യത്തിന്റെ ഉപഭോഗത്തിൽ ചെറിയ കുറവാണ് വന്നിട്ടുള്ളത്. 13, 14 തീയതികളിൽ ഒരു ശതമാനം കുറവാണ് മുൻവർഷത്തെ അപേക്ഷിച്ച് മദ്യത്തിന്റെ വില്പനയിൽ ഉണ്ടായിട്ടുള്ളത്. 2014 -15 ൽ 8 %, 2015-16 ൽ 9 %. മറ്റു മദ്യങ്ങളിലെല്ലാം വർദ്ധനവ് വന്നിട്ടുണ്ട്. മയക്കുമരുന്നിലേക്ക് എത്തിയപ്പോൾ കേരളത്തിന്റെ സ്ഥിതി എന്താണ്? 2013-14-ൽ 860, 2014-15- ൽ 1021, 2015-16 എത്തിയപ്പോൾ 1704 എന്നിങ്ങനെയാണ് എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസ്സുകൾ. എങ്ങോട്ടാണ് കേരളം പോകുന്നത്. മദ്യത്തിൽ നിന്നും

മയക്കുമരുന്നിലേക്കാണ് കേരളം പോകുന്നത്. ശ്രീ. പാറയ്ക്കൽ അബ്ദുല്ല ചർച്ചയിൽ പങ്കെടുത്തപ്പോൾ, 1968-ൽ മലബാർ മേഖലയിലുണ്ടായിരുന്ന മദ്യനിരോധനം പിൻവലിച്ചത് ലീഗിനുകൂടി പങ്കാളിത്തമുള്ള ഒരു സർക്കാരാണ് എന്നത് മറന്നുപോകരുത്. 1982-ൽ ബിവറേജസ് കോർപ്പറേഷൻ ഉണ്ടാക്കിയതും ലീഗിനുകൂടി പങ്കാളിത്തമുള്ള ഒരു ഗവൺമെന്റാണ് എന്ന കാര്യവും മറക്കരുത്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല, ഇതിനെക്കുറിച്ച് പ്രസംഗിച്ചപ്പോൾ ഞാൻ പറയാൻ വിട്ടുപോയതാണ്. അപ്പോൾ ഇത്തരത്തിൽ മദ്യം മാറി നാം മയക്കുമരുന്നിലേക്കാണ് പോകുന്നത്. മയക്കുമരുന്നിന്റെ ഇപ്പോഴത്തെ സ്ഥിതി നോക്കിയാൽ വളരെ അപകടകരമായ നിലയിലേക്കാണ് പോകുന്നത്. അടുത്ത ദിവസം പിടിച്ചെടുത്ത മയക്കുമരുന്നിന്റെ രീതി വിദേശത്തുനിന്നും ക്വറിയറായി സ്റ്റാമ്പുകൾ വരുന്നു. സ്റ്റാമ്പിന്റെ അടിയിൽ പശ ഒട്ടിച്ച മയക്കുമരുന്നാണ്. അത് നാക്കിന്റെ അടിയിൽ ഇട്ട് അതിൽ നിന്നും ലഹരിയുണ്ടാക്കുന്ന രീതിയാണ്. ഇങ്ങനെ പല രൂപത്തിലുള്ള മയക്കുമരുന്നുകളുണ്ട്, ഞാൻ എല്ലാം പറയുന്നില്ല. മായ്ക്കാൻ ഉപയോഗിക്കുന്ന വൈറ്റ്നർ, കുട്ടികളുടെ വായിലേയ്ക്കടിക്കുന്ന സ്പ്രേ-അതിന് 10 രൂപയാണ്, ആപ്പിൾ കഞ്ചാവ് ഇങ്ങനെ പല രൂപത്തിലാണ് മയക്കുമരുന്ന് വരുന്നത്. ഇതിന്റെ ഉപഭോഗത്തെ സംബന്ധിച്ച് വലിയ തോതിലുള്ള

ആശങ്കയാണ് ഉണ്ടായിരിക്കുന്നത്. മദ്യത്തിൽ നിന്നും മയക്കുമരുന്നിലേക്ക് പോകുമ്പോൾ മദ്യത്തെക്കുറിച്ചും മദ്യത്തിന് നിയന്ത്രിതമായ ഏത് നിലയിൽ അത് ഉപയോഗിക്കണമെന്നുള്ളതിനെക്കുറിച്ചും ചർച്ച നടക്കണം. മദ്യത്തെ സംബന്ധിച്ചിട്ടുള്ള ദുരഭിമാനം വെടിഞ്ഞ് പ്രായോഗികമായ നിലയിലേക്ക് ചർച്ച ചെയ്യപ്പെടണം. എന്നുവച്ച് മദ്യത്തിന്റെ ലഭ്യത കൂട്ടണമെന്നല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണം. പക്ഷേ, അതെങ്ങനെയാകണം, ഏതു തരത്തിലാകണം എന്നുള്ളത് സംബന്ധിച്ച ഒരു സമവായ ചർച്ചയ്ക്ക് ദുരഭിമാനം വെടിഞ്ഞ് നമ്മൾ തയ്യാറാകണം. അതിന് തയ്യാറായില്ലെങ്കിൽ നമ്മുടെ കേരളം വല്ലാത്ത നിലയിലേയ്ക്ക് പോകും. ശ്രീ. എ. കെ. ആന്റണി ചാരായം നിരോധിച്ചു. മദ്യം നിരോധിച്ചതിനുശേഷം ഇവിടെ എല്ലാം ഭദ്രമായി എന്നു പറഞ്ഞു. എന്നാൽ അതിനുശേഷം മദ്യത്തിന്റെ ഉപഭോഗം വലിയ തോതിൽ വർദ്ധിക്കുന്നതാണ് നാം കണ്ടത്. അതുകൊണ്ട് എൽ.ഡി.എഫ്. ന്റെ പ്രകടന പത്രികയിൽ പറഞ്ഞത് നടപ്പാക്കണം. അക്കാര്യത്തിൽ എൽ.ഡി.എഫ്.ന്റെ പ്രകടന പത്രികയിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. സാക്ഷരതാ പ്രസ്ഥാനം പോലെയും ജൈവപച്ചക്കറി കൃഷി പോലെയും ഇപ്പോൾ നടപ്പിലാക്കി വിജയിപ്പിച്ച ഒ.ഡി.എഫ് പോലെയും മദ്യവർജ്ജനത്തിന് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള ലഹരി വിമുക്തി എന്ന പദ്ധതി വളരെ

വിപുലമായ ജനകീയ പ്രസ്ഥാനമാക്കി മാറ്റിയെടുക്കാൻ നമ്മൾ തയ്യാറാകേണ്ടതായിട്ടുണ്ട്. അതിന് രാഷ്ട്രീയ നേതൃത്വങ്ങൾ കൂടി ആലോചിക്കണം. ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് ഒരു കാര്യം കൂടി പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട കെ. വി. തോമസ് മാഷിന്റെ ഇലക്ഷൻ പ്രചരണവുമായി ബന്ധപ്പെട്ട് ഒരു വാർത്ത ഞാൻ എഫ്.എം. റേഡിയോയിൽ കേൾക്കാനിടയായി. അതിൽ പറയുന്നത്, ഒരു കുട്ടി കടയിൽനിന്ന് ബ്രഡ് മോഷ്ടിച്ചുകൊണ്ട് പോകുകയും ആ കുട്ടിയെ ആളുകൾ പിന്തുടർന്ന് പിടിച്ച് അടിക്കുകയും ബഹളമുണ്ടായപ്പോൾ ആ കുട്ടി കരയുകയും ചെയ്തപ്പോൾ, പ്രൊഫ. കെ. വി. തോമസ് രംഗപ്രവേശനം ചെയ്യുകയും 'ഇനി ഒരിക്കലും ഇന്ത്യയിൽ ഒരു കുട്ടിപോലും ഭക്ഷണത്തിന്റെ പേരിൽ തല്ല് കൊള്ളില്ല, മോഷ്ടിക്കേണ്ടി വരില്ല' എന്ന് ആളുകളോട് പറയുകയും ചെയ്യുന്നു. അവരെയെല്ലാം രക്ഷിക്കുന്ന ഭക്ഷ്യസുരക്ഷാനിയമം പ്രൊഫ. കെ. വി. തോമസ് മാഷ് സോണിയാഗാന്ധിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിയിരിക്കുകയാണ്. അതിനാൽ അദ്ദേഹത്തെ വിജയിപ്പിക്കണമെന്നുള്ള പ്രചരണമാണ്. ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ പേരിൽ വോട്ട് പിടിക്കുകയും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇന്ത്യയിലൊട്ടാകെ ചെയ്യാൻ പോകുന്ന കാര്യത്തെക്കുറിച്ചുമൊക്കെ പറഞ്ഞ് വോട്ട് ചോദിച്ചതിന്റെ കിടപ്പ് എന്താണെന്ന് ബഹുമാനപ്പെട്ട മുൻ ഭക്ഷ്യവകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ് ഇന്ന് സഭയിൽ പറഞ്ഞപ്പോഴാണ് എനിക്ക് കാര്യങ്ങൾ കുറച്ചുകൂടി പിടികിട്ടിയത്. അതുപ്രകാരം പത്ത് ലക്ഷം ടൺ അരിയാണ് കേരളത്തിന് അലോട്ട്മെന്റായി ലഭിക്കുന്നത്. എന്നാൽ കേരളത്തിന്റെ ആവശ്യം 14 ലക്ഷം ടൺ അരിയാണ്. അന്നുമുതൽ സർക്കാർ ആ ആവശ്യം മുൻനിർത്തി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ നിയമമാണ് നമ്മുടെ കടയ്ക്കൽ കത്തിവച്ചത്. ആ നിയമത്തിന്റെ രീതിയിലാണ് കേരളത്തിലെ ജനങ്ങളുടെ അവകാശത്തെ കൊള്ളയടിച്ചതെന്നുകൂടി വ്യക്തമാക്കപ്പെടുകയാണ്. ഇത്തരത്തിൽ അങ്ങേയറ്റം അപമാനിക്കുന്ന തരത്തിലുള്ള സമീപനത്തിലേക്ക് കേരളത്തെ എത്തിച്ചതിനുപിന്നിൽ ആദ്യം തുടക്കംകുറിച്ചത് കഴിഞ്ഞ സർക്കാരാണ്. അത് ബി.ജെ.പി. ഗവൺമെന്റ് പിന്തുടരുകയാണ്. നമ്മൾ ഒരുമിച്ച് നിന്നുകൊണ്ട് നമ്മുടെ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ള പോരാട്ടത്തിൽ ഭാഗമാകണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയിരുന്ന ബാറുകൾ തുറക്കാനിരിക്കുന്ന, യു.ഡി.എഫ്. സർക്കാർ തുറന്നുവച്ചിരുന്ന റേഷൻ കടകളും നന്മസ്റ്റോറുകളും അടച്ചുപൂട്ടാനിരിക്കുന്ന ഈ

സർക്കാരിന്റെ എക്സൈസ്, തൊഴിൽ, തൊഴിലാളിക്ഷേമം, പ്രവാസിക്ഷേമം ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

നൂറ് ദിനം പൂർത്തീകരിച്ച ഒരു ഗവൺമെന്റ് 'എൽ.ഡി.എഫ് വരും, എല്ലാം ശരിയാകും' എന്ന കടുത്ത ഇടതുപക്ഷ വിശ്വാസികളുടെ കൂടി ആത്മവിശ്വാസത്തെ പാടേ കെടുത്തിയിരിക്കുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഒന്നും ശരിയാകുന്നില്ല എന്നുമാത്രമല്ല പ്രതീക്ഷിച്ചതിന് ഘടകവിരുദ്ധമായി കാര്യങ്ങൾ സംഭവിക്കുന്നത് കാണുമ്പോഴുള്ള നിരാശ സാധാരണ പ്രവർത്തകരിൽ ഉടനീളം നിറഞ്ഞ് നിൽക്കുന്നുണ്ട്. ഒൻപത് രാഷ്ട്രീയ കൊലപാതകങ്ങളിലൂടെ നിരവധി കുടുംബങ്ങളുടെ അത്താണി നഷ്ടപ്പെട്ടത് ഈ കാലയളവിലാണ്. നൂറ് ദിനം കൊണ്ട് നൂറ് കൊലപാതകങ്ങൾ എത്തുമോ എന്ന് മത്സരം നടന്നിരുന്ന പോലെയാണ് കാര്യങ്ങൾ മുന്നോട്ടുപോയത്. സ്വജനപക്ഷപാതത്തിന്റെ ആരോപണങ്ങളും അഴിമതിയാരോപണങ്ങളും നൂറ് ദിവസം കൊണ്ട് ഈ ഗവൺമെന്റിന് ഏൽക്കേണ്ടിവന്നു. ഈ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയുടെ തൊട്ടടുത്ത കസേരയിൽ ഇരിക്കുന്ന രണ്ടാമനായി കണപ്പെട്ടിരുന്ന ഒരു മന്ത്രിക്ക് മുഖ്യമന്ത്രി പറഞ്ഞ ഗുരുതരമായ സാഹചര്യത്തിന്റെ പേരിൽ, പാർട്ടി സെക്രട്ടറി പറഞ്ഞ തെറ്റ് സമ്മതിച്ചതിന്റെ പേരിൽ സ്ഥാനം ഒഴിയേണ്ടിവന്നു.

എന്റെ നിയോജകമണ്ഡലമായ പാലക്കാട് ജില്ലയിൽനിന്നുള്ള ആകെ ഒരു മന്ത്രിയാണ് പ്രിയപ്പെട്ട ബാലേട്ടൻ. അദ്ദേഹമാണ് ഇപ്പോൾ രണ്ടാമത്തെ കസേരയിൽ ഇരിക്കുന്നത്. ആ കസേരയ്ക്ക് എന്തോ കുഴപ്പമുണ്ടോ എന്ന് ആളുകൾ സംശയം പറഞ്ഞാൽ അവരെ കുറ്റംപറയാത്ത തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് അദ്ദേഹം ശ്രദ്ധിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പാഠപുസ്തകത്തെയും സ്കൂളിനെയും സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാഠപുസ്തകത്തിന്റെ ലഭ്യതയെ സംബന്ധിച്ച് കഴിഞ്ഞ കാലങ്ങളിൽ സമരംനടത്തിയ ആളുകളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് ഉറപ്പ് വരുത്തുന്ന കാര്യത്തിൽ പരാജയപ്പെടുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കും ശമ്പളം മുടങ്ങിയതായുള്ള വാർത്തകൾ പുറത്തുവരികയുണ്ടായി. രാഷ്ട്രീയപ്രേരിതമായ നിരവധി ട്രാൻസ്ഫർ പീഡനങ്ങൾ കേരളത്തിലെ മാധ്യമങ്ങൾ ചർച്ചചെയ്യുകയുണ്ടായി. മാധ്യമപ്രവർത്തകരുടെ അവകാശങ്ങളെ സംരക്ഷിക്കുമെന്ന് ഇന്നും കേരളത്തിന്റെ മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. അടുത്ത ദിവസം അവർ കോടതിയിൽ പോകുമ്പോൾ പോലീസുകാർക്ക് കൊടുക്കുന്നതുപോലെ ഒരു ചൂരൽ കവചം കൂടി കൊടുക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ വിനീതമായ

അഭിപ്രായം. മാധ്യമങ്ങളെ ഗുണ്ടകളാക്കി ചിത്രീകരിക്കുന്ന തരത്തിൽ ഈ ഗവൺമെന്റിന്റെ നൂറ് ദിവസം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നൂറ് ദിവസം കൊണ്ട് കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ഒരു രൂപയ്ക്ക് അരി കൊടുത്ത നേട്ടമായിരുന്നു കഴിഞ്ഞ ഗവൺമെന്റ് അവകാശപ്പെട്ടിരുന്നതെങ്കിൽ ഇപ്പോൾ ആ അരിയും മുടങ്ങുന്ന തരത്തിൽ കാര്യങ്ങൾ പോകുകയാണ്. കേന്ദ്രസർക്കാർ നൽകുന്നില്ല എന്നുള്ളതാണ് അതിന് കാരണമായി പറയുന്നത്. ആ സർക്കാരിൽനിന്നും അത് വാങ്ങിയെടുക്കാൻ കഴിയുന്നില്ലെങ്കിൽ, ആ സർക്കാരിനെതിരെ സമ്മർദ്ദം ചെലുത്താൻ ആകുന്നില്ലെങ്കിൽ, ആ സർക്കാർ അരിയുടെ കാര്യത്തിൽ മാത്രമല്ല നമുക്ക് നൽകേണ്ട വൈദ്യുതിവിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ, കാർഷിക രംഗത്തെ വിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ, 62 കേന്ദ്രാവിഷ്കൃത പദ്ധതികൾ 32 ആയി ചുരുക്കുമ്പോൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്ക് നൽകേണ്ട പണം കുറയ്ക്കുമ്പോൾ എന്തിനായിരുന്നു നരേന്ദ്രമോദി ഈ ഗവൺമെന്റിന് എല്ലാപിന്തുണയും നൽകുന്നുണ്ടെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന ഇവിടെ രംഗത്തിറങ്ങിയത്? കേരളത്തിന് ആവശ്യമുള്ളത്ര അരി നൽകാത്ത ഒരു ഗവൺമെന്റിന് നേതൃത്വം നൽകുന്ന പ്രധാനമന്ത്രിയെ മോഡി സ്തുതി നടത്തേണ്ട അവസ്ഥയിലേക്ക് കേരളത്തിലെ മുഖ്യമന്ത്രി മാറേണ്ടിയിരുന്നില്ല. കേന്ദ്രസർക്കാർ

മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കെതിരെ ഒരുമിച്ച് നിന്ന് പോരാടേണ്ടിടത്ത് കേന്ദ്രസർക്കാരിനെ സ്തുതിക്കുകയും ഇപ്പുറത്ത് യാഥാർത്ഥ്യങ്ങൾക്കുനേരെ വിരൽ ചൂണ്ടുന്ന പ്രതിപക്ഷത്തോട് വേറെപോയി പണിനോക്കാൻ പറയുന്നതുമാണോ ഈ ഗവൺമെന്റിന്റെ നയമെന്നുള്ള ഒരു ആത്മപരിശോധനാഘട്ടംകൂടിയാണ് ഇവിടെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്.

ഞങ്ങൾ മദ്യനയം മാറ്റാൻ പോകുന്നു, ബാറുകൾ തുറക്കാൻ പോകുന്നുയെന്ന് വാർത്ത വരുന്നതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ഒരു സ്വകാര്യ ചാനൽ ഉദ്ഘാടന സമയത്ത് പറഞ്ഞു. ഞങ്ങൾ അങ്ങനെ ബാറുകൾ തുറക്കാൻ തീരുമാനിച്ചിട്ടില്ല, എന്നുവച്ച് ഞങ്ങൾ യു.ഡി.എഫ്. സർക്കാരിന്റെ നയം തുടരാൻ തീരുമാനിച്ചിട്ടില്ല, എന്നുവച്ച് ഞങ്ങൾ ബാറുകൾ തുറക്കാതിരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. ആദ്യം കേൾക്കുമ്പോൾ ആർക്കും കൺഫ്യൂഷൻ തോന്നുമെന്നുള്ളതുപോലെയാണ് ഇവിടത്തെ മദ്യനയവും. മദ്യനയത്തിൽ ഇതുവരെ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്ന് പറയുമ്പോൾ 10 ശതമാനം ഗവൺമെന്റ് ഔട്ട്ലെറ്റുകളെ/ബിവറേജസുകളെ അടച്ചുപൂട്ടാനുള്ള തീരുമാനം ഗവൺമെന്റ് ഇത്തവണ വേണ്ടെന്ന് വയ്ക്കുകയാണ്. ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്നുള്ളത് നിങ്ങളെ തെരഞ്ഞെടുത്ത ജനങ്ങളോടൊ അതോ തെരഞ്ഞെടുപ്പ് സമയത്ത് നിങ്ങളെ

സഹായിച്ച ബാർ മുതലാളിമാരോടൊ എന്നുള്ളത് നിങ്ങൾ വ്യക്തമാക്കേണ്ടതാണ്.

കേരളത്തിൽ സ്പിരിറ്റ് ഒളിച്ച് കടത്തുന്നതിനെ സംബന്ധിച്ച് കേട്ടിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ മദ്യനയം ഒളിച്ചുകടത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് ഓരോ ദിവസവും പ്രസ്താവനകൾ വന്നുകൊണ്ടിരിക്കുകയാണ്. അഴിമതിക്കെതിരെ ഞാൻ കുരിശ് യുദ്ധം പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ രാജിയെ സംബന്ധിച്ച് കൂടുതൽ കടക്കുന്നില്ല. ആ കുരിശ് യുദ്ധം പ്രഖ്യാപിച്ചപ്പോൾ ക്വു.വി. (ക്വിക്ക് വെരിഫിക്കേഷൻ) ഓർഡർ ഇടുകയുണ്ടായി. കുറ്റം നടന്നുവെന്ന് കണ്ടെത്തണമെന്നുള്ളതാണ് ക്വിക് വെരിഫിക്കേഷൻ. അങ്ങനെയൊരു കുറ്റം നടന്നിട്ടുണ്ടെന്നാണ് പാർട്ടി സെക്രട്ടറി പത്രമ്മേളനം നടത്തി പറഞ്ഞത്, മുഖ്യമന്ത്രി ഗുരുതരമായൊരു സാഹചര്യമാണെന്നാണ് പറഞ്ഞത്. അങ്ങനെയൊരു കുറ്റം നടന്നിട്ടുണ്ടെന്ന് പാർട്ടി സെക്രട്ടറി പറയുമ്പോൾ വിജിലൻസിന് ക്വു.വി. എടുക്കേണ്ട കാര്യമില്ല. വിജിലൻസിന് ഒരു എക്സ്ട്രാ ജുഡീഷ്യൽ കൺഫെഷനായി പാർട്ടി സെക്രട്ടറിയുടെ പ്രഖ്യാപനത്തെ കണ്ട്, അദ്ദേഹത്തെ സാക്ഷിയാക്കി, ഇതിനെതിരെ കേസ്സെടുത്ത് എഫ്.ഐ.ആർ. ഇട്ട് മുന്നോട്ടുപോകാവുന്നതേയുള്ളൂ. അവിടെയാണ് ചില നേതാക്കന്മാർ നേരത്തെ സൂചിപ്പിച്ചതുപോലെ, ആ തത്ത പലയിടങ്ങളിലും

പറക്കാതിരുന്നത്. അദ്ദേഹം ചില ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുവെന്നാണ് പറയുന്നത്. അദ്ദേഹം ആഗ്രഹങ്ങൾ പ്രകടിപ്പിക്കാൻ കാത്തുനിൽക്കേണ്ട, ധനകാര്യവകുപ്പിന്റെ റിപ്പോർട്ട് ഈ ഗവൺമെന്റ് ഗൗരവമായി എടുക്കുന്നുണ്ടെങ്കിൽ, സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ, ഗവൺമെന്റിന് നഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ ഒരാളുടെയും ആഗ്രഹത്തിന് കാത്തുനിൽക്കേണ്ട അദ്ദേഹത്തെ പുറത്താക്കാനുള്ള ആർജ്ജവം കേരളത്തിന്റെ മുഖ്യമന്ത്രി കാണിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ചുവപ്പ് കാർഡും മഞ്ഞ കാർഡും ഇനി പുറമേ ഒരാളെ കാണിക്കാൻ അദ്ദേഹത്തിന് മോറൽ റൈറ്റില്ല. അതുകൊണ്ട് സ്വന്തം വീട്ടിലെ കണ്ണാടിക്ക് മുന്നിൽപോയി ആ കാർഡ് അവനവനെ കാണിക്കുന്നതായിരിക്കും ആ ഉദ്യോഗസ്ഥന് ഇനി നല്ലതെന്ന് കേരളത്തിലെ ജനങ്ങൾ പറഞ്ഞ് തുടങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റ് അഴിമതിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചതാണ്. ആ അഴിമതിക്കെതിരെ അന്വേഷണം നടത്തേണ്ട ഉദ്യോഗസ്ഥനെതിരെ ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഒരു റിപ്പോർട്ടുമായി വരുമ്പോൾ പിന്നീട് ആ സ്ഥാനം ഒഴിയണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചുവെന്നാണ് പറയുന്നത്. അങ്ങനെ ആഗ്രഹത്തിന് കാത്തുനിൽക്കേണ്ട കാര്യമില്ല. അങ്ങനെയൊരു റിപ്പോർട്ട് ഉണ്ടെങ്കിൽ അഴിമതിയെ വച്ച് പൊറുപ്പിക്കില്ലെന്ന് മുഖ്യമന്ത്രി പറയുന്നുണ്ട്.

അങ്ങനെയാണെങ്കിൽ അദ്ദേഹത്തിനെതിരെ ആദ്യം നടപടി സ്വീകരിക്കണം. അതല്ലാതെ ഒരു മന്ത്രി രാജിവച്ചതിനപ്പുറകിൽ വീണ്ടും മുഖ്യമന്ത്രിയുടെ മഹത്വമാണെന്ന് ഇവിടെ കമന്റ് അടിക്കുന്ന ചില സ്തുതിപാടകർ പാടുന്നത് കേട്ട് അങ്ങ് ആ ഡയറക്ഷൻ വഴി സഞ്ചരിച്ചാൽ അത് അപകടമാകും. അളവെടുക്കാനറിയാത്ത ആളുകൾ കൽപ്പിച്ചുനൽകിയ 56 ഇഞ്ചിന്റെ നെഞ്ചളവുകൊണ്ട് രാജ്യം ഒരാൾ ഭരിക്കുന്നതിന്റെ ഖേദവും ദുരിതവും രാജ്യം അനുഭവിക്കുന്നുണ്ടെങ്കിൽ എണ്ണമെടുക്കാൻ അറിയാത്ത ആളുകൾ കൽപ്പിച്ചുനൽകുന്ന ചങ്കിന്റെ എണ്ണക്കൂടുതൽ കൊണ്ട് ഈ സംസ്ഥാനം ഭരിക്കുന്നതും കേരളത്തിന് അപകടം ചെയ്യുന്നമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. മുഖ്യമന്ത്രിക്ക് വേണ്ടത്, ഞങ്ങളെക്കൂടി ഉൾക്കൊള്ളാനുള്ള ഹൃദയവിശാലതതന്നെയാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട. ഖലീൽ ജിബ്രാന്റെ ഒരു ക്വാട്ട് ഉണ്ട്, "Wisdom stands at the turn in the road and calls upon us publicly, but we consider it false and despise its adherents." എന്നാണത്. യാഥാർത്ഥ്യങ്ങൾ ചിലപ്പോൾ പ്രതിപക്ഷത്തുനിന്നുൾപ്പെടെ മുന്നോട്ട് വരുമ്പോൾ അതിനെ തെറ്റാണെന്ന് ധരിച്ചും പറഞ്ഞും അവഗണിച്ചും ആ യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ചുമുന്നോട്ടുപോകുന്ന, നൂറ് ദിവസം കൊണ്ട് സകലമേഖലകളിലും

പരാജയങ്ങളുടെ ലക്ഷണം കാണിച്ചുതുടങ്ങിയിരിക്കുന്ന ഘടകകക്ഷിയിലെ പാർട്ടികൾ മീറ്റിംഗ് കൂടി മുഖ്യമന്ത്രിയോടും പാർട്ടിസെക്രട്ടറിയോടും വീഴ്ചകളെ തുറന്നുകാണിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മുന്നോട്ടുകൊണ്ടുപോകുന്ന ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

**റൂളിംഗ്**

**നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചതു സംബന്ധിച്ച്**

മി. സ്പീക്കർ: പതിനാലാം നിയമസഭ രൂപീകരിച്ചതിനുശേഷം ഇതിനകം നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചതുമായി ബന്ധപ്പെട്ട് 12 പരാതികൾ ചെയറിന് ലഭിക്കുകയുണ്ടായി. ഈ പരാതികളുമായി ബന്ധപ്പെട്ട റൂളിംഗാണ്.

സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധ പൊതുപരിപാടികളിൽ

ജനപ്രതിനിധികൾക്ക് പ്രത്യേകിച്ച് നിയമസഭാംഗങ്ങൾക്ക് നൽകേണ്ട പ്രാധാന്യത്തെയും അംഗീകാരത്തെയും സംബന്ധിച്ച് സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം നിമയസഭാംഗങ്ങൾക്ക് ലഭിക്കേണ്ട പ്രത്യേക പരിഗണന സംബന്ധിച്ച് വിശദമായ റൂളിംഗുകൾ എന്റെ മുൻഗാമികളായ സ്പീക്കർമാരിൽനിന്നും ഉണ്ടായിട്ടുമുണ്ട്. അതുപോലെ സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിലായി ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ അംഗങ്ങളായിട്ടുള്ള നിരവധി സ്റ്റാറ്റ്യൂട്ടറി സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ ആനുകാലിക യോഗങ്ങൾ ചേരാൻ തീരുമാനിക്കുന്നതിനുമുമ്പായി പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ട നിയമസഭാംഗങ്ങൾക്ക് ആ ദിനങ്ങളിൽ സഭാ സമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടതു സംബന്ധിച്ചോ മറ്റ് ഔദ്യോഗിക ആവശ്യങ്ങൾ സംബന്ധിച്ചോ ഉള്ള അസൗകര്യങ്ങൾ ഉണ്ടോയെന്ന് ആരായേണ്ടതാണെന്നും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലോ റൂളിംഗുകളിലോ അടങ്ങിയിരിക്കുന്ന അടിസ്ഥാന തത്വങ്ങൾപോലും പാലിക്കുന്ന കാര്യത്തിൽ പല വകുപ്പുകളും കുറ്റകരമായ അനാസ്ഥയാണ് പുലർത്തുന്നതെന്നാണ് ചെയറിന്

ഇതുസംബന്ധിച്ച് ലഭിച്ച പരാതികളിൽനിന്നും മനസ്സിലാകുന്നത്. പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം നാളിതുവരെ ആകെ വ്യത്യസ്തങ്ങളായ പന്ത്രണ്ട് പരാതികളാണ് മേൽവിഷയങ്ങളിന്മേൽ ചെയറിന് ലഭ്യമായിട്ടുള്ളത്.

സാധാരണഗതിയിൽ ചെയറിനു ലഭിക്കുന്ന ഇത്തരം പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തി, യുക്തമായ മേൽനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ലഭിക്കുന്ന അപ്രകാരമുള്ള പരാതികളിന്മേൽ യഥാസമയം അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നതിനുപകരം തികച്ചും നിരുത്തരവാദപരമായി അവ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഒരു പ്രവണതയാണ് നിർഭാഗ്യവശാൽ കണ്ടുവരുന്നത്. ഇത്തരം പ്രവണതകൾ ഇനിയും ആവർത്തിക്കപ്പെടുന്നതിനോട് ചെയർ യോജിക്കുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 164(2)-ൽ മന്ത്രിസഭയ്ക്ക് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രത്യക്ഷത്തിൽ പ്രസ്തുത അക്കൗണ്ടബിലിറ്റി മന്ത്രിസഭയ്ക്ക് മാത്രം

ബാധകമായ ഒരു ഉത്തരവാദിത്വമെന്ന് കരുതാമെങ്കിലും അതിന്റെ കാര്യക്ഷമമായ പരിപാലന ചുമതല ബൃഹത്തായ ഉദ്യോഗസ്ഥ സമൂഹത്തിനുതന്നെയാണെന്നാണ് ഭരണഘടന വിവക്ഷിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നിയമസഭയുടെയോ അതിലെ അംഗങ്ങളുടെയോ പ്രത്യേക അവകാശം ലംഘിക്കപ്പെട്ടതുസംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള പരാതി ഉയർന്നുവരുന്ന സാഹചര്യങ്ങളിൽ അത്തരം പരാതികളിന്മേൽ നിയമസഭ ആവശ്യപ്പെടുന്ന വിശദീകരണം യഥാസമയം ലഭ്യമാക്കുകയെന്ന കർത്തവ്യം ഉദ്യോഗസ്ഥ സമൂഹം ഏറ്റെടുക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ബോധപൂർവമോ അല്ലാതെയോ വരുന്ന ഏതെങ്കിലും തരത്തിലുള്ള കാലതാമസമോ വീഴ്ചയോ ഭരണഘടനാ വിരുദ്ധമാണെന്ന കാര്യത്തിൽ തർക്കമില്ല. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭരണഘടനാ നടപടി ചട്ടങ്ങൾ, കീഴ്വഴക്കങ്ങൾ കാലാകാലങ്ങളിൽ സർക്കാരും സഭയ്ക്കുവേണ്ടി സ്പീക്കറും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ലഭ്യമാകേണ്ട അവകാശങ്ങളും അംഗീകാരങ്ങളും ഉറപ്പാക്കുക എന്നത് ചെയറിൽ നിക്ഷിപ്തമായ ഒരു കർത്തവ്യമാണെന്ന് ചെയർ ഉറച്ചുവിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ച ചെയ്യാൻ ചെയർ ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ

പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഈ സഭയിലെ അംഗങ്ങൾ ചെയറിന് എഴുതി നൽകിയിട്ടുള്ള പരാതികളിന്മേൽ സർക്കാർ വിശദീകരണം പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന ഏതൊരു വീഴ്ചയും ഈ സഭയോടുള്ള അനാദരവായി കണക്കാക്കി യുക്തമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു. ഇക്കാര്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പ്രകടിപ്പിച്ച വികാരം പൂർണ്ണ അർത്ഥത്തിൽ ചെയർ ഉൾക്കൊള്ളുന്നു. നിലവിൽ ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള പരാതികളിൻമേൽ സർക്കാരിൽനിന്ന് ലഭിക്കുന്ന വിശദീകരണം, ആയതിന്മേലുള്ള ചെയറിന്റെ തീരുമാനം എന്നിവ ബന്ധപ്പെട്ട അംഗങ്ങളെ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്ന് രേഖാമൂലം അറിയിക്കുന്നതാണെന്നുകൂടി ഇത്തരുണത്തിൽ ചെയർ അറിയിക്കുന്നു. ഇനിമുതൽ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടെ അർഹമായ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും അപ്രകാരമുള്ള എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത് അതീവ ഗൗരവപൂർവം വീക്ഷിക്കുന്നതാണെന്നും

ചെയർ റൂൾ ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോകത്തിൽത്തന്നെ ഏറ്റവും കൂടുതൽ പ്രവാസികളുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ എന്ന് പ്രവാസികാര്യ മന്ത്രാലയംതന്നെ വ്യക്തമാക്കിയിട്ടുണ്ട്. വിദേശ പണ വരുമാനത്തിൽ വിദേശ മലയാളികൾ വഹിക്കുന്ന പങ്ക് വിവിധ ഏജൻസികൾ നടത്തിയ പഠനത്തിൽ വ്യക്തമായ കാര്യമാണ്. കേരളത്തിലെ ആകെ ആഭ്യന്തര ഉത്പാദനത്തിന്റെ നാൽപ്പത് ശതമാനം പ്രവാസി മലയാളികളുടെ സംഭാവനയാണ്. ഇവരനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഉത്സവകാലത്ത് വിമാനക്കമ്പനികൾ യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിക്കുന്നു എന്നതാണ്. യാത്രാക്കൂലി തോന്നിയതുപോലെ വർദ്ധിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. ഉത്സവകാലത്ത് വിദേശത്തുനിന്നും കേരളത്തിലേയ്ക്ക് വരുന്ന പ്രവാസികൾക്ക് ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. നമ്മുടെ സംസ്ഥാനം നേരത്തെതന്നെ ഈ പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വീണ്ടും ആ നടപടികൾ തുടരുകതന്നെ ചെയ്യും. ഇവിടെ പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങുന്നവരുടെ പുനരധിവാസമാണ് ഏറ്റവും ഗൗരവമായ പ്രശ്നം. പ്രവാസ ജീവിതം നയിക്കുന്ന കാലത്ത് ഉള്ളതുകൊണ്ട് അവർ നല്ലരീതിയിൽ ജീവിക്കുന്നു. യഥാർത്ഥത്തിൽ അവർ നാട്ടിലേയ്ക്ക് വരുമ്പോൾ

വായ്പകൂടി എടുത്തുകൊണ്ടാണ് വരുന്നത്. ആ വായ്പ തിരിച്ചടയ്ക്കാൻ തിരിച്ചെത്തിയശേഷമുള്ള ആറുമാസം അവർ ചെലവഴിക്കേണ്ടിവരുന്നു. ഇങ്ങനെയുള്ള ആളുകളെ വീട്ടുകാരും നാട്ടുകാരും കാണുന്നത് നല്ല കാശുകാരായിട്ടാണ്. പക്ഷേ ജോലിയില്ലാതാകുന്നതോടെ ജീവിക്കാൻ വകയില്ലാത്തവരാണ് ഇവരിൽ മഹാഭൂരിപക്ഷവും. വിദേശ മലയാളികളിൽ അപൂർവ്വം ചിലരാണ് വലിയ സമ്പന്നർ. അല്ലാത്തവരെല്ലാം ഈ കൂട്ടത്തിൽപ്പെട്ടവരാണ്. അവരുടെ യൗവ്വനകാലം മുഴുവൻ മറ്റൊരു രാജ്യത്തിനുവേണ്ടി ചെലവഴിക്കുന്നവരാണ്. പക്ഷേ അവിടെനിന്ന് വിരമിച്ചാൽപ്പിന്നെ അവർക്ക് ഗതിയില്ലാതാകുന്നു. അവർക്ക് ഗതിയില്ലാതാകുന്നതോടെ അവരുടെ കുടുംബത്തിന് സംരക്ഷണമില്ലാതാകുകയും അവർക്ക് ജീവിക്കാനുള്ള പ്രയാസമുണ്ടാകുകയും ചെയ്യുന്നു. ഇന്ന് ചില ക്ഷേമപദ്ധതികൾ നിലനിൽക്കുന്നുണ്ട്. അത് പോര എന്നതിൽ യാതൊരു തർക്കവുമില്ല. ആ ക്ഷേമപദ്ധതികൾ സമഗ്രമാക്കേണ്ടിയിരിക്കുന്നു. സർക്കാർ അതുസംബന്ധിച്ചുള്ള തീരുമാനം വൈകാതെതന്നെ എടുക്കും. പുനരധിവാസ പദ്ധതി സമഗ്രമാക്കാനുള്ള നടപടികൾ സ്വീകരിക്കും. അതോടൊപ്പം പ്രവാസികളുടെ നിക്ഷേപം ഇവിടെ ഉപയോഗിക്കൽ ഏറ്റവും ഗൗരവമായ പ്രശ്നമാണ്. നമ്മുടെ കണക്കുതന്നെ പറയുന്നത് 1.20 ലക്ഷം കോടി രൂപ പ്രവാസികൾ ഇവിടെ

നൽകുന്നുണ്ടെന്നാണ്. ആ തുക നമ്മുടെ ബാങ്കുകളിൽ കിടക്കുകയാണ്. പ്രവാസികളുടെ നിക്ഷേപം നമുക്ക് ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ താഴ്ന്ന വരുമാനക്കാരായ ആളുകളുടേതടക്കം നിക്ഷേപം സ്വീകരിക്കത്തക്ക ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. അതിന് അവരേയും ബോധവൽക്കരിക്കേണ്ടതായിട്ടുണ്ട്. അങ്ങനെവന്നാൽ ആ നിക്ഷേപം ഇവിടെ ചെലവഴിക്കുമ്പോൾ അതിൽനിന്നുള്ള വരുമാനം പ്രവാസികൾക്കും ഉറപ്പുവരുത്താൻ കഴിയും. 'ഇൻകെൽ' അത്തരത്തിൽ നടപ്പിലാക്കിയിട്ടുള്ള പരിപാടിയായിരുന്നു. പക്ഷേ, 'ഇൻകെൽ'-ന്റെ ഭാഗമായി ചെറുകിടക്കാർ അധികം വന്നില്ല. ചെറുകിടക്കാർക്കുവേണ്ടിയായിരുന്നു ആ പദ്ധതി നടപ്പിലാക്കിയത്. അന്നത്തെ വ്യവസായ വകുപ്പുമന്ത്രി പല ഘട്ടങ്ങളിൽ പ്രവാസികളോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് അന്ന് ലഭിച്ചില്ല. പ്രധാനികളായ പ്രവാസികളെ സമീപിച്ചാൽ വളരെവേഗം ഫണ്ട് കിട്ടും. അവസാനം ഒരു ഗതിയുമില്ലാത്ത സാഹചര്യത്തിലാണ് സമ്പന്നരുടെ ഫണ്ട് സ്വീകരിച്ചുകൊണ്ട് ഇൻകെൽ പ്രാവർത്തികമാക്കുന്നത്. ഈ ഒരനുഭവം നമ്മുടെ മുമ്പിലുണ്ട്. അവരെ ബോധവൽക്കരിക്കുകയെന്നത് പ്രധാനമാണ്. ചെറുകിടക്കാരുടേതായ ഫണ്ട് വരികയും ആ ഫണ്ട് ഇവിടെ ശരിയായ

രീതിയിൽ ഉപയോഗിക്കുകയും ചെയ്താൽ നല്ല രീതിയിൽ വരുമാനമുണ്ടാക്കാനും അവർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കാനും കഴിയുമായിരുന്നു. അത്തരത്തിലുള്ള പുതിയ പദ്ധതികൾ കൊണ്ടുവരാൻ തയ്യാറാകണം.

അതുപോലെ ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നം വിദേശ ജയിലുകളിൽ കഴിയുന്നവരെക്കുറിച്ചായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ട്. വിദേശ ജയിലുകളിൽ കഴിയുന്നവർക്ക് നിയമസഹായം ലഭ്യമാക്കേണ്ടതാണ് പ്രധാനം. ഇപ്പോഴുള്ള നടപടികൾ നോക്കിയാൽ ആദ്യഘട്ടത്തിൽ ചില സഹായങ്ങൾ കൊടുത്തുവെന്നുവരാം. പക്ഷേ അതുമാത്രം പോരാ, കേസ്സിന്റെ എല്ലാ ഘട്ടത്തിലുമുള്ള സഹായം വേണം. ചിലർക്കുമാത്രമാണ് ആദ്യഘട്ടത്തിലെങ്കിലും സഹായം ലഭിച്ചിട്ടുള്ളത്. കേസ്സിന്റെ എല്ലാഘട്ടത്തിലും സഹായം ലഭിക്കത്തക്ക സംവിധാനമൊരുക്കണം. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടതെങ്കിലും പൂർണ്ണതോതിലാകുന്നില്ല. ഓരോ സ്ഥലത്തും അവിടത്തെ കോടതികളിൽ ഹാജരാകാൻ കഴിയുന്ന അഡ്വക്കേറ്റുമാരുണ്ട്. അവരുടെ പാനൽ തയ്യാറാക്കിയാൽ മലയാളികളായ ആളുകളെ സഹായിക്കാൻ അവർക്ക് കഴിയും. അത്തരമൊരു കാര്യം ആലോചിക്കാനും നടപ്പിലാക്കാനും സർക്കാർ

തയ്യാറാണ്.

ഇവിടെ സമഗ്രമായ കുടിയേറ്റ നിയമത്തെക്കുറിച്ച് പറഞ്ഞു. യഥാർത്ഥത്തിൽ ഇതൊരു അപമാനകരമായ കാര്യമാണ്. നമ്മുടേത് വലിയൊരു രാജ്യമല്ലേ; ആ രാജ്യം നമ്മുടെ പൗരന്മാരോടുള്ള ബാദ്ധ്യത നിറവേറ്റുന്നില്ലെന്നുള്ളതാണ് വസ്തുത. ചെറിയ രാഷ്ട്രങ്ങൾപോലും അവിടെയുള്ള ഒരാൾക്ക് എന്തെങ്കിലും സംഭവിച്ചാൽ നേരിട്ട് ഇടപെടും. കൊലയാളികളെ രക്ഷിക്കുന്ന വിദേശ രാഷ്ട്രങ്ങളെ നമ്മൾ കണ്ടതല്ലേ; കൊലപ്പെടുത്തിയ ആളുകളെ രക്ഷിക്കാനല്ലേ അവർ ശ്രമിച്ചത്? ഇതാണ് ഓരോ രാഷ്ട്രവും സ്വീകരിക്കുന്നത്. അവരവരുടെ പൗരന്മാരെ സമ്പത്തായാണ് കാണുന്നത്. നമ്മുടെ നേരെ എന്തുചെയ്താലും ഒന്നുമില്ലാത്ത സ്ഥിതിയാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഫിലിപ്പൈൻസായാലും ശ്രീലങ്കയായാലും നമ്മളെക്കാളും മെച്ചപ്പെട്ട നിലയിൽ അവരവരുടെ പൗരന്മാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്നുള്ളതാണ് വസ്തുത. ഇക്കാര്യത്തിൽ നമുക്ക് തനിച്ചൊന്നും ചെയ്യാൻ കഴിയില്ല. ആകെ ചെയ്യാൻ കഴിയുന്നത് വീണ്ടും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയെന്നുള്ളതാണ്. അക്കാര്യത്തിൽ സർക്കാർ ഇനിയും ആവശ്യമായ നടപടികൾ തുടർന്നുകൊണ്ടിരിക്കും.

പ്രവാസികൾ മരണപ്പെട്ടാൽ നൽകുന്ന സഹായം വർദ്ധിപ്പിക്കുന്ന പ്രശ്നം ഉന്നയിക്കുകയുണ്ടായി. കാലാനുസൃതമായി എല്ലാ കാര്യങ്ങളിലും വർദ്ധനവ് വരേണ്ടതുണ്ട്. ക്ഷേമപദ്ധതിയുടെ ഭാഗമായുള്ള സഹായങ്ങളിലും മരണാനന്തര പദ്ധതികളിലുമെല്ലാം മാറ്റം വരേണ്ടതുണ്ടെന്ന് തന്നെയാണ് ചിന്തിക്കുന്നത്. അതിന്റേതായ മാറ്റങ്ങൾ കൊണ്ടുവരികതന്നെചെയ്യും. 12 കോടി രൂപയുടെ തർക്കം ഉന്നയിക്കുകയുണ്ടായി. ഉന്നയിച്ചതിൽ തെറ്റില്ല. കാരണം ഒരു ചോദ്യത്തിനുത്തരമായി 12 കോടി രൂപയെന്ന് പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ 12 കോടി രൂപയും കൂടി നൽകി 24 കോടി രൂപയായി ഉയർത്തുകയുണ്ടായി. അതിൽ 12 കോടി രൂപയുടെ ഭരണാനുമതി വർക്കിംഗ് ഗ്രൂപ്പ് ഇപ്പോൾത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇനി ബാക്കിയുള്ള കാര്യങ്ങൾ എങ്ങനെയെന്ന് വർക്കിംഗ് ഗ്രൂപ്പ് തീരുമാനിക്കുന്നതും ഭരണാനുമതി നൽകുന്നതുമാണ്. അതുസംബന്ധിച്ച് ഒരുതരത്തിലുള്ള അവ്യക്തതയും നിലനിൽക്കുന്നതല്ല. ഇവിടെപ്പറഞ്ഞ മറ്റ് കാര്യങ്ങൾക്ക് മറുപടി പറയാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. വകുപ്പുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ക്ഷേമനിധി നിയമത്തിൽ മാറ്റം

വരുത്തിയാൽ മാത്രമേ പെൻഷൻ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ആവശ്യമായ ഭേദഗതി സഭയിൽക്കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: അക്കാര്യങ്ങളെല്ലാം അതിൽ അടങ്ങിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, 17 ബഹുമാനപ്പെട്ട അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. അവർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും സമർപ്പിച്ച നിർദ്ദേശങ്ങളും അതീവ ഗൗരവമായി ഉൾക്കൊണ്ടുകൊണ്ട് വകുപ്പ് മുന്നോട്ടുപോകുമെന്ന് ആദ്യംതന്നെ പറയട്ടെ. "വിളവെടുപ്പ് അതിന്റെ ഊർജ്ജിത ഘട്ടത്തിൽ എത്തിക്കഴിഞ്ഞു, പകൽ മുഴുവൻ കൊയ്ത്ത്, രാത്രിയിൽ മെതി. കുട്ടനാട്ടിൽ രാവും പകലുമില്ല, മനുഷ്യർക്ക് ഉറക്കവുമില്ല. എവിടെയും നെല്ലും കറ്റയും കച്ചിയും കതിരും. മനുഷ്യന്റെ മനസ്സും ശരീരവും ഹൃദയവും എല്ലാംകൂടി ഒരുമിച്ച് യന്ത്രത്തെപ്പോലെ വിരാമമില്ലാതെ ജോലി ചെയ്യുന്നു. കണ്ണെത്താത്ത ദൂരത്തോളം വ്യാപിച്ചുകിടക്കുന്ന പാടങ്ങളിലെ കതിരുകൾ ഓരോന്നും അരിവാൾ വായ്ത്തല കൊണ്ട് മുറിച്ചെടുത്ത് കറ്റകൾ

കെട്ടണം. എല്ലാം മനുഷ്യന്റെ കൈകൾ വേണം ചെയ്യാൻ. ആ കെട്ടുകൾ മനുഷ്യൻ തലയിൽത്താങ്ങി കളത്തിൽ കൊണ്ടുപോകണം. അവിടെ മലപോലെ കൂട്ടിയിട്ടിരിക്കുന്ന കോടിക്കണക്കിന് പറ നെല്ല് മുഴുവൻ മനുഷ്യന്റെ ചവിട്ടടികളാൽ ചവിട്ടിയുതിർക്കണം. മനുഷ്യസ്പർശം ഏൽക്കാത്ത ഒരു നെന്മണിപോലും അതിലില്ല." ഇത് തകഴിയുടെ വിശ്വപ്രസിദ്ധമായ 'രണ്ടിടങ്ങഴി'-യിൽ നിന്ന് ഉദ്ധരിച്ചതാണ്. ഞാൻ ഇന്നലെ വളരെ ഹൃദയഭേദകമായ കാഴ്ചകണ്ടു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മണ്ഡലമായ അമ്പലപ്പുഴയിലെ കുട്ടനാട്ടിൽ തോട്ടപ്പള്ളി കരിനിലം പ്രദേശത്ത് 1200-ലധികം ഏക്കറിൽ കൃഷിക്കാർ കൃഷി ചെയ്തിരിക്കുകയാണ്. പക്ഷേ, വിളവിൽ ബഹുഭൂരിപക്ഷവും പതിരാണ്. ഇവിടെ പല സന്ദർഭങ്ങളിലായി പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ പറഞ്ഞകാര്യമാണിത്. ഞാനിന്നലെ അവിടെ നേരിട്ടുപോയി. കൃഷിക്കാരുടെ കണ്ണുനീരാണ് പാടംമുഴുവൻ. എത്ര ദു:ഖകരവും ഹൃദയഭേദകവുമായ കാഴ്ചയെന്ന് അവിടെച്ചെന്ന് കാണുമ്പോഴാണ് മനസ്സിലാകുന്നത്. കുട്ടനാട്ടിലെയും പാലക്കാട്ടെയും കൃഷിക്കാർ അവരുടെ ചോര നീരാക്കി ഉൽപ്പാദിപ്പിക്കുന്ന നെല്ല് ഈ ഗവൺമെന്റ് വളരെ കൃത്യതയോടെ സംഭരിച്ചുകൊണ്ടിരിക്കുകയാണ്. എന്നുമാത്രമല്ല, വിലയും

കൃത്യസമയത്തുതന്നെ കൊടുക്കുമെന്ന് പറയുകയാണ്. തകഴിയുടെ രണ്ടിടങ്ങഴിയാണ് സംസ്ഥാനത്തെ ആദ്യത്തെ റേഷനായി നിലവിൽ വന്നത്. 1960-ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്ട്രിബ്യൂഷൻ കൺട്രോൾ) ഓർഡർ പ്രകാരം ഒരു കാർഡിന് രണ്ടിടങ്ങഴി (2.54 കിലോഗ്രാം) അരി പാവപ്പെട്ടവർക്ക് നൽകാൻ വ്യവസ്ഥ ചെയ്തു. ആ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചു. പിന്നീടത് പാവപ്പെട്ടവന്റെ അവകാശമായി മാറി, കേരളത്തിൽ സാർവ്വത്രികമായ റേഷൻ സമ്പ്രദായത്തിന് തുടക്കം കുറിച്ചു. ചരിത്രം പരിശോധിച്ചാൽ, 1964-65 ഭയങ്കരമായ വിശപ്പിനെ നേരിട്ട കാലഘട്ടമായിരുന്നു. അന്നാണ് ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ, സഖാവ് എ.കെ.ജി. ഉൾപ്പെടെയുള്ളവർ പാർലമെന്റിൽ വളരെ ഉജ്ജ്വലമായി പൊരുതിയതിന്റെ ഫലമായി, സംസ്ഥാനത്തെ ബഹുജനങ്ങളും ആ സമരത്തെ ഏറ്റെടുത്ത് ഒടുവിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലവിൽവന്നത്. കേരളം നാണ്യവിളകളുടെ നാടാണ്. സുഗന്ധദ്രവ്യങ്ങളുടെ ഉൽപ്പാദനത്തിന്റെ കേന്ദ്രങ്ങളാണ്. അതുകൊണ്ടാണ് 'അരിയിലല്ല ആ ഉൽപ്പന്നങ്ങളിൽ കേന്ദ്രീകരിക്കു, നിങ്ങൾക്കാവശ്യമായ അരി ഞങ്ങൾ തരും' എന്ന് പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള നേതൃത്വം

സംസ്ഥാനത്തോട് പറഞ്ഞത്. അങ്ങനെയാണ് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലവിൽവന്നത്. ആ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നമുക്കറിയാം, സാർവ്വത്രികമായ റേഷനായിരുന്നു. 700 ഗ്രാം ഒരു യൂണിറ്റ് എന്ന രീതിയിൽ കണക്കാക്കി മുതിർന്നവർക്ക് ആഴ്ചയിൽ രണ്ട് യൂണിറ്റും കുട്ടികൾക്ക് ഒരു യൂണിറ്റും അരിയാണ് നൽകിയത്. ആ യൂണിവേഴ്സൽ രൂപത്തിലുള്ള നമ്മുടെ ഭക്ഷ്യ പൊതുവിതരണ സമ്പ്രദായം 1996 വരെ തുടർന്നു. അരിയെ സംബന്ധിച്ചിടത്തോളം നമുക്ക് പ്രയാസങ്ങളില്ലാതെ കടന്നുപോയ കാലങ്ങളാണിത്. അരിയാണ് മലയാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷണം. അവൻ രാവിലെ കഞ്ഞി കുടിക്കും, ഉച്ചയ്ക്ക് ചോറ് കഴിക്കും, രാത്രിയിലും ചോറ് കഴിക്കും. രാവിലെ കഞ്ഞി മാറ്റിയാലോ, അവൻ കഴിക്കുന്ന പലഹാരം അരിയുടെതന്നെയാണ്. അപ്പോൾ അരിയിൽ വരുന്ന നേരിയ ചലനം പോലും നമ്മുടെ നാടിനെ ബാധിക്കും. അരിയെയും അരിയുടെ വിലയെയും മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ മിക്കവാറും എല്ലാ അവശ്യസാധനങ്ങളുടെയും മേൽ ബാധിക്കുന്നതായാണ് നാം കണ്ടുവരുന്നത്. അതുകൊണ്ട് സാർവ്വത്രികമായ റേഷൻ നമുക്ക് വലിയ അനുഗ്രഹമായിരുന്നു. എന്നാൽ ഈ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (പി.ഡി.എസ്.) മാറ്റുന്നതുമായി ബന്ധപ്പെട്ട് 1990 മുതൽ

ചർച്ചകൾ വ്യാപകമായി വന്നു. 1990 മുതലാണ് ടാർഗറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സംസ്ഥാനത്ത് കടന്നുവരുന്നത്. 1996 ആയപ്പോൾ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി ഇനി റേഷൻ കാർഡുകൾ എ.പി.എൽ./ബി.പി.എൽ. എന്നിങ്ങനെ രണ്ടുതരത്തിലാക്കണമെന്ന് പറഞ്ഞു. രണ്ടുതരത്തിലുള്ള റേഷൻ കാർഡ് അന്നുമുതലാണ് നിലവിൽ വരുന്നത്. ബി.പി.എൽ. കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുക എന്ന സമ്പ്രദായത്തിലേക്ക് നാം പ്രവേശിക്കുന്നത് അങ്ങനെയാണ്. എന്നാൽ 2000 ആണ്ടോടുകൂടി ബി.പി.എൽ.-കാരായ 65.2 ദശലക്ഷം ദരിദ്രരിൽനിന്നും 10 ദശലക്ഷം വരുന്ന ദരിദ്രരിലെ ദരിദ്രരെ അന്ത്യോദയ അന്നയോജന പദ്ധതിക്കാരായി നിർണ്ണയിച്ചുകൊണ്ട് ആ ടാർഗറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലേയ്ക്കാണ് പിന്നീട് പോയത്. അന്നുമുതൽ നമുക്ക് ധാരാളം പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നു. ആ പ്രയാസമാണ് നമ്മളിപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. എ.പി.എൽ./ബി.പി.എൽ. തരംതിരിവുണ്ടായപ്പോൾ അനർഹർ ബി.പി.എൽ. ലിസ്റ്റിൽ കടന്നുകൂടി, അർഹർ എ.പി.എൽ. ലിസ്റ്റിൽ കടന്നുവന്നു. അന്നുമുതൽ റേഷൻ സമ്പ്രദായത്തിന്റെ താളംതെറ്റി. റേഷൻ കടകൾ

ആദായകരമല്ലാത്ത ഒരു സംവിധാനമായി മാറി. ആ സാഹചര്യത്തിൽ അവിടെ ക്രമക്കേടുകളും ആരംഭിച്ചു. ഇന്ന് നമുക്കറിയാം, റേഷൻ കടകളിലും ഹോൾസെയിൽ ഉടമകളുടെ കാര്യത്തിലും ഈ രംഗമാകെ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥരംഗങ്ങളിലുമൊക്കെ അഴിമതി സർവ്വവ്യാപിയായി പടർന്ന് പന്തലിച്ച് കൊടികുത്തി വാഴുന്നു എന്നുള്ളത് എല്ലാവരും സമ്മതിക്കും. ഇങ്ങനെയൊരു സംവിധാനം നിലനിൽക്കുന്ന ഒരു സമ്പ്രദായത്തിൽക്കൂടിയാണ് നമ്മൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് വളരെ സൂക്ഷ്മതയോടും ഗൗരവത്തോടുംകൂടി വേണം ഈ സമ്പ്രദായത്തിൽ വരുന്ന ഓരോ മാറ്റവും കാണേണ്ടത്. തങ്ങളുടെ കാലത്ത് അരിക്കും മണ്ണെണ്ണയ്ക്കും ഒരു കുറവും ഉണ്ടായില്ലെന്ന് ശ്രീ. അനൂപ് ജേക്കബ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അരിയും മണ്ണെണ്ണയുമെല്ലാം കൃത്യമായി തന്നിരുന്നു. ഞങ്ങൾ കേന്ദ്രത്തെ ബോധ്യപ്പെടുത്തിയതുകൊണ്ടാണ് അരിയും മണ്ണെണ്ണയും കൃത്യമായി ലഭിച്ചത്. എന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അതിനെ വേറൊരു രൂപത്തിൽ കാണുന്നില്ല. എന്തായാലും 2013-ൽ ആണ് പാർലമെന്റ് ഭക്ഷ്യ ഭദ്രതാ നിയമം പാസ്സാക്കുന്നത്. വളരെ വർഷങ്ങൾക്കുമുമ്പ് അതിന്മേലുള്ള ചർച്ചകൾ നടന്നു. പക്ഷെ, ആക്ട് പാർലമെന്റിൽ വരുന്നത് 2013-ലാണ്. 2013-ൽ ആക്ട്

വരുമ്പോൾ, അതിനുമുൻപുള്ള മൂന്നുവർഷത്തെ ശരാശരി ഉപഭോഗം എടുത്തുകൊണ്ടാണ് ഓരോ സംസ്ഥാനത്തിനും അർഹതപ്പെട്ട ഭക്ഷ്യധാന്യം എത്രയാണെന്ന് തീരുമാനമെടുത്തത്. അങ്ങനെയാണ് 14.25 ലക്ഷം മെട്രിക് ടൺ ആണ് കേരളത്തിന്റെ അർഹതപ്പെട്ട വിഹിതം എന്ന് കേന്ദ്രം ഈ ആക്റ്റിൽ ചേർത്തുവച്ചത്. അന്ന് സംസ്ഥാന ഗവൺമെന്റ് അതിൽ എതിർപ്പ് പ്രകടിപ്പിച്ചോ; അതല്ല ഞങ്ങൾക്ക് 16 ലക്ഷം മെട്രിക് ടൺ അരി ലഭിക്കാൻ അർഹതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചോ? അങ്ങനെയൊരു നിർദ്ദേശം അടങ്ങുന്ന ഒരു ഫയലും ഒരിടത്തും കാണാനില്ല. അങ്ങനെ കാണിച്ചതായി ഒരു സന്ദർഭത്തിൽപ്പോലും ഈ രാജ്യത്താർക്കും ബോധ്യപ്പെട്ടിട്ടില്ല. അങ്ങനെയൊരു കാര്യം ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. നമ്മുടെ മൂന്നുവർഷക്കാലത്തെ ശരാശരി ഉപഭോഗം എടുത്തുകൊണ്ടാണ് 14.25 ലക്ഷം മെട്രിക് ടൺ എന്ന് അനുമാനിച്ച് ഈ ആക്റ്റിന്റെ ഭാഗമായി ചേർത്തുവച്ചത്. ഓരോ സംസ്ഥാനത്തിന്റെയും കേരളത്തിന്റെയും അർഹതയെ സംബന്ധിച്ച് അതിനനുബന്ധമായ ഡീറ്റെയിൽസിൽ ഇതെല്ലാം വിവരിക്കുന്നുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, നോർമൽ വിഹിതവുമായി

ബന്ധപ്പെട്ടാണ് 14.25 ലക്ഷം മെട്രിക് ടൺ എന്നുപറയുന്നത്. കേരളം എന്നും മുമ്പോട്ടുവച്ചിരുന്നത്, നമ്മുടെ അഡീഷണൽ അലോട്ട്മെന്റും നോർമൽ അലോട്ട്മെന്റും രണ്ടുംകൂടി കണക്കാക്കി അതിന്റെ ശരാശരി ലഭ്യമാകണമെന്നാണ് നമ്മുടെ ആവശ്യം. അങ്ങേയ്ക്കും അറിയാവുന്നതുപോലെ 100% ഓഫ്ടേക്കുണ്ട്. അതിനാൽ 14.25 ലക്ഷം മെട്രിക് ടൺ എന്നുള്ളത് നോർമൽ വിഹിതത്തിന്റെ ശരാശരിയെയാണ് സൂചിപ്പിക്കുന്നത്.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, 12.65 ആണ് നമ്മുടെ നോർമൽ വിഹിതം. അതിൽ 1.6 എന്ന മാർജിൻകൂടി ചേർത്താണ് 14.25 ലക്ഷം മെട്രിക് ടൺ കേന്ദ്ര ഗവൺമെന്റ് നമുക്ക് അനുവദിച്ചിരിക്കുന്നത്. അതിന്മേൽ നിങ്ങളൊരു ഒബ്ജക്ഷനും കൊടുത്തില്ല. ഞങ്ങൾക്ക് അതിനേക്കാൾ അർഹതയുണ്ടെന്ന് നിങ്ങൾ വാദിച്ചില്ല. കൊടുത്തുവെന്ന് ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. കൊടുക്കേണ്ട സമയത്ത് കൊടുക്കണമായിരുന്നു. അന്ന് കൊടുക്കണമായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിക്കത് പരിശോധിക്കാവുന്നതാണ്. നമ്മുടെ വിഹിതം ഈ നിലയിൽ നിലനിർത്തണമെന്നുള്ളത്, അങ്ങ് തന്നെ എനിക്കൊരു മറുപടി 03-10-2016-ൽ

നൽകിയതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരരുത് എന്നാവശ്യപ്പെട്ട് കഴിഞ്ഞ സർക്കാർ കേന്ദ്ര ഗവൺമെന്റിന് എത്ര കത്തുകളയച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം തീയതികളിലാണെന്നും വിശദമാക്കാമോ എന്ന ചോദ്യത്തിന് മറുപടിയായി 7 കത്തുകൾ ഭക്ഷ്യധാന്യ വിഹിതം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് ഞങ്ങളയച്ചിട്ടുണ്ടെന്ന് അങ്ങുതന്നെ എനിക്ക് മറുപടി തന്നിട്ടുണ്ട്. ഞാനൊരു കാര്യം സൂചിപ്പിക്കട്ടെ, ഇവിടെ ഭരണപ്രതിപക്ഷ വാഗ്വാദമല്ല നടത്തേണ്ടത്, പകരം ഈ ആലോട്ട്മെന്റ് നിലനിർത്തുവാൻ ഒറ്റക്കെട്ടായ പരിശ്രമമാണ് വേണ്ടത്. ഇതുപറയുമ്പോൾ വ്യക്തിപരമായി അങ്ങെടുക്കരുത്.

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, വ്യക്തിപരമായി എടുത്തതല്ല, നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതത്തെ സംബന്ധിച്ച് ആ ആക്ട് പാർലമെന്റിൽ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഉന്നയിക്കേണ്ടിയിരുന്നു. നമ്മുടെ എം.പി.-മാർ മുഖേന നമ്മളത് റെയ്സ് ചെയ്യണം, അതുപോലെതന്നെ സംസ്ഥാനം കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ ആ വിവരം അറിയിക്കണം, അങ്ങനെ ധരിപ്പിച്ചതായി ഒരു സന്ദർഭത്തിലും ബോധ്യപ്പെട്ടിട്ടില്ല. ഇപ്പോൾ നമ്മളിത് പറയുമ്പോൾ അതിന്റേതായ പരിമിതികളുണ്ടെന്നാണ് ഞാൻ നേരത്തെ

ചോദ്യോത്തരവേളയിൽ പറഞ്ഞത്. അല്ലാതെ നമ്മുടെ അവകാശം നിഷേധിച്ചുകൊണ്ടോ നമ്മുടെ അവകാശത്തിന് എന്തെങ്കിലും ദോഷമുണ്ടാകുന്ന തരത്തിലോ ഒന്നും ഞാൻ പറഞ്ഞതല്ല. റെയ്സ് ചെയ്യേണ്ട സന്ദർഭത്തിൽ അത് റെയ്സ് ചെയ്തില്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. ഇനി പറഞ്ഞിട്ട് വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. എന്നാലും നമുക്ക് 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം ലഭിക്കണം. കൂടാതെ, ഏകദേശം 40 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ വന്ന് ഇവിടെ ജോലിയെടുത്ത് ഈ മാർക്കറ്റിനെ ആശ്രയിച്ച് ജീവിക്കുന്നത്, അതിന്റെ എല്ലാ സമ്മർദ്ദവും നമ്മുടെ മാർക്കറ്റിലുണ്ട്. അതുകൊണ്ട് ആ കാര്യംകൂടി പരിഗണിക്കണമെന്ന് നമ്മളാവശ്യപ്പെട്ടു കൊണ്ടേയിരിക്കുകയാണ്. ആ ആവശ്യപ്പെടലിന് ഒരു പരിഹാരം ഉണ്ടായതിനുശേഷം മാത്രമേ അവസാനിപ്പിക്കുകയുള്ളൂ. നിരന്തരമായി നമ്മളാവശ്യപ്പെടണം, വളരെ ശക്തിയായി നമ്മളാവശ്യപ്പെടണം. കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ കണ്ട് നിവേദനം കൊടുക്കുന്ന സന്ദർത്തിൽ അതിന്റെ കോപ്പി എടുത്ത് നമ്മുടെ എല്ലാ എം.പി.-മാർക്കും കൊടുത്തിട്ടുണ്ട്. മന്ത്രിയെ കാണുന്നതിനുമുമ്പുതന്നെ ആദ്യം കണ്ടത് ശ്രീ. എ. കെ. ആന്റണിയെയാണ്. ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. കെ. വി. തോമസ് എന്നിവരെയും

കണ്ടിട്ടാണ് നമ്മൾ മന്ത്രിയെ കാണാൻ പോകുന്നത്. അവിടെ ഇല്ലാതിരുന്ന മുഴുവൻ എം.പി.-മാർക്കും ആ നിർദ്ദേശത്തിന്റെ കോപ്പി കൊടുത്തിട്ടാണ് വന്നത്. ആ ശ്രമങ്ങൾ നമ്മൾ തുടരണം. അതിന് യാതൊരു തർക്കവും ആർക്കുമില്ല. എന്നാലിന്ന് ഈ തിരിമറികളൊക്കെ വളരെ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ബി.പി.എൽ. ലിസ്റ്റിലാണെങ്കിൽ അനർഹർ ധാരാളം കടന്നുകൂടിയിട്ടുണ്ട്. നമ്മുടെ എ.പി.എൽ. ലിസ്റ്റിലാണ് തോട് പുറമ്പോക്കിലും കായൽ പുറമ്പോക്കിലും താമസിക്കുന്ന ധാരാളം ആളുകൾ നിൽക്കുന്നത്. അത്തരം ആളുകളുടെ പരാതി ധാരാളമായി എന്റെ അടുത്ത് വരാറുണ്ട്. ജനപ്രതിനിധികളായ നിങ്ങളുടെ അടുത്തും വരാറുണ്ട്. ഏതായാലും അതെല്ലാം കറക്ട് ചെയ്യാനുള്ള ഒന്നാന്തരം സന്ദർഭമായി നമ്മൾ ഈ സന്ദർഭത്തെ മാറ്റണം എന്നാണ് എന്റെ അഭിപ്രായം. "അരി വാങ്ങുവാൻ ക്യൂവിൽ നിൽക്കുന്ന ഗാന്ധി, അരികെ കൂറ്റൻ കാറിലേറി നീങ്ങുന്ന ഗോഡ്സെ" എന്ന് എഴുതിയത് പണ്ഡിതശ്രേഷ്ഠനായ കവി എൻ. വി. കൃഷ്ണവാര്യരാണ്. വളരെ പച്ചയായ ഒരു യാഥാർത്ഥ്യമാണിത്. അനർഹർ ധാരാളംപേർ അരി വാങ്ങിക്കൊണ്ടുപോകുകയും അർഹർ ധാരാളംപേർ അപ്പുറത്ത് എ.പി.എൽ. വിഭാഗത്തിൽ നിൽക്കുകയുമാണ്. ആ സ്ഥിതിക്ക് മാറ്റം ഉണ്ടാക്കാൻ ഈ

സന്ദർഭം എത്ര ഭംഗിയായി വിനിയോഗിക്കാൻ കഴിയുമോ അങ്ങനെ വിനിയോഗിക്കാൻ കഴിയണം എന്നതാണ് ഇന്ന് ഇവിടെ നാം രാവിലെ ചർച്ച ചെയ്തതിന്റെയൊക്കെ സ്പിരിറ്റ്. ഇവിടെ എല്ലാപേരും ചൂണ്ടിക്കാണിച്ചത് ഇത്തരം വിഷയങ്ങളായതുകൊണ്ട് ഞാൻ അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. ഇവിടെ രാവിലെ ചർച്ച ചെയ്ത കാര്യങ്ങൾതന്നെയാണ് ഇപ്പോൾ ചർച്ചയിൽ പങ്കെടുത്തപ്പോഴും ചൂണ്ടിക്കാണിച്ചത്. നമ്മുടെ പ്രയോറിറ്റി ലിസ്റ്റിൽ വരേണ്ടത് 1,54,80,040 പേരാണ്. ഇതിനുമുമ്പ് ബി.പി.എൽ./എ.എ.വൈ. കാർഡ് ഉടമകളെല്ലാംകൂടി ചേരുമ്പോൾ 95 ലക്ഷം പേരാണുണ്ടായിരുന്നത്. ഒരു കോടിയിൽ അധികം വരുന്ന എ.പി.എൽ.എസ്.എസ്. വിഭാഗക്കാർക്ക് രണ്ട് രൂപയ്ക്ക് അരി കൊടുത്തിരുന്നവരിൽ പകുതിയിലധികംപേരെക്കൂടി ഈ വിഭാഗത്തിൽ കൊണ്ടുവരാൻ കഴിയും. വളരെ ശരിയായ അനാലിസിസ് നടത്തി അത്രയും ആളുകളെക്കൂടി പ്രയോറിറ്റി ലിസ്റ്റിൽ കൊണ്ടുവരണം എന്നതാണ് ഇതുസംബന്ധിച്ച് ചെയ്യേണ്ടത്. ബാക്കിവരുന്ന ഒരു കോടി എൺപത് ലക്ഷം ആളുകളുണ്ട്. അവർക്ക് നമ്മുടേതിൽ വരുന്ന നാല് ലക്ഷം മെട്രിക് ടൺ അരി ഏതളവിൽ എങ്ങനെ കൊടുക്കണമെന്നതിനെ സംബന്ധിച്ചാണ് ഗവൺമെന്റ് പരിശോധിക്കാൻ പോകുന്നത്. അതിന്റെ വിശദാംശങ്ങൾ അതിനുശേഷമേ

പറയാൻ കഴിയൂ. അതുകൊണ്ട് ആ പ്രോസസ്സ് വളരെ വിജയകരമായി നടത്തേണ്ടതുണ്ട്. ഇവിടെ പ്രിയപ്പെട്ട അംഗങ്ങളെല്ലാം പറഞ്ഞത് ഒക്ടോബർ 30-നുള്ളിൽ എങ്ങനെയാണ് ആക്ഷേപം കൊടുത്തുതീർക്കുന്നത് എന്നാണ്. അതിനെസംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളും പരാതികളുമൊക്കെ വരുന്നുണ്ട്. ആ പരാതികൾ പഞ്ചായത്ത് ഓഫീസിലും വില്ലേജ് ഓഫീസിലും കൊടുക്കാനുള്ള സന്ദർഭം ഒരുക്കിയിട്ടുണ്ട്. അത്തരം പരാതികളിന്മേലുള്ള തീരുമാനം വെരിഫിക്കേഷൻ കമ്മിറ്റിയുടെ മുമ്പിൽ നടത്താൻ കഴിയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഒക്ടോബർ 30-നകം പരാതികളെല്ലാം നൽകണമെന്ന് പറയുന്നത് അത്ര പ്രായോഗികമാണെന്ന് തോന്നുന്നില്ല. അതൊന്നു മന്ത്രി പരിശോധിക്കണം. കുറച്ചു സമയം കൂടി നൽകണം. പ്രസിദ്ധീകരിച്ച ലിസ്റ്റിനെക്കുറിച്ച് എല്ലായിടത്തും വലിയ പരാതികളുണ്ട്. ഇത്രയും ചെറിയൊരു സമയത്തിനുള്ളിൽ അത് തീർക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ആവശ്യാനുസരണം സമയം കൊടുക്കണമെന്നാണ് എന്റെ റിക്വസ്റ്റ്.

ശ്രീ. പി. തിലോത്തമൻ : സർ, അങ്ങനെ കൊടുക്കാൻ നമ്മുടെ മുമ്പിൽ സമയമില്ല. നവംബർ ഒന്നുമുതൽ ഈ കരട് പട്ടികവച്ച് അരി

കൊടുക്കണമെന്നാണ് കേന്ദ്രം ആവശ്യപ്പെടുന്നത്. അതിന് ഒരു മാറ്റവുമില്ല. അങ്ങനെ കൊടുത്തില്ലെങ്കിൽ, എ.പി.എൽ. വിഭാഗത്തിനുള്ള അരിയുടെ വിലയിൽ വ്യത്യാസം വരുന്നു എന്നുള്ളത് വലിയ സീരിയസ്സായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. അത് ബാധകമാകാതിരിക്കണമെങ്കിൽ നവംബർ ഒന്നുമുതൽ എൻ.എഫ്.എസ്. ആക്ട് പ്രകാരമുള്ള കരട് പട്ടികവച്ച് അരി കൊടുത്തുതുടങ്ങണം.

ശ്രീ. അനൂപ് ജേക്കബ് : സർ, എക്സിസ്റ്റിംഗ് ബി.പി.എൽ കാർഡുകൾ മുൻഗണനാ കാർഡുകളാക്കികൊണ്ടാണ് നവംബർ ഒന്നുമുതൽ ഈ നിയമം താൽക്കാലികാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ പോകുന്നത്. കേന്ദ്രത്തിന്റെ സമ്മർദ്ദത്തിലാണ് നമ്മളിപ്പോൾ നിൽക്കുന്നത്. അപ്പോൾ നിലവിലുള്ള ബി.പി.എൽ. കാർഡുകൾ മുൻഗണനാ കാർഡുകളാക്കി മാറ്റുന്നു. ബാക്കി ഒറിജിനൽ മുൻഗണനക്കാരെ കണ്ടെത്താനുള്ള പരാതികളാണ് ഇപ്പോൾ സ്വീകരിക്കാൻ പോകുന്നത്. അതുകൊണ്ടുതന്നെ നിയമം നടപ്പിലാക്കാൻ പോകുമ്പോൾ കാർഡ് പുതുക്കുവാൻ ആവശ്യമായ സമയം കൊടുക്കുന്നതിൽ എന്തെങ്കിലും തരത്തിൽ ബുദ്ധിമുട്ടുണ്ടാകുമോ?

ശ്രീ. പി. തിലോത്തമൻ : സർ, പ്രയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതാണ്

അടിസ്ഥാനമായി കേന്ദ്ര സർക്കാർ എടുക്കുന്നത്. അതുവച്ചുകൊണ്ടുമാത്രമേ എൻ.എഫ്.എസ്.എ. പ്രകാരം അരികൊടുക്കാൻ അവർ സമ്മതിക്കുകയുള്ളൂ. അതിന്മേൽ എൻ.എഫ്.എസ്.എ. എന്ന് സീൽ ചെയ്ത് കൊടുക്കണമെന്നാണ് പറയുന്നത്. അതിനുമുമ്പ് നാം റെക്ടിഫൈ ചെയ്താൽ അത്രത്തോളം നല്ലത്. അതേ നമുക്കിപ്പോൾ ചെയ്യാൻ കഴിയൂ. അങ്ങനെ കൊടുത്തുകൊണ്ട് നിങ്ങൾ ആ റെക്ടിഫിക്കേഷൻ പ്രോസസ്സ് കണ്ടിന്യൂ ചെയ്യുക, മാർച്ച് 31 -ഓടുകൂടി നിങ്ങൾ റേഷൻകാർഡ് വിതരണം പൂർത്തിയാക്കുക, ഏപ്രിൽ 01-ന് നാം തീരുമാനിച്ചതാണ് എൻ.എഫ്.എസ്.എ. പൂർണ്ണമായി നടപ്പാക്കുന്ന ഒരു സംസ്ഥാനം എന്ന അടിസ്ഥാനത്തിലാകണം എന്നാണ് കേന്ദ്രം പറയുന്നത്. ഇപ്പോൾ ശ്രീ. അനൂപ് ജേക്കബ് പറഞ്ഞതുപോലെ ബി.പി.എൽ. കാർഡുകാരെ പ്രയോറിറ്റി ലിസ്റ്റിലെടുക്കുകയല്ല. കഴിഞ്ഞ ഗവൺമെന്റ് തന്നെ മുന്നോട്ടുവച്ചതാണ് ഫാറം പൂരിപ്പിച്ച് തയ്യാറാക്കൽ. ഒരേക്കറിന്മേൽ ഭൂമിയുള്ളവർ, ആയിരം സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവർ, നാല് വീലുള്ള വാഹനമുള്ളവർ, വരുമാന നികുതി കൊടുക്കുന്നവർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർക്കാർ ജീവനക്കാർ തുടങ്ങിയവരൊന്നും ഈ പട്ടികയിൽ വരാൻ പാടില്ല. അതാണ് നമ്മുടെ

ബെയ്സ്. എല്ലാ റേഷൻ കാർഡുകളെയും ആ അടിസ്ഥാനത്തിൽ പ്രോസസ്സ് ചെയ്തുകൊണ്ടാണ് അതിനുതാഴെയുള്ള ആളുകളെ പ്രയോറിറ്റി ലിസ്റ്റിൽ കൊണ്ടുവരുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ഇപ്പോൾ ബി.പി.എൽ. കാർഡ് ഉടമകൾക്ക് സൗജന്യമായാണ് അരി കൊടുത്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ സുരക്ഷ നിയമമനുസരിച്ച് അതിന്റെ പണം കൊടുക്കണ്ടേ; ഇതിന്റെ ബാധ്യത ആരാണ് ഏറ്റെടുക്കുന്നത്?

ശ്രീ. പി. തിലോത്തമൻ : സർ, നമുക്കിപ്പോൾ കേന്ദ്രം തരുന്ന 10.25 ലക്ഷം മെട്രിക് ടൺ എന്നത് അരി കിലോയ്ക്ക് 3 രൂപ വച്ചും ഗോതമ്പ് കിലോയ്ക്ക് രണ്ട് രൂപ വച്ചുമാണ്. ബാക്കിവരുന്നതിന് വേറെ റേറ്റാണ്. അങ്ങനെയാണ് തരുന്നത്.

ശ്രീ. എ. എൻ. ഷംസീർ : സർ, എ.പി.എൽ, ബി.പി.എൽ. ലിസ്റ്റ് ഇപ്പോൾ തയ്യാറാക്കികൊണ്ടിരിക്കുകയാണല്ലോ. അതുമായി ബന്ധപ്പെട്ട് കാർഡ് ഉടമകൾക്ക് താലൂക്കാസ്ഥാനങ്ങളിൽ പോയി നിൽക്കേണ്ട ഒരു സാഹചര്യമുണ്ട്. അത് ലഘൂകരിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന് സ്വീകരിക്കാൻ സാധിക്കുമോ? അത് റേഷൻ കടകളിൽത്തന്നെ ആക്കി

കഴിഞ്ഞാൽ ആളുകൾക്ക് കുറച്ചുകൂടി സൗകര്യപ്രദമാകും. റേഷൻ കാർഡ് ഉടമകൾ പ്രായം ചെന്നവരാണല്ലോ. അവർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ പോകുമ്പോഴുണ്ടാകുന്ന പ്രയാസം പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടാകുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ഇപ്പോൾ റേഷൻ കാർഡ് ഉടമയെന്നു പറഞ്ഞാൽ ആ കുടുംബത്തിലെ മുതിർന്ന സ്ത്രീയാണ്. സ്ത്രീ ഇല്ലാത്ത കുടുംബത്തിൽ പ്രായമുള്ള പുരുഷനാണ് കാർഡ് ഉടമ. അതാണ് സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പുതുതായി റേഷൻ സംവിധാനം കൊണ്ടുവരുന്നതിൽ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ട തീരുമാനം. നമ്മുടെ ആക്ഷേപങ്ങളും പരാതികളും കൊടുക്കാൻ താലൂക്ക് സപ്ലൈ ഓഫീസുവരെ പോകണ്ട. പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കും. റേഷൻ കടയെന്നുപറയുന്നത് ഒരു ഗവൺമെന്റ് ഓഫീസല്ല. അതുകൊണ്ടാണ് അവിടെ ഏൽപ്പിക്കാത്തത്. ഈ രണ്ടുകേന്ദ്രങ്ങളിലും കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രയാസം ആ സന്ദർഭത്തിൽ കുറയുമെന്ന കാര്യം ഉറപ്പാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, കേരളത്തിന്റെ

ദാരിദ്ര്യമില്ലാതാക്കിയത് പാവപ്പെട്ടവർക്ക് സൗജന്യമായി അരി കൊടുക്കുന്ന സിസ്റ്റമായിരുന്നു. ഒരു രൂപയ്ക്ക് ഒരു കിലോ അരി എന്ന സിസ്റ്റം മാറി അത് സൗജന്യമാക്കി മാറ്റി. നവംബർ ഒന്നാംതീയതി മുതൽ ഇവിടെ ഒരു പരിഷ്കാരം വരാൻ പോകുകയാണ്. കേരളത്തിൽ നിലനിൽക്കുന്ന ഈ സൗജന്യ അരി വിതരണം നിലനിൽക്കുമെന്ന് അങ്ങേക്ക് ഈ സഭയ്ക്ക് ഉറപ്പുതരാൻ കഴിയുമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, കേന്ദ്രം അരി തരുന്നത് സൗജന്യമായിട്ടല്ല. 10.25 ലക്ഷം മെട്രിക് ടൺ അരി കിലോയ്ക്ക് മൂന്ന് രൂപ പ്രകാരവും ഗോതമ്പ് കിലോയ്ക്ക് രണ്ട് രൂപ പ്രകാരവുമാണ് തരുന്നത്. 14.25 ലക്ഷം മെട്രിക് ടൺ അരിയിൽ നാലുലക്ഷം മെട്രിക് ടൺ തരുന്നത് വേറെ റേറ്റിനാണ്. അതെല്ലാം വച്ചുകൊണ്ട് ഇവിടത്തെ റേറ്റ് എത്രയായിരിക്കണമെന്നും അളവ് എത്രയായിരിക്കണമെന്നും സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കും. ഏതായാലും എ.എ.വൈ.-ക്കാർക്ക് 35 കിലോ അരി മാറ്റമില്ലാതെ കൊടുക്കും. ബാക്കി പ്രയോറിറ്റി ലിസ്റ്റിൽ വരുന്ന കുടുംബത്തിന് 5 കിലോ ഭക്ഷ്യധാന്യമാണ് കൊടുക്കുന്നത്. അത് എൻ.എഫ്.എസ്.എ.-യിൽ വ്യക്തമായി പറയുന്നതാണ്. അതിലൊന്നും മാറ്റമില്ല. ബാക്കി വരുന്നത് ഏത് അളവിൽ കൊടുക്കണം, ഏത് റേറ്റിൽ

കൊടുക്കണം, പൊതുവിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദിക്കുന്നത് ഇപ്പോൾ കേരളത്തിലെ പാവങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം ഒന്നാം തീയതി മുതൽ മാറാൻ പോകുകയാണ്. അത് അങ്ങയുടെ കുറ്റമായി ഞാൻ പറയുന്നില്ല. പക്ഷെ ഒന്നാം തീയതി മുതൽ പാവപ്പെട്ടവർക്ക് സൗജന്യ അരി കിട്ടുമോ; ഇനി ഏതെങ്കിലും സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അതിനൊരു തടസ്സമുണ്ടാക്കിയാൽ സംസ്ഥാന ഗവൺമെന്റ് ഇന്റർഫിയർ ചെയ്ത് സൗജന്യമായി അരി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ : സർ, നമ്മുടെ രാജ്യത്തിനാകെ മാതൃകയായ ഒരു യൂണിവേഴ്സൽ നിയമമാണ് ശ്രീ. കെ. വി. തോമസ് കൊണ്ടുവന്നത്. അതിനോടുള്ള അഭിപ്രായ വ്യത്യാസമാണ് നമ്മൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. താങ്കൾ അദ്ദേഹത്തോടുതന്നെ പറഞ്ഞിരുന്നെങ്കിൽ വളരെ എളുപ്പമാകുമായിരുന്നു. അതുകൊണ്ട് രാജ്യത്ത് പൊതുവിൽ വരുന്ന ആക്ടിന്റെ അടിസ്ഥാനത്തിൽ അരിയുടെ റേറ്റ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് എങ്ങനെ വേണമെന്ന് ഈ ഗവൺമെന്റ്

ആലോചിക്കും. താമസിയാതെതന്നെ ആലോചിച്ച് അത് അനൗൺസ് ചെയ്യും. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും നൽകേണ്ടത് ഒക്ടോബർ 30 വരെയാണ്. ആ ആക്ഷേപങ്ങളും പരാതികളും സംബന്ധിച്ച് പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ വെരിഫിക്കേഷൻ കമ്മിറ്റി തീരുമാനമെടുക്കും. അതിനുപരിയായി വരുന്ന ആക്ഷേപങ്ങളോ തർക്കങ്ങളോ ഉണ്ടെങ്കിൽ അതെല്ലാം കേൾക്കാനുള്ള സമിതി ജില്ലാ അടിസ്ഥാനത്തിലുള്ള അപ്പീൽ ബോഡിയാണ്. ആ സമിതി അന്തിമമായ തീരുമാനമെടുക്കും. ജനുവരി ഒന്നിന് പട്ടിക പ്രസിദ്ധീകരിക്കാൻ കഴിയണം. റേഷൻ കാർഡ് പ്രിന്റ് ചെയ്ത് ഫെബ്രുവരി ഒന്നുമുതൽ വിതരണം ചെയ്യാൻ കഴിയണം. മാർച്ച് 31-ഓടുകൂടി റേഷൻ കടകളുൾപ്പെടെ കമ്പ്യൂട്ടറൈസേഷൻ നടത്തണം. Door to door delivery-യുള്ള എല്ലാ സംവിധാനങ്ങളുമൊരുക്കണം. അങ്ങനെ ആ ജോലികളെല്ലാം പൂർത്തിയാക്കിക്കൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയായി ഈ നിയമം നടപ്പാക്കണം. വളരെ സുതാര്യമായിട്ടുള്ള ഒരു പൊതുവിതരണ സംവിധാനമാണ് വരാൻ പോകുന്നത്. ശ്രീ. അനൂപ് ജേക്കബ് പറഞ്ഞു, മറ്റെല്ലാ സംസ്ഥാനങ്ങളിലും നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിനെ പ്രയോറിറ്റി ലിസ്റ്റാക്കിവച്ചുകൊണ്ട് കുറേ ജില്ലകളിൽ നടപ്പാക്കി, എന്നിട്ട് എല്ലാ

സംസ്ഥാനവും നടപ്പാക്കിയെന്ന്. അങ്ങനെയല്ല, ഈ സ്റ്റേറ്റ് ഒന്നടങ്കം വളരെ സുതാര്യമായി, പൊതുവിതരണ രംഗത്ത് നടക്കുന്ന അഴിമതി അവസാനിപ്പിക്കാൻ കഴിയുന്ന ഒന്നാന്തരമൊരവസരമായി ഈ ഗവൺമെന്റ് കാണുകയാണ്. ഇവിടെ ഇടനിലക്കാരുണ്ടാവില്ല. എഫ്.സി.ഐ.-യിൽ നിന്ന് അരിയെടുത്ത് ഗവൺമെന്റ് ഉത്തരവാദിത്വത്തിൽ നേരെ റേഷൻകടകളിലെത്തിക്കുന്ന സമ്പ്രദായമാണ് വരാൻ പോകുന്നത്. ഇപ്പോൾ 333 ഹോൾസെയിൽ ഉടമകളുണ്ട്. അതെല്ലാം അവസാനിപ്പിച്ചുകൊണ്ട് അഴിമതിയോട് വിടപറഞ്ഞ് വളരെ സുതാര്യമായ ഒരു പൊതുവിതരണ സംവിധാനത്തിലേയ്ക്കാണ് നാം പോകുന്നത്. ഈ സന്ദർഭത്തിൽ റേഷൻ കടകൾ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. റേഷൻ കടകളിൽക്കൂടി അവശ്യസാധനങ്ങൾ കൊടുത്തുകൊണ്ട് ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി റേഷൻ കടകളെ മാറ്റാൻ കഴിയുമോ എന്നുകൂടി ഈ സന്ദർഭത്തിൽ ആലോചിക്കുന്നുണ്ട്. പിന്നെ ഒരു കാര്യം ഇവിടെ പറയാനുള്ളത് വെൽഫെയർ സ്കീമിനെ സംബന്ധിച്ചാണ്. 1761 അംഗീകൃത വെൽഫെയർ സ്ഥാപനങ്ങളിലായി 60708 അംഗങ്ങളുണ്ട്. അവർക്ക് കൊടുക്കുന്നത് രണ്ട് കിലോ പച്ചരി, രണ്ട് കിലോ ഗോതമ്പ് ഉൾപ്പെടെ അഞ്ച് കിലോ അരിയാണ്.

ഇതിനായി ഒരുമാസം ആവശ്യമായി വരുന്നത് 333.54 മെട്രിക് ടൺ അരിയും 121.41 മെട്രിക് ടൺ ഗോതമ്പുമാണ്. 2015-16 ന്റെ ആദ്യ പകുതിയിൽ ആറ് മാസത്തേക്ക് കേന്ദ്രം തന്നത് 891.3 മെട്രിക് ടൺ അരിയും 382.2 മെട്രിക് ടൺ ഗോതമ്പുമാണ്. രണ്ടാം പകുതിക്ക് ആകെ അനുവദിച്ചത് 454.24 മെട്രിക് ടണ്ണാണ്. മുഴുവൻ വിഹിതവും തരാൻവേണ്ടി കേന്ദ്രത്തിൽ ഞങ്ങൾ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഇടപെട്ട് വാങ്ങിയാലേ നമുക്ക് വെൽഫെയർ സ്കീം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ. രാവിലെ ഒരുപാട് ചർച്ചകൾ നടന്നതുകൊണ്ട് ദീർഘമായ വിശദീകരണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റതിനുശേഷം എൽ.ഡി.എഫ്. പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ കേരളത്തിൽ ആരോഗ്യകരമായ, മെച്ചപ്പെട്ട തൊഴിൽ ബന്ധം ഉയർത്തിക്കൊണ്ടു വരുന്നതിനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ

കാര്യക്ഷമമാക്കി നടപ്പിലാക്കാനുള്ള ശ്രമത്തിലാണ്. തൊഴിലിടങ്ങളിൽ കർശനമായ പരിശോധന നടത്തി വരുന്നു. ഈ പരിശോധനയുടെ ഭാഗമായി 2015 പ്രോസിക്യൂഷനുകളും 242 ക്ലെയിം കേസുകളും എടുത്തിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ വിപുലമാക്കാൻ ലേബർ കമ്മീഷണറേറ്റിൽ കോൾ സെന്ററുകൾ കാര്യക്ഷമമാക്കി. ഓൺലൈൻ രജിസ്ട്രേഷൻ പ്രാവർത്തികമാക്കി. കേരളത്തിൽ ട്രേഡ് യൂണിയനുകൾ രജിസ്ട്രേഷനുവേണ്ടി ആവശ്യപ്പെടുമ്പോൾ കാലപരിധിയില്ലാതെ നീണ്ടുപോകുന്ന അവസ്ഥയാണുണ്ടായിരുന്നത്. അതിന് അവസാനം കുറിക്കുകയാണ്. യൂണിയനുകൾ രജിസ്ട്രേഷനുവേണ്ടി ആവശ്യപ്പെട്ടാൽ 40 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിന് ഉറപ്പുണ്ടാക്കിയിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ജീവിതസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികളുടെ താമസസ്ഥലത്തെ സംബന്ധിച്ചുള്ള ഒരു വിവരശേഖരണം നടത്തുകയുണ്ടായി. ഈ വിവരശേഖരണത്തിൽ മനസ്സിലായിട്ടുള്ള കാര്യം, കേരളത്തിലെ വിവിധ തോട്ടങ്ങളിലെ ലയങ്ങളിൽ താമസിക്കുന്നവർ 31473 കുടുംബങ്ങളാണ്. അതിൽ സ്വന്തമായി വീടുള്ളവർ 586 ആണ്. സ്വന്തമായി ഭൂമിയുള്ളവർ 8208 ആണ്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവർ 22679

ആണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ വീടില്ലാത്ത മുഴവൻ കുടുംബങ്ങൾക്കും വീടുവച്ച് നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ അത് പ്രവർത്തനമാരംഭിക്കുകയാണ്. ഈ പദ്ധതിയുമായി ബന്ധപ്പെടുത്തി കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും വീടില്ലാത്ത എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും വീട് നൽകും. ഈ വർഷം തന്നെ വീട് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. പ്ലാന്റേഷൻ മേഖലയിൽ ഈ പ്രവർത്തനത്തിന് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നത് ഇടുക്കി ജില്ലയിലാണ്. ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കി തുടങ്ങുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഇതരസംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണത്തെ മുൻനിർത്തി അവർക്ക് താമസസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടാണ് അതിനുള്ള തുടക്കം കുറിച്ചത്. ഏകദേശം 700-ലധികം തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയാവുന്ന പാർപ്പിട സൗകര്യം പൂർണ്ണമായിവരികയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ അവിടെ തൊഴിലാളികളെ താമസിപ്പിച്ച് പ്രവർത്തനമാരംഭിക്കും. അവിടെ ഈ പദ്ധതി

പ്രാവർത്തികമാക്കുന്നതോടൊപ്പം തന്നെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും പാർപ്പിട സമുച്ചയം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വളരെ വേഗത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് പോകുന്നത്. കൂടുതൽ സൗകര്യങ്ങൾ ഈ തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇവിടെ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ബാധകമാക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ പാചകത്തൊഴിലാളികൾ, ആനപ്പാപ്പാന്മാർ, ഹോസ്റ്റൽ, ഐസ് ഫാക്ടറി, ഈറ്റ, ചൂരൽ, പ്രൈവറ്റ് ബസ്, സ്വർണ്ണം, വെള്ളി, ആയുർവ്വേദ-അലോപ്പതി മരുന്ന് നിർമ്മാണം, സെയിൽസ് പ്രൊമോഷൻ എന്നീ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിൽ കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി 11000 രൂപയായിരുന്നു, അത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാ പെൻഷനുകളും ചുരുങ്ങിയത് 1000 രൂപ എന്നുള്ളത് കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ പേരിൽ പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

നൈപുണ്യവികസനത്തിന് മുഖ്യ പരിഗണനയാണ് ഈ ഗവൺമെന്റ്

നൽകുന്നത്. ഇതുവഴി തൊഴിൽ റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്താനുള്ള പദ്ധതികളും ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ വിദേശ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ സാധിക്കുന്ന നിലയിൽ ഒഡേപാക്-ന്റെ പ്രവർത്തനമേഖല വിപുലമാക്കുന്നതിനുള്ള നടപടിയും ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ഓൺലൈനായി നൽകുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്. 'ശരണ്യ' - ആലംബഹീനരായ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 16 കോടി രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഭിന്ന ശേഷിക്കാർക്കുവേണ്ടി നടപ്പിലാക്കിവരുന്ന 'കൈവല്യ' എന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിവരുന്നത്. സ്വയം തൊഴിൽ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. കേരളത്തിൽ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്ന നടപടികളും തുടരുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെടുത്തി പുതിയതായി കരിയർ ഗൈഡൻസ് സെന്ററുകൾ സ്ഥാപിച്ചുവരുന്നു. അതിന് തുടക്കം കുറിക്കുന്നത് കോഴിക്കോട് ജില്ലയിലും പാലക്കാട് ജില്ലയിലുമാണ്. മെഡിക്കൽ ഇൻഷ്വറൻസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 ഇ.എസ്.ഐ.

ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികൾ നവീകരിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. 18 ഡിസ്പെൻസറികൾ പുതുതായി തുടങ്ങാനും നടപടികളെടുത്തിട്ടുണ്ട്. ഇപ്പോൾ ഇ.എസ്.ഐ. ബാധകമാക്കുന്നത് താലൂക്ക് അടിസ്ഥാനത്തിലാണ്. ഇത് ജില്ലാതലത്തിൽ ബാധകമാക്കുന്നതിനും കേരളമാകെ ഇ.എസ്.ഐ. പരിധിക്കകത്ത് കൊണ്ടുവരാനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് 12 ഐ.ടി.ഐ.-കൾ ഉന്നതനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതി നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള പണവും അനുവദിച്ചുകഴിഞ്ഞി ട്ടുണ്ട്. 4 ഐ.ടി.ഐ.-കൾ പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തിരുവനന്ത പുരം ജില്ലകളിലായി പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ കീഴിൽ ഇൻഡസ്ട്രിയൽ ഹൈജിൻ ലബോറട്ടറി 2016 ഓഗസ്റ്റ് 23 മുതൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. തൊഴിൽജന്യരോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിച്ച് അതിന് പരിഹാരം കാണുന്നതിനുള്ള നടപടികളാണ് ഈ ലബോറട്ടറിയുടെ പരിശോധനയിലൂടെ കൈവരിക്കാൻ പോകുന്നത്. കേരളത്തിലെ തൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ച്

കേന്ദ്ര സഹായം അഭ്യർത്ഥിച്ച് നിവേദനങ്ങൾ കേന്ദ്ര മന്ത്രിമാർക്ക് നൽകിയിട്ടുണ്ട്. കേരളത്തിന്റെ തൊഴിൽമേഖലയിലെയും എക്സൈസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെടുത്തി ഇന്ത്യൻ പ്രധാനമന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ധനമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലി, നൈപുണ്യ വികസനമന്ത്രി ശ്രീ. രാജീവ് പ്രതാപ് റൂഡി, ലേബർ ആന്റ് എംപ്ലോയ്മെന്റ് വകുപ്പുമന്ത്രി ശ്രീ. ബണ്ഡാരു ദത്താത്രേയ, ആരോഗ്യ വകുപ്പുമന്ത്രി ജഗദ്പ്രകാശ് നദ്ദ എന്നിവരെ നേരിൽ സന്ദർശിച്ച് കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കേരളത്തിനാവശ്യമായ സഹായങ്ങൾ ലഭിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

നൈപുണ്യ വികസനത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതിക്ക് 290 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്രത്തിൽ നിന്ന് ലഭിക്കത്തക്ക നിലയിലുള്ള പദ്ധതികളും കേന്ദ്രത്തിന്റെ മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സംവിധാനം ഒരുക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. കേരളത്തിൽ ഷോപ്പ് ആക്ടിന് വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

നിയമം ബാധകമാകുന്ന സ്ഥാപനങ്ങൾ ഈ രണ്ട് മേഖലകളെയും ഗ്രേഡിംഗ് നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ആക്ടിന്റെ വ്യവസ്ഥകൾ എത്രത്തോളം പ്രാവർത്തികമാക്കുന്നു, തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ, തൊഴിലാളികൾക്ക് അനുവദിക്കുന്ന അവധി ആനുകൂല്യങ്ങൾ, ജോലി സമയം, മിനിമം വേതനത്തേക്കാളും കൂടിയതും കുറഞ്ഞതുമായ ശമ്പളം, പൊതുവേ തൊഴിലാളികളുടെ ശമ്പളത്തിലുള്ള അന്തരം, ആരോഗ്യ സംരക്ഷണത്തിന് നൽകുന്ന പരിഗണന, ശുചിത്വ പരിപാലനം, സ്ത്രീ സൗഹൃദ അന്തരീക്ഷം, വിശ്രമ മുറികൾ, യാത്രാ സൗകര്യം, ഹോസ്റ്റൽ, ക്രഷർ സൗകര്യങ്ങൾ, സമീപ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങളിലുള്ള ശ്രദ്ധയും പങ്കാളിത്തവും, ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനത്തിന്റെ ഗുണനിലവാരം, സംഘടനാ സ്വാതന്ത്ര്യം, തൊഴിലാളി-തൊഴിലുടമ ബന്ധം, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങളിലെ സഹകരണം ഇങ്ങനെ 12 വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്താനും ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും നില മനസ്സിലാക്കി അവാർഡുകൾ പ്രഖ്യാപിക്കാനും ഗവൺമെന്റ് ഇക്കാര്യത്തിൽ ഉദ്ദേശിക്കുന്നുണ്ടെന്നുള്ളതുകൂടി ഇതിന്റെ ഭാഗമായി വ്യക്തമാക്കുകയാണ്.

പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ ഏകാംഗ കമ്മീഷനായാണ് മുൻ ഗവൺമെന്റ് നിശ്ചയിച്ചിരുന്നത്. ജസ്റ്റിസ് എൻ. കൃഷ്ണൻനായർ കമ്മീഷന്റെ റിപ്പോർട്ട് ഇപ്പോഴുള്ള ഗവൺമെന്റിന്റെ കൈവശമാണ് ലഭിച്ചത്. അത് പരിശോധിച്ച സമയത്ത്, തോട്ടം മേഖലയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് നാനാതരത്തിലുള്ള പ്രശ്നങ്ങൾ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിന് തൊഴിൽ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറിയെ ചുമതല ഏൽപ്പിച്ചിട്ടുണ്ടെന്നുള്ള കാര്യങ്ങളും വ്യക്തമാക്കുകയാണ്. കേരളത്തിൽ തൊഴിൽ നയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സമഗ്രമായ നിർദ്ദേശങ്ങൾ പ്രഖ്യാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. പിന്നീടത് കേരളത്തിന് മുമ്പിൽ സമർപ്പിക്കും. ആരോഗ്യകരമായ തൊഴിൽ ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ, ജോലിക്കിടെ മരണപ്പെടുന്ന മരംകയറ്റ തൊഴിലാളികളുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ,

അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കൽ, എല്ലാ തൊഴിലാളികൾക്കും അടിസ്ഥാന വേതനം ഉറപ്പുവരുത്താൻ കേവല വേതന അവകാശ നിയമം കൊണ്ടുവരും, തൊഴിലിടങ്ങളിൽ നിയമം നടപ്പിലാക്കുന്നതിന് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തും, ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കും, മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും, വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിന് വ്യവസായ ബന്ധസമിതി ബോർഡ് പുന: സംഘടിപ്പിക്കും. സ്കിൽ ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനം തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കത്തക്ക നിലയിലും പുതിയ തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന നിലയിലും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നുണ്ട്. ഇത്രയും കാര്യങ്ങളാണ് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെന്ന നിലയിൽ പ്രധാനമായിട്ടും വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : സർ, അങ്ങയുടെ നിലപാട് വളരെ സ്വാഗതാർഹമാണ്. എന്നാൽ ആ വിഷയവുമായി ബന്ധപ്പെട്ട് രാവിലെ നടന്ന ചർച്ചയിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് ഒരു

പ്രശ്നം ഉന്നയിച്ചിരുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് കഴിഞ്ഞ അഞ്ചുവർഷമായി ആനുകൂല്യം കൊടുത്തിട്ടില്ല, സൂപ്പറാന്യുഷൻ, വിവാഹ ധനസഹായം തുടങ്ങി ഒന്നുംതന്നെ കിട്ടുന്നില്ല. ഏകദേശം 260 കോടി രൂപയോളം വേണ്ടിവരും. അതുമായി ബന്ധപ്പെട്ട വിഷയം കൂടി അങ്ങ് സൂചിപ്പിക്കണം.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ ഇവിടെ ചർച്ചയിൽ ഉന്നയിച്ച പ്രശ്നങ്ങളിലേയ്ക്ക് അവസാനം വരാനാണ് ഉദ്ദേശിക്കുന്നത്. ചർച്ചയിൽ ഉന്നയിച്ച പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ ക്ലാരിഫൈ ചെയ്യേണ്ടതുണ്ട്. എന്റെ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംസാരിച്ചതിനുശേഷം ആ കാര്യങ്ങൾ ഞാൻ നിർവ്വഹിക്കുന്നതാണ്. ഇവിടെ 17 അംഗങ്ങളാണ് സംസാരിച്ചത്. സംസാരത്തിൽ ഏറിയ വിഭാഗം അംഗങ്ങളും കേരളത്തിന്റെ മദ്യമേഖലയെ സംബന്ധിച്ചുള്ള പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു കാര്യം വ്യക്തമാണ്. നയത്തിൽ നിന്ന് പിന്തിരിയുന്നു, പിന്നോക്കം പോകുന്നു എന്നെല്ലാമുള്ള ഒരുപാട് പരാമർശങ്ങൾ വന്നു. വസ്തുതകൾ മനസ്സിലാക്കാതെ ദുർവ്യാഖ്യാനം ചെയ്ത് ഇവിടെ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ചില അംഗങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു നയം

വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമല്ല, അധികാരത്തിൽ വരുന്നതിനുമുമ്പേ, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ മദ്യ മേഖലയിൽ മദ്യ നിരോധനമല്ല, മദ്യ വർജ്ജനമാണ് ഗവൺമെന്റിന്റെ നയമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജനങ്ങൾ വോട്ട് ചെയ്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിൽ എത്തിച്ചത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച നയം നടപ്പിലാക്കാനാണ്. ജനങ്ങളുടെ മാൻഡേറ്റ് യു.ഡി.എഫ്.ന്റെ നയം നടപ്പിലാക്കാനല്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ...........

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ പറയുന്നത് കേട്ടതിനുശേഷം വഴങ്ങാം. വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില രാഷ്ട്രീയ നിലപാടുകൾ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ആ കാര്യങ്ങൾ വളരെ സത്യസന്ധമായി ഗവൺമെന്റ് നയത്തിന്റെ അടിസ്ഥാനത്തിൽ പറയാനാണ് ഞാൻ ശ്രമിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനധികൃത മദ്യത്തിനും നിയമവിരുദ്ധ മയക്കുമരുന്നിനും എതിരായി എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇത് മനസ്സിലാക്കുന്നതിനുവേണ്ടി,

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള (ജൂൺ മുതൽ സെപ്റ്റംബർ 30 വരെയുള്ള) എൻഫോഴ്സ്മെന്റിന്റെ നില പരിശോധിച്ച സമയത്ത് നാല് മാസക്കാലത്തിനിടയിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത അബ്കാരി കേസ് 9959 ആണ്. ഇതേ കാലയളവിൽ 2015 ജൂൺ മുതൽ സെപ്റ്റംബർ 30 വരെയുള്ള കേസും ഞാൻ പരിശോധിച്ചു. ഈ കാലയളവിൽ 5699 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എൽ.ഡി.എഫ്.ന്റെ കാലത്ത് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 1114 കേസും യു.ഡി.എഫ്.ന്റെ കാലത്ത് 507 കേസുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പുകയിലയുമായി ബന്ധപ്പെട്ട് 20841 കേസ്സുകളാണ് ഈ നാല് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് യു.ഡി.എഫ്.ന്റെ കാലത്ത് 2444 ആണ്. ഇക്കാര്യം വ്യക്തമാക്കുന്നത്, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യങ്ങളൊന്നും ഇല്ലാത്തതുകൊണ്ടല്ല, എന്നാൽ എൻഫോഴ്സ്മെന്റിൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ലായെന്നുള്ളതാണ്. അതേ ഉദ്യോഗസ്ഥന്മാരെ തന്നെയാണ് ഇപ്പോഴും ഈ പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്നത്. ഞാൻ ഉദ്യോഗസ്ഥന്മാരെ വിളിച്ച് ചർച്ച ചെയ്തു. മുൻ വർഷങ്ങളിൽ ഇക്കാര്യങ്ങളൊന്നുമില്ലാത്തതു കൊണ്ടല്ല ഇതെല്ലാം കേരളത്തിൽ

തുടരുകയാണ്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം. ഞാൻ ഇവിടെ ശ്രമിക്കുന്നത്, ഗവൺമെന്റ് ശ്രമിക്കുന്നത്, അഴിമതിക്കെതിരായി എക്സൈസ് ഡിപ്പാർട്ടുമെന്റിന് ഒരു പുതിയ മുഖം നൽകാനാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ കമ്മീഷണർ മുതലുള്ള ഉദ്യോഗസ്ഥന്മാർ നല്ല നിലയിൽ ഗവൺമെന്റുമായി സഹകരിക്കുന്നുണ്ട്. ഭരണപക്ഷത്തുനിന്ന് തന്നെ എക്സൈസ് കമ്മീഷണറുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ന്യായീകരിച്ച് സംസാരിച്ചത് സ്വാഗതാർഹമാണ്. എക്സൈസ് കമ്മീഷണർ നടത്തുന്ന പ്രവർത്തനം ഗവൺമെന്റ് നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന നയം നടപ്പിലാക്കാനാണ് എക്സൈസ് കമ്മീഷണർ ശ്രമിക്കുന്നത്. ഗവൺമെന്റ് നൽകുന്ന നിർദ്ദേശം നല്ല നിലയിൽ അദ്ദേഹം പരിഗണിക്കുന്നുണ്ട്, നല്ല നിലയിൽ പ്രാവർത്തികമാക്കാൻ വേണ്ടി ശ്രമിക്കുന്നുണ്ട്. ഇതിനകം കേരളത്തിലെ 14 ജില്ലകളിൽ 13 ജില്ലകളിലും അദ്ദേഹം നേരിട്ട് ഇടപെട്ടിട്ടുണ്ട്. ആ നിലയിലുള്ള ഉദ്യോഗസ്ഥന്മാരെ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ആ നിലയിലുള്ള പരിശ്രമങ്ങളാണ് നിൽക്കുന്നത്. ഗവൺമെന്റ് ആദിവാസി മേഖലകളിലും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലും ദിനംപ്രതി

വർദ്ധിച്ചുവരുന്ന മദ്യ-മയക്കുമരുന്നിന്റെ വ്യാപനത്തെ വളരെ ഗൗരവത്തോടുകൂടി കണ്ട് അത് അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അനധികൃത ലഹരി പദാർത്ഥങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് ഗവൺമെന്റ് പ്രധാനപ്പെട്ട പരിഗണന നൽകുന്നതെന്നുള്ളതും ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. എടുത്ത കേസ്സുകളുടെ കണക്കിനെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞത്, ഗവൺമെന്റിന്റെ പ്രവർത്തനത്തിലുള്ള വ്യത്യാസം വളരെ സൂക്ഷ്മതയോടുകൂടി, യാഥാർത്ഥ്യ ബോധത്തോടുകൂടി വിശകലനം ചെയ്യുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ മേഖലയിലുള്ള സ്ഥാപനങ്ങളെല്ലാം നിയമം പാലിക്കണം. ലൈസൻസ് സ്ഥാപനങ്ങളിൽ ഒരു തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളും നടക്കാൻ അനുവദിക്കില്ല. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള കർശന നിലപാടാണ് സ്വീകരിക്കുന്നത്. തിരുവനന്തപുരത്തുള്ള ബാർ ഹോട്ടൽ പരിശോധിച്ചപ്പോൾ ഇപ്പോൾ അവിടെ ബിയറും വൈനുമാണ് വിറ്റുകൊണ്ടിരുന്നത്. നിരവധി ഹോട്ടലുകൾ പരിശോധിച്ചിട്ടുണ്ട്. ആ ഹോട്ടൽ പരിശോധിച്ച സമയത്ത് അവിടെ വിദേശ മദ്യം വിൽക്കുന്നുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആ ഹോട്ടൽ അന്ന്

അടപ്പിച്ചു. ഇതുവരെയും തുറന്നിട്ടില്ല, അത് ഇനി തുറക്കുന്ന പ്രശ്നവുമില്ല. ഇതാണ് ഗവൺമെന്റിന്റെ സമീപനം. ലൈസൻസ് സ്ഥാപനങ്ങളിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുകയെന്നതന്നെയാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യങ്ങളിൽ നിരന്തരമായി ഉദ്യോഗസ്ഥന്മാരുമായി ആശയവിനിമയം നടത്തുന്നുണ്ട്. അതിന് അനുസൃതമായിട്ടുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. കള്ള് ഷാപ്പുകളിലും നിയമവിധേയമായിട്ടുള്ള കള്ള് മാത്രമെ വിൽക്കാൻ പാടുള്ളൂ. നിയമവിരുദ്ധമായ ഒന്നും അവിടെ വിൽക്കാൻ പാടില്ല. കർശനമായ പരിശോധനയുടെ ഭാഗമായി ഇതിന്റെയും സാമ്പിളുകളെടുത്ത് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചുവരുന്നുണ്ട്. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കാര്യത്തിലും ഗവൺമെന്റ് യാതൊരു വിട്ടുവീഴ്ചയും ചെയ്യുന്നില്ലെന്നാണ് വ്യക്തമാക്കുന്നത്.

സ്കൂളുകളുടേയും കോളേജുകളുടെയും പരിസരത്തുള്ള ലഹരി പദാർത്ഥങ്ങളുടെ വില്പനയെ സംബന്ധിച്ച് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ള പല ഉത്കണ്ഠകളും ശരിയാണ്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ലഹരിക്ക് അഡിക്റ്റായിട്ടുള്ള ജനങ്ങളെ അതിൽനിന്നും വിമുക്തമാക്കാനുള്ള

ബോധവൽക്കരണത്തിന്റെ ആവശ്യകത ഇവിടെയാണ്. ബോധവൽക്കരണത്തിനുവേണ്ടി എന്ത് പ്രവർത്തനമാണ് നടത്തിയതെന്നും ഏതെങ്കിലും തരത്തിൽ പണം അനുവദിച്ചോ എന്നെല്ലാമുള്ള കാര്യങ്ങൾ ഇവിടെ ചോദിക്കുകയുണ്ടായി. ബോധവൽക്കരണത്തെ ലക്ഷ്യം വച്ചുകൊണ്ട് 85 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിനെമാത്രം ആശ്രയിച്ച് ബോധവൽക്കരണം നടത്താനല്ല ഞങ്ങൾ ശ്രമിക്കുന്നത്. ഒരു തുടർനടപടിയെന്ന നിലയിൽ അതിവിപുലമായ ബോധവൽക്കരണമാണ് നടത്താനുദ്ദേശിക്കുന്നത്. ഏതെങ്കിലും ഒരു പിരീഡിൽ മാത്രം നടത്തിക്കൊണ്ട് അത് അവസാനിപ്പിക്കുക എന്നുള്ള നിലപാടല്ല ഞങ്ങൾ സ്വീകരിക്കുന്നത്. ഈ കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകളുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ സജീവമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തിപ്പെടുത്തുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും പോലീസും എക്സൈസും സംയുക്തമായി പരിശോധന നടത്തുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 19

പുതിയ ജീപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. 15 സർവ്വീസുകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനമാക്കി മാറ്റിയിട്ടുണ്ട്. അടുത്ത മാസത്തോടുകൂടി ശേഷിക്കുന്ന 9 സർവ്വീസുകളുംകൂടി ഓൺലൈൻ സർവ്വീസായി മാറ്റുന്നതാണ്. സമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി ലഹരി വിരുദ്ധ സി.ഡി. പ്രദർശനം, ഷോർട്ട് ഫിലിം, ബോധവൽക്കരണ ക്ലാസുകൾ, സെമിനാർ, ചിത്രപ്രദർശനം തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ സജീവമാക്കേണ്ട കാര്യം ഞാൻ പറഞ്ഞു. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 850 പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ഇനിയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

പൊതുജനങ്ങൾക്ക് സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ ബന്ധപ്പെടുന്നതിന് 'ലഹരി മുക്തി' എന്ന പദ്ധതി പ്രകാരം ഐഡിയ മൊബൈൽ കമ്പനിയുമായി സഹകരിച്ച് ഒരു പ്രത്യേക നമ്പർ വാട്ട്സാപ് ലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും എക്സൈസ് കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്. വരുന്ന പരാതികൾ സ്വീകരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സംവിധാനം എക്സൈസിന്റെ സംസ്ഥാന കേന്ദ്രത്തിൽ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. 24

മണിക്കൂറും അവിടെ സേവനം ലഭ്യമാണ്. വിവിധ ദിനാചരണങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരായിട്ടുള്ള വിപുലമായ പ്രചാര പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിൽ സമഗ്രമായ ലഹരി വർജ്ജന പ്രവർത്തനത്തെ മുൻനിർത്തി ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന പേരിൽ ഒരു പുതിയ പ്രസ്ഥാനം രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ്, സ്കൗട്ട്, ഗൈഡ്, എൻ.എസ്.എസ്., എൻ.സി.സി., ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ പ്രസ്ഥാനങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ അതിവിപുലമായ ലഹരി വിരുദ്ധ പ്രസ്ഥാനമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. നവംബർ മാസം അവസാനം അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും. തുടർന്ന് എല്ലാ ജില്ലകളിലും പ്രാദേശിക തലങ്ങളിലും ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തലത്തിലും ഗ്രാസ് റൂട്ട് ലെവലിൽ ഈ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. മാസത്തിൽ ഒരു തവണയും മൂന്ന് മാസത്തിൽ ഒരു തവണയും വിവിധ തലങ്ങളിൽ ഓരോ പ്രവർത്തനങ്ങളും പരിശോധിച്ച് കുറവുകൾ

പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്.

ആദിവാസി മേഖലയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തന പരിപാടി ആവിഷ്കരിച്ചതിനെത്തുടർന്ന് അട്ടപ്പാടിയിലും മാനന്തവാടിയിലുമായി രണ്ട് ജനമൈത്രി എക്സൈസ് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ട്രൈബൽ കേന്ദ്രങ്ങളിലും ഇപ്രകാരമുള്ള ജനമൈത്രീ എക്സൈസ് പ്രവർത്തിച്ച് കോളനികളിൽ ചെന്ന് ഊരുകളുമായി ബന്ധപ്പെട്ട് വീടുകളിലെത്തി സ്നേഹത്തോടെയുള്ള പെരുമാറ്റത്തിലൂടെ ഇവരെ പിൻതിരിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനമാണ് നടത്തേണ്ടത്. ഇതിനാവശ്യമായ അംഗബലം എക്സൈസ് വകുപ്പിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്ത്രീകളുടേയും പുരുഷൻമാരുടെയും അംഗബലം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികളും ഭാവിയിൽ നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സന്നദ്ധ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകാനുദ്ദേശിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിതരണം പൂർണ്ണമായും അവസാനിപ്പിക്കും. പരിശോധനയിൽ ഏതെങ്കിലും

സ്ഥാപനത്തിൽ നിന്ന് ഈ ലഹരി പദാർത്ഥങ്ങൾ കണ്ടുകിട്ടിയാൽ ആ സ്ഥാപനം തുടർന്ന് പ്രവർത്തിപ്പിക്കാത്ത നിലയിൽ അടച്ചുപൂട്ടുന്ന സമീപനമാണ് ഇത് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ മറ്റ് നിരവധി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ ഗവൺമെന്റ് നൽകുന്നതാണ്. ഇതോടൊപ്പം കേരളത്തിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രത്തിൽ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു ഡി-അഡിക്ഷൻ സെന്റർ പ്രത്യേകമായി സ്ഥാപിക്കുന്നതിനും ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ട്. അത് കേരളത്തിൽ നടപ്പിലാക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സഹായം നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽനിന്ന് സാദ്ധ്യമായ സഹായങ്ങൾ വാങ്ങുന്നതിനും ഈ ഡി-അഡിക്ഷൻ സെന്റർ മാതൃകാപരമായി പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇതിനനുസൃതമായി എക്സൈസ് സേനയെ

കാര്യക്ഷമമാക്കും. റെയ്ഞ്ച് സർക്കിൾ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കും. കള്ള് വ്യവസായ സംരക്ഷണത്തിനാവശ്യമായ പുതിയ നടപടികൾ സ്വീകരിക്കും. മദ്യവർജ്ജനം ലക്ഷ്യം വച്ച് മദ്യവ്യവസായം പൂർണ്ണമായും നിയമവിധേയമാക്കത്തക്ക നിലയിൽ സമഗ്ര മദ്യനയം പ്രഖ്യാപിച്ച് പിന്നീട് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന ചില പദ്ധതികളും ക്യാമ്പയിനുകളുമുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിക്കൊണ്ടിരുന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, മമ്മൂട്ടി ഉൾപ്പെടെയുള്ള സിനിമാതാരങ്ങളെ അണിനിരത്തിക്കൊണ്ട് നടത്തിയിരുന്ന അഡിക്ടഡ് ടു ലൈഫ് എന്ന അവയർനെസ് ക്യാമ്പയിൻ, നോ റ്റു ഡ്രഗ്സ്, നോ ടു ഡ്രിങ്ക്സ് തുടങ്ങിയ ക്യാമ്പയിനുകൾ തുടർന്നുകൊണ്ടുപോകാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ; എന്താണ് ഇതിന്റെ അവസ്ഥ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മദ്യവർജ്ജനത്തിനും ലഹരിവർജ്ജനത്തിനും സഹായകരമായ എല്ലാ പദ്ധതികളും ഗവൺമെന്റ്

സ്വീകരിക്കും. എല്ലാ പ്രവർത്തനങ്ങളും തുടർന്ന് നടത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കും. ഏതെല്ലാം കേന്ദ്രത്തിന്റെ സഹകരണം ലഭിക്കുമോ അതെല്ലാം ഉപയോഗിച്ച് പ്രവർത്തിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. പഴയതുപോലെ പ്രഖ്യാപനമല്ല. പ്രാവർത്തികമാക്കുന്നതിനുള്ള നിലപാടാണ് ഈ കാര്യത്തിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് പൂർണ്ണ വിശ്വാസത്തോടെ ഏറ്റെടുക്കാൻ കഴിയുന്നതാണ്. ഇവിടെ നേരത്തെ നടന്ന ചർച്ചയിൽ തൊഴിൽ വകുപ്പുമായും എക്സൈസ് വകുപ്പുമായും ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ഒരു വിഷയമാണ് ബീഡിത്തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നം. ഈ തൊഴിലാളികൾക്ക് നികുതിയിളവ് അനുവദിക്കുന്ന കാര്യത്തിലും ഒരു പ്രത്യേക ക്ഷേമപദ്ധതിയിലൂടെ സംരക്ഷണം നൽകുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നേരത്തെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. അത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്നുള്ളതാണ് സ്ഥിതി. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിൽ 8 എസ്റ്റേറ്റുകൾ ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് വിവിധ ഘട്ടങ്ങളിലായി

നിലപാട് സ്വീകരിക്കും. 8 സ്ഥാപനങ്ങളിലുംകൂടി 2190 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം തുറന്നു പ്രവർത്തിപ്പിക്കാൻ സാധ്യമാണോയെന്ന് പരിശോധിക്കുന്നുണ്ട്. ഈ മാസം 11-ാം തീയതി ബോണക്കാട് എസ്റ്റേറ്റിന്റെ ചർച്ച വച്ചിട്ടുണ്ട്. അത് നേരത്തെതന്നെ തീരുമാനിച്ചിട്ടുള്ളതാണ്. എല്ലാ തോട്ടങ്ങളുടെയും പൊതുസ്ഥിതി എന്താണെന്ന് പരിശോധിച്ച് അത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുക. തോട്ടം ഉടമകളുടെ സമീപനവും കൂടി പരിശോധിച്ച് കാര്യങ്ങൾ നടത്തണം. തോട്ടം മേഖലയുമായി ബന്ധപ്പെട്ടു പറയുമ്പോൾ ഒരു വസ്തുതയുണ്ട്. എല്ലാ ആക്രമണങ്ങളും തോട്ടങ്ങൾക്കെതിരായിട്ടാണ് വരുന്നത്. ഈ നില അവസാനിപ്പിക്കണം. റീ-പ്ലാന്റിംഗ് നടത്തേണ്ട സന്ദർഭത്തിൽ അത് നടത്തണം. ഒരു തോട്ടത്തിലും റീ-പ്ലാന്റിംഗ് നിർത്തിവയ്ക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ശരിയല്ല. എല്ലാ വശങ്ങളും പരിശോധിച്ച് തോട്ടം മേഖലയ്ക്ക് പ്രത്യേക പരിഗണന നല്കിയിട്ടുണ്ട്. ഭൂപരിഷ്കരണനിയമം കൊണ്ടുവരുന്ന ഘട്ടത്തിൽതന്നെ തോട്ടം മേഖലയ്ക്ക് പ്രത്യേക പരിഗണനയാണ് നൽകിയത്. ആ പരിഗണനയുടെ അടിസ്ഥാനത്തിൽ തോട്ടം മേഖല നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായിട്ടുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുകയെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. ഈറ്റ,

കാട്ടുവള്ളി തൊഴിലാളി മേഖലയിലെ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവരുടെ ഡി.എ. കുടിശ്ശികയും മറ്റ് പ്രശ്നങ്ങളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇതെല്ലാം കഴിഞ്ഞ കാലഘട്ടം മുതൽക്കുതന്നെ ബാക്കി വന്നതാണ്. അതെല്ലാം പരിശോധിച്ച് പ്രശ്നപരിഹാരം കാണുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഇതിന്റെ ഭാഗമായി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

തൊഴിലവസരങ്ങൾ ഇല്ലാതാകുന്നതിനെക്കുറിച്ചുള്ള ഗൗരവത്തെപ്പറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കണം. തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലന നടപടികൾ കേരളത്തിൽ ആരംഭിക്കേണ്ടതുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകണം. പരമ്പരാഗത വ്യവസായത്തിന്റെ ഒരു പ്രത്യേക വകുപ്പുതന്നെ ലക്ഷ്യമിടുകയാണ് ചെയ്യുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധിയോട് കടുത്ത ശത്രുതാപരമായ നിലപാടാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആ ക്ഷേമപദ്ധതിയുടെ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഒരു രൂപപോലും നൽകി സഹായിച്ചിട്ടില്ല. ഇനി ഈ അഞ്ചു വർഷക്കാലത്തെ പ്രവർത്തനാനുഭവങ്ങളാണ്

നമ്മുടെ മുമ്പിലുള്ളത്. ആ പ്രവർത്തനാനുഭവങ്ങളുടെ നിലയിൽ നിന്ന് ഇനിയെന്ത് മാറ്റം വരുത്താൻ കഴിയുമെന്നുള്ളത് കർഷകത്തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. നിയമസഭാ സമ്മേളനം കഴിഞ്ഞാലുടനെ അവരുമായി ചർച്ച നടത്തും. ഗവൺമെന്റ് കർഷകത്തൊഴിലാളി ക്ഷേമ പദ്ധതി അവസാനിപ്പിക്കാനല്ല, കൂടുതൽ ശക്തമായി അത് പ്രാവർത്തികമാക്കാനും ഈ മണ്ണിന്റെ മക്കൾക്ക് മതിയായ അംഗീകാരം കേരളത്തിൽ നൽകുന്നതിനും വേണ്ടിയുള്ള നിലപാടാണ് ഈ പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നുള്ളതും ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട പാറക്കൽ അബ്ദുള്ള പറഞ്ഞ ചില കാര്യങ്ങളുണ്ട്; അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അതിനെ സംബന്ധിച്ച് അദ്ദേഹത്തോടുതന്നെ പറയണമെന്നാണ് ഉദ്ദേശിച്ചത്. അദ്ദേഹം ഈ പ്രശ്നങ്ങളെല്ലാം ഇവിടെ അവതരിപ്പിക്കുന്ന കൂട്ടത്തിൽ ചില രാഷ്ട്രീയ പ്രശ്നങ്ങളുംകൂടി പറയുകയുണ്ടായി. അദ്ദേഹം ഒരു പാർട്ടിയുടെ സമീപനമായിരിക്കും ഇവിടെ വ്യക്തമാക്കിയതെന്നാണ് ഞാൻ കണക്കാക്കുന്നത്. ആ സമീപനമാണ് തുടരുന്നതെങ്കിൽ പ്രത്യേകിച്ച് നാദാപുരം പോലെയുള്ള പ്രശ്നങ്ങളിൽ അവിടെ നടന്നുകൊണ്ടിരിക്കുന്ന വസ്തുതകൾ എന്താണെന്ന് മനസ്സിലാക്കാതെ പ്രതികരിക്കുന്നത് ശരിയല്ല. അത് വസ്തുതാപരമായി പരിശോധിച്ച്

വേണ്ടത് ചെയ്യാം. അവിടെയുള്ള എല്ലാ പാർട്ടികളും എല്ലാ തലങ്ങളിലുമുള്ള സമാധാനത്തിനും മറ്റു കാര്യങ്ങൾക്കുംവേണ്ടി സഹകരിച്ച് പ്രവർത്തിച്ചവരാണ്. ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് തന്നെ നാദാപുരം മേഖലയിൽ എടുത്ത നിലപാടിനെ സംബന്ധിച്ച് ഈ സഭയിൽ വിശദീകരിച്ചിട്ടുണ്ട്. ആ യാഥാർത്ഥ്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടുള്ള ഒരു നിലപാട് ബഹുമാനപ്പെട്ട പാറക്കൽ അബ്ദുള്ള സ്വീകരിക്കാൻ പാടില്ലാത്തതാണ്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടുനിൽക്കുന്ന ചർച്ചയിൽ അദ്ദേഹം എന്തിനാണ് ഇത് കൂട്ടിച്ചേർത്തത്. ഞാൻ ഇന്നലെയും നാദാപുരത്ത് പോയിട്ടുവന്നതാണ്. അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കുന്നുണ്ട്. അതുകൊണ്ട് ഏതെങ്കിലും തരത്തിൽ ഒരു പരാമർശം നടത്തി കൂടുതൽ അകൽച്ചയ്ക്ക് വഴിയൊരുക്കാനല്ല ശ്രമിക്കേണ്ടത്. അവിടെ യോജിപ്പിന്റെ മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. അപ്രകാരമുള്ള നിലപാടിൽ ഏതെല്ലാം തരത്തിലുള്ള കൂടിയാലോചന വേണമോ അതെല്ലാം നടത്തിക്കഴിഞ്ഞാൽ എവിടെയാണ് കുഴപ്പമെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കും. അതിന് പരിഹാരം കണ്ടെത്താനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഇവിടെ ഒരു വെല്ലുവിളിയുടെ സ്വരം ഉയർത്തുകയല്ല വേണ്ടത്.

ശ്രീ. കെ. എം. ഷാജി: സർ, ശ്രീ. പാറക്കൽ അബ്ദുള്ള ഇവിടെ ഇല്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ ഞാൻ കേട്ടതാണ്. അദ്ദേഹം ഇതിനെക്കുറിച്ചല്ല പറഞ്ഞത്; ഈ അടുത്തകാലത്ത് വെട്ടിപ്പരിക്കേല്പ്പിച്ച സംഭവത്തിലെ പ്രതികളെ പിടിച്ചിട്ടില്ലായെന്നും അവർക്കെതിരെ ഒരു കേസുപോലും എടുത്തിട്ടില്ലായെന്നുമാണ് പറഞ്ഞത്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, എല്ലാ കേസുകളും എടുത്തിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ഏതെങ്കിലും കേസിൽ പ്രതികൾ പൂർണ്ണമായിട്ടില്ലെങ്കിൽ അവരെ അറസ്റ്റു ചെയ്യാനാവശ്യമായിട്ടുള്ള നടപടികളെല്ലാം എടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെ ശ്രീ. പാറക്കൽ അബ്ദുള്ള സംസാരിച്ചത് ഞാൻ കേട്ടു. ഞാനും അദ്ദേഹവുമായുള്ള സൗഹൃദബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്തു. ഇടയ്ക്കിടയ്ക്ക് അവിടത്തെ പ്രശ്നങ്ങളിൽ അദ്ദേഹവുമായി ആശയവിനിമയം നടത്തുന്നുണ്ട്. ഇപ്പോഴും അവിടെ നടന്നുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. ഇതെല്ലാം വച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. വേറൊരു രീതിയിൽ ചർച്ച നടത്തി അകലാനല്ല. യോജിപ്പിന്റെ സഹായകരമായ സമീപനമാണ് സ്വീകരിക്കേണ്ടത്. അതിന് സഹായകരമായില്ലാ എന്നതുകൊണ്ടാണ് ഞാൻ ഇത് പരാമർശിക്കേണ്ടി വന്നത്.

മി.സ്പീക്കർ: ...പ്ലീസ്........കൺക്ലൂഡ്....... .പ്ലീസ്........കൺക്ലൂഡ്...

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇവിടെ നടന്ന ചർച്ചയിൽ മദ്യവ്യവസായവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിലെ യാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഒരു വലിയ റിപ്പോർട്ടിന്റെ കോപ്പി എന്റെ കൈയിലുണ്ട്. അതിൽ പറയുന്നത് വിവാഹം, MICE (MICE എന്നുപറയുന്നത് ഒരു ടൂറിസം വിഭാഗമാണ്)- മീറ്റിംഗ്സ്, ഇൻസെന്റീവ്സ്, കോൺഫറൻസസ്, എക്സിബിഷൻ എന്നിവയുടെയെല്ലാം വലിയൊരു ഭാഗം കേരളത്തിൽനിന്ന് നഷ്ടപ്പെട്ടു പോയിട്ടുണ്ട് എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സംസാരിക്കുന്ന സമയത്ത് ഇവിടെയുള്ള അനുഭവങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. ഗോവയുടെയും ശ്രീലങ്കയുടെയും അനുഭവങ്ങൾ, ഇതെല്ലാം ഗൗരവമുള്ള വിഷയമാണ്. കഴിഞ്ഞ മദ്യനയത്തിന്റെ ഭാഗമായി ടൂറിസം മേഖല പിറകോട്ടുപോയിട്ടുണ്ട്. ആരും പ്രത്യക്ഷത്തിൽ കാണാത്ത നിലയിലുള്ള ചില തിരിച്ചടികൾ വന്നിട്ടുണ്ട്. അത് സൂക്ഷ്മതലത്തിൽ പരിശോധിക്കണം. ടൂറിസം വകുപ്പുതന്നെ ചില നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമായി ചർച്ച നടത്തി കാര്യങ്ങൾക്ക് വ്യക്തത വരുത്തി എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് തീരുമാനിക്കുന്നതാണ്. ഈ ഫെബ്രുവരി മാസമാകുമ്പോഴേക്കും പുതിയ മദ്യനയം

പറയണം. മദ്യനയം ആവിഷ്ക്കരിക്കുന്ന സമയത്ത് ഈ പ്രശ്നങ്ങളെല്ലാം അതിന്റെ സൂക്ഷ്മതലത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നുള്ളതാണ് ആ പ്രശ്നത്തിൽ വ്യക്തമാക്കുന്നത്. ജനങ്ങളുടെ പ്രതികരണം എന്താണെന്നുള്ളത് മനസ്സിലായിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിന്റെ അടിസ്ഥാനത്തിൽ മദ്യനയത്തിൽ ഒരു മാറ്റം വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടോ; പുതിയ ബാറുകൾ തുറക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായം പറയുന്നതിനേക്കാളുപരി അങ്ങയുടെ അഭിപ്രായം കേൾക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് വളരെ വ്യക്തമാണ്. ഞങ്ങളുടെ നയം ഇപ്പോൾ നിലനില്ക്കുകയാണ്. ആ നയത്തിൽ ഒരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ നയം നിലനിർത്തണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഞാൻ അത് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. ഇത് 2016 ആഗസ്റ്റ് 21-ലെ അങ്ങയുടെ മനോഹരമായ ചിത്രത്തോടുകൂടിയുള്ള

അഭിമുഖമാണ്; പ്രസംഗമല്ല. (ഒരു മാഗസിൻ ഉയർത്തിക്കാട്ടി). നേരത്തെ ഇവിടെ ശ്രീ. എ. എം. ആരിഫ് ചിത്രീകരിച്ച കാര്യം തന്നെയാണ്. "മദ്യനയം ഗുണം ചെയ്തില്ല; തിരുത്തൽ ആലോചിക്കേണ്ടത് പാർട്ടിയാണ്". അങ്ങയുടെ അഭിപ്രായമാണ് ഇതിൽ വന്നത്. അതിൽ അങ്ങ് ഉറച്ചുനില്ക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങ് ഇതിൽ ഉറച്ചുനിൽക്കുന്നില്ല എന്നാണല്ലോ ഇപ്പോൾ പറഞ്ഞിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തെരഞ്ഞെടുപ്പിൽ ഗുണം ചെയ്തോ ഇല്ലയോ എന്നുള്ളതാണ് ചോദ്യം? നയം മാറ്റുന്നോ ഇല്ലയോ എന്നുള്ളതല്ല. നയം മാറ്റുന്നത് എന്റെ പാർട്ടി ചർച്ച ചെയ്യേണ്ട വിഷയമാണ്. ഞാൻ ചോദിച്ചത് അതല്ല; ഗവൺമെന്റ് നയം എന്താണെന്നാണ് ചോദിച്ചത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായങ്ങൾ മാനിക്കുന്ന ഒരാളാണ് ഞാൻ. ഈ ഗവൺമെന്റ് മാനിക്കും.

മി. സ്പീക്കർ: സർ, അങ്ങ് ഗവൺമെന്റിന്റെ നയം പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായങ്ങൾ മാനിക്കുന്ന ഒരാളാണ് ഞാൻ. സ്വീകരിക്കേണ്ടുന്ന അഭിപ്രായങ്ങൾ വന്നുകഴിഞ്ഞാൽ മാനിക്കും. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു വ്യക്തത

വേണം. ശ്രീ. എ. എം. ആരിഫ് വായിച്ചത് ഒന്നുകൂടി വായിക്കുകയാണ്. ഞാൻ ഇത് പറയണമെന്ന് ഉദ്ദേശിച്ചതല്ല. അങ്ങയുടെ പ്രതികരണം വന്നതുകൊണ്ട് എനിക്ക് ഇത് പറയാതിരിക്കാൻ കഴിയില്ല. "എന്തുകൊണ്ട് ജനങ്ങൾ മദ്യനയത്തിന് അനുകൂലമായി വോട്ട് ചെയ്തില്ല? മദ്യനയം വേണ്ട രീതിയിൽ ഏറ്റില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്". അങ്ങയുടെ അഭിപ്രായമാണ്. "മദ്യനയത്തെപ്പറ്റി പുനരാലോചന നടത്തേണ്ടേ? പാർട്ടി ആലോചിക്കേണ്ട കാര്യമാണത്, മദ്യനയത്തെപ്പറ്റി പാർട്ടി ചർച്ച ചെയ്യുമ്പോൾ എന്റെ നിലപാട് വ്യക്തമാക്കും. എന്തായാലും മദ്യനയം തുടരണമെന്ന് പറയില്ലല്ലോ? പാർട്ടി ഫോറത്തിൽ നിലപാട് വ്യക്തമാക്കും" എന്നാണ് ഇതിനകത്ത് പറഞ്ഞത്. അതിൽ നിന്ന് അങ്ങ് മാറിയോയെന്ന് എനിക്കറിഞ്ഞുകൂട. അങ്ങ് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ രമേശ് ചെന്നിത്തല: ഓരോ വർഷവും മദ്യനയത്തിൽ മാറ്റം വരുത്തുമല്ലോ? എല്ലാ വർഷവും മദ്യനയത്തിൽ മാറ്റമുണ്ടാകും. ഓരോ സാഹചര്യത്തിനനുസരിച്ചാണ് മദ്യനയം രൂപവൽക്കരിക്കപ്പെടുന്നത്. എന്റെ ചോദ്യം, ഞങ്ങളുടെ മദ്യനയം സംബന്ധിച്ച് അഭിപ്രായവ്യത്യാസമുള്ളവരും അനുകൂലിക്കുന്നവരും ഉണ്ടാകും. ഞങ്ങൾ ഇപ്പോഴും ആ നയത്തിൽ ഉറച്ചുനിൽക്കുകയാണ്. അങ്ങ് എക്സൈസ്

വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അങ്ങയുടെ ഗവൺമെന്റ് ഈ മദ്യനയത്തിൽ മാറ്റം വരുത്തുന്നുണ്ടോ; ബാറുകൾ തുറന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്നുള്ളത് എന്റെ വ്യക്തമായ ചോദ്യമാണ്.

ശ്രീ. റ്റി.പി. രാമകൃഷ്ണൻ: ഞാൻ ഈ ചോദ്യത്തിനുള്ള മറുപടി നേരത്തെ തന്നെ പറഞ്ഞിട്ടുണ്ട്. ഇവിടെ ഒരൊറ്റ ഷാപ്പും തുറന്നിട്ടില്ലല്ലോ? പൂട്ടിയിട്ടുമില്ല. ഒരെണ്ണം പൂട്ടിയതിന്റെ അനുഭവം ഞാൻ പറഞ്ഞു. എന്താ ഇത്ര ധൃതി? നമുക്ക് ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും കെ.പി.സി.സി പ്രസിഡന്റിന്റെയും അഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയാൻ പോകുന്നതെന്താണെന്നുള്ളത് സംബന്ധിച്ച് എനിക്ക് ഊഹമുണ്ട്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. നിങ്ങൾക്ക് വ്യക്തമാകുകയില്ല. നിങ്ങൾ അങ്ങനെ നടിച്ചുകഴിഞ്ഞാൽ വ്യക്തമാകുകയില്ല. ഇത് പലരുമായും ആശയവിനിമയം നടത്തുന്ന സന്ദർഭത്തിലുള്ള പ്രതികരണമാണ്. എന്തിനാണ് ഇങ്ങനെ ധൃതിപിടിക്കുന്നത്. ശ്രീ. അനിൽ അക്കരയൊക്കെ ഇങ്ങനെയൊരു ആവേശം കാണിക്കുന്നതെന്തിനാണ്? ഞാൻ നിങ്ങൾക്കെതിരായി ഒന്നും പറയുന്നില്ലല്ലോ, നിങ്ങളുടെ നിലപാടിനെ എതിർക്കുകയല്ലല്ലോ ചെയ്യുന്നത്. ഒരു കാര്യത്തിൽ നമ്മൾ തമ്മിൽ യോജിപ്പുണ്ട്. മദ്യാസക്തിയിൽ നിന്ന്, ലഹരി ഉപയോഗത്തിൽ നിന്ന് ജനങ്ങളെ

മോചിപ്പിക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. നിരോധനം വേണോ വർജ്ജനം വേണോ എന്നുള്ള കാര്യത്തിലേ അഭിപ്രായവ്യത്യാസമുള്ളൂ. നിങ്ങൾ നിരോധനത്തിനുവേണ്ടി നിൽക്കുന്നു. ഞങ്ങൾ വർജ്ജനത്തിനുവേണ്ടി നിൽക്കുന്നു. അതാണ് പ്രായോഗികമെന്നുള്ളതുകൊണ്ടും കഴിഞ്ഞ കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഞങ്ങൾ ഈ നിലപാട് കൊണ്ടുവരുന്നത്. സമയമനുവദിക്കുകയാണെങ്കിൽ ഇതിന്റെ നാനാതരത്തിലുള്ള കണക്കുകൾ ഞാൻ പറയാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ ഒരുപാട് കാര്യങ്ങൾ സംസാരിച്ച് ലൈൻ തെറ്റി പോകേണ്ട. വളരെ വ്യക്തമായിട്ടുള്ള ഒരു ചോദ്യമാണ്. ഫെബ്രുവരി മാസത്തിൽ നയം വരും, ഏപ്രിൽ മാസത്തിൽ അത് നടപ്പാക്കും. ഈ സംസ്ഥാനത്ത് പൂട്ടിയ ബാറുകൾ തുറക്കുമോ; ഫെബ്രുവരി മാസത്തിൽ നയം വരുമ്പോൾ അത് തുറക്കുന്നതിനുവേണ്ടിയുള്ള നയമായിരിക്കുമോ? അങ്ങ് ക്ലാരിറ്റിയുള്ള മന്ത്രിയാണ്. അങ്ങ് ചില കാര്യങ്ങളിൽ NO എന്നുപറഞ്ഞാൽ No എന്ന് തന്നെയാണ്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. അതേസമയം ഈ കാര്യത്തിൽ അതേ ക്ലാരിറ്റിയിൽ അങ്ങേയ്ക്ക് ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകാൻ സാധിക്കുമോ എന്നാണ് ചോദ്യം.

<u>മി. സ്പീക്കർ</u>: ഇതാണ് പ്രതിപക്ഷനേതാവ് ചോദിച്ചത്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: എന്റെ നിലപാടിന് ഒരു വ്യക്തതയില്ലാത്ത പ്രശ്നമില്ല. വ്യക്തമായ ധാരണയോടുകൂടി തന്നെയാണ് പറയുന്നത്. എന്റെ നിലപാട് റ്റി.പി. രാമകൃഷ്ണന്റെ നിലപാടല്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നിലപാടാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേയും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റേയും നിലപാടുകളാണ് അതിൽ വ്യക്തമാക്കുന്നത്. ഓരോ ഘട്ടത്തിലും തീരുമാനിക്കുന്ന കാര്യങ്ങളാണ് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യം ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ മദ്യവർജ്ജനത്തെ ലക്ഷ്യംവച്ച് തികച്ചും പ്രായോഗികമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഏതെല്ലാം ഷാപ്പുകൾ നിലനിൽക്കണം, എന്തെല്ലാം നടപടികൾ തുടർന്ന് മുന്നോട്ടുകൊണ്ടുപോകണം എന്നതെല്ലാം അതിന്റെ ഭാഗമായി തീരുമാനിക്കും. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനകത്ത് ചർച്ച ചെയ്യാനിരിക്കുകയാണ്. ചർച്ച ചെയ്തുകഴിഞ്ഞാൽ ഒരു ആശങ്കയ്ക്കും ഇടയില്ലാത്ത നിലയിൽ ജനങ്ങൾക്കുമുമ്പിൽ വ്യക്തമാക്കുക തന്നെ ചെയ്യും. ജനങ്ങൾക്ക് ഞങ്ങളിൽ അത്രയ്ക്ക് വിശ്വാസമാണ്. നിങ്ങൾ എന്ത് തർക്കങ്ങൾ പറഞ്ഞാലും ജനങ്ങൾക്ക് ഇടതുപക്ഷ

ജനാധിപത്യമുന്നണിയോട് ഒരു പ്രതികരണമുണ്ട്. ആ പ്രതികരണം മനസ്സിലാക്കിക്കൊണ്ട് തന്നെയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഞങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഉത്കണ്ഠയോ സങ്കോചമോ ഈ പ്രശ്നത്തിന്റെ ഭാഗമായി ഇല്ലെന്നത് ദയവുചെയ്ത് യു.ഡി.എഫ്.-ന് അകത്തുള്ള എല്ലാവരും മനസ്സിലാക്കണം.

ശ്രീ. പി. ടി. എ. റഹീം: ഗവൺമെന്റിന്റെ മദ്യനയത്തിൽ ബിയറും വൈനും മദ്യമാണോ അല്ലയോ? ഇവിടെ എല്ലാ ബാറുകളും പൂട്ടി അവ ബിയർ, വൈൻ പാർലറുകളാക്കി മാറ്റിയിരിക്കുകയാണ്. അവ തമ്മിലുള്ള വ്യത്യാസമെന്താണ്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: ലഹരി പദാർത്ഥങ്ങൾ പലതരത്തിലാണ് വരുന്നത്. ഞാൻ ഇത് ഉപയോഗിക്കുന്ന ആളല്ല. എനിക്ക് ഇതിന്റെ ടേസ്റ്റൊന്നും അറിയില്ല. എന്നാലും ഇതിനെക്കുറിച്ച് മനസ്സിലാക്കണമല്ലോ? ബിയറിൽ 6 ശതമാനവും വൈനിൽ 16 ശതമാനവും ആൽക്കഹോൾ കണ്ടന്റുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ എന്നേക്കാൾ പരിചയമുള്ള ധാരാളം ആളുകൾ അപ്പുറത്ത് ഇരിക്കുന്നുണ്ട്. ഇത് ശരിയല്ലെങ്കിൽ അവർക്ക് പറയാം. ഇത് പരിശോധന നടത്തിയതിൽ ഇത്തരത്തിലൊരു സ്ഥിതിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരുമായി സംസാരിച്ച സമയത്ത്

ആൽക്കഹോൾ കണ്ടെന്റ് ഈ രീതിയിലുണ്ടെന്നാണ് മനസിലാക്കുന്നത്. തീരെ ലഹരിയില്ലാത്ത പാനീയമല്ല അത്. ലഹരിയുള്ള പാനീയം തന്നെയാണ്. ഇവിടെ ബിയറും വൈനും വിൽക്കാൻ അനുമതി നൽകിയിട്ട് വിദേശമദ്യം ഒഴിവാക്കിയിരിക്കുകയാണ്. വിദേശമദ്യം കൂടി വിൽക്കുന്ന സ്ഥാപനമാണ് ബാർ എന്ന നിലയിൽ പരിഗണിക്കുന്നത്.

മി. സ്പീക്കർ: ബിയറിലും വൈനിലും എത്ര ശതമാനം ആൽക്കഹോളുണ്ടെന്നുള്ളത് അത്രയും മനസ്സിലാക്കിയാൽ മതി. അതിനപ്പുറം അതിൽ ഗവേഷണം നടത്തേണ്ട കാര്യമില്ല. അങ്ങ് അവസാനിപ്പിക്കുള.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: ഇക്കാര്യത്തിൽ സഭയുടെ വികാരവും ജനങ്ങളുടെ അഭിപ്രായവും പരിഗണിച്ചുള്ള ഒരു വ്യക്തമായ നിലപാട് കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കും. വിമുക്തി എന്നുള്ള പ്രചരണപരിപാടിക്ക് എല്ലാവരുടേയും സഹകരണമുണ്ടാകണം. ഈ മാസം മുതൽ അതിന്റെ സംഘടനാ തലത്തിലുള്ള പ്രവർത്തനങ്ങളിലേയ്ക്ക് പോകുകയാണ്. ജനങ്ങളെ വൻതോതിൽ അണിനിരത്തി ഇതിന്റെ ഭാഗമാക്കാനാണ് ശ്രമിക്കുന്നത്. എല്ലാവരുടേയും സഹകരണം ഈ പ്രസ്ഥാനത്തിനുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ ഡിമാന്റ്സിന്, ധനവിനിയോഗത്തിന് അംഗീകാരം

നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ധനവിനിയോഗ ചർച്ച നടന്ന ഘട്ടത്തിൽ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞ രണ്ട് പ്രധാന വിഷയങ്ങളെക്കുറിച്ച് വിശദീകരണം നൽകിയില്ല. നമ്മളെയെന്നും അലട്ടുന്ന പ്രധാന വിഷയമായ വിലക്കയറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഇതുവരെയുള്ള സന്ദർഭങ്ങൾ പരിശോധിച്ചാൽ വളരെ ഫലപ്രദമായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അത് കഴിഞ്ഞ ഓണക്കാലമെടുത്താൽ മാത്രം മതി. 1464 ഓണച്ചന്തകൾ, എല്ലാ ജില്ലാകേന്ദ്രങ്ങളിലും മെഗാ ഫെയറുകൾ, എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഫെയറുകൾ, എല്ലാ പഞ്ചായത്ത്-മുനിസിപ്പാലിറ്റി പ്രദേശങ്ങളിലും ഓണച്ചന്തകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ വരെ ഓണച്ചന്ത നടത്തി. ഓണക്കാലത്ത് വില വർദ്ധിക്കുന്ന സ്ഥിതിയാണ് ഇതുവരെയുള്ള അനുഭവത്തിലെങ്കിൽ ഓണക്കാലത്ത് വിലകുറയുന്ന സ്ഥിതിവിശേഷമാണ് ഇത്തവണയുണ്ടായത്. വില കൂടാൻ ഒരു കാരണവശാലും അനുവദിക്കില്ല. അഡീഷണൽ അലോട്ട്മെന്റുണ്ടായ സന്ദർഭത്തിൽ നമുക്ക് അരിയുടെ വിലയിൽ

നേരിയ വ്യത്യാസമുണ്ടായിട്ടുണ്ട്. സപ്ലൈകോ വിതരണം ചെയ്യുന്ന 13 ഉല്പന്നങ്ങൾക്കും ഒരു രൂപ പോലും വർദ്ധിപ്പിച്ചിട്ടില്ല. മറ്റ് ഉല്പന്നങ്ങൾക്കും വർദ്ധിപ്പിക്കില്ല. ഇനിയുള്ള അഞ്ച് വർഷക്കാലവും വർദ്ധിപ്പിക്കില്ലെന്നുള്ളതാണ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട ഉമ്മർ പറഞ്ഞ കൺസ്യൂമർ ഫോറത്തിന്റെ കാര്യം സംബന്ധിച്ച് ഞങ്ങൾ റിവ്യൂ ചെയ്തു. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. കൺസ്യൂമർ ഫോറത്തിന്റെ പ്രവർത്തനം ഫലപ്രദമായി കൊണ്ടുപോകാൻ ആവശ്യമായ എല്ലാ ഇടപെടലും ഗവൺമെന്റ് നടത്തുന്നതാണ്.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങളൊന്നും അവതരിപ്പിക്കപ്പെട്ടില്ല. എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ...............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി
34. ശ്രീ. വി. എസ്. ശിവകുമാർ
35. ശ്രീ. സണ്ണി ജോസഫ്
36. ശ്രീ. സി. എഫ്. തോമസ്
37. ശ്രീ. പി. ടി. തോമസ്
38. ശ്രീ. പി. ഉബൈദുള്ള
39. ശ്രീ. എം. ഉമ്മർ

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 73
പ്രതികൂലിക്കുന്നവർ - 39

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി
34. ശ്രീ. വി. എസ്. ശിവകുമാർ
35. ശ്രീ. സണ്ണി ജോസഫ്
36. ശ്രീ. സി. എഫ്. തോമസ്
37. ശ്രീ. പി. ടി. തോമസ്
38. ശ്രീ. പി. ഉബൈദുള്ള
39. ശ്രീ. എം. ഉമ്മർ

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ …...............

പ്രതികൂലിക്കുന്നവർ ……………..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ് കുമാർ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. എ. എൻ. ഷംസീർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. എസ്. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
64. ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. പിണറായി വിജയൻ
73. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം

13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ഡോ. എൻ. ജയരാജ്
19. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. റോഷി അഗസ്റ്റിൻ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി
34. ശ്രീ. വി. എസ്. ശിവകുമാർ
35. ശ്രീ. സണ്ണി ജോസഫ്
36. ശ്രീ. സി. എഫ്. തോമസ്
37. ശ്രീ. പി. ടി. തോമസ്
38. ശ്രീ. പി. ഉബൈദുള്ള
39. ശ്രീ. എം. ഉമ്മർ

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 73

പ്രതികൂലിക്കുന്നവർ - 39

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......ഓർഡർ......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.22-ന് പിരിഞ്ഞു.)